## നിയമനിർമ്മാണകാര്യം

### (1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിയ്ക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിയ്ക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച

VI –ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 250–ാമത്തെ ബില്ല് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഇത് കൊച്ചി സർവ്വകലാശാലയിലും മലയാളം സർവ്വകലാശാലയിലും മാത്രമാവരുതെന്നും കേരളത്തിലെ എല്ലാ സർവ്വകലാശാലയിലും നിയമനത്തെ സംബന്ധിച്ച് ഇത്തരമാരു ഏകീകരണമുണ്ടാകണമെന്നും നിർദ്ദേശം വന്നിരുന്നു. അത്തരമൊരു ബിൽ സഭയുടെ പരിഗണനയിലുണ്ടായിരുന്നു – ബിൽ നമ്പർ 258. എന്നാൽ ആ ബിൽ അന്ന് ചർച്ചയ്ക്ക് എടുത്തിരുന്നില്ല. 250–ാം നമ്പർ ബില്ലിൽ പ്രതിപാദിച്ചിരുന്ന അദ്ധ്യാപക–അനദ്ധ്യാപക നിയമനങ്ങളിലെ അതേ രീതിയിലുള്ള സംവരണം കേരളത്തിലെ ഇതര സർവ്വകലാശാലകളിൽക്കൂടി പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിച്ചുകൊണ്ടും കേരളത്തിലെ മറ്റു സർവ്വകലാശാലകളിലേതുപാലെ പ്രോ–വൈസ് ചാൻസലറുടെ കാലാവധി നിയമനതീയതി മുതൽ 4 വർഷത്തേയ്ക്കായിരിക്കണമെന്നും പുനർ നിയമനത്തിന് അർഹതയുണ്ടായിരിക്കണമെന്നുമുള്ള നിയമഭേദഗതി വരുത്താനുദ്ദേശിച്ചുകൊണ്ടും സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളുടെ സെനറ്റിൽ മറ്റംഗങ്ങളെന്ന ശീർഷകത്തിൽ രണ്ടുവിധം വിവര സാങ്കേതിക ജൈവ സാങ്കേതിക വിഭാഗങ്ങളിലെ വിദഗ്ദർക്ക് പകരമായി 6 ഉന്നത വിദ്യാഭ്യാസ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഏകീകരിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഓർഡിനൻസുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആ ഓർഡി

നൻസുകൾക്ക് പകരമുള്ള ഈ ബിൽ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുകയാണ് ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

കയ്പും മധുരവും ഒരു ഗ്ലാസ്സിലാക്കി ഒരാളിനോട് കുടിയ്ക്കാൻ പറയുമ്പോൾ അയാൾ അനുഭവിക്കുന്ന മനോവിഷമമാണ് ഈ ഭേദഗതി ബിൽ ചർച്ച ചെയ്യുമ്പോൾ ഞങ്ങളെപ്പോലുള്ള ആളുകൾ അനുഭവിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ഒരു യൂണിറ്റാക്കി എടുത്ത് സാമുദായിക സംവരണം ഉറപ്പുവരുത്തണമെന്നുള്ളതാണ് ബില്ലിലെ പ്രധാനപ്പെട്ട ഭേദഗതി. പല സർവ്വകലാശാലകളും നിയമനങ്ങളിൽ സംവരണം അട്ടിമറിക്കുന്നു എന്നുള്ള ആക്ഷേപം വ്യാപകമായി ഉയർന്നു വന്നതിന്റെ പശ്ചാത്തലത്തിലാണ് സംസ്കൃത മലയാള സർവ്വകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ ഒറ്റ യൂണിറ്റായി കണ്ട് സംവരണതത്വം പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തണമെന്നുള്ള ഭേദഗതി ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ചിരുന്നത്.

അത് സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ എല്ലാ സർവ്വകലാശാലകളിലും അത് ബാധകമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയുണ്ടായി. സർക്കാർ അതിന് അനുകൂലമായ നിലപാടെടുക്കുകയും എല്ലാ സർവ്വകലാശാലകളിലും

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ഒറ്റ യൂണിറ്റാക്കിയെടുത്ത് സംവരണ തത്വം പാലിച്ച് നിയമനങ്ങൾ നടത്തണമെന്ന ഭേദഗതി ബിൽ കൊണ്ടുവരുകയും ചെയ്തിരിക്കുകയാണ്. അക്കാര്യത്തിൽ ബഹുമാന്യനായ മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ എല്ലാ മതസമുദായങ്ങളും സാമൂഹ്യരംഗത്ത് ഉയർന്നുവന്നതിന്റെ പിന്നിലെ ചരിത്രം പരിശോധിച്ചാൽ സംവരണം, പ്രത്യേകിച്ച് ഉദ്യോഗസ്ഥമേഖലകളിൽ ഒരു വലിയ പങ്ക് വഹിച്ചതായി നമുക്ക് കാണാൻ സാധിക്കും. കേരളത്തിനു പുറത്ത് മറ്റു പല സംസ്ഥാനങ്ങളിലും ഇന്നും പലമതസമുദായങ്ങളും വിഭാഗങ്ങളും സാമൂഹ്യരംഗത്ത് വളരെ പിന്നിൽ നിൽക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇന്ത്യൻ ഭരണഘടന സംവരണത്തെ ശാശ്വതമായ ഒരു മാനദണ്ഡമായല്ല കാണുന്നത്. സംവരണം എല്ലാ കാലത്തേയ്ക്കുമുള്ള ഒരു സംവിധാനമായി ഉണ്ടാകണമെന്ന് ആരും പറയുന്നുമില്ല. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സാമൂഹ്യമായ ഉന്നതി കൈവരുന്നതിന് തീർച്ചയായും ഒരുകൈ സഹായം ആവശ്യമാണ്. ആ സഹായത്തിന്റെ ആനുകൂല്യത്തിൽ പ്രസ്തുത ജനവിഭാഗം മുഖ്യധാരയിൽ എത്തുന്ന കാലത്ത് സംവരണം ഇല്ലാതാകേണ്ടതാണ്. അക്കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ നമ്മുടെ സർവകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ വർഷങ്ങളായി ഡിപ്പാർട്ടുമെന്റടിസ്ഥാനത്തിലാണ് നടന്നുകൊണ്ടിരുന്നത്. അത്തരത്തിൽ നിയമനങ്ങൾ നടക്കുമ്പോൾ രണ്ടോ മൂന്നോ പോസ്റ്റുകൾ മാത്രമേ ഉണ്ടാകൂ. അങ്ങനെ വരുമ്പോൾ പല സന്ദർഭങ്ങളിലും സംവരണം പാലിക്കാത്ത സ്ഥിതി സംജാതമാകുമായിരുന്നു. ഇതുസംബന്ധിച്ച് കേരള സർവകലാശാലയിൽ ചില പ്രശ്നങ്ങൾ ഉയർന്നുവന്നു. അത്തരമൊരു ഘട്ടത്തിലാണ് സംസ്കൃത സർവകലാശാലയിലും പുതിയതായി വരാൻ

പോകുന്ന മലയാളം സർവകലാശാലയിലും നിയമനങ്ങളിൽ ആ ഒരു അപാകത ഒഴിവാക്കുന്നതിന് ഗവൺമെന്റ് ഒരു ഭേദഗതി ബിൽ അവതരിപ്പിച്ചത്. ആ ഭേദഗതിയുടെ സമയത്ത് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ എല്ലാ സർവ്വകലാശാലകളിലും ഇത് ബാധകമാക്കിക്കൊണ്ടുള്ള ഭേദഗതിയാണ് കൊണ്ടുവരേണ്ടതെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആ നിർദ്ദേശം സർക്കാർ മുഖവിലയ്ക്കെടുത്തുകൊണ്ടാണ് ഇങ്ങനെയൊരു ബില്ലിന് തയ്യാറായി മുന്നോട്ടുവന്നത്. ഇതോടൊപ്പംതന്നെ അനുകൂലിക്കാൻ കഴിയാത്ത ചില കാര്യങ്ങളും ഈ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് കാലിക്കറ്റ് സർവകലാശാലയിലെ സി 18–ാം വകുപ്പിൽ 3–ാം ഉപവകുപ്പിന് 3–ാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ് എന്നുള്ളതാണ്. 'ഒരു സർക്കാരിന് യഥേഷ്ടം സെനറ്റിന്റെ കാലാവധി, സെനറ്റ് അംഗങ്ങളുടെ പ്രവർത്തന കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്' എന്നുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തെയും സംവിധാനത്തെയും പ്രതികൂലമായി ബാധിക്കാനിടയുണ്ട്. അതുകൊണ്ട് ഇത് ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ സർവ്വകലാശാലകളെ സർക്കാരുകൾക്ക് വശപ്പെടുത്തി നിർത്തുന്ന/നിൽക്കുന്ന ഒരു സ്ഥാപനമാക്കി മാറ്റും. സർവ്വകലാശാലകൾ സർക്കാരുകൾക്ക് മേലെയല്ല, സർക്കാരിനും ഗവർണർക്കുമിടയിൽ നിൽക്കേണ്ട ഒരു സ്ഥാപനമാണ്. ആ ഒരു ഔന്നിത്യം സർവ്വകലാശാലകൾക്ക് കേരളത്തിൽ മാറി മാറിവന്ന സർക്കാരുകൾ അംഗീകരിച്ചുകൊടുത്തിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിന്റെ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ജോൺ മത്തായിയെയാണ്, ആദ്യത്തെ ഇ.എം.എസ്.–ന്റെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കി നിയമിച്ചത്.

ചേർത്തുവായിക്കേണ്ട ഒരു കാര്യം, ജോൺ മത്തായി നെഹ്റുവിനെ വിമർശി ച്ചിരുന്നത് നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ആഭിമുഖ്യത്തിന്റെ പേരിലായിരുന്നു. കമ്മ്യൂണിസ്റ്റാഭിമുഖ്യം നെഹ്റുവിന്റെ സാമ്പത്തിക നയങ്ങളിൽ കടന്നുവ രുന്നു എന്നുള്ള ആക്ഷേപമുയർത്തിയ ജോൺ മത്തായിയെയാണ് സഖാവ് ഇ.എം.എസ്.–ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരള സർവ്വകലാശാല യുടെ വൈസ്ചാൻസലറാക്കി നിയമിച്ചത്. ആ വൈസ്ചാൻസലർ ഇ.എം. എസ്.–നെ കാണണമെന്നു പറഞ്ഞപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. അദ്ദേഹത്തോട് പറഞ്ഞത്, നിങ്ങളെ ഞാൻ നിങ്ങളുടെ ഓഫീ സിൽ വന്ന് കണ്ടുകൊള്ളാം എന്നാണ്. ഒരു സർവ്വകലാശാലയുടെ വൈസ്ചാൻസലർ എന്തുമാത്രം ഔന്നിത്യത്തിലാണ് നിൽക്കേണ്ടത് എന്നു ള്ളതിന് ഇതിൽപ്പരം തെളിവ് നമുക്ക് അന്വേഷിച്ച് പോകേണ്ടതില്ല. സർക്കാരു കൾ മാറിമാറി വന്നപ്പോഴും ഈയൊരു സമീപനം സ്വീകരിച്ചിട്ടുണ്ട്. നമുക്ക റിയാം ഈ സഭയിൽ കുസാറ്റിന്റെ നിയമം അവതരിപ്പിച്ചുകൊണ്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പ്രസംഗിച്ചു. ആദ്യമായി കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിലവിൽ വരികയാണ്. ആരാകണം അതിന്റെ വൈസ്ചാൻസലർ; ആ നിയമം അവതരിപ്പിച്ചുകൊണ്ടുനടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അന്ന് പ്രതിപക്ഷത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എം.എൽ.എ.–യായി ജയിച്ചുവന്ന പ്രൊഫസർ മുണ്ടശ്ശേരി പണ്ഡിതോജ്ജ്വലമായ ഒരു പ്രഭാഷണം നടത്തുക യുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞയുടനെ സി.എച്ച്. മുഹമ്മദ്കോയ സാഹിബ് പ്രൊഫസർ മുണ്ടശ്ശേരിയോട് കുസാറ്റിന്റെ ആദ ്യത്തെ വൈസ്ചാൻസലറാകാൻ അഭ്യർത്ഥിക്കുകയായിരുന്നു. അങ്ങനെ കേര ളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി കൊച്ചിൻ ശാസ്ത്രസാങ്കേതിക

സർവ്വകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറായി വന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇത് തങ്കലിപികളാൽ എഴുതപ്പെടേണ്ട അദ്ധ്യായങ്ങളാണ്. നെഹ്റുവിനെ കമ്മ്യൂണിസ്റ്റ് ആഭിമുഖ്യത്തിന്റെ പേരിൽ വിമർശിച്ച ജോൺ മത്തായിയെ ഇ.എം.എസ്. സർവ്വകലാശാലയുടെ വൈസ്ചാൻസലർ സ്ഥാനത്തേയ്ക്ക് കൊണ്ടുവന്നത് കക്ഷിരാഷ്ട്രീയ പരിഗണനയ്ക്കതീതമായി വേണം ഒരു സർവ്വകലാശാലയുടെ വൈസ്ചാൻസലറെ നിയമിക്കേണ്ടതുള്ളതെന്ന ഉദാത്തമായ സന്ദേശം നമുക്ക് നൽകിക്കൊണ്ടാണ്. പ്രതിപക്ഷത്തെ ഒരു എം.എൽ.എ. കുസാറ്റിന്റെ ആദ്യത്തെ വൈസ്ചാൻസലറായി. കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കുസാറ്റിന്റെ ആദ്യത്തെ വൈസ് ചാൻസലറായി സി.എച്ച്.മുഹമ്മദ്കോയ നിയമിച്ചു. അതും കക്ഷിരാഷ്ട്രീയ പരിഗണനയ്ക്കതീതമായിട്ടാവണം നിയമനങ്ങൾ നടത്തേണ്ടത് എന്നുള്ളത് വ്യക്തമാക്കുന്നു. അദ്ധ്യാപക–അനദ്ധ്യാപക നിയമനങ്ങളിൽ സംവരണം വേണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ സർവ്വവകലാശാല വൈസ് ചാൻസലറുടെ പദവികൾ യോഗ്യന്മാരെയായിരിക്കണം നിയമിക്കേണ്ടത്. അവിടെ കക്ഷിരാഷ്ട്രീയതാല്പര്യങ്ങളും ജാതിമത താല്പര്യങ്ങളും ഒരു പരിഗണനാവിഷയമായി കടന്നുവരാൻ പാടില്ല. എല്ലാ മതസമുദായങ്ങളിലും യോഗ്യന്മാരായിട്ടുള്ള ആളുകളുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ വൈസ്ചാൻസലറായി ഇ.എം.എസ്.–ന്റെ നേതൃത്വത്തിലുള്ള സർക്കാർ അന്ന് വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്ന സി.എച്ച്.മുഹമ്മദ്കോയ സാഹിബ് ഗനിസാഹിബിനെയാണ് നിയമിച്ചത്. അന്ന് ഗനിസാഹിബിനെ വൈസ്ചാൻസലറാക്കിയപ്പോൾ വലിയ വിമർശനങ്ങൾ ഉണ്ടായി. പക്ഷേ ആ വിമർശനം നടത്തിയ അതേ ആളുകൾതന്നെയാണ് അദ്ദേഹത്തിന്റെ വൈസ്ചാൻസലർഷിപ്പിന്റെ കാലാവധി അവസാനിച്ചുപോകുന്ന

ഘട്ടത്തിൽ രണ്ടാമതും അദ്ദേഹത്തെ വൈസ്ചാൻസലറാക്കണമെന്ന് പറഞ്ഞത്. പ്രാഗത്ഭ്യവും, കഴിവും ഏത് മതസമുദായ വിഭാഗങ്ങളിൽപ്പെടുന്നവരാണെങ്കിലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി നമ്മളെടുക്കണം. എല്ലാ വിഭാഗങ്ങളിലും യോഗ്യന്മാരുണ്ട്. പക്ഷേ യോഗ്യന്മാർ പലപ്പോഴും തഴയപ്പെടുന്ന സ്ഥിതിയാണുള്ളത്. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി തങ്ങൾക്ക് വശപ്പെട്ടുനിൽക്കുന്നവരെ കൊണ്ടുവരിക എന്നുള്ള സമീപനനയം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ ചരിത്രത്തിൽ ഒരു വൈസ്ചാൻസലറെ ഗവർണർ പുറത്താക്കുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായത്. കഴിഞ്ഞ സർക്കാർ നിയമിച്ച വൈസ്ചാൻസലറെയല്ല ഈ ഗവൺമെന്റ് നിയമിച്ച വൈസ് ചാൻസലറെയാണ് ഈ സർക്കാർ പുറത്താക്കിയത്. ഒരു വൈസ് ചാൻസലറെ നിയമിക്കുമ്പോൾ ഏതൊക്കെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; ഒരു സുപ്രഭാതത്തിൽ ചില കാര്യങ്ങളിൽ അപാകത കണ്ടുകൊണ്ട് പുറത്താക്കേണ്ട പദവിയാണോ വൈസ് ചാൻസലർ സ്ഥാനം; എല്ലാ കാര്യങ്ങളും വളരെ വേഗത്തിൽ നടത്തുന്ന ഒരു രാജ്യമാണ് അമേരിക്ക. പക്ഷേ ഒരു വൈസ്ചാൻസലറെ തെരഞ്ഞെടുക്കാനുള്ള പ്രക്രിയ ഒരു കൊല്ലംവരെ ആ അമേരിക്കയിൽപോലും നീളുന്നുണ്ട്. സൂക്ഷ്മമായിട്ടുള്ള വിശകലനവും, യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പരിശോധനയുമെല്ലാം ആ രാജ്യത്ത് നടക്കുന്നു. നമ്മുടെ നാട്ടിൽ, കേരളത്തിൽ, ഞാൻ നേരത്തേ സൂചിപ്പിച്ച വലിയ ഔന്നത്യം അവകാശപ്പെടാൻ കഴിയുന്ന ഒരു സംസ്ഥാനത്താണ് അപ്പം ചുട്ടെടുക്കുന്നതുപോലെ ഒരു വൈസ്ചാൻസലറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത്. അതുകൊണ്ടല്ലേ അങ്ങനെയൊരു കാര്യം വന്നത്; യോഗ്യതയുടെ മാനദണ്ഡങ്ങളെക്കുറിച്ചും യോഗ്യതകളെക്കുറിച്ചും ഇവിടെ പലരും സഘോരം പ്രസംഗിക്കാറുണ്ട്. ഒരു സർവകലാ

ശാല വൈസ്ചാൻസലറെ നിയമിക്കുമ്പോൾ അദ്ദേഹം അതിന് യോഗ്യനാണോ എന്ന് പരിശോധിക്കേണ്ടിയിരുന്നില്ലേ; ഞാൻ രാജിവച്ച് പോകാം, അതിനുള്ള സമയമെനിക്ക് തരണമെന്ന് അദ്ദേഹം ഗവർണറോട് പറഞ്ഞു. അതിനുപോലും കാത്തുനിൽക്കാതെ ഈ സർക്കാർ നിയമിച്ച വി.സി.യെ പുറത്താക്കിക്കൊണ്ട് കേരള ചരിത്രത്തിൽ തെറ്റായ കീഴവഴക്കത്തിന് തുടക്കംകുറിച്ചിരിക്കുകയാണ്. എന്തിനു വേണ്ടിയായിരുന്നു, ആർക്കുവേണ്ടിയായിരുന്നു അത്; ലാഭച്ഛേദങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ മൂന്നരക്കോടി രൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്നൊരു സർവ്വകലാശാലയിൽ സർക്കാരിന്റെ അനുമതിയില്ലാതെ നിയമനങ്ങൾ നടത്തിയെന്നുള്ളതിന്റെ പേരിലാണ് അദ്ദേഹത്തിനെതിരായിട്ടുള്ള നടപടികൾ ആരംഭിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും പല സർവ്വകലാശാലകളിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെ ഒരു സർവ്വകലാശാലയ്ക്ക് ഗവൺമെന്റിന്റെ അംഗീകാരത്തിന്റെ ആവശ്യമില്ലാതെ പുതിയ കോഴ്സുകൾ ആരംഭിക്കാനും, ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി പോസ്റ്റുകൾ വേണമെന്ന് വരുമ്പോൾ, അത്തരം ഘട്ടങ്ങളിൽ ചിലപ്പോൾ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാറുമുണ്ട്. അത് പിന്നീട് ഗവൺമെന്റുകൾ അംഗീകരിച്ചു കൊടുക്കാറാണ് പതിവ്. ആ പതിവ് മഹാത്മാഗാന്ധി ...............

<u>ശ്രീ. കെ. സുരേഷ് കുറിപ്പ്:</u> സർ, പ്രോവൈസ്ചാൻസലർ ഭരണകക്ഷിയിലെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ നോമിനിയായിരുന്നു. അത് അറിയാമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, തീർച്ചയായും അങ്ങനെയുള്ള കാര്യങ്ങളാണല്ലോ ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് സഗൗരവം ........

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, അങ്ങ് ഒന്ന് മനസ്സിലാക്കണം, ഞങ്ങളുടെ പാർട്ടിയുടെ നോമിനിയല്ല ഞങ്ങൾക്കറിയില്ല. ഞങ്ങളുടെ പാർട്ടി ഇതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുമില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങയുടെ പാർട്ടിയാണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

ശ്രീ. പി.സി. ജോർജ്: സർ, ഇത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? ഞങ്ങളുടെ പാർട്ടി ചർച്ച ചെയ്ത് തീരുമാനിച്ച് നിയമിച്ച വൈസ് ചാൻസലറല്ല. ഡോ. കെ. ടി. ജലീലിനോട് ഞാൻ ചോദിക്കട്ടെ, xxxxxxxxxxxxxxxxxxx+

ഡോ. കെ. ടി. ജലീൽ: സർ, വി.സി, പി. വി. സി പദവികളിൽ ഇരിക്കുന്നവർ സാമാന്യമായി പുലർത്തേണ്ട ചില മര്യാദകളുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റിനെ സംബന്ധിക്കുന്ന വളരെ പ്രധാനപ്പെട്ട ഗുരുതരമായ കാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുകയാണ്. ഗവൺമെന്റ് മറുപടി പറയണം.

ശ്രീ. പി.സി. ജോർജ്: ഗവൺമെന്റ് മറുപടി പറയേണ്ട, xxxxxxxxxxxxxxxx+

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി, ജോർജ്, xxxxxxxxxx+

മി. സ്പീക്കർ: ഞാൻ പറയട്ടെ..., ഒന്നും നിസ്സാരമല്ലല്ലോ..; പ്ലീസ്.... പ്ലീസ്... സഭയിലില്ലാത്ത അംഗങ്ങളെക്കുറിച്ച് അഴിമതി ആരോപണം ഉന്നയി

---

+ ബഹുമാനപ്പെട്ട നിയമസഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട നിയമസഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ക്കണമെങ്കിൽ നേരത്തെ എഴുതിത്തരണമെന്നുണ്ട്. അതൊന്നും എഴുതിത്തന്നിട്ടില്ല. അതുകൊണ്ട് ഇതൊന്നും സഭയുടെ രേഖയിലില്ല. ഒരു കാര്യം പറയാം, ഏത് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും വിദ്യാഭ്യാസവും പഠനവും സർട്ടിഫിക്കറ്റും നോക്കി പി.വി.സി, വി.സി മാരുടെ നിയമനത്തിൽ വലിയ പ്രശ്നമൊന്നും വരികയില്ല. അത് ബന്ധപ്പെട്ട ആളുകൾ ശ്രദ്ധിക്കുമെന്ന് നിയമസഭാ ആഗ്രഹിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇക്കാര്യം വസ്തുതയില്ലായെങ്കിൽ, ക്യാബിനറ്റ് റാങ്കിലുള്ള ഭരണ പക്ഷത്തുള്ള ഗവൺമെന്റിന്റെ ഔദ്യോഗിക വക്താവ് നിയമസഭയിൽ പറയുകയാണ്.

മി. സ്പീക്കർ: ഇതു പറഞ്ഞു തീർത്തല്ലോ, ഡോ. കെ. ടി. ജലീൽ അങ്ങ് തുടരുക.....

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ക്യാബിനറ്റ് റാങ്കിലുള്ള ആളാണ് പറയുന്നത്, xxxxxxxxxx[+]

മി. സ്പീക്കർ: അദ്ദേഹം കത്ത് എഴുതി കൊടുത്തതേയുള്ളു, ഡോ. കെ.ടി ജലീലിന് സംസാരിക്കേണ്ട സമയം മുഴുവൻ നിങ്ങളെടുത്താലോ; ശരിയാകുന്നതെങ്ങനെയാണ്.?

ശ്രീ. ആർ. രാജേഷ്: സർ, xxxxxxxxxx[+] ഞാൻ കഴിഞ്ഞ സർവ്വകലാശാലാ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ അവിടുത്തെ ചെയർമാൻ എൻ. എസ് ഗോപാലകൃഷ്ണനെ സിൻഡിക്കേറ്റ് പുറത്താക്കിയതിനെ സംബന്ധിച്ച് അന്വേഷണം വേണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യ

---

[+] ബഹുമാനപ്പെട്ട നിയമസഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

പ്പെട്ടിരുന്നു. അഴിമതി നടത്തുന്നതിൽ കൂട്ടുനിൽക്കാതെ പ്രതിഷേധിച്ചതുകൊണ്ടാണ് അവിടുത്തെ ചെയർമാനായ എൻ. എസ് ഗോപാലകൃഷ്ണനെ സിൻഡിക്കേറ്റ് പുറത്താക്കിയത്. അതും കൂടി ചേർത്തുകൊണ്ട് ഒരന്വേഷണം നടത്താൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഗവൺമെന്റ് ചീഫ് വിപ്പ് നടത്തിയിട്ടുള്ള പരാമർശം വളരെ ഗൗരവത്തോടുകൂടി തന്നെയാണ് ഈ സഭ കാണേണ്ടത്. വ്യക്തിപരമായി അദ്ദേഹം ഒരു കത്ത് ഗവർണ്ണർക്ക് കൊടുത്തു എന്ന് പറഞ്ഞു. അത് സഭ ഏകകണ്ഠമായി ആവശ്യപ്പെടേണ്ട ഒരു കാര്യവുംകൂടിയാണ്. ഃഃഃഃഃഃഃഃഃഃഃ[+] ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പു മന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് തന്റെ നയം വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2009-ൽ പുറത്തിറക്കിയ യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച്, ഒരു വി.സി. തെരഞ്ഞെടുപ്പിൽ പാലിക്കേണ്ട വ്യവസ്ഥയെക്കുറിച്ച് പറയുന്നുണ്ട്. അതിൽ പറയുന്നത് ഇങ്ങനെയാണ്, ഈ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുന്നവർ ഉയർന്ന കഴിവുകളും ധാർമ്മിക ഗുണങ്ങളുമുള്ളവരായിരിക്കണം. ഉയർന്ന വിദ്യാഭ്യാസ യോഗ്യത മാത്രം പോരാ ഉയർന്ന ധാർമ്മിക ഗുണങ്ങളുള്ളവരുമായിരിക്കണം. കാലിക്കറ്റ് സർവ്വകലാശാലാ വി.സി.-യെ സംബന്ധിച്ച് ഇപ്പോൾ ഒരാക്ഷേപം ഉയർന്നുവന്നിരിക്കുന്നു. അഗ്രിക്കൾച്ചറൾ യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്ന സമയത്ത് അവിടെ നിന്നുമാണ് അദ്ദേഹം റിട്ടയർ ചെയ്യുന്നത്. അങ്ങനെ റിട്ടയർ ചെയ്ത അദ്ദേഹം പെൻഷൻ വാങ്ങുന്നു. ഇപ്പോൾ കാലിക്കറ്റ് സർവ്വകലാശാലയുടെ വി.സി എന്നുള്ള നിലയിലുള്ള ശമ്പളവും അദ്ദേഹം പറ്റുന്നു. ഒരേ സമയം പെൻഷനും മറ്റൊരു ശമ്പളവും

പറ്റാൻ പാടില്ല. പെൻഷനും അലവൻസും പറ്റാം. അതിൽ തെറ്റില്ല. ഏതാണ്ട് രണ്ടു ലക്ഷത്തോളം രൂപയാണ് അദ്ദേഹം പ്രതിമാസം പറ്റിക്കൊണ്ടിരിക്കുന്നത്. സാങ്കേതികമായി ഒരുപക്ഷേ നിങ്ങളിൽ പലർക്കും അതിനെ ന്യായീകരിക്കാൻ വാദമുഖങ്ങളുണ്ടാകാം. അതുകൊണ്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ച വി.സി തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെട്ടേണ്ടവർ ഉയർന്ന കഴിവുകളും ധാർമ്മിക ഗുണങ്ങളുമുള്ളവരായിരിക്കണം എന്ന വ്യവസ്ഥ വായിച്ചത്. ആ വ്യവസ്ഥയുടെ ലംഘനമാണ്. സാങ്കേതികമായി പിടിച്ചു നിൽക്കാൻ മുടിനാരിഴകീറി നിയമങ്ങൾ പരിശോധിച്ചാൽ പഴുതുകൾ കിട്ടുമായിരിക്കാം. പക്ഷേ അവിടെ ഒരു വി.സി. പ്രത്യേകിച്ചും അത്രയും ഉന്നതമായ പദവിയിലിരിക്കുന്ന ഒരു വ്യക്തി, അദ്ദേഹം ആ ധാർമ്മികമായ ബോധവും മൂല്യവും നിഷ്പ്രഭമാക്കിക്കളഞ്ഞു. അദ്ദേഹം അത് ഗൗനിച്ചതേയില്ല. ഇതൊക്കെ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലും, എന്തിന്റെ വെളിച്ചത്തിലുമാണ്. അവർക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടിക്കോ അന്വേഷണത്തിനോ ഗവൺമെന്റ് തയ്യാറുണ്ടോ? കാലിക്കറ്റ് സർവ്വകലാശാല വി.സിയെ സംബന്ധിച്ച് ഇങ്ങനെയൊരു ആക്ഷേപം വന്നപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്തുചെയ്തു? അദ്ദേഹത്തിന്റെ ഹോം ഡിസ്ട്രിക്റ്റാണ്. അദ്ദേഹം സിൻഡിക്കേറ്റ് മെമ്പറായിരുന്ന സർവ്വകലാശാലയാണ് കാലിക്കറ്റ് സർവ്വകലാശാല. ആ സർവ്വകലാശാലയിൽ ഇങ്ങനെയൊരു ആക്ഷേപം വന്ന ഘട്ടത്തിൽ അതേക്കുറിച്ച് അന്വേഷിക്കാൻ എന്തേ മുതിരാതിരുന്നത്? ഈ വി.സി. അധികാരത്തിൽ വന്ന ഉടനെ എന്താണ് ചെയ്തത്. 75,00,000 രൂപ ചെലവിട്ട് 'കാട് വെളുപ്പിക്കുക, മരങ്ങൾ മുറിച്ചു മാറ്റുക' എന്ന ഓമനപ്പേരിട്ടുകൊണ്ട് ആ സർവ്വകലാശാലയിൽ വലിയ പാരി

സ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുംവിധമുള്ള പരിഷ്ക്കാരങ്ങൾ നടത്തുകയാണ് ചെയ്തത്. 500 ഏക്കർ സ്ഥലമാണ് കാലിക്കറ്റ് സർവ്വകലാശാലയ്ക്കുള്ളത്. വിശാലമായ കോമ്പൗണ്ടിലുള്ള അതിമനോഹരവും വളരെ പ്രിസ്റ്റീജിയസ്സുമായിട്ടുള്ള ആ സർവ്വകലാശാലയെ തകർക്കുന്നവിധത്തിലുള്ള നടപടികൾ അവിടെത്തെ ഇപ്പോഴത്തെ വി.സി. കൈകൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്നു. ആ സർവ്വകലാശാല വി.സി. യുടെ പേരിൽ 6 വിജിലൻസ് കേസുകൾ. അതിൽ 3 കേസുകളിൽ കോടതി വിധിപറഞ്ഞു. ആ വിധി വി.സി.ക്ക് എതിരായിരുന്നു. വി.സിയുടെ കർത്തവ്യനിർവ്വഹണത്തിൽ അദ്ദേഹം പാലിക്കേണ്ട സൂക്ഷ്മത പാലിച്ചില്ല. അദ്ദേഹം കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി അന്യാധീനപ്പെടുന്ന സാഹചര്യമുണ്ടാക്കി എന്ന് വിജിലൻസ് കോടതി തന്നെയാണ് പറഞ്ഞത്. ഒരന്വേഷണവും ഇതുസംബന്ധമായി നടന്നില്ല. ബഹുമാനപ്പെട്ട അംഗവും കേരള ഗവൺമെന്റിന്റെ ചീഫ്വിപ്പുമായ ശ്രീ. പി.സി. ജോർജ്ജ് വലിയ ഒരു ആരോപണം ഉന്നയിച്ചിരിക്കുന്നു. കുസാറ്റിന്റെ പി.വി.സി. 25000 രൂപയുടെ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ നിഴലിലാണ്. അതിനെതിരായി അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇത് നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ ............

<u>മി. സ്പീക്കർ</u>: ബില്ലിന്റെ ചർച്ചാവേളയിൽ സമയനിബന്ധന പാടില്ലായിരിക്കാം. രണ്ടു ബില്ലുകളും കൂടി മൂന്ന് മണിക്കൂറാണ്. അങ്ങ് 22 മിനിറ്റെടുത്തു. 25 മിനിറ്റു വച്ചാൽ മാത്രമേ അത്രയും തീരുകയുള്ളൂ.

<u>ശ്രീ. സാജു പോൾ</u>: ബഹുമാന്യനായ ഡോ. കെ.ടി. ജലീൽ ഇവിടെ xxxxxxxxxxxx[+] ഈ അവസ്ഥയിൽ ഇത് എന്തെങ്കിലും ഗുണംചെയ്യുമെന്ന് ബഹുമാനപ്പെട്ട മെമ്പർ കരുതുന്നുണ്ടോ?

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, xxxxxxxxxxxx[+] അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: ഗവർണ്ണറെക്കുറിച്ച് ശ്രീ. സാജു പോൾ നടത്തിയ ഒരു പരാമർശവും രേഖയിൽ ഉണ്ടായിരിക്കില്ല.

<u>ഡോ. കെ.ടി. ജലീൽ</u>: നമ്മുടെ സർവ്വകലാശാലകൾ ഏറ്റവും വലിയ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളാണ്. ഇപ്പോൾ സർവ്വകലാശാലകൾ എന്നുള്ള ആശയം തന്നെ ഏതാണ്ട് തിരോഭവിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ കലാശാലയുടേയും കൂട്ടായ്മ എന്ന അർത്ഥത്തിലാണ് സർവ്വകലാശാലകളെ നമ്മൾ അങ്ങനെ വിശേഷിപ്പിച്ചിരുന്നത്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി തന്നെ ഇപ്പോൾ 3 ആയി നാൽക്കാലികൾക്ക് ഒരു യൂണിവേഴ്സിറ്റി, മത്സ്യങ്ങൾക്ക് മറ്റൊരു യൂണിവേഴ്സിറ്റി, മെഡിക്കൽ യൂണിവേഴ്സിറ്റി, പോലീസ് യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി അങ്ങനെ നിരവധി യൂണിവേഴ്സിറ്റികൾ വന്നുകൊണ്ടിരിക്കുകയാണ്. സത്യത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകൾ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന ഫാക്കൽറ്റികൾ ഇതെല്ലാം ഉൾക്കൊള്ളുന്ന എല്ലാ കലാശാലകളുടേയും ഒരു കൂട്ടായ്മ എന്നുള്ള രൂപത്തിലാണ് നമ്മുടെ സർവ്വകലാശാലകൾ പ്രവർത്തിച്ചിരുന്നത്. ഏകവിഷയ പഠനകേന്ദ്രങ്ങളായി

---

[+] ബഹുമാനപ്പെട്ട നിയമസഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

[+] ബഹുമാനപ്പെട്ട നിയമസഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

നമ്മുടെ സർവ്വകലാശാലകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഏകവിഷയ പഠനകേന്ദ്രങ്ങളായ ഐ.ഐ.റ്റി.കളുടെ രൂപത്തിൽ സർവ്വകലാശാലകൾ മാറണം എന്ന ഒരു ചിന്ത ഉത്ഭൂതമായിട്ടുള്ളതാണ്. ഐ.ഐ.റ്റി.-കൾ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നുള്ള രൂപത്തിൽ ഉദയം കൊണ്ടിട്ടുള്ളവയായിരുന്നു. പക്ഷേ ഇപ്പോൾ അവിടെ മാനവിക വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. ലോകോത്തര ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടായ എം.ഐ.ഐ.റ്റി.യിലും നമ്മുടെ ഐ.ഐ.റ്റി.കളിലും എൻ.ഐ.ഐ.റ്റി.കളിലും മാനവിക വിഷയങ്ങൾ പഠിപ്പിക്കുന്നു. ഇത്തരമൊരുഘട്ടത്തിൽ ഇതിനെക്കുറിച്ച് വളരെ അക്കാദമിക് തലത്തിലുള്ള ആലോചനകൾ നമ്മൾ നടത്തേണ്ടതായിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ നമ്മുടെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേയും മെഡിക്കൽ കോളേജുകളിലേയും വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ നിലവാരം, മൊത്തം സീറ്റുകളുടെ എണ്ണം, അതിലേയ്ക്കായി അപേക്ഷിച്ച കുട്ടികളുടെ എണ്ണം എന്നിവ ഒന്നുപരിശോധിക്കുന്നത് നന്നായിരിക്കും. പ്രൊഫഷണൽ കോളേജുകൾ യഥേഷ്ടമാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ആവശ്യത്തിന് വേണം. പക്ഷേ നമ്മുടെ നാട്ടിൽ ഇപ്പോൾ ഉള്ള എഞ്ചിനീയറിംഗ് കോളേജുകൾ ആവശ്യത്തിലും വളരെ കൂടുതലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2013-14 വർഷത്തിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ 3199 സീറ്റുണ്ടായിരുന്നു. അഞ്ച് സീറ്റുകളിൽ വിദ്യാർത്ഥികൾ ചേർന്നിട്ടില്ല. അഞ്ച് സീറ്റുകൾ ഒഴിഞ്ഞാണ് കഴിഞ്ഞ അദ്ധ്യയന വർഷം കടന്നുപോയത്. ഈ നാല് വർഷവും ഈ അഞ്ച് സീറ്റുകൾ ഒഴിഞ്ഞുകിടന്നുതന്നെ ആ കോഴ്സ്സ് പൂർത്തിയാക്കും. ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ 1363 സീറ്റുകളുണ്ട്. അതിൽ 1363-ഉം ഫിൽഡാണ്. ഗവൺമെന്റ് കൺട്രോൾഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 6272 സീറ്റുക

ളുണ്ട്. അതിൽ 5404 എണ്ണമേ ഫിൽ ചെയ്തിട്ടുള്ളൂ. 868 എണ്ണം വാക്കന്റായി കിടക്കുകയാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകൾ 22864 ആണ്. അതിൽ 15256 എണ്ണമേ ഫിൽ ചെയ്യപ്പെട്ടിട്ടുള്ളൂ. 7608 സീറ്റുകൾ വാക്കന്റായി കിടക്കുകയാണ്. എന്നാൽ ഇതേ സമയം ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ സ്ഥിതിയെന്താണ്; കേരള യൂണിവേഴ്സിറ്റിക്ക് കീഴിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോളേജിലെ മെരിറ്റ് സീറ്റ് ഉൾപ്പെടെ 25196 സീറ്റുകളാണുള്ളത്. ഈ വർഷം അതിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം 66360 ആണ്. ഇവിടെ വേണ്ടത് പ്രൊഫഷണൽ കോളേജുകളാണോ എഞ്ചിനീയറിംഗ് കോളേജുകളാണോ മെഡിക്കൽ കോളേജുകളാണോ അതോ ആർട്സ് ആന്റ് സയൻസ് കോളേജുകളാണോ എന്നതിനെ സംബന്ധിച്ച് വീണ്ടുവിചാരം സർക്കാരിന് ഉണ്ടാകണം. കേരള യൂണിവേഴ്സിറ്റിയിൽ ഗവൺമെന്റ് എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ സീറ്റുകൾ 25196 ആണ്. ഓൺലൈൻ മുഖേന ഈ വർഷം അപേക്ഷകൾ കിട്ടിയിരിക്കുന്നത് 66360 ആണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ മൊത്തം സീറ്റുകൾ 38785 ആണ് എന്നാൽ ഈ വർഷം അപേക്ഷകൾ കിട്ടിയിരിക്കുന്നത് 61021 അപേക്ഷകളാണ്. അതുപോലെതന്നെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും 23396 സീറ്റുകളാണുള്ളത്. അവിടെ അപേക്ഷകരുടെ എണ്ണം 103683 ആണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ചേരാൻ ആളില്ലാത്തതുകൊണ്ട് സീറ്റുകൾ വാക്കന്റായി കിടക്കുന്നു. പത്തിരുപതിനായിരത്തോളം സീറ്റുകൾ, മാനേജുമെന്റിന്റെ സീറ്റുകളും കൂടി കൂട്ടിയാൽ, ഇവിടെ വാക്കന്റാണ്. അതേ സമയം ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പുറത്തുനിൽക്കുന്ന സ്ഥിതി നമ്മുടെ

നാട്ടിലുണ്ട്. വിദ്യാഭ്യാസക്കച്ചവടം നടത്തുന്ന ആളുകൾക്ക് സൗകര്യമൊരുക്കി ക്കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണ് എഞ്ചിനീയറിംഗ് കോളേജുകളും പ്രൊഫഷണൽ കോളേജുകളും മെഡിക്കൽ കോളേജുകളുമൊക്കെ സ്ഥാനത്തും അസ്ഥാനത്തും ആവശ്യത്തിനും അനാവശ്യത്തിനും നമ്മൾ ഉണ്ടാക്കിയത്. ഇപ്പോൾ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഫീസ്, പ്രൊഫഷണൽ കോളേജുകളിലെ താങ്ങാവുന്ന ഫീസ്, രണ്ട് സെൽഫ് ഫിനാൻസ് കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന ആശയത്തിലാ യിരുന്നു ഇതൊക്കെ തുടങ്ങിയത്. ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേ ജിൽ ഒരു ആർട്സ് കോഴ്സായ ബി.കോം പൂർത്തിയാക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് 60,000-70,000 രൂപ വേണ്ടിവരും. അങ്ങ് സിൻഡിക്കേറ്റ് മെമ്പറായി രുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇത്തരത്തിലുള്ള കോഴ്സുകൾക്ക് ഈടാക്കിയിരുന്ന ഫീസിന്റെ ഇരട്ടിയിലധികം ഇപ്പോൾ ഈടാക്കുന്നുണ്ടെന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കറിയാം. ഇങ്ങനെ ഭാരിച്ച സാമ്പ ത്തിക ബാദ്ധ്യത വിദ്യാർത്ഥികൾക്ക് വരുത്തുന്ന രൂപത്തിലാണ് നമ്മുടെ ഫീസ് സ്ട്രക്ച്ചറുകൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളുടെ അനിവാര്യതയെക്കുറിച്ചാണ്. കഴിഞ്ഞകാലങ്ങളിൽ ഗവൺമെന്റ് മേഖലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് മാത്രമാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് അത് അനുവദിച്ചത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ആർട്ട്സ് ആന്റ് സയൻസ് കോളേജ് ഉറപ്പുവരുത്തുന്ന രീതിയിലുള്ള തീരുമാനം ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ അടുത്ത അധ്യയനവർഷം

വരുമ്പോഴേയ്ക്കും അത്തരം കോളേജുകളിൽ കൂടുതൽ കോഴ്സുകൾ വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായം കൂടി ഞങ്ങൾക്കുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാറിൽ മാത്രം 178 പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങി. ആ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ധാരാളം കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. 10-22 ഗവൺമെന്റ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ച ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതിന് യാതൊരു മടിയും ഞങ്ങളെ സംബന്ധിച്ചില്ല.

മി. സ്പീക്കർ: ശ്രീ. കെ.ടി. ജലീൽ....31 മിനിട്ടായി.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ അവസാനിപ്പിക്കാം. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾക്കല്ല പ്രാമുഖ്യം നൽകേണ്ടത്. ലോകം തന്നെ സാങ്കേതിക സ്ഥാപനങ്ങളിൽ മാനവിക വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു സാഹചര്യത്തിലേക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ കേരളം മാത്രമായി എന്തിനാണ് ഒഴിഞ്ഞുനിൽക്കുന്നത്? ജെ.എൻ.യു. –ൽപ്പോയി നോക്കിയാൽ അവിടെ മാനവിക വിഷയങ്ങൾക്കാണ് പ്രാമുഖ്യം. അത്തരത്തിലുള്ള ഇന്ത്യയിലെ ഏറ്റവും നമ്പർ വൺ സർവ്വകലാശാലയാണല്ലോ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി. ഇന്ത്യയുടെ ബൗദ്ധിക രംഗത്ത് വലിയ സംഭാവനകൾ ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ കോൺട്രിബ്യൂട്ട് ചെയ്യാൻ സൗഭാഗ്യം സിദ്ധിച്ചിട്ടുള്ള സർവ്വകലാശാലയാണ് ജെ.എൻ.യു. അവിടെ ലോക പ്രശസ്തരായിട്ടുള്ള ചരിത്രകാരന്മാർ, സോഷ്യോളജിസ്റ്റുകൾ, ഭാഷാപണ്ഡിതന്മാർ എന്നിവരൊക്കെ വളർന്നുകൊണ്ടിരി

ക്കുന്നു. അതിന് സമാനമായി ഒരു സ്ഥാപനമെങ്കിലും കേരളത്തിൽ നമുക്ക് ഉണ്ടാക്കേണ്ടതല്ലേ? ഒരു സർവ്വകലാശാലയെങ്കിലും ഈ കച്ചവട താൽപ്പര്യങ്ങളുടെ തടവറയിൽ നിൽക്കുന്നവർ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾക്കപ്പുറം ഹ്യുമാനിറ്റീസിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ജെ.എൻ.യു.-വിന് തുല്യമായി എന്നു ഞാൻ പറയുന്നില്ല, അതിന്റെ ഒരുപാട് കാതം അകലെ ഇപ്പുറം നിൽക്കുവാനുള്ള യോഗ്യതയെങ്കിലുമുള്ള ആർട്സ് ആന്റ് സയൻസ് സബ്ജക്ടുകൾക്ക് പ്രാമുഖ്യം നൽകുന്ന കോളേജുകൾ, ഹ്യുമാനിറ്റീസിന് പ്രാമുഖ്യം നൽകുന്ന കോളേജുകൾ നമ്മുടെ സംസ്ഥാനത്താണ് ഇന്ത്യയിൽ ആദ്യം ഉയർന്നുവരേണ്ടത്. അതിന് അങ്ങ് മുൻകൈ എടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയിലെ അംഗങ്ങളുടെ പ്രവർത്തനകാലാവധി സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം എന്നുള്ള ഭേദഗതി, മറ്റു സർവ്വകലാശാലകളിലും ഇത്തരം ഒരു ഭേദഗതി ഈ ഗവൺമെന്റ് വന്നതിനുശേഷം കൊണ്ടുവരിയുണ്ടായി. അന്നും ഞങ്ങൾ അതിനോട് വിയോജിച്ചിരുന്നു. സർവ്വകലാശാലയുടെ ജനാധിപത്യസ്വഭാവം കളഞ്ഞുകുളിക്കാൻ പാടില്ലെന്ന് ശാഠ്യമുള്ള ആളുകൾക്ക്, അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരിക്കുന്നവരായാലും ഈ ഒരു നിലപാടേ ഇതിനോട് എടുക്കാൻ സാധിക്കുകയുള്ളൂ എന്നുള്ള കാര്യം ഉണർത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ കേരളത്തിലെ സർവ്വകലാശാലകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില ഭേദഗതികളാണ് ഈ പ്രമേയത്തിലുള്ളത്. പ്രോ-വൈസ് ചാൻസലറുടെ ഔദ്യോഗിക കാലാവധിയും അതുപോലെ തന്നെ കോഴിക്കോട് സർവ്വകലാശാലയിലെ

മറ്റംഗങ്ങളുടെ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതും സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ള ഏകീകൃതമല്ലാത്ത വ്യവസ്ഥകൾക്ക് മാറ്റം വരുത്തി ഏകീകൃതമായ വ്യവസ്ഥയുണ്ടാക്കുന്ന കാര്യത്തിലുള്ള ഭേദഗതികളുമാണ് വന്നിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ശ്രീ. കെ. ടി. ജലീൽ വളരെ ഗൗരവമായ ചില കാര്യങ്ങളിൽ ആശങ്കകളെല്ലാം പങ്കുവച്ചു കഴിഞ്ഞിരിക്കുകയാണ്. സത്യത്തിൽ നമ്മുടെ സർവ്വകലാശാലകൾ, കേരളത്തിലെ വിദ്യാഭ്യാസ മേഖല ഒരു കാലത്തുമില്ലാത്ത തകർച്ച നേരിട്ടു കൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് നമ്മുടെയെല്ലാം വളരെ അടുത്ത സുഹൃത്താണ്. അദ്ദേഹത്തോട് വ്യക്തിപരമായി പറയുന്ന കാര്യമായി ധരിക്കില്ല എന്നു ഞാൻ വിചാരിക്കുകയാണ്. അങ്ങയുടെ ഭരണത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ തൊഴുത്തുകളായി മാറിയിരിക്കുകയാണ്. തൊഴുത്താണെങ്കിലും അതിനകത്ത് കന്നുകാലികളെങ്കിലും കാണും. ഇവിടെ കന്നുകാലികൾ പോലുമില്ല എന്നതാണ് സ്ഥിതി. എന്തും ചെയ്യാവുന്ന നാഥനില്ലാത്ത കളരികളായി നമ്മുടെ സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. 13 സർവ്വകലാശാലകൾ നമുക്കുണ്ട്. പക്ഷേ അതിനകത്ത് പല സർവ്വകലാശാലകൾക്കും നാഥന്മാരില്ല. വി.സി.-മാരെ നിയമിച്ചിട്ടില്ല. 1937-ലെ ട്രാവൻകൂർ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതിനുശേഷം പിന്നീട് അത് കേരള സർവ്വകലാശാലയായി മാറുകയും നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖലയിലെ ഒരു പ്രധാനപ്പെട്ട സ്ഥാപനം എന്ന നിലയിൽ ഖ്യാതി നേടുകയും ചെയ്ത ഒരു പാരമ്പര്യം നമുക്കുണ്ട്. വി. സി.-മാരായിരുന്ന ആളുകളെക്കുറിച്ച് ഇവിടെ നേരത്തേ സൂചിപ്പിക്കുകയുണ്ടാ

യി. ഐൻസ്റ്റീനെപ്പോലും കേരള സർവ്വകലാശാലയുടെ വി.സി.–യാക്കാൻ ആവശ്യപ്പെട്ട ഒന്നാണ് നമ്മുടെ സംസ്ഥാനം. നമ്മുടെ വിദ്യാഭ്യാസത്തിന് അത്രയേറെ പ്രാധാന്യം കൊടുക്കാറുണ്ട്. പക്ഷേ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം സർവ്വകലാശാല വി.സി.–മാരുടെ സംവരണ തസ്തികയെല്ലാം നമുക്കറിയാം.

ശ്രീ. ആർ. രാജേഷ്: സർ, ആൽബർട്ട് ഐൻസ്റ്റീൻ ഇഗ്നോ സർവ്വകലാശാലയുടെ ഭരണസമിതിയംഗമായിരുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പറഞ്ഞത് അത്രയും ഉന്നതന്മാരായിട്ടുള്ള ആളുകൾ നമ്മുടെ നാട്ടിൽ ഇല്ലെങ്കിൽ അന്യ രാജ്യങ്ങളിൽ നിന്നുള്ള ആളുകളെ ആ സ്ഥാനത്ത് ഇരുത്താൻ വേണ്ടി വ്യഗ്രതകാണിച്ചിരുന്ന ആളുകളാണ് നമ്മൾ. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം വി.സി.–യായിരുന്ന ഡോ. എ. വി. ജോർജിനെ പുറത്താക്കി. അദ്ദേഹം കേരള കോൺഗ്രസ് മാണി ഗ്രൂപ്പിന്റെ നോമിനിയാണ്. വൈസ് ചാൻസലർ എന്ന പദവി സംവരണ പോസ്റ്റ് അല്ലെങ്കിൽപ്പോലും ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഒരു ജാതിക്കും ഓരോ മതത്തിനും ഓരോ പാർട്ടിക്കുമായി വൈസ് ചാൻസലർ പദവി സംവരണം ചെയ്യുന്ന ഒരു തസ്തികയായി വി.സി. പദവി മാറിയിരിക്കുകയാണ്. ഇത് നമ്മുടെ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായിട്ടും തകർത്തുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, വി.സി. പദവികൾക്ക് മാത്രമേ ഈ തസ്തികയുള്ളൂ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ വിഷയം മാറ്റിയാൽ അങ്ങ് ഇതിൽ ഇടപെടും എന്നുള്ളതുകൊണ്ടാണ് ഞാൻ പറയാത്തത്. വിഷയം മാറരുത് എന്ന് അങ്ങ് തന്നെ പറഞ്ഞിട്ട് എന്നോട് വേറെ കാര്യം

പറയാൻ നിർബന്ധിക്കരുത്. വി.സി. പദവി ഇവിടെ ലേലം ചെയ്ത് വിൽക്കുന്നു. കോടിക്കണക്കിന് രൂപ കൊടുക്കാത്തതുകൊണ്ടാണ് എ. വി. ജോർജിനെ പുറത്താക്കിയത് എന്നുംകൂടി പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ബയോഡാറ്റയിൽ ഉണ്ടാക്കിയ തിരുത്തലിന്റെ പേരിലാണ് പുറത്താക്കപ്പെട്ടത്. കേരളത്തിന്റെ ഇതംപര്യന്തരമായ ചരിത്രത്തിൽ ഇന്നുവരെ ഒരു വി.സി.-യെ അയോഗ്യനാക്കുന്ന, പുറത്താക്കപ്പെടാൻ ഇങ്ങനെ ഒരു സംഗതി നമ്മുടെ കേരളത്തിൽ ഉണ്ടായിട്ടില്ല. അതും കേരളത്തിൽ സംഭവിച്ചിരിക്കുന്നു. അത് അങ്ങയുടെ ഭരണത്തിലാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ അതിനെക്കുറിച്ച് പറയാനുള്ള കാരണം. അങ്ങ് എന്തുകൊണ്ടാണ് ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാത്തത്; അങ്ങയെ ആരെങ്കിലും നിയന്ത്രിക്കുന്നുണ്ടോ; അങ്ങാണോ ഇക്കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്; അതല്ല ഇവിടെ വേറെ പല ശക്തികളും ആണോ നമ്മുടെ സർവ്വകലാശാലകളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ള കാര്യം നാം ചിന്തിക്കേണ്ട കാര്യമാണ്. സ്വാശ്രയ കോളേജ് ലോബികൾ... ആരോഗ്യ സർവ്വകലാശാല വി.സി. സ്ഥാനത്തേക്കുവേണ്ടി വലിയ വടംവലി ആരംഭിച്ചിരിക്കുന്നു. പത്രവാർത്തകളിൽ പറയുന്നത് സ്വാശ്രയ മാനേജ്മെന്റ് ലോബികൾ അവർക്കിഷ്ടപ്പെട്ട ആളുകളെ കൊണ്ടുവരാനുള്ള വടംവലികൾ ആരംഭിച്ചുവെന്നാണ്. അങ്ങനെ വടംവലി ആരംഭിക്കാനുള്ള കാരണമെന്താണ്; ഇടപെടേണ്ടതുപോലെ ഇടപെട്ടാൽ തങ്ങൾക്കിഷ്ടപ്പെട്ട ആളുകളെ ആ സ്ഥാനത്ത് കൊണ്ടുവരാൻ കഴിയും എന്ന ഒരന്തരീക്ഷം നമ്മുടെ കേരളത്തിൽ ഉള്ളതുകൊണ്ടാണ്. അപ്പോൾ ആ വി.സി.-ക്ക് വേണ്ടിയുള്ള ഇടപെടൽ നടന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാല വി.സി.-യായ ഖാദർ മങ്ങാടിന്റെ ഡിഗ്രിയെപ്പറ്റി പറയുന്നത് അദ്ദേഹം കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ള ഡിഗ്രി എന്നാണ്. അതും ആരോപണമായി ഉന്നയിക്ക

പ്പെട്ടിരിക്കുകയാണ്. കാലിക്കറ്റ് സർവ്വകലാശാലയുടെ വി.സി.-യെക്കുറിച്ചാണ് നേരത്തേ ശ്രീ. കെ. ടി. ജലീൽ പറഞ്ഞത്. ആ സർവ്വകലാശാല വി.സി. 47,998/- രൂപ നേരത്തേ കാർഷിക സർവ്വകലാശാലയിൽ ഇരിക്കുമ്പോൾ വാങ്ങിക്കൊണ്ടിരുന്ന ശമ്പളം 33 മാസമായി വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരക്ഷരം മിണ്ടിയിട്ടില്ല. ആട്ടുകല്ലിന് കാറ്റുപിടിച്ചപോലെ ഗവൺമെന്റ് ഇരിക്കുകയാണ്. നമ്മുടെ നാട്ടിൽ രണ്ടുശമ്പളം പറ്റിക്കൊണ്ടിരിക്കുന്നു. എസ്.എഫ് ഐ.-ക്കാർ സമരം നടത്തിയപ്പോൾ അവരെ തല്ലിയ കേസാണ് നമ്മൾ ചർച്ച ചെയ്തത്. സമരം ചെയ്യുകയല്ലാതെ നമ്മൾ എന്തുചെയ്യണം; ഒരു ഗവൺമെന്റിനുമുമ്പിൽ തെളിവുകൾ സഹിതം ഇതുണ്ടായിട്ടും ഒന്നും സംഭവിക്കുന്നില്ല. മറ്റൊരു വി.സി.-ക്കെതിരായി കേരളത്തിലെ വിജിലൻസ് കോടതി നടത്തിയിട്ടുള്ള പരാമർശം എന്താണ്? വിജിലൻസ് കോടതി പറഞ്ഞ കാര്യം ഒരു കേസുമായി ബന്ധപ്പെട്ട് വി.സി.-യും സിൻഡിക്കേറ്റും ഗുരുതരമായ വീഴ്ച വരുത്തി എന്നാണ്. ഭരണകക്ഷിയിലെ ഉന്നതർ ഇടപാടിൽ ഉണ്ടെന്നും വൈസ് ചാൻസലർ ചില ഉപദേശകരുടെ കുഴലൂത്തുകാരനായി മാറിയെന്നും കോടതി നിരീക്ഷിച്ചു. നമ്മുടെ സംസ്ഥാനത്തെ വി.സി.-മാർ ആരോടാണ് വിധേയപ്പെട്ടിരിക്കേണ്ടത്; ചാൻസലർ ഗവർണ്ണറോടുമാത്രം വിധേയപ്പെട്ടിരിക്കേണ്ട സ്ഥാനത്ത് രാഷ്ട്രീയ യജമാനന്മാരുടെ കുഴലൂത്തുകാരും അവരുടെ തൊമ്മിമാരുമായി മാറിയിരിക്കുകയാണ്. കേരളത്തിലെ വി.സി.-മാരുടെ സ്ഥിതിയാണിത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് നമ്മുടെ സംസ്ഥാനത്തെ രണ്ടോ മൂന്നോ വി.സി.-മാർക്ക് മാത്രമാണ് യോഗ്യതയുള്ളത്. യു.ജി.സി. വളരെ വ്യക്തമായി പറയുന്നുണ്ട്. അതിൽ പറയുന്ന കാര്യങ്ങൾ നേരത്തേ ഡോ. കെ. ടി. ജലീൽ വായിച്ചതാണെങ്കിലും ഞാൻ വീണ്ടും വായി

ക്കുകയാണ്. 'ഈ തസ്തികയിലേക്ക് പരിഗണിക്കപ്പെടുവന്നവർ ഉയർന്ന കഴിവുകളും ധാർമ്മിക ഗുണങ്ങളും ഉള്ളവരായിരിക്കണം. അയാൾക്കെതിരെയാണ് ആറ് കേസുകൾ. കൂടാതെ ഇവർ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ബഹുമുഖ വികസന വളർച്ച പ്രക്രിയകളിൽ ആത്മസമർപ്പണം നടത്തി വിജയിച്ചതായി തെളിയിക്കപ്പെട്ടവരായിരിക്കണം. ഉന്നത വൈഭവമുള്ള വിദ്യാഭ്യാസ വിചക്ഷണനും ഏതെങ്കിലും സർവ്വകലാശാലകളിൽ പ്രൊഫസർ തസ്തികയിൽ പത്തുവർഷത്തെ സേവന പരിചയം ഉള്ളവരുമായിരിക്കണം. പ്രഗത്ഭവും അതിവിശിഷ്ടവുമായ മറ്റു ഗവേഷണ സ്ഥാപനങ്ങളിലോ അതുമല്ലെങ്കിൽ അക്കാദമിക അഡ്മിനിസ്ട്രേറ്റീവ് സ്ഥാപനങ്ങളിലോ കുറഞ്ഞത് പത്തുവർഷമെങ്കിലും തുല്യ തസ്തികയിൽ പ്രവർത്തിച്ചവരെയും പരിഗണിക്കാം' എന്ന് യു.ജി.സി. –യുടെ റഗുലേഷൻ പേജ് 48 ഖണ്ഡിക 7401–ൽ വ്യക്തമായി പറയുന്നു. നമ്മുടെ 13 സർവ്വകലാശാലകളിൽ ഈ മാനദണ്ഡമനുസരിച്ച് പ്രവർത്തിക്കുന്ന എത്ര വി.സി.–മാരുണ്ട്? കാർഷിക സർവ്വകലാശാല വി.സി. –യെപ്പറ്റി ഇപ്പോൾ വന്നിരിക്കുന്ന വാർത്ത – അദ്ദേഹത്തിന് പത്ത് വർഷത്തെ പരിചയമില്ല എന്നാണ്. അദ്ദേഹത്തിന്റെ പേര് രാജേന്ദ്രൻ എന്നാണ്. ഞാൻ പേരെടുത്ത് തന്നെ വായിക്കുകയാണ്. അദ്ദേഹത്തിന് 10 വർഷത്തെ ആക്ടീവായ സർവ്വീസും വകുപ്പ് മേധാവിയുമായി പ്രവർത്തിച്ച പരിചയമില്ല എന്നുവന്നിരിക്കുന്നു. യു.ജി.സി. മാനദണ്ഡം എന്തിനുവേണ്ടിയാണ് വയ്ക്കുന്നത്; 2010 ജൂൺ 30–ന് ചില ഉത്തരവുകൾ വന്നിട്ടുണ്ട്. അതു പ്രകാരമുള്ള മാനദണ്ഡങ്ങൾ ഒന്നും ഇവിടെ പരിഗണിക്കപ്പെടുന്നില്ല.

ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കണ്ണൂർ യൂണിവേഴ്സിറ്റി വി.സി. ആയിരുന്ന ശ്രീ. ഖാദർ മാങ്ങാട് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച് തോറ്റയാളാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇലക്ഷന് മത്സരിച്ച് തോറ്റയാളുകളെ വയ്ക്കേണ്ട സ്ഥാനമാണോ വി.സി. സ്ഥാനം?

മി. സ്പീക്കർ: അതൊരു അയോഗ്യതയായി കാണേണ്ട കാര്യമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അയോഗ്യതയാകേണ്ട കാര്യമല്ല. അയാൾക്ക് യോഗ്യത വേണം. ഡോ. ബെനറ്റ് എബ്രഹാമിന്റെ കാര്യമൊക്കെ നമുക്ക് അന്വേഷിക്കാം. ഞാൻ ബെനറ്റിന്റെ ആളല്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, ചർച്ച മാറ്റണ്ട. യൂണിവേഴ്സിറ്റിയാണ് വിഷയം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സർവ്വകലാശാലകൾ ഒരുപാട് നമ്മുടെ നാട്ടിലുണ്ട്. വെറ്ററിനറി സർവ്വകലാശാല പുതിയതായി വന്നു, ഫിഷറീസ് സർവ്വകലാശാല വന്നു. ഇപ്പോൾ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വരാൻ പോകുന്നു. അതിന്റെ ചെയർമാനായി വരാൻ പോകുന്ന ആളെപ്പറ്റി പറയുന്നത് ഒരു വ്യവസായിയെ കൊണ്ടുവരാൻ പോകുന്നു എന്നാണ്. അതായത്, നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളൊക്കെ ഉൾപ്പെടുന്ന ശാസ്ത്ര സാങ്കേതിക മേഖലയിലെ വ്യവസായിയെ വി.സി.–ക്ക് മുകളിൽ ചെയർമാനാക്കുന്നു. ഒരു വ്യവസായി ചെയർമാനാകുന്നതുകൊണ്ട് വിരോധമൊന്നുമില്ല. ഒരു വ്യവസായിക്ക് നിയമസഭാ മെമ്പറാകാം, രാജ്യസഭാ മെമ്പറാകാം. പക്ഷെ മറ്റു പല താൽപര്യത്തിന്റെയൊക്കെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലയിലേയ്ക്ക് വരുന്ന ആരെയെങ്കിലും..... നമ്മുടെ സംസ്ഥാനത്ത്

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് കാലിനനുസരിച്ച് ചെരുപ്പുണ്ടാക്കുകയല്ല, ചെരിപ്പിനനുസരിച്ച് കാൽ മുറിക്കുന്ന സ്ഥിതിവിശേഷം നമ്മുടെ സർവ്വകലാശാലകളിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ താൽപര്യമുള്ള ആളുകൾ വരണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ, ആ താക്കോൽ സ്ഥാനത്തേക്ക് അവരെ കൊണ്ടുവരാൻ പര്യാപ്തമാകുന്ന വിധത്തിൽ നിയമത്തിൽപോലും ഭേദഗതി കൊണ്ടുവരുന്നു. നിയമനിർമ്മാണ സഭകളെപോലും കബളിപ്പിക്കുന്നു. ഇപ്പോൾ ഇറക്കിയിരിക്കുന്ന സാങ്കേതിക സർവ്വകലാശാല ഓർഡിനൻസിൽ ദേശീയ ശാസ്ത്ര സ്ഥാപനങ്ങളിൽ ഡയറക്ടർ പദവിയിലിരിക്കുന്നതും അന്താരാഷ്ട്ര പ്രശസ്തിയുമുള്ള പണ്ഡിതനേയോ ദേശീയ അന്തർദേശീയ തലത്തിൽ സമാന പദവിയിൽ പ്രവർത്തിക്കുന്ന പ്രഗത്ഭനായ വ്യവസായിയേയോ ചെയർമാനായി നിയമിക്കാം എന്നാണ്. ഏതോ ഒരു വ്യവസായിയെ കണ്ണുവച്ചുകൊണ്ടാണ് ആ പദവി ഉണ്ടാക്കിയിരിക്കുന്നത്. വിദ്യാഭ്യാസം എന്ന മഹത്തായ നമ്മുടെ ലക്ഷ്യത്തിനുവേണ്ടിയുള്ള കാര്യങ്ങളല്ല നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭത്തിന്റെയും നഷ്ടത്തിന്റെയും അടിസ്ഥാന ത്തിലായിരുന്നോ പ്രവർത്തിച്ചിരുന്നത്; ഇപ്പോൾ അൺ–ഇക്കണോമിക്ക് എന്ന നിലയിൽ വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നു. സർവ്വകലാശാലകൾക്കുപോലും ആവശ്യത്തിന് പണമില്ലാതെ വരുമ്പോൾ ആവശ്യമായ പണം സമ്പാദിക്കുന്നതിനുവേണ്ടിയുള്ള പല മാർഗ്ഗങ്ങളും അവർ ആലോചിക്കുക യാണ്. സംസ്കൃത സർവ്വകലാശാല ആരംഭിച്ചു, ആ സർവ്വകലാശാലയിൽ ഇപ്പോൾ അത് മാത്രമാണോ; അവിടെ സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നു. എം.ജി. യൂണിവേഴ്സിറ്റി നേരിട്ട് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കുന്നു. വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റിക്കൊണ്ടിരി

ക്കുകയാണ്. ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങളെക്കുറിച്ച് ഈ അവസരത്തിൽ ഞാൻ അങ്ങയോട് സൂചിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരു ഐ.എച്ച്.ആർ.ഡി. കോളേജുണ്ട്. ആ കോളേജിന് സ്ഥലം ഇല്ലായെന്നുപറഞ്ഞുകൊണ്ട് അവിടെയുള്ള ഒരാളുമായി സംസാരിച്ച് 50 സെന്റ് സ്ഥലം ഒരു കൊല്ലം മുമ്പ് കൊടുത്തതാണ്. ഐ.എച്ച്.ആർ.ഡി. കോളേജിന് കൊടുത്ത ആ സ്ഥലം ഏറ്റുവാങ്ങി രജിസ്ട്രേഷൻ നടത്താൻ ഒരു കൊല്ലമായി ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പുറകെ ഞാൻ നടക്കുകയാണ്. അയാൾക്ക് ഒരു താൽപര്യവുമില്ല. കാരണം ഐ.എച്ച്.ആർ. ഡി. സ്ഥാപനങ്ങൾ ഇനി വേണ്ട എന്ന് തീരുമാനിച്ചിരിക്കുകയാണ്. ഐ.എച്ച്. ആർ.ഡി.-യുടെ ഗവേണിംഗ് ബോഡിയിലൊക്കെ സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ ആളുകൾ കയറിയിരിക്കുകയാണ്. ഐ.എച്ച്.ആർ.ഡി. സ്ഥാപ നങ്ങൾ അവർക്ക് വലിയൊരു തലവേദനയാണ്. ഐ.എച്ച്.ആർ.ഡി. സ്ഥാപ നങ്ങൾ കെട്ടുകെട്ടിക്കാനും പൂട്ടിക്കാനുമായി ആ സ്ഥാപനം വികസിപ്പിക്കാതി രിക്കാൻ വേണ്ടിയാണ് അതിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ ഇങ്ങനെ ചെയ്യുന്നത്. സ്ഥലം വാങ്ങിയിട്ട് എന്തുകൊണ്ട് രജിസ്റ്റർ ചെയ്യുന്നില്ലെന്ന് അങ്ങ് തന്നെ ഐ.എച്ച്.ആർ.ഡി. ഡയറക്ടറോട് ചോദിക്കണം. ഒരു കോടി രൂപയിലധികം വിലയുള്ള സ്ഥലം ഫ്രീയായി വാങ്ങിക്കൊടുത്തു. അത് ഏറ്റെ ടുക്കാൻ ആളുണ്ടായില്ല. ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേക്ക് അയച്ചിട്ട് കൈ മലർത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള വിശാരഥന്മാരും താന്തോന്നികളും തന്നിഷ്ടക്കാരും എന്തും ചെയ്യാൻ മടിയില്ലാത്തവരും അഴിമതിക്കാരുമൊക്കെ ഇതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുകയാണ്. കാറ്റഗറി തിരിച്ച് ഒറ്റ യൂണിറ്റാക്കി എടുത്തു കൊണ്ടുള്ള അദ്ധ്യാപക - അനദ്ധ്യാപക തസ്തികകളിലെ സംവരണം ചർച്ച

ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇതുകൊണ്ട് മാത്രം സംവരണം പാലിക്കപ്പെടുന്നുണ്ടോ; നമ്മുടെ ഭരണഘടന അനുശാസിക്കുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള സംവരണം ഇന്ന് ഏറ്റവുംകൂടുതൽ അട്ടിമറിക്കുന്നത് ഈ ഗവൺമെന്റല്ലേ; നമ്മുടെ സ്വാശ്രയ കോളേജിൽ എന്ത് സംവരണമുണ്ട്; സ്വകാര്യ മേഖലയിൽ സംവരണമുണ്ടോ; ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സംവരണമുണ്ടോ; എയ്ഡഡ് മേഖലയിൽ സംവരണമുണ്ടോ; എവിടെ സംവരണമുണ്ട്? പിന്നോക്ക സമുദായങ്ങളിലെ ജനവിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട സ്ഥാനമാനങ്ങളിലെല്ലാം, ഭരണഘടന അനുസരിച്ച് നമ്മുടെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനവിഭാഗത്തെ താക്കോൽ സ്ഥാനങ്ങളിലേക്ക് കൊണ്ടുവരാൻ വേണ്ടി ഏർപ്പെടുത്തിയ സംവരണ തത്വം പരിപൂർണ്ണമായി അട്ടിമറിക്കുകയാണ്. ബസ്സിൽ സ്ത്രീകൾക്ക് വേണ്ടി സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. പല ആളുകളുടെയും ധാരണ സ്ത്രീകൾക്ക് അവിടെ മാത്രമേ ഇരിക്കാൻ പാടുള്ളൂവെന്നാണ്. ബാക്കിയെല്ലാം പുരുഷന്മാർക്കുള്ള സീറ്റാണെന്ന തെറ്റിദ്ധാരണപോലെ നമ്മുടെ പല ഡിപ്പാർട്ട്മെന്റുകളും സംവരണം ചെയ്യപ്പെട്ടതിനപ്പുറത്ത് ജനറൽ വിഭാഗത്തിൽ സംവരണത്തിന് അർഹരായിട്ടുള്ള ആളുകളുണ്ടെങ്കിൽ അവരെപ്പോലും ഒഴിവാക്കുന്ന സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ സംവരണ തത്വങ്ങളെല്ലാം അട്ടിമറിക്കാൻ വേണ്ടി എല്ലാ ഒത്താശയും ഈ ഗവൺമെന്റ് ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. സ്വകാര്യ-സ്വാശ്രയ മേഖലകളിൽ ഒരു നിയമമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞോ; ഈ നിയമം ഉണ്ടാക്കിയ ഗവൺമെന്റിനോട് ഞാൻ ചോദിക്കുന്നു, നമ്മുടെ സ്വാശ്രയ മേഖലയിലെ സ്ഥാപനങ്ങൾ ഇന്ന് വളരെയധികമാണ്. ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ എത്ര സ്വാശ്രയ മെഡി

ക്കൽ കോളേജുകളുണ്ട്. നമ്മുടെ സർവ്വകലാശാലകൾക്ക് കിഴിൽ സ്വാശ്രയ മേഖലയിൽ എത്ര ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുണ്ട്. ആ മേഖലയിലൊക്കെത്തന്നെ സംവരണം പാലിക്കപ്പെടുന്നുണ്ടോ; എന്തുകൊണ്ട് ഉറപ്പാക്കാൻ കഴിയുന്നില്ല; നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മഹാഭൂരിപക്ഷവും സ്വാശ്രയ സ്ഥാപനങ്ങളായി മാറി. അവിടെ സേവന-വേതന വ്യവസ്ഥകളുണ്ടോ; അവിടെ അദ്ധ്യാപകരായി വരുന്ന ആളുകൾ യോഗ്യത നേടിയവരാണോ; പഠിപ്പിക്കാൻ അവർക്ക് യോഗ്യത യുണ്ടോ; അത് പരിശോധിക്കാൻ കഴിയുമോ? ശ്രീ. എ. പ്രദീപ് കുമാർ ഒരു കാര്യം പറഞ്ഞു, പരീക്ഷാ പേപ്പറിൽ ഫാൾസ് നമ്പർ ഇടുന്നത് കോഴിക്കോട് സർവ്വകലാശാല വി.സി. പിൻവലിക്കാൻ തീരുമാനമെടുത്തിരിക്കുകയാ ണെന്ന്. മുസ്ലീം ലീഗിന്റെ ഭരണത്തിൽ നിങ്ങൾ എന്ത് ചെയ്യുന്നു. ഫാൾസ് നമ്പർ ഇടുന്നത് നിർത്തിയതെന്തിനാണ്, ആർക്ക് വേണ്ടിയാണ്. അതിന് മറുപടി ഇതുവരെ പറഞ്ഞില്ലല്ലോ; പ്രധാനപ്പെട്ട ഈ അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ വളരെ ഗുരുതരമായ ഒരു ആരോപണം ഉന്നയിക്കപ്പെട്ടു. ഞാൻ അങ്ങയോട് ഒരു വിമർശനം ഉന്നയിക്കുകയാണ്, അങ്ങ് പലപ്പോഴും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഞങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഗൗരവകരമായ വിഷയങ്ങൾ ഉന്നയിക്കുമ്പോൾ മറുപടി പറയുന്നില്ല. അത് വളരെ ഗൗരവമായ പ്രശ്നമാണ്. സർവ്വകലാശാലയിലെ ഉത്തരക്കടലാസിലെ ഫാൾസ് നമ്പർ എന്തടിസ്ഥാനത്തിലാണ് പിൻവലിക്കാൻ തീരുമാനിച്ചത്; എന്താണതിനു കാരണം? അത് ഉന്നയിക്കപ്പെട്ടപ്പോൾ ഉണ്ടായ ആശങ്കകൾ ദൂരീകരിക്കാനെങ്കിലും ഒരുപക്ഷെ അത് തീരുമാനിച്ചത് ശാസ്ത്രീയമായ ഏതെങ്കിലും പുതിയ കാരണങ്ങളാലാണോ? നമ്മുടെ നാട്ടിലെ കുട്ടികളെ വിജയിപ്പിക്കാൻ സ്വാശ്രയ കോളേജുകളിൽ പലയിടത്തും കൂട്ടക്കോപ്പിയടി

നടന്നുകൊണ്ടിരിക്കുന്നു. അവരുടെ സ്ഥാപനങ്ങളുടെ വിജയശതമാനം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത്. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ പല സ്ഥലത്തും സീറ്റുകൾ വേക്കന്റായിക്കിടക്കുകയാണ്. അവിടെ ആരും ചേരുന്നില്ല. ഇപ്പോൾ ഏത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ആളുകൾ ഡിഗ്രിക്ക് വില കൊടുക്കുന്നത്. ചില സ്ഥാപനങ്ങളിൽ പഠിച്ചാൽ ആ ഡിഗ്രിക്ക് കടലാസിന്റെ വിലപോലും ഇല്ലാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. സ്വാശ്രയ മേഖലയിലെ അനിയന്ത്രിതമായ ഇടപെടലുകൾ നിയന്ത്രിക്കാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. അൺ-എയ്ഡഡ് സ്കൂളുകൾ വ്യാപകമായി ആരംഭിക്കുവാൻ അങ്ങ് അനുമതി കൊടുത്തു. പക്ഷെ അൺ-എയ്ഡഡ് സ്കൂളുകളിലെ ഇതേ സ്ഥിതിവിശേഷം നിയന്ത്രിക്കാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ; ഇതിനായി നിയമസഭയിൽ ഒരു നിയമം ഉണ്ടാക്കാൻ എത്രയോ കാലമായി പറയുന്നു. നമുക്ക് നിയമമുണ്ടാക്കാൻ കഴിഞ്ഞോ? വിദ്യാഭ്യാസ മേഖല ഒരു സർവ്വീസ് എന്ന നിലയിൽ സ്വകാര്യ സംരഭകർ വരട്ടെ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാനും അങ്ങും വിദ്യാർത്ഥി സംഘടനാ നേതാക്കളായിരുന്നു. ഭരിക്കുന്നത് ആരാണെന്ന് നോക്കാതെ സ്വാശ്രയ മാനേജ്മെന്റിനെതിരെയും മുതലാളിമാർക്കെതിരെയുമെല്ലാം സമരം ചെയ്തവരാണ് നമ്മൾ. അവരെ പരമാവധി ഒറ്റപ്പെടുത്തേണ്ടതിനുപകരം ഇവരെ തെരഞ്ഞെടുപ്പിലേക്ക് മത്സരിക്കാൻ സ്ഥാനാർത്ഥികളാക്കി കൊണ്ടു വന്ന് ബഹുമാനിതരാക്കുന്ന സമീപനം രാഷ്ട്രീയ പാർട്ടികൾ ഉപേക്ഷിക്കേണ്ട തല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതിനെ സംബന്ധിച്ച് ഞാനിപ്പോൾ മറുപടി പറയുന്നില്ല. അത് പറയേണ്ട സമയത്ത് ഞാൻ പറയാം. നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലുമൊരാൾ സ്ഥാനാർത്ഥിയായി എന്നുള്ളതു കൊണ്ട് സ്വാശ്രയ മാനേജ്മെന്റുകളെ ന്യായീകരിക്കുന്ന സ്ഥിതിവിശേഷത്തി ലേക്ക് വരാൻ പാടില്ല. സ്വാശ്രയ മാനേജ്മെന്റുകൾ നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടത്തികൊണ്ടിരിക്കുന്ന കച്ചവട താൽപര്യം.....

ശ്രീ. റ്റി. വി. രാജേഷ്: സർ, ലോക്സഭയുടെ പ്രതിപക്ഷ നേതാവായ കോൺഗ്രസിലെ മല്ലികാർജുന ഗാർഗെ കർണ്ണാടകത്തിലെ ഒരു സ്വാശ്രയ കോളേജിന്റെ മുതലാളിയാണെന്ന കാര്യം ബഹുമാന്യനായ അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് മാത്രമല്ല. 7,100 കോടി രൂപയുടെ ആസ്തിയുള്ള നന്ദൻ നിലേകനി എന്ന ഇൻഫോസിസിന്റെ മേധാവിയെ സ്ഥാനാർത്ഥിയാക്കി നിർത്തിയത് കോൺഗ്രസ് പാർട്ടിയാണ്. അദ്ദേഹം 2 ലക്ഷത്തോളം വോട്ടുകൾക്ക് തോൽക്കുകയും ചെയ്തു. രണ്ടു കാലിലും മന്തുള്ള ആളുകളാണ് കാലിൽ നീരുമായി നടന്നുപോകുന്ന ആളെ നോക്കി മന്തായെന്ന് വിളിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ അത്തരത്തിലുള്ള വർത്തമാനങ്ങളൊന്നും പറയണ്ട. കോൺഗ്രസ് സ്ഥാനാർത്ഥികളുടെ ലിസ്റ്റെടുത്ത് പരിശോധിച്ചാൽ, നിങ്ങൾ ഇടതുപക്ഷത്തിരിക്കുന്ന ഏതെങ്കിലു മൊരു സ്ഥാനാർത്ഥിയെ കുറിച്ച് ന്യൂനത പറയുന്നുണ്ടെങ്കിൽ, മാറ്റിക്കഴിഞ്ഞാൽ ഉപയോഗിക്കാൻ കഴിയുന്ന ഒരൊറ്റ സ്ഥാനാർത്ഥിപോലു മില്ലാത്ത പാനലുണ്ടാക്കിയ കോൺഗ്രസ്സിന് വളരെ കുറച്ചാളുകളെമാത്രമാണ്

ജയിപ്പിക്കാനായത് എന്നുകാണാം. ഞങ്ങളുടെ എണ്ണം 1 ആയി ചുരുങ്ങി എന്നത് മറന്നുകൊണ്ടല്ല ഇത് പറയുന്നത്. ഞങ്ങളെമാത്രം കുറ്റം പറയാൻ നിൽക്കരുത്. അങ്ങോട്ടും തിരിച്ച് പറയേണ്ടി വരും. ഞാൻ വിഷയത്തിലേക്ക് വരികയാണ്. നമുക്ക് ഒരുപാട് സർവ്വകലാശാലകൾ ഉണ്ടായിട്ട് കാര്യമി ല്ലെന്നാണ് ഞാൻ പറഞ്ഞത്. പുതിയ സർവ്വകലാശാലകളും അവയ്ക്ക് പുതിയ നിയമങ്ങളും ഉണ്ടാകുന്നു. പക്ഷേ എന്തിനുവേണ്ടിയാണ് സർവ്വകലാ ശാലകൾ; സർവ്വകലാശാലകളുടെ ഔന്നിത്യം എന്തായിരിക്കണം; അതിന്റെ മഹനീയത എന്തായിരിക്കണം? സർവ്വകലാശാലകളുടെ ഡിഗ്നിറ്റി ആന്റ് ഡെക്കോറം എന്നിവ കാത്തുസൂക്ഷിക്കുന്ന തരത്തിൽ അതിന്റെ പ്രവർത്തന ങ്ങൾ മുന്നോട്ട് പോകുന്നുണ്ടോ എന്ന് സ്ക്രൂട്ടിനി ചെയ്യാനുള്ള സംവിധാനം നമുക്കില്ല. മന്ത്രി വിചാരിച്ചാലൊന്നും നമ്മുടെ സംസ്ഥാനത്ത് തോന്നിയ ആളുകളെയൊന്നും പ്രിൻസിപ്പൽമാരായി നിയമിക്കാൻ കഴിയില്ല. വി.സി.–യെ നിയമിക്കുമ്പോൾ നമുക്ക് പലപ്പോഴും മാനദണ്ഡം ഉണ്ടാക്കേണ്ടി വരാറു ണ്ടെന്ന് അങ്ങ് പറഞ്ഞു. മിനിമം യോഗ്യതയുടെ കാര്യത്തിൽ നമുക്കൊരു അഷ്വറൻസ് ഉണ്ടാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അതാണ് പ്രധാന പ്പെട്ട പ്രശ്നം. കേരളത്തിന്റെ ഉന്നതമായ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായി ക്കൊണ്ടിരിക്കുന്ന അതീവ ഗുരുതരമായിട്ടുള്ള തകർച്ചയ്ക്ക് പ്രധാനപ്പെട്ട കാരണം അതിന്റെ തലപ്പത്ത് യോഗ്യൻമാരല്ലാത്ത ആളുകൾ ഇരിക്കുന്നു എന്നതുകൊണ്ടാണ്. യോഗ്യൻമാരല്ലാത്ത ആളുകൾ തലപ്പത്തിരിക്കുമ്പോൾ താഴെത്തട്ട് അതിന്റെ തകർച്ച നേരിടുന്നു. എന്തും ഇവിടെ ചെയ്യാം എന്ന സ്ഥിതിവിശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനുപുറമെയാണ് സർവ്വക ലാശാലയ്ക്ക് അകത്ത് നടന്നുകൊണ്ടിരിക്കുന്ന വടംവലികൾ. കേരള സർവ്വ

കലാശാല വി.സി.–യും അവിടത്തെ രജിസ്ട്രാറും തമ്മിലുള്ള വടംവലികൾ അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, ഇനി രണ്ട് പ്രസംഗവും ബില്ലും അവതരിപ്പിക്കാനുണ്ട്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരള സർവ്വകലാശാല വി.സി.–യായ ഡോ. പി. കെ. രാധാകൃഷ്ണൻ കോൺഗ്രസിന്റെ നോമിനിയും രജിസ്ട്രാറായ ശ്രീ. മുഹമ്മദ് ബഷീർ മുസ്ലീം ലീഗിന്റെ നോമിനിയുമാണ്. ഇവിടെ വി.സി.–മാരെയും രജിസ്ട്രാർമാരെയും നിയമിക്കുന്നത് ജാതിയുടെയും രാഷ്ട്രീയത്തിന്റെയും അടിസ്ഥാനത്തിലാണെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും താൽപര്യത്തിന് അനുസരിച്ചല്ല ആളുകളെ നിയമിക്കേണ്ടത്. ഇപ്പോൾ കേരള സർവ്വകലാശാലയുടെ വി.സി.–യും രജിസ്ട്രാറും തമ്മിലുള്ള പോര് മുറുകിയിരിക്കുകയാണ്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദുറബ്ബ് അവരെ വിളിച്ചു ശാസിച്ചു എന്നാണ് പത്രവാർത്തകളിൽനിന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അദ്ദേഹത്തിനുപോലും വിളിച്ചുശാസിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായി എന്നുള്ളതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): മന്ത്രിയെന്ന നിലയിൽ ഞാൻ വിളിച്ച് ശാസിച്ചിട്ടില്ല. അതെന്റെ രീതിയുമല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങത് പത്രവാർത്ത വന്ന സമയത്ത് നിഷേധിച്ചിരുന്നുവെങ്കിൽ എനിക്ക് ഈ ബുദ്ധിമുട്ട് വരില്ലായിരുന്നു. മാതൃഭൂമി പത്രത്തിൽ വന്നത് ഞാനിവിടെ പറഞ്ഞു എന്നേയുള്ളൂ.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പത്രത്തിൽ വായിക്കുന്നതിനെല്ലാം മന്ത്രി ഇവിടെ വന്ന് മറുപടി പറയണമെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. വി. എസ്. സുനൽ കുമാർ: സർ, പിന്നെ ഞാനിത് എവിടെയാണ് പറയേണ്ടത്? സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെ കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അക്കാദമികമായിട്ടുള്ള അതിന്റെ വളർച്ചയോ, അതുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളോ, നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ വളർച്ചയോ ഒന്നുമല്ല ഇപ്പോൾ സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. വെറും കച്ചവടം മാത്രമാണ് അവിടെ നടക്കുന്നത്. ഇപ്പോൾ നമ്മുടെ സർവ്വകലാശാലകളുടെ സേവന-വേതന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. കേരള സർവ്വകലാശാലയിലെ കരാർ അദ്ധ്യാപകരുടെ വേതനവുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങേയ്ക്ക് ഒരു നിവേദനം ഞാൻ മുഖാന്തിരം തന്നിരുന്നു. അവർക്ക് അവിടെയുള്ള മറ്റ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥയടക്കമുള്ള ശമ്പളം കൊടുക്കാൻ സർവ്വകലാശാല ബാധ്യസ്ഥമാണെന്ന് 2010 ജൂൺ 30-ാം തീയതിയിലെ ചട്ടമനുസരിച്ച് യു.ജി.സി. നിഷ്ക്കർഷിച്ചിരിക്കുന്നു. അതുപ്രകാരം അവർക്ക് ശമ്പളം കൊടുക്കണം. മറ്റ് അദ്ധ്യാപകരെപോലെ 9.30 മുതൽ 4.30 വരെ അവർ ജോലി ചെയ്യണം. എല്ലാ അടിസ്ഥാനത്തിലും ഗസ്റ്റ് അദ്ധ്യാപകനിൽ നിന്നും വ്യത്യസ്ഥമായി കരാർ അദ്ധ്യാപകർ മറ്റ് അദ്ധ്യാപകരെപ്പോലെ ജോലി ചെയ്യുന്നവരാണ്. അവർക്ക് കൊടുക്കുന്ന ശമ്പളം എത്രയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ? കേവലം 17,000 രൂപ മാത്രം ശമ്പളം വാങ്ങി വർഷങ്ങളായി ഈ സർവ്വകലാശാലകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാല

പോലും ഇക്കാര്യം അന്വേഷിക്കുന്നുണ്ടോ? അതേ സമയത്ത് അഡ്ജസന്റ് പ്രൊഫസർമാർ എന്നുള്ള നിലയിൽ റിട്ടയർ ചെയ്ത അദ്ധ്യാപകർ മണിക്കൂറിന് 750 രൂപ വാങ്ങിയാണ് പഠിപ്പിക്കുന്നത്. അവിടെ വർഷങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കരാർ അദ്ധ്യാപകൻമാരോട് ചെയ്യുന്ന കാര്യമാണിത്. ഞാൻ പറയാൻ കാരണം സേവന വേതന വ്യവസ്ഥയെകുറിച്ചു പറയുമ്പോൾ യു. ജി. സി. പറയുന്ന വേതന വ്യവസ്ഥയിൽ അവിടത്തെ അദ്ധ്യാപകർക്കു വേണ്ടി പല കാര്യങ്ങളും ചെയ്യും. കരാർ അദ്ധ്യാപകരുടെ കാര്യത്തിൽ അത് ചെയ്യുന്നില്ല. എന്നാൽ അവരുടെ യോഗ്യതാ മാനദണ്ഡങ്ങളുടെ കാര്യത്തിൽ പലപ്പോഴും സർവ്വകലാശാലകൾ വിമുഖത കാണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതീവ ഗുരുതരമായിട്ടുള്ള ഈ തകർച്ചയ്ക്ക് കാരണം എന്തും ചെയ്യാൻ കഴിയുന്ന, ആർക്കും ഇടപെടാൻ കഴിയുന്ന മേഖലയാക്കി നമ്മുടെ സർവ്വകലാശാലകളെ മാറ്റി എന്നുള്ളതാണ്. ഇതിൽ പ്രധാനപ്പെട്ട പങ്ക് ഈ ഗവൺമെന്റ് വഹിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയമായ വിമർശനമായിത്തന്നെ ഇതിനെ കാണണം. മുസ്ലീം ലീഗാണ് ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു വലിയ ജനവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നവരാണ് മുസ്ലീം ലീഗ് എന്നുപറയുന്ന പ്രസ്ഥാനം. കച്ചവടക്കാരെ പ്രതിനിധാനം ചെയ്യുന്നവരാണെന്ന് പറയണം. സർവ്വകലാശാലകളെക്കൊണ്ട് ഉണ്ടായിരിക്കുന്ന ഈ അപഖ്യാതി മുഴുവനും ഉണ്ടായത് ഈ പറയുന്ന ഭരണ സംവിധാനത്തിന്റെ കീഴിലാണ്. പലപ്പോഴും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പല ഉന്നത തസ്തകികളിലും കമ്മിറ്റികളിലും ഒരു പ്രത്യേക വിഭാഗത്തെ മാത്രം കുത്തിത്തിരുകുന്നു എന്ന ആക്ഷേപങ്ങൾ വ്യാപകമായിട്ടുണ്ടാകുന്നു.

വിദ്യാഭ്യാസ മേഖല എന്ന വകുപ്പ് കയ്യിൽ കിട്ടുമ്പോൾ അത് മറ്റു രീതിയിൽ ദുരുപയോഗം ചെയ്യുന്ന രീതിയിലേക്ക് ഇത് മാറിയിരിക്കുന്നു എന്നുള്ള പ്രതിപക്ഷത്തിന്റെ ശക്തമായ വിമർശനം ഞാൻ അങ്ങയുടെ മുൻപിൽ വയ്ക്കുന്നു. ഈ സർവ്വകലാശാലാ നിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. വി.റ്റി. ബൽറാം: സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ചില സാമൂഹ്യ ദൗത്യങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. വിവിധ സർക്കാർ ഉദ്യോഗങ്ങളിൽ പുലർത്തേണ്ട സംവരണ തത്വങ്ങൾ ദൗർഭാഗ്യവശാൽ യൂണിവേഴ്സിറ്റി തലങ്ങളിൽ വേണ്ടത്ര ജാഗ്രതയോടുകൂടി നടപ്പാക്കപ്പെടുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നുവരികയും ഇതിന് ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനുവേണ്ടിയുമാണ് ഈ ഭേദഗതി യഥാർത്ഥത്തിൽ കൊണ്ടുവന്നിരിക്കുന്നത്. സംവരണം എന്ന ആശയം തന്നെ ചില തൽപ്പരകക്ഷികളാൽ വലിയതോതിൽ ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ സമൂഹത്തിൽ ആയിരക്കണക്കിന് വർഷങ്ങളായി ജാതീയമായ പിന്നോക്കാവസ്ഥയുടെ ഭാഗമായുള്ള ഉച്ചനീചത്വങ്ങൾ ഇന്നും സമൂഹത്തിൽ പേറേണ്ടിവരുന്ന ജനസമൂഹങ്ങൾ ഈ ജനാധിപത്യ വ്യവസ്ഥയിൽ സാമാന്യ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണ് സംവരണമടക്കമുള്ള അഫർമേറ്റീവ് ആക്ഷനുകളുമായി മുന്നോട്ടുപോകുന്നത്. അത് ഭരണഘടനയുടെ മാൻഡേറ്റ് കൂടിയാണ്. പക്ഷേ,

ഇന്ന് ഇന്ത്യയിൽ അധികാരത്തിൽ വന്നിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അടക്കം സംവരണമെന്ന ആശയത്തെ അടിസ്ഥാനപരമായി ചോദ്യം ചെയ്യുക യാണ്. എല്ലാവരും തുല്യരായി ജാതിയും മതവുമൊക്കെ മാറ്റിവച്ച് മെറിറ്റ് മാത്രം മാനദണ്ഡമാക്കി എല്ലാവരെയും തുല്യമായി പരിഗണിക്കണമെ ന്നൊരു വാദമുഖം ഒരു ഭാഗത്തുയർത്തുമ്പോൾ അതിൽ വലിയൊരു ശരിയു ണ്ടെന്ന് ഒരു വിഭാഗം ആളുകളെങ്കിലും കരുതുകയാണ്. പക്ഷേ, യഥാർത്ഥ ത്തിൽ ഇന്നത്തെ പിന്നോക്ക സമുദായങ്ങൾക്ക് പട്ടികജാതിക്കാർക്ക്, മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് ഈ രീതിയിലെങ്കിലും കടന്നുവരാൻ വലിയൊരു പങ്കുവഹിച്ചിട്ടുള്ളത് സംവരണത്തിലൂടെയാണ്. അതുകൊണ്ടുതന്നെ സംവരണമെന്ന് പറയുന്നത് ഏതെങ്കിലുമൊരു വിഭാഗത്തെ appease ചെയ്യുന്ന തിനുവേണ്ടി ഉണ്ടാക്കുന്ന ഒരു കാര്യമെന്നതിലുപരി എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട നീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി ഉള്ളതാണെന്നുള്ള ആശയം ഇന്ന് വ്യാപകമായി സഭയ്ക്കകത്തും പുറത്തും ചർച്ച ചെയ്യപ്പെടേ ണ്ടതുണ്ട്. കാരണം, അത്രമാത്രം വലിയ അറ്റാക്കാണ് ഈ ആശയത്തിനെ തിരെ പല മേഖലകളിൽ പ്രത്യേകിച്ചും സാമൂഹ്യ മാധ്യമങ്ങളിലൊക്കെ കഴിഞ്ഞ കുറച്ചുകാലങ്ങളായി കാണാൻ സാധിക്കുന്നത്. അത്തരമൊരു കാര്യം മുന്നോട്ടു വയ്ക്കുമ്പോൾ കേരളത്തിന് ഇക്കാര്യത്തിൽ മാതൃകാപരമാ യിട്ടുള്ള ചരിത്രം ചൂണ്ടിക്കാണിക്കാൻ സാധിക്കും. എന്നാൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ വിവിധ സർവ്വകലാശാലാ നിയമങ്ങളിൽ ഇക്കാര്യത്തിലൊരു ഐകരൂപ്യം വരുത്താൻ സാധിക്കാത്തതു കൊണ്ടാണ് കൂടുതൽ ക്ലാരിറ്റിയോടുകൂടി കണ്ണൂർ സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടക്കുമ്പോൾ

അവയെ ഒരൊറ്റ യൂണിറ്റായി കരുതിക്കൊണ്ട് അതിൽ കൃത്യമായ സംവരണ മാനദണ്ഡങ്ങൾ പാലിക്കണമെന്ന സർവ്വകലാശാലാ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി തീർച്ചയായും സാമൂഹ്യ ദൗത്യത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഉപകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുമായി ബന്ധപ്പെട്ട് നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രതിപക്ഷത്തെ ബഹുമാന്യരായ സുഹൃത്തുക്കൾ കുറേക്കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അവർ പറഞ്ഞതിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷെ, ഇക്കാര്യത്തിൽ കക്ഷി-രാഷ്ട്രീയത്തിനതീതമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ താൽപ്പര്യത്തെ കുറേക്കൂടി ദീർഘവീക്ഷണത്തോടെ സമീപിച്ചുകൊണ്ടുള്ള ഒരു നിലപാട് എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭരണഘടന രചിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ ഡോ. ബി. ആർ. അംബേദ്കർ മഹത്തായ ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് - ഇന്ത്യൻ ഭരണഘടന ഏതെങ്കിലും രംഗത്ത് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പരാജയപ്പെടുകയാണെങ്കിൽ അതൊരു പക്ഷേ, ഭരണഘടനയുടെ പരാജയമായിരിക്കില്ല മറിച്ച് അത് കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ പരാജയമായിരിക്കുമെന്ന് എത്രയോ വർഷങ്ങൾക്കു മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. സമാനമായ സാഹചര്യമാണ് നമുക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലും ഇതുമായി ബന്ധപ്പെട്ട നിയമനങ്ങളിലും മറ്റുമുണ്ടായിട്ടുള്ളത്. അതിനൊക്കെ കൃത്യമായ മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ നിയമങ്ങൾക്കനുസൃതമായി അതിന്റെ ഉദ്ദേശ്യശുദ്ധി പൂർണ്ണമായും ഉയർത്തിപ്പിടിച്ചുകൊണ്ട് നിഷ്പക്ഷവും നീതി പൂർവ്വവുമായ തീരുമാനങ്ങൾ എടുക്കുമ്പോൾ മാത്രമാണ് നമുക്ക് ചില പാകപ്പിഴകൾ സംഭവിക്കുന്നത്. അക്കാര്യത്തിൽ ഭരിക്കുന്നതാരാണെങ്കിലും,

ഈ ഗവൺമെന്റായാലും നാളെകളിൽ വരാനിരിക്കുന്ന ഗവൺമെന്റായാലും മെറിറ്റിന്റെ പ്രാധാന്യം മറച്ചുവയ്ക്കാതെ, അതിന് ഒരു ശതമാനംപോലും കുറവുവരുത്താതെ, ഏറ്റവും അർഹരായിട്ടുള്ള, എല്ലാവരാലും അംഗീകരിക്കുന്ന ആളുകളെ ഇത്തരം സ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിന് ജാഗ്രതയോടുകൂടിയുള്ള ഒരു സമീപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പലപ്പോഴും സംവരണതത്വത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ച എതിർപ്പുകൾ ഉയർന്നുവരുന്നതുതന്നെ സംവരണത്തിന്റെ ഭാഗമായി അനർഹരായിട്ടുള്ള ആളുകൾ ചില സ്ഥലങ്ങളിലേയ്ക്ക്, ചില സ്ഥാനങ്ങളിലേയ്ക്ക് കടന്നുവരുന്നുവെന്നുള്ളതുകൊണ്ടാണ്. ഏതായാലും ഏറ്റവും അർഹരായിട്ടുള്ള ആളുകളെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വൈസ് ചാൻസലർ പോലുള്ള പോസ്റ്റുകളിലേയ്ക്ക് കൊണ്ടുവരാനുള്ള ജാഗ്രത സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കേരളത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തിൽ വിവിധ രാഷ്ട്രീയപാർട്ടികൾ, ഭരണ-പ്രതിപക്ഷത്തുള്ള ആളുകൾ മാറിമാറി ഭരിക്കുന്നൊരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു പൊതു സമവായത്തിലേയ്ക്ക് എത്തേണ്ടതുണ്ട്. അത് വി.സി./പി.വി.സി. പദവികളുടെ കാര്യത്തിൽ മാത്രമല്ല, അദ്ധ്യാപക നിയമനത്തിന്റെ കാര്യത്തിൽ ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതിയോടെ ഒരു ഏകീകൃത സ്വഭാവം വരികയാണ്. സംവരണതത്വങ്ങൾ മാത്രമല്ല അട്ടിമറിക്കപ്പെടുന്നത്. പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലും സ്കൂൾ വിദ്യാഭ്യാസ മേഖലയിലും സ്വകാര്യ മാനേജ്മെന്റുകൾ ഒരു വലിയ പ്രസൻസാണ്. അവരുടെ സാന്നിദ്ധ്യത്തെ പൂർണ്ണമായും നിരാകരിക്കാൻ സാധിക്കുകയില്ല. പക്ഷേ, വളരെ പച്ചയായ യാഥാർത്ഥ്യമല്ലേ, ഈ കേരളം മുഴുവൻ അറിയുകയല്ലേ, കേരളത്തിൽ എത്രയോ കാലങ്ങളായി മനഃപൂർവ്വം കണ്ണടയ്ക്കുകയല്ലേ. ഇത്തരത്തിലുള്ള

സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് മാനദണ്ഡമാകുന്നത് മെറിറ്റല്ല, പണം മാത്രമാണെന്നുള്ള യാഥാർത്ഥ്യത്തെ എത്രകാലം വിസ്മരിച്ചു കൊണ്ടു മുന്നോട്ടുപോകാൻ സാധിക്കും. ഏത് ഗവൺമെന്റിന്റെ മുന്നിലാണ് ഈ വിഷയം വന്നിട്ടില്ലാത്തത്. വ്യത്യസ്ത ഗവൺമെന്റുകൾ ഈ വിഷയ ത്തിൽ ആർജ്ജവപൂർണ്ണമായൊരു തീരുമാനമെടുക്കാൻ മടിക്കുന്നതെന്തു കൊണ്ടാണ്; അതിന് ആരെയാണ് നമ്മൾ പേടിക്കുന്നത്; അദ്ധ്യാപക നിയമന ങ്ങളിൽ മെറിറ്റ് പൂർണ്ണമായി ഉറപ്പുവരുത്തണമെങ്കിൽ, ഉന്നതവിദ്യാഭ്യാസ രംഗത്തെ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ, പല തരത്തിലുള്ള താൽപ്പര്യങ്ങളുമായി മുന്നോട്ടുപോകുന്ന, സാമുദായിക താൽപ്പര്യങ്ങളും മറ്റു പല താൽപ്പര്യങ്ങളും ഒരു ഭാഗത്ത് ഉയർത്തിപ്പിടിക്കുന്നുണ്ടെങ്കിലും സമുദാ യവും മറ്റുകാര്യങ്ങളുമൊക്കെ പുറമേ പറയുമെങ്കിലും അടിസ്ഥാനപരമായ താൽപ്പര്യമെന്ന് പറയുന്നത് പണം മാത്രമാണെന്നുള്ള യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞ് ഈ രംഗത്തുള്ള കൊടിയ അഴിമതി തടയിടുന്നതിനുവേണ്ടി യുള്ള ക്രമീകരണങ്ങളെപ്പറ്റി ആലോചിക്കണ്ടേ? എന്തുകൊണ്ടാണ് എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. പോലുള്ള വിശ്വാസ്യയോഗ്യമായ ഏജൻസികളെ ഏൽപ്പിക്കാൻ കഴിയാത്തത് എന്നതി നെക്കുറിച്ച് ഇനിയും മനസ്സിലാകുന്നില്ല. പി.എസ്.സി.യുടെ മാതൃകയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ അദ്ധ്യാപക നിയമനങ്ങളുടെ കാര്യത്തിലും അതുമായി ബന്ധപ്പെട്ട മറ്റ് നിയമനങ്ങൾ നടത്തുന്നതിനുവേണ്ടിയും വലിയ അധികാരങ്ങളുള്ള സ്വതന്ത്രമായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു അക്കാഡമിക് സർവ്വീസ് കമ്മീഷനെ നിയമിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് സീരിയസായി ആലോചിക്കണം. മറ്റു കാര്യങ്ങളെപ്പറ്റി കൂടുതലായി വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. നാളെ അവതരിപ്പിക്കാ

നിരിക്കുന്ന സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ കേരള ത്തിൽ ആരംഭിക്കാൻ പോകുന്ന ഓട്ടോണമസ് കോളേജുകളെക്കുറിച്ചാണ്. സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാവണമെന്ന ആശയം ഒറ്റനോട്ടത്തിൽ വളരെ ആകർഷണീയമാണ്. നിഷേധാത്മകമായി മുൻവിധികളോടുകൂടി അതിനെ സമീപിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം, 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട് 1987-88 കാലഘട്ട ത്തിൽത്തന്നെ സ്വയംഭരണ കോളേജുകൾ എന്ന ആശയം ഇന്ത്യയിലെ ചില സ്ഥലങ്ങളിൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. മദ്രാസ് പ്രസിഡൻസി കോളേജും, മദ്രാസിലെ ക്യൂൻ മേരീസ് കോളേജുമൊക്കെ സ്വയംഭരണ കോളേജുകളായി മാറിയത് 1988 ലാണ്. ഇന്ത്യയിൽ 19 സംസ്ഥാനങ്ങളിൽ ഇപ്പോൾത്തന്നെ ഏതാണ്ട് 430 ഓളം സ്വയം ഭരണ കോളേജുകളുണ്ട്. ഏറ്റവും കൂടുതൽ തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലുമൊക്കെയാണെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. പക്ഷേ, ഇത്തരമൊരു പരീക്ഷണം, കേരളത്തിൽ ഇതു വരെ തുടങ്ങാത്ത സ്വയംഭരണ കോളേജുകളെന്ന ആശയവുമായി മുന്നോട്ടു പോകുമ്പോൾ മറ്റുള്ള സ്ഥലങ്ങളിൽ എങ്ങനെയാണ് ഇത് ഇത്രയുംകാലം പ്രവർത്തിച്ചുമുന്നോട്ടുപോയതെന്ന് വളരെ സമഗ്രമായി ആലോചിച്ച് മാത്രം തീരുമാനിക്കേണ്ട കാര്യമാണ്. ഒരുതരം ടോപ് ടു ബോട്ടം അപ്രോച്ചാണ് ഇപ്പോൾ കാണുന്നത്. ഇത്തരത്തിലുള്ള കോളേജുകൾ തുടങ്ങിയാൽ അവർക്ക് ധനസഹായം നൽകാമെന്ന് യു.ജി.സി. പറയുന്നു. തിരുവനന്തപുരം സി.ഇ.റ്റി എഞ്ചിനീയറിംഗ് കോളേജിൽ കേന്ദ്രസർക്കാരിന്റെ ടെക്യൂപ് എന്ന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനം പൂർത്തിയാക്കിക്കഴിഞ്ഞു. അതിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന് സാമ്പത്തിക സഹായം കിട്ടണമെങ്കിൽ അവയെ സ്വയംഭരണ കോളേജുകളാക്കി മാറ്റണമെന്നൊരാവശ്യം അവർ

മുന്നോട്ടുവയ്ക്കുന്നു. ഇത്തരത്തിൽ സർക്കാരുകൾ ഫണ്ട് കിട്ടാൻ വേണ്ടി ആരുടെയെങ്കിലും മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണ കോളേജുകൾ ഉടനെതന്നെ ആരംഭിക്കാമെന്നും അല്ലെങ്കിൽ ഫണ്ട് കിട്ടില്ലെന്നുമുള്ള അപ്രോച്ചല്ല വേണ്ടത്. കോളേജുകളിൽ നിന്നും അക്കാഡമിക് സമൂഹത്തിൽ നിന്നും അദ്ധ്യാപക-വിദ്യാർത്ഥികളിൽ നിന്നുള്ള ബോട്ടം ടു ടോപ് അപ്രോച്ചാണ് ഉണ്ടാകേണ്ടത്. അങ്ങനെയുള്ളൊരു ഡിമാന്റ് കേരളത്തിലെ അക്കാഡമിക് സമൂഹത്തിൽ നിന്ന് ഉണ്ടായിട്ടുണ്ടോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ ആ രീതിയിൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കണമെന്നൊരു ഡിമാന്റ് കേരളത്തിൽ ഉണ്ടായിട്ടില്ല. ഉണ്ടായ ചില കോളേജുകൾ സ്വാഭാവികമായി ഇതുപോലെ എയ്ഡഡ് മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നാണ്. എയ്ഡഡ് മാനേജ്മെന്റുകൾ ഇതിനെയൊരു സാധ്യതയായി കണ്ടുകൊണ്ട് തങ്ങളുടെ സ്ഥാപനത്തെ ഉന്നത നിലവാരത്തിലേയ്ക്ക് അല്ലെങ്കിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി മാതൃകാ സെന്റേഴ്സ് ഓഫ് എക്സലൻസാക്കി മാറ്റുകയെന്ന സദുദ്ദേശത്തോടെയാണോ ഈ ആവശ്യം മുന്നോട്ടുവച്ചിരിക്കുന്നത് അതോ ഇതിനുപുറകിൽ മറ്റെന്തെങ്കിലും താൽപ്പര്യങ്ങളുണ്ടോ എന്നുള്ള കാര്യം വസ്തുനിഷ്ഠമായി പഠിച്ച് തീരുമാനമെടുക്കണം. ഇക്കാര്യത്തിൽ ധൃതിപിടിച്ച് ഒരു തീരുമാനമെടുക്കുന്നത് ഒരുപക്ഷേ ഉചിതമായിരിക്കില്ല. കാരണം നമ്മൾ സദുദ്ദേശപരമായിട്ടാണ് സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് കുറച്ചുകൂടി ഉദാരമായ സമീപനം സ്വീകരിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് സ്വാശ്രയ കോളേജുകൾ = ഒരു സർക്കാർ കോളേജ് എന്നൊരു മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് നമ്മുടെ നാട്ടിലെ കുട്ടികൾക്ക് ...........................

ശ്രീ. കെ. രാജു: സർ, ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, ഈ ആട്ടോണമസ് കോളേജുകൾ നടപ്പിലാക്കുന്ന ഭരണപരമായ നടപടികൾ തെറ്റാണ്, അത് ചെയ്യാൻ പാടില്ല എന്ന അഭിപ്രായം അങ്ങ് പ്രകടിപ്പിക്കു ന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പറഞ്ഞത് വളരെ കൃത്യമായിട്ടാണ്. ഇക്കാര്യത്തിൽ വേണമോ, വേണ്ടയോ എന്നുള്ള കാര്യത്തെക്കുറിച്ച് ഏറ്റവും ആധികാരികമായി സംസാരിക്കാൻ കഴിയുന്ന ആളല്ല ഞാൻ എന്ന എന്റെ വ്യക്തിപരമായ പരിമിതി ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെയാണ് പറയുന്നത്, ഇക്കാര്യത്തിൽ എന്താണ് ലക്ഷ്യം, ആ ഉദ്ദേശിച്ച ലക്ഷ്യം പൂർത്തീകരിക്കാൻ നമുക്ക് സാധിക്കുമോ? എന്നതിനെക്കുറിച്ച് അവധാനത യോടുകൂടി ആലോചിച്ച് മാത്രം തീരുമാനമെടുക്കുക. കാരണം, വളരെ സദുദ്ദേശപരമായിട്ടാണ് നമ്മൾ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഉദാരമായ സമീപനം സ്വീകരിച്ച് കേരളത്തിൽ പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. പക്ഷേ ഒരിക്കൽ അനുവദിച്ചുകഴിഞ്ഞപ്പോൾ ഒരു കട്ടൻ ചായ പോലും അന്നത്തെ ഗവൺമെന്റ് കൈക്കൂലിയായിട്ടോ മറ്റ് തരത്തിലോ പറ്റാതെ, കേരളത്തിൽ അർഹരായി കടന്നുവന്നിരിക്കുന്ന മുഴുവൻ ആളുകൾക്കും വളരെ ഉദാരമായ സമീപനം സ്വീകരിച്ച് കോളേജ് അനുവദിച്ചതിന്റെ പിറ്റേ ദിവസം തൊട്ട് സർക്കാരിന് നിഷേധിച്ചുകൊണ്ട് സർക്കാർ നയങ്ങളെ അട്ടിമറിക്കുന്നതിനുവേണ്ടി, തങ്ങളുടെ ലാഭം മാത്രം ലക്ഷ്യം വച്ചുകൊണ്ട് അത്തരത്തിലുള്ള പല കോളേജുകളും പോയി. ആ ഒരു അനുഭവം ഈ കാര്യത്തിൽ നമുക്കുണ്ടാകരുതെന്നാണ് ഞാൻ സൂചിപ്പി ച്ചത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ഏത് തീരുമാനമെടുക്കുക യാണെങ്കിലും അത് ഉചിതമായ തീരുമാനമായിരിക്കും എന്നുറപ്പുണ്ട്. ആ

രീതിയിൽ എല്ലാവരുമായും ആലോചിച്ച് അക്കാഡമിക് സമൂഹത്തിന്റെ താൽപ്പര്യങ്ങളെക്കൂടി, അവരുടെ അഭിപ്രായങ്ങളെക്കൂടി വേണ്ട രീതിയിൽ പരിഗണിച്ചുകൊണ്ട് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ പാടുള്ളൂ എന്നുള്ള ഒരു എളിയ മുന്നറിയിപ്പ് മാത്രമാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ഇപ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും ഗവേഷണ രംഗത്തൊക്കെ കോളേജുകൾ, അതിന്റെ മാനേജുമെന്റുകൾ, അവിടത്തെ അദ്ധ്യാപകർ, അവരുടെ ഭാഗത്തുനിന്നുള്ള വലിയ പീഡനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വലിയ പരാതിയുണ്ട്. ഗവേഷണ രംഗത്ത് പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിദ്യാർത്ഥികൾ പ്രത്യേകിച്ചും വിദ്യാർത്ഥിനികൾ വിധേയമാക്കപ്പെടുന്നുണ്ട് എന്നുള്ള നിരവധി പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഇങ്ങനെയൊക്കെയുള്ള ഒരു കൾച്ചറാണ് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ആ യാഥാർത്ഥ്യബോധത്തോടുകൂടി വേണം നമുക്ക് ഈ കാര്യത്തിലുള്ള നയ സമീപനങ്ങളെക്കുറിച്ച് ആലോചിക്കാൻ. കേരളീയ സമൂഹത്തിൽ ഒരു അക്കാഡമിക് ഇന്റഗ്രിറ്റി എത്രത്തോളം ഉണ്ട്? ഒരു പരീക്ഷ സ്വതന്ത്രമായി നടത്താൻ അനുവദിച്ചാൽ, ആ പരീക്ഷ ഏറ്റവും നല്ല രീതിയിൽ നടത്തി അർഹതപ്പെട്ട ആളുകൾക്ക് അർഹതപ്പെട്ട മാർക്ക് മാത്രം നൽകി മറ്റൊരു താൽപ്പര്യവുമില്ലാതെ മെറിറ്റ് മാത്രം നോക്കിയിട്ടാണോ പരീക്ഷ വാല്യൂ ചെയ്യുക? അതോ അതല്ലാതെ സ്വന്തം സ്കൂളിന്റെ അല്ലെങ്കിൽ കോളേജിന്റെ പേര് ഉയർത്തുന്നതിനുവേണ്ടി അനർഹമായ പാസ്സ് പെർസന്റേജുണ്ടാക്കുന്ന തിനുവേണ്ടി അതല്ലെങ്കിൽ മറ്റ് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക താൽപ്പര്യത്തിന്റെ പേരിൽ കുറെ ആളുകളെ അനർഹമായി പാസ്സാക്കിവിടുന്ന അനുഭവം പല സ്വാശ്രയ കോളേജുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

സ്വയംഭരണ കോളേജുകൾ ആരംഭിക്കുമ്പോൾ പ്രത്യേകിച്ചും അക്കാഡമിക് സ്വയംഭരണം നൽകുമ്പോൾ സിലബസ്സുകൾ ഏറ്റവും ശരിയായ രീതിയിൽ പരിഷ്ക്കരിച്ച് ആധുനികമായ കോഴ്സുകളെ ഇൻട്രോഡ്യൂസ് ചെയ്ത് പുതിയ ഓപ്ഷൻസ് ഇൻട്രോഡ്യൂസ് ചെയ്ത് അതുവഴി കുട്ടികളുടെ പഠനം കൂടുതൽ നിലവാരമുള്ളതാക്കി മാറ്റുന്നതിനും അവരുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിനും സ്ഥാപനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടിയുമാണെങ്കിൽ നമ്മളൊക്കെ അംഗീകരിക്കുകയാണ്. അതല്ലാത്ത ഒരു സാഹചര്യത്തെക്കുറിച്ചുള്ള സൂചനകൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതു കൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ വിദ്യാഭ്യാസ മേഖല യുമായി ബന്ധപ്പെട്ടുനിൽക്കുന്ന ആളുകളുടെ അക്കാഡമിക് ഇന്റഗ്രിറ്റിയെ ക്കുറിച്ച് പൂർണ്ണമായ ബോധ്യം നമുക്ക് വരാത്തിടത്തോളം കാലം പണവും മറ്റ് പല താൽപ്പര്യങ്ങളും ഈ രംഗത്ത് വലിയ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കിക്കൊണ്ടുവേണം ഒരു തീരുമാനമെടുക്കാൻ എന്നുമാത്രമാണ് ഈ അവസരത്തിൽ ഞാൻ സൂചിപ്പി ക്കുന്നത്. മറ്റ് കാര്യങ്ങളൊന്നും കൂടുതലായി പറഞ്ഞുപോകാൻ ആഗ്രഹിക്കു ന്നില്ല. നേരത്തെ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. വി. എസ്. സുനിൽ കുമാർ വളരെ ദൗർഭാഗ്യകരമായിട്ടുള്ള ഒരു പരാമർശം നടത്തി. അദ്ദേഹം ഇപ്പോൾ സീറ്റിൽ ഇല്ല. ഈ നാട്ടിൽ പണമുള്ള ആളുകൾ പല പാർട്ടികളിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായികളായിട്ടുള്ള ആളുകൾ പല പാർട്ടികളുടെ ഭാഗമായിട്ട് രാഷ്ട്രീയ രംഗത്ത് വരികയും അവർ ജനപ്രതിനിധികളാകുകയും ചെയ്തിട്ടുണ്ട്. നേരത്തെ അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചു, ഉദാഹരണ സഹിതം പറയുകയാണെങ്കിൽ, വ്യവസായ രംഗത്ത് ഇൻഡ്യയ്ക്ക് പുറത്തു വരെ പ്രവർത്തിച്ച ആളുകൾ ഇന്ന് ഈ സഭയിലെ അംഗങ്ങളാണ്. അവരുടെ

മുഴുവൻ ഇന്റഗ്രിറ്റിയെ ഒറ്റയടിക്ക് ചോദ്യം ചെയ്യുന്ന സമീപനം ശരിയല്ല. ശ്രീ നന്ദൻ നിലേക്കനിക്ക് പണമുണ്ടായിപ്പോയത് അദ്ദേഹത്തിന്റെ തെറ്റല്ല. ഏറ്റവും മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ട്, മലയാളികളുടെ അടക്കം ഒരു ഇനിഷ്യേറ്റീവിൽ ഉയർന്നുവന്നിട്ടുള്ള ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സോഫ്റ്റ്‌വെയർ സ്ഥാപനമാണ് ഇൻഫോസിസ്. ആ സ്ഥാപനത്തിൽ മലയാളികളടക്കം പതിനായിരക്കണക്കിന്, ഒരുപക്ഷേ ലക്ഷക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നുണ്ട്. അദ്ദേഹത്തെ ഏതോ ഒരു തട്ടിപ്പുകാരനായി ചിത്രീകരിക്കുന്ന തരത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഒരു പരാമർശമുണ്ടായത് ഉചിതമായില്ല. അത് ഒരുപക്ഷേ അദ്ദേഹത്തിന്റെ ഉള്ളിൽനിന്ന് വന്ന ഒരു കുറ്റബോധത്തിന്റെ അടിസ്ഥാനത്തിലായിരിക്കും, അദ്ദേഹത്തിന്റെ ഉപബോധ മനസ്സായിരിക്കും അദ്ദേഹത്തെക്കൊണ്ട് അത് പറയിപ്പിച്ചത്. തിരുവനന്തപുരത്തെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഇത്തരത്തിലുള്ള സ്ഥാപിത താൽപ്പര്യങ്ങൾക്ക് സ്വാശ്രയ കള്ള കച്ചവടക്കാർക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി വഴങ്ങി എന്നുപറയുന്ന അദ്ദേഹത്തിന്റെ കുറ്റബോധം, ഒരു ചെറുപ്പക്കാരൻ എന്നുള്ള അർത്ഥത്തിൽ അദ്ദേഹത്തിന്റെ ഫയർ, ഉള്ളിൽനിന്നുള്ള തീ പൂർണ്ണമായി അണഞ്ഞുപോയിട്ടില്ല എന്നുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ഉള്ളിൽ നിന്ന് വന്ന ഒരു കുറ്റബോധത്തിന്റെ പ്രതിഫലനമായിട്ടാണ് ഞാൻ അതിനെ കാണുന്നത്.

ശ്രീ. തോമസ് ചാണ്ടി: സർ, ആട്ടോണമസ് കോളേജുകളെയും സ്വാശ്രയ കോളേജുകളെയും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെയുമൊക്കെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യാത്തതുകൊണ്ട് കഴിഞ്ഞ 30 വർഷംകൊണ്ട് ഈ രാജ്യത്തുനിന്ന് 3 ലക്ഷം കോടി രൂപ മറ്റ്

സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിപ്പോയി എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ എന്ത് പറയും?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ ഇക്കാര്യത്തിൽ ഏകപക്ഷീയമായ ഒരു നിലപാട് എടുക്കുന്നില്ല. അദ്ദേഹത്തിന് വേണമെങ്കിൽ 4 സീറ്റ് തിരിഞ്ഞ് അവിടെ എസ്.എഫ്.ഐ.-യുടെ ഈ സമരങ്ങൾക്കൊക്കെ നേതൃത്വം നൽകി, സ്വാശ്രയ കോളേജുകൾ എന്നുപറയുന്ന ആശയത്തെത്തന്നെ എതിർത്ത ആളുകളുണ്ട്. അവരോട് ചോദിച്ചാൽ മതി. ഈ രംഗത്ത് ഒരു പരിഷ്ക്കാരം നടപ്പാക്കുമ്പോൾ കേരളത്തിന്റെ സാമൂഹിക യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട്, അക്കാര്യത്തിൽ മുൻകരുതലുകൾ വേണം, സ്റ്റേറ്റ് കൺട്രോളുണ്ടാകണം, ഫീസിന്റെ കാര്യത്തിലായാലും പ്രവേശനത്തിന്റെ കാര്യത്തിലായാലും മാനദണ്ഡങ്ങൾ പാലിക്കാൻ, പാവപ്പെട്ട കുട്ടികൾക്ക് അവിടെ പഠിക്കാനുള്ള അവസരം ഉറപ്പുവരുത്തണമെന്നുപറയുന്ന ആശയമാണ് ഞങ്ങൾ അന്നും ഇന്നും എന്നും മുന്നോട്ടുവയ്ക്കുന്നത്. സ്വാശ്രയ കോളേജുകൾ എന്നു പറയുന്ന ആശയത്തോട് പൂർണ്ണമായ ആശയപരമായി വിയോജിപ്പുള്ള താങ്കളുടെ സഹപ്രവർത്തകർ ഒരുപക്ഷേ താങ്കൾക്ക് കൂടുതൽ മെച്ചപ്പെട്ട വിശദീകരണം നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ കുറച്ച് കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് സർവ്വകലാശാല മേഖലയിൽ നമ്മുടെ സർവ്വകലാശാലകൾക്ക് പലപ്പോഴും ഒരു പരീക്ഷാ നടത്തിപ്പ് കേന്ദ്രങ്ങൾ എന്നതിനപ്പുറത്തേയ്ക്ക് യൂണിവേഴ്സിറ്റി എന്ന പേരിനെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കണ്ടേ?

താങ്കൾ ഒരു ബി.ടെക് റാങ്ക് ഹോൾഡറാണ്. ബി.ടെക് ഉൾപ്പെടെയുള്ള കോഴ്സുകൾ കഴിഞ്ഞിറങ്ങുന്ന കുട്ടികളെ ജോലിക്ക് ഫിറ്റാക്കുന്നതിനുവേണ്ടി പിന്നീട് വീണ്ടും ട്രെയിനിംഗ് കൊടുക്കേണ്ടിവരികയാണ്. അവരെ ഏത് തരത്തിലും അക്കോമഡേറ്റ് ചെയ്യാൻ കഴിയാവുന്ന,.....നമ്മുടെ തിരുവനന്ത പുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഉൾപ്പെടെ പഠിച്ച് ഇറങ്ങിയ കുട്ടികളുണ്ട്. ഒരുപാട് കുട്ടികൾക്ക് വീണ്ടും ജോബിന്റെ, ഒരു പ്ലേസ്മെന്റിന്റെ ഘട്ടം വരുമ്പോഴേയ്ക്കും അവരുടെ ബുക്കിഷ് നോളഡ്ജും അവരുടെ മാർക്കും അവരുണ്ടാക്കുന്ന സർട്ടിഫിക്കറ്റുകളും അവർക്ക് ഉപകാരപ്പെടു ന്നില്ല. ഇൻഡസ്ട്രി = ഇൻസ്റ്റിറ്റ്യൂഷൻ ലിങ്കേജ് നമ്മുടെ ജോലി അവസരങ്ങൾ കൊടുക്കുന്ന, തൊഴിൽ അവസരങ്ങൾ കൊടുക്കുന്ന സ്ഥാപനങ്ങളുമായി ട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിങ്കേജ്, അതിന് സർവ്വകലാശാലകൾ മുൻകൈയെടുക്കുന്നില്ല. നമ്മൾ കോഴ്സിനെ ഫ്രെയിം ചെയ്യുന്നത് അവരെ ബി.ടെക്കിന്റെ സർട്ടിഫിക്കറ്റ് ഹോൾഡറാക്കാൻ വേണ്ടിയാണ്. എന്നാൽ ആ ബി.ടെക് ഡിഗ്രികൾ കയ്യിലുള്ള ഒരാൾക്ക് ഏതെങ്കിലും ഒരു ഇൻസ്റ്റിറ്റ്യൂട്ട് കൊടുക്കുന്ന അല്ലെങ്കിൽ ഏതെങ്കിലും ഒരു സ്ഥാപനം കൊടുക്കുന്ന ജോലിക്ക് അയാൾ പിന്നീട് ഒരു വർഷം വീണ്ടും ട്രെയിൻഡാകേണ്ടിവരുന്നു. നമ്മുടെ കോഴ്സുകളുടെ റീ-സ്ട്രക്ച്ചറിംഗ്, അതുപോലെത്തന്നെ നമ്മുടെ പഠനത്തിന്റെ സമയം രാവിലെ 8.30-9.00 മുതൽ വൈകുന്നേരം 3.30-4.30 മണി വരെയാണ്. അത്രയും സമയം കുട്ടികൾ കോളേജിൽ ഇരുന്ന് പഠിക്കണമെ ന്നുള്ള നിർബന്ധമുണ്ടോ? നമ്മുടെ വിദേശ രാജ്യങ്ങളിലൊക്കെ കാണുന്നതു പോലെ അവർക്ക് പഠനത്തോടൊപ്പം പഠനവുമായി റിലേറ്റഡായിട്ടുള്ള ഏതെങ്കിലും മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള ജോലി അവസരങ്ങൾ, തൊഴിലവസരങ്ങൾ, അവർക്ക് ഒരു ഏണിംഗും പഠിക്കുന്ന കാര്യത്തിന്റെ

പ്രാക്റ്റിക്കൽ നോളഡ്ജും ഉണ്ടാക്കാവുന്ന തരത്തിൽ നമ്മുടെ ടൈമിംഗിനെ ഒന്ന് റീ-സ്ട്രക്ച്ചർ ചെയ്യേണ്ടത് അനിവാര്യമായിട്ട് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ശ്രീ. ഷാഫി പറമ്പിൽ ഇവിടെ സൂചിപ്പിച്ചത്, വളരെ പ്രധാനപ്പെട്ട ചില ആശയങ്ങളാണ്. ഞാൻ അതിലേയ്ക്ക് വരികയായിരുന്നു. നമ്മുടെ യൂണിവേഴ്സിറ്റികൾ എന്നുപറയുന്നത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന ഏജൻസികൾ മാത്രമായി ചുരുങ്ങുന്നു എന്നുള്ളതുതന്നെയാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട പരാതി. അദ്ദേഹം സൂചിപ്പിച്ച പ്രധാനപ്പെട്ട ആശയമുണ്ട്. (1) കുട്ടികൾക്ക് അവരുടെ പഠനം ഏകപക്ഷീയമായി മുന്നോട്ടുപോകാതെ അവർക്ക് വ്യത്യസ്തമായ, ഒരുപക്ഷേ അവരുടെ മെയിൻസ്ട്രീമിൽ നിന്ന് മാറിക്കൊണ്ടുള്ള വിഷയങ്ങൾവരെ പഠിക്കാനും അതുവഴി കൂടുതൽ എൻറിച്ച്ഡ് ആകാനും അതുവഴി അവരുടെ എംപ്ലോയബിലിറ്റിയും സമൂഹത്തിലെ പൗരന്മാർ എന്ന അർത്ഥത്തിലുള്ള അവരുടെ പ്രവർത്തനത്തെയുമൊക്കെ നല്ല രീതിയിൽ മാറ്റിത്തീർക്കുന്നതിനുവേണ്ടിയുള്ള പരിഷ്ക്കാരങ്ങൾ പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം ബിരുദാനന്തര തലങ്ങളിൽ നടപ്പാക്കുന്നതോടുകൂടി ഒരുപരിധിവരെ ഉണ്ടാകുകയാണ് .

ഞാൻ വിദ്യാഭ്യാസ വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈയൊരു എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നിരവധി പരിശ്രമങ്ങൾ സ്കൂൾതലം മുതൽതന്നെ, പ്ലസ് ടുതലം മുതൽതന്നെ

തുടങ്ങുകയാണ്. Additional Skills Acquisition Programme (ASAP)-ന്റെ സാധ്യതകൾ ഒരുപക്ഷേ വേണ്ടത്ര ഇനിയും നമ്മൾ ചർച്ച ചെയ്തിട്ടില്ലായെന്ന് തോന്നുകയാണ്. പക്ഷേ അത് നടക്കുന്ന പല സ്കൂളുകളിലും വളരെ നല്ല രീതിയിൽ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നു ണ്ടെന്നുള്ളതാണ് ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്റെ പേഴ്സണലാ യിട്ടുള്ള അനുഭവം. ആ രീതിയിലുള്ള പരിപാടികൾ ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് പ്രത്യേകിച്ചും പ്രൊഫഷണൽ കോഴ്സുകളുടെ രംഗത്തേയ്ക്ക് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയാണെങ്കിൽ തീർച്ചയായും കുട്ടി കൾക്ക് പഠനം കഴിഞ്ഞ് പുറത്തുവരുമ്പോഴേയ്ക്കും കൂടുതൽ എംപ്ലോയബി ലിറ്റി നമുക്ക് ജനറേറ്റ് ചെയ്യാൻ സാധിക്കും. അതുവഴി നമ്മുടെ മാൻപവ്വറിനെ സൃഷ്ടിപരമായി ഉപയോഗിക്കാനും സാധിക്കും. ഇപ്പോൾ ഗവൺമെന്റുതന്നെ student entrepreneurship എന്നുപറയുന്ന ഒരു ആശയം മുന്നോട്ടുവച്ചിരിക്കു കയാണ്. അതിന്റെ ഭാഗമായി നിരവധി പരിപാടികൾ, സ്റ്റാർട്ട് അപ് വില്ലേജു കളടക്കം ഗവൺമെന്റ് ആരംഭിക്കുകയാണ്. ബഡ്ജറ്റിന്റെ ഒരു നിശ്ചിത ശതമാനം തുക, ഏതാണ്ട് 500 കോടിയോളം രൂപ ഈ രംഗത്തേയ്ക്ക് ഇയർ മാർക്ക് ചെയ്യാനുള്ള ആശയവും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളൊക്കെ വരുമ്പോൾ അത് നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ കൂടുതൽ യാഥാർത്ഥ്യങ്ങളുമായി അടുപ്പിക്കുകയാണ്. പുസ്തകങ്ങൾ അല്ലെങ്കിൽ ജനങ്ങളുമായി, സമൂഹവു മായി ബന്ധമില്ലാത്ത കുറേ ടെക്നോളജികൾ, ആശയങ്ങൾ, ആ ആശയതല ത്തിൽനിന്ന് മാറി കുറേക്കൂടി ജനങ്ങളുമായും യാഥാർത്ഥ്യവുമായും ചുറ്റുപാ ടുകളുമായും ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് ഇത് മാറുമ്പോൾ തീർച്ചയായും

അത് നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒരു മാറ്റമുണ്ടാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ സർവ്വകലാശാലകളെക്കുറിച്ച് പറയുമ്പോൾ ഈ പറഞ്ഞ വിമർശനം........

മി. ഡെപ്യൂട്ടി സ്പീക്കർ: 22 മിനിട്ടായി.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ ചുരുക്കുകയാണ്. ഞാൻ ഈ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. എന്തുകൊണ്ട് നമ്മുടെ സർവ്വകലാശാലകൾക്ക് കൂടുതൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസ പ്രോഡക്ടുകൾ അല്ലെങ്കിൽ കുട്ടികൾ...... അതുതന്നെയാണ് ഞാൻ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ആ അർത്ഥത്തിൽ ഈ രംഗത്ത് എന്തുകൊണ്ട് വേണ്ടത്ര മുന്നോട്ടുപോകാൻ സാധിക്കുന്നില്ല എന്നുള്ളതിനെക്കുറിച്ച് ഒരാത്മ പരിശോധന നമ്മൾ നടത്തേണ്ടതായിട്ടുണ്ട്. നമ്മുടെ സർവ്വകലാശാലകൾ ഈ ഗവേഷണമെന്ന് പറയുന്ന ആശയത്തിന്, Research & Development മേഖലയിൽ നമ്മുടെ സർവ്വകലാശാലകൾ വേണ്ടത്ര മുന്നോട്ടുവരുന്നില്ലായെന്നുള്ളത് ഒരു വലിയ പോരായ്മയായി പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. എന്തുകൊണ്ട് ഓരോ മേഖലയിലും മികവുള്ള കേന്ദ്രങ്ങളായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നില്ല? എല്ലാ മേഖലകളിലും എല്ലാ സർവ്വകലാശാലകളും ഒരുപോലെ മികവിന്റെ കേന്ദ്രങ്ങളാകാൻ സാധിക്കുകയില്ല. ചില മേഖലകളെയെങ്കിലും നമുക്ക് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കും. മുല്ലപ്പെരിയാർ വിഷയത്തെക്കുറിച്ച് നമ്മളെല്ലാവരും ചർച്ച ചെയ്യുകയാണ്. മുല്ലപ്പെരിയാർ വിഷയം ചർച്ച ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാന സർക്കാരടക്കം അവിടത്തെ അണക്കെട്ടിന്റെ ശക്തിയും മറ്റ് കാര്യങ്ങളും പരിശോധിക്കാൻവേണ്ടി ഏർപ്പാട് ചെയ്യുന്നത് റൂർക്കിയിലെ ഐ.ഐ.ടി.-യെയാണ്.

റൂർക്കിയിലെ ഐ.ഐ.ടി. ഈ മേഖലയിൽ പ്രത്യേകമായ പ്രാഗൽഭ്യം തെളിയിച്ച ഇന്ത്യയിലെ നമ്പർ വൺ സ്ഥാപനമായതുകൊണ്ടാണ് നമ്മൾ വിശ്വസിച്ച് അവരെ ആ ദൗത്യം ഏൽപ്പിക്കുന്നത്. ആ ഒരു മേഖലയിൽ റൂർക്കിയിലെ ഐ.ഐ.ടി. ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി മാറിയതുപോലെ, മറ്റ് ഒരുപാട് മേഖലകളുണ്ട്. എന്തുകൊണ്ട് നമ്മുടെ സർവ്വകലാശാലകളും ഇത്തരത്തിലുള്ള ഓരോ സ്പെഷ്യലൈസ്ഡ് മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളാക്കി, ഒരുപക്ഷേ അന്തർദ്ദേശീയ തലത്തിലോ അല്ലെങ്കിൽ ദേശീയ തലത്തിലോ പോലുമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി, മറ്റുള്ള ആളു കൾപോലും നമ്മളെ ഉറ്റുനോക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങളാക്കി മാറ്റാൻ സാധിക്കുന്നില്ലായെന്നുള്ളത് നമ്മൾ ഗൗരവത്തോടുകൂടി ആലോചിക്കണം. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എന്നുപറയുന്ന ഒരു സ്ഥാപനം കഴിഞ്ഞ കുറേ കാലങ്ങളായി ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. അവരുടെ പ്രവർത്തന ങ്ങൾ ഒരുപാട് മുന്നോട്ടുപോകുന്നുണ്ടെന്ന് അറിയാൻ സാധിക്കുന്നു. പക്ഷേ ഈ രീതിയിലുള്ള കാര്യങ്ങൾക്ക് എന്തുകൊണ്ടോ നമുക്ക് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ഭാഗത്തുനിന്ന് വേണ്ടത്ര ഒരു റിസൾട്ട് ഇതുവരെ ഉണ്ടായിട്ടില്ലായെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് കഴിഞ്ഞ കുറച്ച് കാലങ്ങളായി പ്രവർത്തിക്കുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിലെന്ന സംവിധാനത്തെ സമഗ്രമായൊന്ന് വിലയിരുത്താൻ, അതിന്റെ പ്രയോജനക്ഷമത വസ്തുനിഷ്ഠമായി വിലയിരുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ടെന്ന് തോന്നുകയാണ്. നമ്മുടെ ഗവേഷണ വിഭാഗത്തിന്റെ ഓരോ സർവ്വകലാശാലകളും ഗവേഷണ വിഭാഗത്തിന് കൂടുതൽ പ്രോൽസാ ഹനം നൽകണം. നമ്മുടെ സർവ്വകലാശാലകൾ എത്ര പേറ്റന്റുകൾ ഉൽപ്പാദി പ്പിക്കുന്നുണ്ട്. ഇന്നേവരെ നമ്മൾ ന്യൂസുകളിൽ കേട്ടിട്ടില്ല. പല ചെറിയ

ചെറിയ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും അറിയപ്പെടുന്നത് അവർ ഉൽപ്പാദിപ്പിക്കുന്ന പേറ്റന്റുകളുടെ പേരിലാണ്. മനുഷ്യസമൂഹത്തിന് നൽകുന്ന അറിവിന്റെ അക്ഷയനിധികളാണ് അവ. അത്തരത്തിലുള്ള പേറ്റന്റുകൾ നമ്മുടെ കേരളത്തിൽനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതിനെക്കുറിച്ച് നമ്മൾ ഗൗരവകരമായി ചിന്തിക്കണമെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഈ ഉദ്ദേശലക്ഷ്യങ്ങളൊക്കെ പൂർത്തീകരിച്ച് മുന്നോട്ടു പോകാൻ ഉന്നതവിദ്യാഭ്യാസരംഗം കൈകാര്യം ചെയ്യുന്ന നമ്മുടെ ആളുകൾക്ക് സാധിക്കട്ടെയെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, അങ്ങ് രാവിലെ ദീർഘമായി സംസാരിച്ചതാണ്. അതുകൂടി കണക്കിലെടുത്ത് സംസാരിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ സംബന്ധിച്ച് ഒരു ഭേദഗതി വരുമ്പോൾ സാധാരണഗതിയിൽ കേരളത്തിലെ ഇന്നത്തെ അന്തരീക്ഷത്തിൽനിന്നുകൊണ്ട് നമ്മുടേതുപോലെയുള്ള സഭയിൽ നടക്കേണ്ട ആശയവിനിമയത്തിന്റെ ഭാഗമായി വരേണ്ട ഒരുപാട് കാര്യങ്ങൾ ഇവിടെ നേരത്തെ സംസാരിച്ച ആൾക്കാരുടെ ഭാഗത്തുനിന്നൊക്കെ അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ, ഞാനൊരുപാട് സമയമെടുക്കുമെന്ന് അങ്ങ് കരുതേണ്ടതില്ല. അവർ പറഞ്ഞ കാര്യങ്ങളോട് യോജിച്ചും വിയോജിച്ചും

എനിക്ക് പ്രകടിപ്പിക്കാനുള്ള ചെറിയ ചില അഭിപ്രായങ്ങൾമാത്രം പറയാനാണ് ഉദ്ദേശിക്കുന്നത്. ഇന്ന് നമ്മുടെ ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന വളരെ അപകടകരമായ ഒരു സമീപനത്തിന്റെ ചില ലക്ഷണങ്ങൾ ഈ ഭേദഗതിക്കകത്ത് പതിഞ്ഞിരിപ്പുണ്ട്. ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. ഇവിടെ പൈലറ്റ് ചെയ്ത ബില്ലിലെ 3(സി)–യിൽ 18 –ാം വകുപ്പിൽ, നോമിനേറ്റ് ചെയ്ത സെനറ്റ് അംഗങ്ങളുടെ കാലാവധി സംബന്ധിച്ചുള്ള ഒരു ഭേദഗതി വരുന്നുണ്ട്. "എന്നുതന്നെയുമല്ല, "മറ്റ് അംഗ ങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ചാൻസലറോ സർക്കാരോ നാമനിർദ്ദേശം ചെയ്ത സെനറ്റിലെ അംഗങ്ങൾ, അതതു സംഗതിപോലെ, ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളംകാലം അവരുടെ ഉദ്യോഗം വഹിക്കേണ്ടതാണ്". ഇത് നേരത്തെയുള്ള നമ്മുടെ പഴയ മൂലനിയമ ത്തിൽനിന്നുള്ള ഒരു മാറ്റമാണ്. നേരത്തെ നോമിനേറ്റ് ചെയ്ത അംഗങ്ങൾക്കും ഒരു നിശ്ചിത കാലാവധി കൊടുക്കുന്നുണ്ട്. അതിനിടയിൽ ഇങ്ങനെയൊരു ഭേദഗതി വരുന്നത് ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളം അവരുടെ ഉദ്യോഗം വഹിക്കേണ്ടതാണ്. ഇഷ്ടമി ല്ലെങ്കിൽ അപ്പോൾ അവരെ ഒഴിവാക്കാമെന്ന് അർത്ഥം. അതുകൊണ്ട് സംഭവി ക്കുന്നത് എന്താണ്? ഏത് സർക്കാരാണെങ്കിലും സർക്കാരിന്റെ രാഷ്ട്രീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള റബ്ബർ സ്റ്റാമ്പുകളായി ഇവരെ ഉപയോഗ പ്പെടുത്തുന്ന സാഹചര്യമുണ്ട്. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരല്ലേയെന്ന് ചോദിച്ചു. അവർ സർക്കാരിന്റെ അഭിപ്രായങ്ങൾ പാലിക്കാൻ ബാധ്യസ്ഥരല്ലേ, അത് പാലിക്കാതെ വരുമ്പോൾ അപ്പോൾ ഒഴിവാക്കുന്നതിൽ എന്താണ് അനൗചിത്യമെന്നൊക്കെയുള്ള ചോദ്യമൊക്കെ വന്നേക്കാം. പക്ഷേ നമ്മൾ

ആരെയായിരുന്നു പണ്ടുകാലത്തൊക്കെ നമ്മുടെ സർവ്വകലാശാല സെനറ്റുകളിലേയ്ക്കൊക്കെ ഗവൺമെന്റ് അധികാരമുപയോഗിച്ച് നോമിനേറ്റ് ചെയ്തത്. ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെ ഗവൺമെന്റിന്റെ ചില അജണ്ടകൾമാത്രം നടപ്പാക്കാനുള്ള....... ഞാൻ പറഞ്ഞത്, ഈ ഗവൺമെന്റിന്റെ കാലത്തല്ല ഏത് ഗവൺമെന്റിന്റെ കാലത്താണെങ്കിലും അങ്ങനെയുള്ള ചില ഉപകരണങ്ങളെയല്ല നോമിനേറ്റ് ചെയ്തത്. സാധാരണ മൽസരങ്ങളിലൂടെ, ഓരോ കോൺസ്റ്റിറ്റ്യുവൻസിയിൽനിന്നുള്ള മൽസരമുണ്ട്. ട്രേഡ് യൂണിയന്റെ കോൺസ്റ്റിറ്റ്യുവൻസിയുണ്ട്, വിദ്യാർത്ഥിരംഗമുണ്ട്, അദ്ധ്യാപക സംഘടനകളുടെ ഇടയിൽനിന്നൊക്കെയുള്ള വിവിധ കോൺസ്റ്റിറ്റ്യുവൻസികളുടെ റെപ്രസന്റേഷനാണ് ഇതിൽ വരുന്നത്. ഇതൊരു സമൂഹത്തിന്റെ പരിച്ഛേദമായിട്ടാണ് വരുന്നത്. ആ സെനറ്റിനെക്കുറിച്ചുള്ള അതിവിശാലമായ സങ്കൽപ്പം, നമ്മുടെ നാടിന്റെ വികസനം, അതിനെക്കുറിച്ചുള്ള കാഴ്ചപ്പാടുള്ളവർ അവിടെ വരണം. വെറും വിദ്യാഭ്യാസ വിചക്ഷണൻമാർ, അക്കാഡമിഷ്യൻമാർ മാത്രമല്ല........

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: സർ, അങ്ങ് പറയുന്നത് വളരെ നല്ല കാര്യങ്ങളാണ്. പക്ഷേ കഴിഞ്ഞതൊന്നും അങ്ങ് മറന്നുപോകരുത്. പ്രശസ്തനായ ശാസ്ത്രജ്ഞൻ ഡോ. എ. എം. മൈക്കിൾ നമ്മുടെ കാർഷിക യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്നു. അദ്ദേഹത്തെ പുറത്താക്കാൻവേണ്ടി ആക്ട് അമെന്റ് ചെയ്ത് പ്രായം കുറച്ച് പുറത്താക്കിയ ചരിത്രം കേരളത്തിലുണ്ട്. ഗവൺമെന്റുകൾ അവർക്ക് ഇഷ്ടമില്ലാത്ത ആളുകളെ പുറത്താക്കാൻ എന്ത് മാർഗവും സ്വീകരിക്കുന്ന ഒരു സമീപന

മുണ്ട്. അങ്ങ് പറയുന്നത് നല്ല കാര്യമാണ്. എല്ലാവരും അങ്ങനെ ചെയ്യണമെന്നേയുള്ളൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ആ കാര്യത്തെക്കുറിച്ച് പറയാം. അതിനകത്ത് എന്തെങ്കിലും അപരാധം സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊക്കെ ന്യായീകരിക്കുമെന്നല്ല ഞാൻ പറഞ്ഞത്. ഇപ്പോൾ സെനറ്റിന്റെ കോൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച് അതിവിശാലമായ ഒരു കാഴ്ചപ്പാടാണ് നമ്മുടെ മുന്നിലുള്ളത്. സാധാരണ തൊഴിലാളി സംഘടനയുടെ പ്രതിനിധിപോലും അവിടെ വരണം. വെറും ബുദ്ധിജീവികളോ അക്കാഡമിഷ്യൻമാരോ വിദ്യാഭ്യാസ വിചക്ഷണൻമാരോ മാത്രമല്ല, എല്ലാ മേഖലകളിലും നിന്നുമുള്ള വർ...... വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയുമൊക്കെ പ്രതിനിധികൾ അവിടെ വരണം. സർവ്വകലാശാലയുടെ അക്കാഡമികമായ പ്രവർത്തനം, ഗവേഷണ പ്രവർത്തനമെന്നൊക്കെ പറഞ്ഞാൽ അത് ഏതെങ്കിലുമൊരു അംബരചുംബിയായ ഒരു മണിസൗധത്തിനകത്തുനിന്നുകൊണ്ട് ലോകവും സമൂഹവും നാടും ജനങ്ങളും അവരുടെ ജീവിതവുമായി ബന്ധമില്ലാതെ ഉണ്ടാകേണ്ടതല്ല. നാടിന്റെ ഭാവിയും വികസനവുമൊക്കെ മുന്നിൽ കണ്ടുകൊണ്ട് ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്. അവിടെയാണ് ഗവേഷണങ്ങളുടെയൊക്കെ മുൻഗണനകൾ നിശ്ചയിക്കപ്പെടേണ്ടത്. ഈ കാഴ്ചപ്പാടോടുകൂടിയാണ് വരുന്നത്. അങ്ങനെ വരുമ്പോൾ വിവിധ കോൺസ്റ്റിറ്റ്യുവൻസികളിൽനിന്ന് മൽസരിച്ച് വരാൻ സന്നദ്ധതയില്ലാത്ത മഹാപ്രതിഭകളെ സെനറ്റിൽ നമ്മുടെ അഭിമാനമായി കൊണ്ടുവരുന്നതിനാണ് ഈ നോമിനേഷൻ വച്ചത്. അല്ലാതെ പലപ്പോഴും ചെയ്യുന്നതുപോലെ ഏതെങ്കിലും റബ്ബർ സ്റ്റാമ്പുകളെ നോമിനേറ്റ് ചെയ്യാനല്ല. അങ്ങനെയുള്ള ആൾക്കാർ...... മുമ്പുതന്നെ ബഹുമാന്യരായ എം.ടി. വാസുദേവൻ നായരേയും എം.വി. കൃഷ്ണ

വാര്യരേയും സെനറ്റിലേയ്ക്ക് നോമിനേറ്റ് ചെയ്തിട്ടുണ്ട്. ശ്രീ. പി. ഗോവിന്ദ പിള്ള, അദ്ദേഹം ഇതുപോലെ സെനറ്റിൽ നോമിനേഷൻവഴി വന്നിട്ടുണ്ട്. പിന്നീട് സിൻഡിക്കേറ്റ് മെമ്പറായും വന്നിട്ടുണ്ട്.

ഇതുപോലെയുള്ള ബുദ്ധിജീവികളും മഹാപ്രതിഭകളും സാഹിത്യ സാംസ്കാരിക രംഗത്തെ അതുല്യ വ്യക്തികളുമെല്ലാം പലപ്പോഴും ഒരു മത്സര ത്തിലൂടെ സർവ്വകലാശാല സെനറ്റിലേയ്ക്ക് വരാൻ സന്നദ്ധമാവില്ല. അതിനാൽ ഗവൺമെന്റ് അവരെ നോമിനേറ്റ് ചെയ്തു കൊണ്ടുവരുന്നു. അങ്ങനെ നോമിനേറ്റ് ചെയ്യുന്നവരെക്കുറിച്ച്, ചാൻസലറിനോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളം കാലം അവർ ഉദ്യോഗം വഹിക്കേണ്ടതാണെന്നും ഇഷ്ടമില്ലെങ്കിൽ ഒഴിവാക്കാമെന്നുമുള്ള ഒരു കാഴ്ചപ്പാടെടുക്കാൻ പാടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത് ഈ ഒരു ഭേദഗതി ഒഴിവാക്കണമെന്നാണ്. നമുക്ക് പൊതുവായി യോജിച്ചു പോകാവുന്ന മറ്റു പല ഭേദഗതികളും ഈ ബില്ലിലുണ്ട്. നോമിനേറ്റ് കൊണ്ടുവരുന്ന മഹാപ്രതിഭകൾക്ക് ആദരവ് കൊടു ക്കണം. അവർക്ക് ഇഷ്ടമുള്ളിടത്തോളം കാലം തുടരുന്നതിന് അനുവദി ക്കുന്ന രീതിയിൽ മൂലനിയമത്തിലുള്ള സംവിധാനം നിലനിർത്തണം എന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : കേരള യൂണിവേഴ്സിറ്റിയിലെ മൂന്ന് സെനറ്റ് അംഗങ്ങളെ ഗവർണർ തന്നെ ഒഴിവാക്കു കയുണ്ടായി. ഇൻഡസ്ട്രിയലിസ്റ്റ് മേഖലയിൽ കൊല്ലം എൻ.എസ്.എസ്. കോ-ഓപ്പറേറ്റീവ് ആശുപത്രി ഡയറക്ടർ ബോർഡിലെ അംഗമായിരുന്ന

ശ്രീ. പി. രാജേന്ദ്രനെ നിയമിച്ചു. എന്നാൽ ഒരു ഡയറക്ടർ ബോർഡ് അംഗം ഇൻഡസ്ട്രിയലിസ്റ്റ് ആവുകയില്ല എന്നുള്ള പേരിൽ ഗവർണ്ണർ അദ്ദേഹത്തെ ഒഴിവാക്കി. അതുപോലെ എമിനൻസ് സ്പോർട്ട്സ് പേഴ്സണലായി ശ്രീ. സജി ചെറിയാൻ എന്ന വ്യക്തിയെ നിയമിച്ചു. അദ്ദേഹം ആലപ്പുഴ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റായിരുന്നു. സ്പോർട്ട്സ് കൗൺസിൽ ഉദ്യോഗസ്ഥന് സ്പോർട്ട്സ് പേഴ്സണൽ ആകാൻ അധികാരമില്ല. മൂന്നാമത് ജേണലിസ്റ്റ് ശ്രീ. പ്രസാദ് – ജനയുഗം പ്രസ്സിലെ ഒരു ജീവനക്കാരനായിരുന്നു പത്രം ഓഫീസ് ജീവനക്കാരൻ പത്ര പ്രവർത്തകനാകില്ല. ഇങ്ങനെയുള്ള മൂന്നുപേരെ ഗവർണ്ണറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ച് നീക്കം ചെയ്തു. മൂലനിയമത്തിൽ ആഗ്രഹിക്കുന്നിടത്തോളം കാലം തുടരാം എന്ന വിവക്ഷയുണ്ടെങ്കിലും അവർക്കെതിരെ പരാതി ഉയരുകയോ അവർ ആ സ്ഥാനത്തിന് യോജിക്കുന്നവരോ അല്ലെങ്കിൽ ഗവർണ്ണർക്ക് അവരെ ഒഴിവാക്കാം. ഇതിനു മുമ്പും ഇങ്ങനെ ചെയ്തിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : അനർഹരായവർ വരുന്നുണ്ടെങ്കിൽ ഒഴിവാക്കേണ്ടതു തന്നെയാണ്. ഞാൻ നേരത്തെ പറഞ്ഞ രീതിയിലുള്ള മഹാപ്രതിഭകളെയാണ് സെനറ്റിലേയ്ക്ക് നോമിനേറ്റ് ചെയ്തു കൊണ്ടുവരുന്നതെങ്കിൽ അവരെ സർക്കാരിന്റേയോ മറ്റുള്ളവരുടേയോ ഇഷ്ടം അനുസരിച്ച് ഒഴിവാക്കാമെന്നുള്ള ഒരു വ്യവസ്ഥ നമ്മുടെ സർവ്വകലാശാലയുടെ സ്വയംഭരണ/ ജനാധിപത്യ സങ്കല്പത്തിന് നിരക്കുന്നതല്ല എന്ന വാദമാണ് ഞാൻ ഉന്നയിച്ചത്. അതല്ലാതെ ഏതെങ്കിലും ഒരു പ്രത്യേക സംഭവത്തെയോ നടപടിയേയോ ആസ്പദമാക്കിയല്ല, ഇപ്പോഴുള്ള നിയമത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അതെല്ലാം പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിന് സഹായകരമാകുന്ന നിലയിലാണ് ഞാൻ ഈ കാര്യങ്ങൾ

പറഞ്ഞത്. നമ്മുടെ സർവ്വകലാശാലകളെക്കുറിച്ചും വൈസ് ചാൻസലർ നിയമനം സംബന്ധിച്ചും ഒരുപാട് കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തു. സർവ്വകലാശാലകളുടെ പൊതുവായ ഭരണം, അക്കാദമികമായ പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങളിലൊക്കെ സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്ന സമീപനം ഒട്ടും ഗുണകരമായിട്ടുള്ളതല്ല. സ്വയം വിമർശനം നടത്തി അത് തിരുത്തിയില്ലെങ്കിൽ വലിയ ആഘാതം നമ്മുടെ സർവ്വകലാശാലകൾക്ക് ഉണ്ടാകുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സർവ്വകലാശാലകളെക്കുറിച്ചും അവയുടെ സ്വയംഭരണത്തെക്കുറിച്ചുമൊക്കെയുള്ള ഉദാത്തമായ സങ്കല്പത്തിന്റെ ഗളച്ഛേദം വരുത്തുന്ന നിലയിലുള്ള നടപടികൾ ഈ അടുത്ത കാലത്തുണ്ടായിട്ടുണ്ട്. ഈ പ്രശ്നമാണ് വൈസ്ചാൻസലർ നിയമനത്തിലുണ്ടായത്. ഏതു കാലത്തും വൈസ്ചാൻസലറെ നിയമിക്കുന്ന കാര്യത്തിൽ ഭരണകക്ഷി ഇടപെടാറുണ്ട്.. എന്നാൽ ഇക്കാര്യത്തിൽ പൊതുവായി സ്വീകരിച്ച ചില നിലപാടുകളുണ്ട്. ഇന്നത്തെ കാറ്റഗറിയിലുള്ള ആളുകളൊന്നും മുമ്പ് വന്നിരുന്നില്ല. പ്രതിഭാശാലികളായിട്ടുള്ള ആൾക്കാരാണ് വൈസ്ചാൻസലർ സ്ഥാനത്തേക്ക് ഓരോ കാലത്തും വന്നിരുന്നതെന്നുള്ളത് നമുക്ക് കാണാൻ കഴിയും. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന ശ്രീ. കെ.എ. ജലീൽ ആ സ്ഥാനത്തിന് അർഹനല്ലെന്ന് ആരും പറയില്ല. ആ ഔന്നത്യം അദ്ദേഹം ആദ്യാവസാനം വരെ നിലനിർത്തുകയും ചെയ്തു. ഡോ. കെ.എൻ. പണിക്കർ, ശ്രീ. റ്റി.എൻ. ജയചന്ദ്രൻ, രാജൻ ഗുരുക്കൾ, ഡോ. ബി. ഇക്ബാൽ, സുകുമാർ അഴിക്കോട് (പി.വി.സി. ആയിരുന്നു, കുറച്ചുകാലം വൈസ് ചാൻസലർ ഇൻ–ചാർജ് ആയി പ്രവർത്തിച്ചിട്ടുണ്ട്), യു.ആർ. അനന്തമൂർത്തി എന്നിങ്ങനെ സർവ്വകലാശാലക്കും സമൂഹത്തിനും അഭിമാനിക്കാവുന്ന ആളുകളാണ്

ഇവിടെ വൈസ് ചാൻസലർമാരായി വന്നിട്ടുള്ളത്. അതിൽ നിന്നും ഒരു വ്യത്യാസം സമീപകാലത്ത് വന്നിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്നവരിൽ ഈ പദവിക്ക് പുഴുക്കുത്ത് ഏൽപ്പിച്ചത് ശ്രീ. ജെ. വി. വിളനിലമായിരുന്നു. അദ്ദേഹവും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് വൈസ് ചാൻസലറായി ഇരുന്നത്. അദ്ദേഹത്തിനെതിരെ വ്യാജബിരുദം സംബന്ധിച്ച ഒരു ആക്ഷേപം ഉയർന്നുവന്നു, അത് വസ്തുതയുമായിരുന്നു. അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് എന്നു പറയുന്നത് യൂറോപ്പിലുള്ള ഒരു സാധാരണ കടയിൽ നിന്ന് വാങ്ങിയതായിരുന്നു. അന്ന്, ഡിപ്ലോമ മിനിറ്റ്സ് ഓഫ് ദി വേൾഡ് എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ കുറെ വ്യാജ യൂണിവേഴ്സിറ്റികളുടെ പേര് ലിസ്റ്റ് ചെയ്തത് ഞങ്ങൾ എടുത്തു വായിക്കുകയുണ്ടായി. ഞങ്ങൾ വിദ്യാർത്ഥി സംഘടനയിൽ പ്രവർത്തിച്ചിരുന്ന സമയത്താണ് ഈ സംഭവം ഉണ്ടായത്. യൂറോപ്പിലെ സക്സസ് കോളേജ് ഓഫ് ടെക്നോളജി എന്ന പേരിലുള്ള ഒരു സ്ഥാപനത്തിൽനിന്നാണ് അദ്ദേഹം ഡോക്ടറേറ്റ് ബിരുദം നേടിയത്. അതായിരുന്നു അന്ന് ആക്ഷേപത്തിന് ഇടയായത്. യഥാർത്ഥത്തിൽ പ്രസ്തുത ഡോക്ടറേറ്റ് ഇല്ലാതെതന്നെ അദ്ദേഹത്തിന് വി.സി. ആകാനുള്ള യോഗ്യതയുണ്ടായിരുന്നു..

ശ്രീ. കെ. ശിവദാസൻ നായർ : ജെ. വി. വിളനിലത്തിന്റെ വൈസ് ചാൻസലർ പദവിക്കെതിരെ നടത്തിയ സമരത്തെക്കുറിച്ചാണ് ശ്രീ. പ്രദീപ് കുമാർ സൂചിപ്പിച്ചത്. പിന്നീട് ആ വൈസ്ചാൻസലറെ നിങ്ങൾ തന്നെ ഏറ്റെടുക്കുകയും അദ്ദേഹം ഏറ്റവും കൊള്ളാവുന്നവനും അദ്ദേഹത്തിന്റെ ഡിഗ്രി എല്ലാ ക്വാളിറ്റിയും പുലർത്തുന്നതുമാണ് എന്നു പറഞ്ഞു കൊണ്ടുനടന്നു എന്നുമുള്ള യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. എ. പ്രദീപ്കുമാർ :സർ, ഞാൻ ഇക്കാര്യം സൂചിപ്പിച്ചത് മുൻ വൈസ്ചാൻസലർമാരുടെ നിയമനത്തിൽ ഒരു വിവാദമുണ്ടായത് ആ സംഭവത്തിൽ മാത്രമായിരുന്നു എന്ന് പറയാനാണ്. യു.ഡി.എഫ്-നെ ഭരണ കാലത്തക്ക നിയമിച്ച അദ്ദേഹത്തിന് കാലാവധി തീരുന്നതുവരെ തുടരുവാ നുള്ള സാഹചര്യം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് വൈസ് ചാൻസലറാ കാനുള്ള യോഗ്യതയുണ്ടായിരുന്നു. പക്ഷേ, അഡീഷണലായി വച്ച ബിരുദം സംബന്ധിച്ച് വിവാദമുണ്ടായിരുന്നു. വി.സി. നിയമനം സംബന്ധിച്ച് ആദ്യമായി ഒരു കളങ്കമുണ്ടായ സംഭവം അതാണെന്നാണ് ഞാൻ പറഞ്ഞത്. അതിനുശേഷം ഈ ഗവൺമെന്റിന്റെ കാലത്താണ് ഇത്രയധികം വിവാദങ്ങ ളുണ്ടായത്.

ശ്രീ. ജി. സുധാകരൻ : സർ, ജെ.വി. വിളനിലത്തിന്റെ സംഭവം വാസ്ത വത്തിൽ ഒരു ദുരന്തംതന്നെയാണ്. അതൊരു ദൗർഭാഗ്യകരമയ സംഭവമാണ്. ബനാറസ് ഹിന്ദ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഗോൾഡ് മെഡലോടെ പോസ്റ്റ് ഗ്രാഡുവേഷൻ പാസ്സാകുകയും ജേർണലിസം സയൻസിൽ ഈ ലോക ത്തിലെതന്നെ റാങ്ക് ചെയ്യപ്പെട്ട വലിയൊരു എഴുത്തുകാരനുമായിരുന്നു അദ്ദേഹമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആവശ്യമില്ലാത്ത ഒരു ഫേക്ക് ഡിഗ്രി കാണിച്ചു എന്നതായിരുന്നു പ്രശ്നം. കുറെക്കാലം സമര മൊക്കെ നടന്നു, അദ്ദേഹത്തിന് യൂണിവേഴ്സിറ്റിയിലൊന്നും കയറാൻ സാധിക്കില്ലായിരുന്നു. അദ്ദേഹത്തെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കരുണാകരൻ നല്ല നിലയിൽ സപ്പോർട്ട് ചെയ്തു. ഒടുവിൽ ഡോ.നാരായണൻനായരൊക്കെ മുൻകൈ എടുത്ത് ഒത്തുതീർപ്പുണ്ടാക്കി. അന്ന് ആ സിൻഡിക്കേറ്റിൽ ഞാനുമുണ്ടായിരുന്നു. ഞങ്ങൾക്ക് അദ്ദേഹ

ത്തോട് അന്നുമിന്നും സിമ്പതിയുണ്ട്.. അദ്ദേഹത്തെ നിങ്ങൾ നിയമിച്ചതിലോ ഞങ്ങൾ ഏറ്റെടുത്തതിലോ യാതൊരു തെറ്റുമില്ല എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ : ഈ കാര്യംതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. അദ്ദേഹത്തിന് യോഗ്യതയുണ്ടായിരുന്നു. പക്ഷേ, അഡീഷണലായി ഒരു ബിരുദം– സക്സസ് യൂണിവേഴ്സിറ്റിയിലേതെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സക്സസ് കോളേജ് ഓഫ് ടെക്നോളജി എന്ന പേരിലുള്ള ഒരു സ്ഥാപനത്തിന്റെ ബിരുദം വച്ചതാണ് പ്രശ്നമായത്. അത് വലിയ വിവാദമായി, പ്രക്ഷോഭമായിത്തീർന്നു. അതേവരെ ഒരു വിവാദവും ഇല്ലാതെവന്ന വൈസ് ചാൻസലർ സ്ഥാനത്തിന് ഒരു വിവാദമുണ്ടായത് ആ സന്ദർഭത്തിലാണ്. ഇപ്പോൾ തുടർച്ചയായി വിവാദങ്ങൾ ഉണ്ടാകുകയാണ്. വൈസ് ചാൻസലർമാരായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഔന്നത്യത്തേയും മഹത്വത്തേയും അവർ പുലർത്തേണ്ട പവിത്രതയേയും പരിശുദ്ധിയേയും കുറിച്ച് ഇവിടെ ധാരാളംപേർ വളരെ വിശദമായി സംസാരിച്ചു. അക്കാദമിക് ക്വാളിഫിക്കേഷൻ മാത്രമല്ല അവർ പുലർത്തേണ്ട ധാർമ്മിക നിലവാരമൊക്കെ മാനദണ്ഡമായി എടുക്കുന്നുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസലറാണ് ഇപ്പോൾ ഏറ്റവും അധികം വിമർശനവിധേയനായിരിക്കുന്നത്. ചാർജ്ജെടുത്ത ഉടനെ വിദ്യാഭ്യാസ മന്ത്രിയുടെ പാർട്ടിയുടെ ഹെഡ് ഓഫീസിലേക്കാണ് അദ്ദേഹം സന്ദർശനം നടത്തിയത്. അത് പത്രങ്ങളിലൊക്കെ വരികയും വിവാദമാകുകയും ചെയ്തു. അങ്ങനെയൊരു രാഷ്ട്രീയമായ ചായ്വോ പ്രതിബദ്ധതയോ അദ്ദേഹം കാണിക്കേണ്ട കാര്യമില്ലായിരുന്നു. അതിൽനിന്നും അദ്ദേഹത്തിന്റെ നിലവാരം ഊഹിക്കാവുന്നതാണ്. കേരള സർവ്വകലാശാലയുടെ ആദ്യ വി.സി. ആയിരുന്ന ജോൺ മത്തായി ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തെ കാണാൻ സമയം

ചോദിച്ചപ്പോൾ. വി.സി.യെ ഞാൻ അങ്ങോട്ട് ചെന്ന് കാണാമെന്ന് ഇ.എം.എസ്. പറഞ്ഞ സംഭവം ഇതിനുമുമ്പും ഈ സഭയിൽ പറഞ്ഞിട്ടുള്ള താണ്. വി.സി. സ്ഥാനത്തിന് ഇ.എം.സി.-നെപ്പോലുള്ളവരും പൊതു സമൂഹ വുമെല്ലാം കൽപ്പിച്ച് നൽകിയ മഹത്വമാണ് ഈ സംഭവം കാണിക്കുന്നത്. ഞാൻ ഇത് ആവർത്തിച്ചു പറയുന്നത് അങ്ങനെയുള്ള ഒരു സത്പാരമ്പര്യം നാം എന്നും ഈ മേഖലയിൽ ഉയർത്തിപ്പിടിക്കണമെന്നുള്ളതുകൊണ്ടാണ്.

പക്ഷെ നിങ്ങൾ വിശ്വസിച്ച് നിയമിച്ച വൈസ് ചാൻസലർക്ക് വിശ്വാസ്യത നിലനിർത്താനായിട്ടില്ല. വി.സി. നിയമനത്തിന്റെ ആദ്യംമുതൽക്കുതന്നെ ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനം എന്താണ്; മുസ്ലീം ലീഗിൽപ്പെട്ട പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഏതോ സ്കൂൾമാഷിനെയോ മറ്റോ നിയമി ക്കാൻ പോയത് വിവാദമയതിനെത്തുടർന്നാണ് ഇദ്ദേഹത്തെ നിയമിച്ചത്. വൈസ് ചാൻസലർ സ്ഥാനത്തെന്നല്ല ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിൽപ്പോലും നിയമിക്കാൻ പറ്റാത്ത നിലയിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. ഭസ്മാസുരന് വരം കൊടുത്തപോലുള്ള അനുഭവമായിരിക്കും ഇദ്ദേഹത്തെ നിയമിച്ചതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കും സർക്കാരിനും ഉണ്ടായിരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഇനിയെങ്കിലും ഈ വൈസ് ചാൻസലറുടെ കാര്യത്തിൽ ശക്തമായ ഒരു തീരുമാനം ഉടനെ എടുത്തില്ലെങ്കിൽ രക്ഷിക്കാൻ കഴിയാത്തവിധം കാലിക്കട്ട് യൂണിവേഴ്സിറ്റി തകർച്ചയിലേക്കെത്തിച്ചേരും. അദ്ദേഹം ഭൂദാന ക്കേസുൾപ്പെടെ ആറോളം വിജിലൻസ് കേസ്സിൽ പ്രതിയായതും അതിൽ ചില പരാതികൾ ശരിയാണെന്ന് വിജിലൻസ് വിധിയെഴുതിയതുമായ കാര്യ ങ്ങൾ ഇവിടെ പറയുകയുണ്ടായി.. ഞാൻ അതിന്റെ വിശദാംശങ്ങളിലേ യ്ക്കൊന്നും പോകുന്നില്ല. വി.സി. ഇരട്ട വേതനം വാങ്ങുന്ന

കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എങ്ങനെ യാണ് ന്യായീകരിക്കുന്നതെന്നറിയാൻ ഞങ്ങൾക്ക് കൗതുകമുണ്ട്. 1977–ലെ സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ രണ്ടാം ചാപ്റ്ററിൽ സർവ്വീസ് സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ലെങ്കിൽ കേരള സർവ്വീസ് നിയമ മായിരിക്കും സർവ്വകലാശാലയുടെ മറ്റെല്ലാ കാര്യങ്ങൾക്കും ബാധകമാണെന്ന ചട്ടമുണ്ട്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായി രുന്ന ശ്രീ. അബ്ദുൾ സലാമിനെ വൈസ് ചാൻസലറായി പുനർ നിയമനം നടത്തുകയാണ് ചെയ്തത്. അങ്ങനെ ഒരു പുനർ നിയമനം നടത്തുന്ന സമയത്ത് അവരുടെ ശമ്പളവും മറ്റുകാര്യങ്ങളുമൊക്കെ നിർണ്ണയിക്കപ്പെ ടേണ്ടത് എങ്ങനെയെന്ന് നിയമത്തിൽ കൃത്യമായി പറയുന്നുണ്ട്. അതനു സരിച്ച് നേരത്തെ ജോലി ചെയ്തിരുന്ന കാർഷിക സർവ്വകലാശാലയിൽനിന്ന് ക്ഷാമബത്തയും മെഡിക്കൽ അലവൻസും സ്പെഷ്യൽ അലവൻസും വാങ്ങുന്നതോടൊപ്പംതന്നെ കാലിക്കട്ട് സർവ്വകലാശാലയിൽനിന്നും മെഡി ക്കൽ അലവൻസും സ്പെഷ്യൽ അലവൻസുമെല്ലാം വാങ്ങുന്നത് തെറ്റാണ്. കെ. എസ്. ആർ അനുസരിച്ച് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും വാങ്ങുന്നതോടൊപ്പംതന്നെ മുൻപ് ജോലി ചെയ്തിരുന്ന കാർഷിക സർവ്വക ലാശാലയിൽനിന്ന് അടിസ്ഥാന പെൻഷൻ മാത്രമെ വാങ്ങാൻ പാടു ള്ളൂവെന്ന് വളരെ വ്യക്തമാണ്. ഇങ്ങനെ തെറ്റായ നിലയിൽ, സമൂഹത്തിനു തന്നെ അപമാനം വരുത്തുന്ന രീതിയിൽ വെട്ടിപ്പ് നടത്തുന്ന വൈസ് ചാൻസ ലർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രോ–ചാൻസലറായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചാൻസലറോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ തെറ്റായ നടപടിയെ ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ന്യായീകരി

ക്കുന്നുണ്ടോ? ഇത്രയധികം ചർച്ച ചെയ്യപ്പെട്ട വിഷയമായതുകൊണ്ട് ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിക്കണമെന്ന അഭിപ്രായമാണെനിക്കുള്ളത്. കുട്ടികളുടെ സ്വതന്ത്ര ചിന്തയ്ക്കും അവരുടെ സർവ്വ സർഗ്ഗാത്മകതയ്ക്കും അരങ്ങൊരുക്കുന്നതായിരിക്കണം ഒരു സർവ്വകലാശാല. എന്നാൽ ക്യാമ്പസ്സിലെ ജനാധിപത്യപരമായിട്ടുള്ള അന്തരീക്ഷത്തെ, സ്വതന്ത്ര ചിന്തയ്ക്ക് വളരാനും വികസിക്കാനുമുള്ള അന്തരീക്ഷത്തെ കശാപ്പുചെയ്യുകയാണ് ഈ വൈസ്ചാൻസലർ ചെയ്യുന്നത്.. ഒരു തരത്തിലുള്ള ഭീകര ഭരണമാണ് ഈ സർവ്വകലാശാലയിൽ നടക്കുന്നത്. രാഷ്ട്രീയ വ്യത്യാസത്തിനതീതമായി അവിടെയുള്ള എല്ലാ ജീവനക്കാരും അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചുനിന്ന് സമരം ചെയ്യുകയാണ്. ഗവൺമെന്റ് ആഗ്രഹിക്കുന്ന നിലയിലല്ല അവിടെ കാര്യങ്ങൾ നടക്കുന്നത്. ഒരു കക്ഷിയിൽപ്പെട്ടവരും വൈസ് ചാൻസലറെ പിന്തുണയ്ക്കുന്നില്ല. ഉദ്യോഗസ്ഥർ, പ്രൊഫസർമാർ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർക്കെല്ലാംകൂടി 1053 മെമ്മോകളാണ് ഈ വൈസ് ചാൻസലർ നൽകിയിരിക്കുന്നത്. എല്ലാവരേയും മെമ്മോ കൊടുത്ത് വിരട്ടിനിർത്തുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രദീപ് കുമാർ, 20 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയിൽനിന്ന് വി.സി.-യുടെ തീരുമാനം അംഗീകരിക്കാത്ത ആളുകളെ ഒഴിവാക്കുന്ന സാഹചര്യമാണുള്ളത്. വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പറഞ്ഞു, സാധാരണ എല്ലാ സർവ്വകലാശാലകളിലും റിസർച്ച് ചെയ്യുന്നതിന് 50 ശതമാനം മാർക്കും

ലക്ചറർ ആകാൻ 55 ശതമാനം മാർക്കും വേണം. ഇവിടെ അത് 50 ശതമായി കുറച്ചു. അത് എന്തായാലും ഗുണമേന്മ വർദ്ധിപ്പിക്കുനുദ്ദേശിച്ചു കൊണ്ടല്ലല്ലോ. അതുപോലെ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ അദ്ധ്യാപകരെ വാല്യുവേഷൻ ഡ്യൂട്ടിക്ക് നിയമിക്കുന്ന സാഹചര്യമുണ്ടായി ട്ടുണ്ട്. അതുപോലെ, 7 ലക്ഷത്തിലധികം രൂപയുടെ വീട്ടുസാധനങ്ങൾ സർവ്വകലാശാലയുടെ ചെലവിൽ വാങ്ങിയെന്ന് വി.സി.ക്കെതിരെ ഉയർന്നു വന്ന ആക്ഷേപത്തെക്കുറിച്ച് പ്രോപ്പർ ചാനലിലൂടെ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ? വിവരാവകാശ നിയമം അനുസരിച്ച് ലഭിച്ച വിവരങ്ങളാണ്. ഇതിന്റെ രേഖകൾ എന്റെ കൈവശമുണ്ട്, അതെല്ലാം ഇവിടെ വിസ്തരിക്കുന്നില്ല. ഇങ്ങനെ ഒരു വൈസ് ചാൻസലർ ഇതിനുമുമ്പാ യിട്ടുണ്ടോ? ഇദ്ദേഹം ബിസിനസ്സ് എക്സിക്യൂട്ടീവ് വിസ ഉപയോഗിച്ച് വിദേശത്തുപോയ സംഭവം ഈ നിയമസഭയിൽ ഞാൻതന്നെ ഉന്നയിച്ചപ്പോൾ അതിനെക്കുറിച്ച് അറിയില്ല എന്നാണ് അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. വൈസ് ചാൻസലർ എന്നുള്ള നിലയിലല്ലാതെ മറ്റേതോ സ്വകാര്യ കമ്പനികളുടെ സ്പോൺസർഷിപ്പിലാണ് വിദേശത്ത് പോയത്. കോൺടാക്ട് ക്ലാസുകളും ട്രെയിനിംഗും മറ്റും നടത്തുന്ന മുപ്പത്തിയഞ്ചോളം ഓവർസീസ് സെന്ററുകൾ നമുക്കുണ്ട്. അത്തരത്തിലുള്ള ഓവർസീസ് സെന്ററുകളെ കോഴ്സുകളും കോളേജുകളും നടത്തുന്ന രീതിയിൽ വൻ ഫീസ് വാങ്ങി കച്ചവടം നടത്തുന്ന ആളുകൾക്ക് കൊടുത്തിരിക്കുകയാണ്. അവരുടെ ചെലവിലാണ് വി.സി. വിദേശയാത്ര നടത്തിയത്. അതുസംബന്ധിച്ച് വിവാദ മുണ്ടായിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം വിദ്യാർത്ഥികൾക്ക് ലഭിച്ച മറുപടിയനുസരിച്ച് സർവ്വകലാശാലയിൽനിന്ന് അദ്ദേഹം ടി.എ. വാങ്ങിയിട്ടില്ല.

വൈസ് ചാൻസലർ പദവി അലങ്കരിക്കവെ അദ്ദേഹം വേറെ ഏത് ടി.എ. ഉപയോഗിച്ച്, ആർക്കുവേണ്ടിയാണ് ബിസിനസ്സ് എക്സിക്യൂട്ടീവ് വിസയിൽ വിദേശത്ത് പോയത് എന്നുള്ള കാര്യം അന്വേഷിക്കേണ്ടതല്ലേ? ഇപ്പോൾ അവിടെ സായുധ പോലീസിന്റെ സംരക്ഷണം ആവശ്യപ്പെട്ടതായി പറയുന്നു. ഏതായാലും ഒരു പട്ടാളക്യാമ്പിന് സമാനമായ രീതിയിലാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയെ മാറ്റിയിരിക്കുന്നത്. സ്വതന്ത്ര ചിന്തകൾ പൂത്തുലയുന്ന, മഹാപ്രതിഭകൾക്ക് ജന്മമേകാൻ കഴിയുന്ന തരത്തിലുള്ള ഒരന്തരീക്ഷവും കോഴിക്കോട് സർവ്വകലാശാലയിലില്ല. അവിടത്തെ എല്ലാ നന്മകളും സ്വതന്ത്ര ചിന്തയും സർവ്വ പ്രവർത്തനങ്ങളും താറുമാറായിരിക്കുന്ന സാഹചര്യമാണി പ്പോഴുള്ളത്. ഇവിടെ നേരത്തെ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. വി. ടി. ബൽറാം എന്നിവർ സംസാരിക്കുമ്പോൾ ഗവേഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെ നല്ല കാര്യങ്ങൾ പറഞ്ഞു. സർവ്വകലാശാല മികവിന്റെ കേന്ദ്രങ്ങളാക ണമെന്നും ഗവേഷണത്തിലൂടെ വലിയ മുന്നേറ്റമുണ്ടാക്കണമെന്നും പറഞ്ഞു. എന്നാൽ അതിനൊന്നിനും പറ്റിയ അന്തരീക്ഷമല്ല ഈ ഗവൺമെന്റ് നിശ്ചയി ച്ചിട്ടുള്ള വി.സി.-യുടെ നേതൃത്വത്തിൽ അവിടെ നടക്കുന്നത്. എന്റെ ഒരു സുഹൃത്തിന്റെ മകൻ ജപ്പാനിലെ ഒരു സർവ്വകലാശാലയിൽ റിസർച്ച് ചെയ്യു കയാണ്. കഴിഞ്ഞദിവസം ഇത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്ന സന്ദർഭത്തിൽ ഗവേഷണം നടത്തുന്ന ഡിപ്പാർട്ടുമെന്റിന്റെ ഹെഡ് വന്നി ട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ പറഞ്ഞത്, വന്നിട്ടുണ്ടാകും ഞാനിവിടെ കിടന്ന് ഉറങ്ങുകയായിരുന്നു എന്നാണ്. അവിടെയൊക്കെ റിസർച്ചിന്റെ ഭാഗ മായിള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ചിലപ്പോൾ രാത്രിയിലോ വൈകുന്നേ രങ്ങളിലോ ആയിരിക്കും, ഏത് സമയമെന്നൊന്നുമില്ല. എന്നാൽ ഇവിടെ 10 മണിക്ക് വന്ന് വൈകുന്നേരം 5 മണിക്ക് പോകണം എന്നുള്ള പഞ്ചിംഗ് സിസ്റ്റ

മാണുള്ളത്. ഞാൻ പറഞ്ഞുവന്നത്, ഗവേഷണം നടത്തുന്നവർക്ക് കുറച്ചു കൂടി സ്വാതന്ത്ര്യം നൽകണം. അവസാനം ലഭിക്കുന്ന പ്രോഡക്ടാണ് പ്രധാനം. സർവ്വകലാശാല ക്യാമ്പസ്സുകളിൽ സ്വതന്ത്ര ചിന്ത പൂത്തുലയുന്ന അന്തരീക്ഷം, സംഘടനാ സ്വാതന്ത്ര്യം, ആശയ പ്രകാശന സ്വാതന്ത്ര്യം തുടങ്ങിവയെല്ലാം ഉറപ്പുനൽകണം. ജനാധിപത്യത്തിന്റെ ബലത്തിൽ തെരഞ്ഞെടുക്കപ്പെട്ട നമുക്ക് അത് സംരക്ഷിക്കാൻ ബാധ്യതയുണ്ട്. ഇത്തരം ബില്ലിന്റെ ചർച്ച വേളയിലെങ്കിലും അത്തരം കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കണം. സർവ്വകലാശാലകൾക്ക് സംഭവിച്ചിട്ടുള്ള മൂല്യത്ത കർച്ചയ്ക്ക് പരിഹാരമുണ്ടാകണം.

നമ്മുടെ കോളേജുകളിലെ കാലഹരണപ്പെട്ട കോഴ്സുകൾ റീ-ഡി സൈൻ ചെയ്യണം. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സാദ്ധ്യതകളും ഇൻഫ്രാസ്ട്രച്ചറും പൂർണ്ണമായി ഉപയോഗിക്കുന്നില്ല. ഞാൻ പഠിച്ച കോളേജിൽ തന്നെ സോഷ്യോളി-മലയാളം കോഴ്സിൽ ഡബിൾ എം.എ. അതുപോലെ മറ്റു കോളേജിലും ഹിസ്റ്ററി-ഹിന്ദി കോഴ്സിൽ ഡബിൾ എം.എ. ഇതുതമ്മിൽ എന്ത് പൊരുത്തമാണുള്ളത്? ഇതൊക്കെ ഏതോ കാലത്ത് ആരുടേയോ താൽപ്പര്യത്തിന് സമന്വയിപ്പിച്ച ചില കോഴ്സുകളാണ്. ഹിസ്റ്ററിയും മലയാളവും സോഷ്യോളജിയുമെല്ലാം നല്ല വിഷയങ്ങളാണ്. അതിനകത്ത് ഏറ്റവും മികച്ച നിലയിലുള്ള വിദ്യാഭ്യാസമാണ് ആവശ്യം. ഇങ്ങനെ ഒരു പൊരുത്തവുമില്ലാത്ത വിഷയങ്ങളുണ്ടാക്കി ആരുടെയൊക്കെയോ പ്രൊമോഷനോ തസ്തികകൾക്കോ വേണ്ടി പണ്ട് കൂട്ടി യോജിപ്പിച്ച ഈ കോഴ്സുകളിൽ ചിലത് കാലഹരണപ്പെട്ടതാണ്. ഈ വിഷയ ങ്ങളെ പരിഷ്ക്കരിക്കുകയും പഠിക്കേണ്ടതും അത്യാവശ്യം തന്നെയാണ്. എന്നാൽ അതിനെ വേർതിരിച്ച് പുതിയ കാലത്തിനനുസൃതമായി ഡിസൈൻ

ചെയ്യണം. ലോകത്തിന്റെ തൊഴിൽ കമ്പോളത്തിൽ നമ്മുടെ കുട്ടികൾക്ക് ഒരുപാട് അവസരങ്ങൾ പ്രധാനം ചെയ്യാൻ ഉതകുന്ന നവീനമായ കോഴ്സുകളായ ശാസ്ത്ര സാങ്കേതിക വിഷയങ്ങളും സാമൂഹ്യ ശാസ്ത്ര വിഷയങ്ങളും സാഹിത്യ സംബന്ധമായ വിഷയങ്ങളും എല്ലാം തന്നെ ലഭിക്കുന്നത് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലാണ്. അതുകൊണ്ട് അവയെ നമ്മൾ പ്രോത്സാഹിപ്പിക്കുന്നു.. ഇന്ന് ആർട്സ് ആന്റ് സയൻസ് കോളേജുകൾ കേരളത്തിൽ ധാരാളമുണ്ട്. അവിടത്തെ കോഴ്സുകൾ ആർക്കും വേണ്ടാത്ത നിലയിലാണ്. അതിനാൽ എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെപ്പോലെ മികച്ച കോഴ്സുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും നിലവിലുള്ള കോഴ്സുകളെ റീ-ഡിസൈൻ ചെയ്യുന്നതിന് സർക്കാർ മുൻകൈ എടുക്കുകയും ചെയ്യണം. ഇവിടെയുള്ള മറ്റ് എല്ലാ യൂണിവേഴ്സിറ്റികളുടെയും കാര്യത്തിലും ഈ പ്രശ്നങ്ങൾ ഉണ്ട്, അവയെല്ലാം ഞാൻ വിശദീകരിക്കുന്നില്ല. എം.ജി. യൂണിവേഴ്സിറ്റിയിൽ സംഭവിച്ച കാര്യവും ഇതുതന്നെയാണ്. ഒരു ബോർഡോ കോർപ്പറേഷനോ വീതം വയ്ക്കുന്ന ലാഘവത്തോടെ വൈസ് ചാൻസലർ സ്ഥാനം വീതം വയ്ക്കുകയും ഒരു പി.എസ്.സി. പരീക്ഷ നടത്തി പ്യൂണിനെ നിയമിക്കുമ്പോൾ അയാളുടെ സർട്ടിഫിക്കറ്റും മറ്റും വെരിഫൈ ചെയ്യുന്നതുപോലുള്ള ഗൗരവംപോലും കാണിക്കാതെ ഒരു വൈസ് ചാൻസലറെ നിയമിക്കുകയും ചെയ്തതിന്റെ ഭാഗമായാണ് ഉന്നത വിദ്യാഭ്യാസ മേഖലയക്കാകെ അപമാനം വരുത്തിവയ്ക്കുന്ന നിലയിൽ ഒരു വൈസ് ചാൻസലറെ പുറത്താക്കേണ്ട സാഹചര്യമുണ്ടായത്. ആ വിവാദത്തിന് വലിയ വില കൊടുക്കേണ്ടിവന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി അവിടെ എല്ലാ പ്രവർത്തനങ്ങളും സ്തംഭിച്ചു. കണ്ണൂർ വൈസ് ചാൻസലറുടെ

കാര്യത്തിലും ഇതുപോലുള്ള ഒരു പ്രശ്നമുണ്ടായി. വ്യാജ രേഖ ചമച്ചാണ് അദ്ദേഹം ഡോക്ടറേറ്റ് ബിരുദം നേടിയത്. അതിന്റെ എല്ലാ തെളിവുകളും ഇപ്പോൾ വന്നിട്ടുണ്ട്. ഞാനത് കൂടുതൽ വിശദീകരിക്കുന്നില്ല. അതിൽ ഏറ്റവും രസകരമായ കാര്യമെന്ന് പറയുന്നത്, കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ ഇംഗ്ലീഷ് ലക്ചററായിരുന്ന അദ്ദേഹം തലശ്ശേരി ബ്രണ്ണൻ കോളേജിലെ സെന്റർ ഉപയോഗിച്ചാണ് റിസർച്ച് നടത്തിയത്. പക്ഷേ തലശ്ശേരി ബ്രണ്ണൻ കോളേജിൽ അദ്ദേഹം ഗവേഷണത്തിനായി ഒരു ദിവസം പോലും പോയിട്ടില്ല. എന്നാൽ അറ്റൻഡൻസ് ഉണ്ടാക്കാൻ വേണ്ടി കലണ്ടറിൽ ഇല്ലാത്ത ദിവസങ്ങളാണ് (2003 ഫെബ്രുവരി 29, സെപ്റ്റംബർ 31 എന്നിങ്ങനെ) രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. സ്വന്തം കോളേജിൽ എല്ലാ ദിവസങ്ങളിലും അറ്റൻഡൻസ് രജിസ്റ്ററിൽ അദ്ദേഹം ഒപ്പ് വച്ചിട്ടുണ്ട്. അതു കൊണ്ട് ആ ദിവസങ്ങളിൽ ഗവേഷണത്തിനു പോകുന്നതായി തെളിവ് കൊണ്ടുവരാൻ പറ്റില്ല. പിന്നീട് നോക്കിയപ്പോൾ കലണ്ടറിൽ ഇല്ലാത്ത ദിവസങ്ങളാണ് കണ്ടെത്തിയത്. ഇതുപോലെയുള്ള വലിയ തട്ടിപ്പുകാരെ എങ്ങനെയാണ് വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുന്നത്? തെരഞ്ഞെടുപ്പിൽ മത്സരിച്ച് എം.പി. ആകാൻ കഴിഞ്ഞില്ലെങ്കിൽ ഒരു വൈസ് ചാൻസലർ ആയിക്കോളൂ എന്ന ലാഘവത്തിൽ ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കെ.പി.സി.സി.-യുടെ സെക്രട്ടറി ആയിരുന്ന ജ്യോതി കുമാർ ചാമക്കാലയെന്ന സെനറ്റ് മെമ്പറെ പുറത്താക്കുന്നതിനുവേണ്ടി കേരള സർവ്വകലാശാല ചാൻസലറോട് ശുപാർശ ചെയ്തിട്ടുണ്ട്. ട്രസ്റ്റിന്റെ പേരിൽ ഒരു ഭൂമി കാണിച്ച് ബി.എഡ് കോഴ്സിന് അംഗീകാരം വാങ്ങിച്ചു. പിന്നീട് അയാൾ ആ ഭൂമി

മറിച്ച് വിൽക്കുകയും അങ്ങനെ ഈ വിഷയം വിവാദമാകുകയും ചെയ്തു. കോഴ്സിന് അംഗീകാരം ലഭിക്കാൻ വേണ്ടി ഭൂമി കൃത്രിമമായി കാണിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് സർവ്വകലാശാല പി.വി.സി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി പോയിരിക്കുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ജ്യോതി കുമാർ ചാമക്കാല എന്ന ആൾ ഇപ്പോൾ സെനറ്റ് മെമ്പറാണ്, സിൻഡിക്കേറ്റിലും വന്നിട്ടുണ്ട്. അഫിലിയേഷനില്ലാത്ത കോളേജിന്റെ പേരിലാണ് അദ്ദേഹം യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചതന്നെ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടു. ഞാൻ അക്കാര്യങ്ങൾ തന്നെയാണ് പറഞ്ഞു വരുന്നത്. ഇത്തരത്തിലുള്ള ആളുകളെയാണ് സർവ്വകലാശാല നയിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. അതു കൊണ്ടാണ് എല്ലാ അരുതായ്മകളും അധാർമ്മികമായ കാര്യങ്ങളും സർവ്വകലാശാലകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്,. സംഭവിച്ചതെല്ലാം സംഭവിച്ചു കഴിഞ്ഞു. ഇനിയെങ്കിലും നമ്മുടെ സർവ്വകലാശാലകളെ രക്ഷപ്പെടുത്താനും അവയുടെ പവിത്രതയും പരിശുദ്ധിയും സമ്പന്നമായ പാരമ്പര്യവുമെല്ലാം ഉയർത്തിപ്പിടിക്കാനും കഴിയുന്ന നിലയിൽ ധീരമായ ചുവടു വയ്ക്കാൻ സന്നദ്ധമാകണം. ഇവിടെ പറഞ്ഞ ഓരോ ആരോപണങ്ങളും ആക്ഷേപങ്ങളും നിയമാനുസൃത മാർഗ്ഗത്തിലൂടെ പരിശോധിക്കാനും അനർഹരായവരെ ഒഴിവാക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ സർവ്വ കൊള്ളരുതായ്മകളുടെയും വിളനിലായി നമ്മുടെ സർവ്വകലാശാലകൾ മാറും. സർവ്വകലാശാലകളുടെ ജനാധിപത്യം

നശിപ്പിച്ചുകൊണ്ട്, അതിന്റെ സ്വയംഭരണത്തെ സംബന്ധിച്ച ഉദാത്തമായ കാഴ്ച്ചപ്പാടിന്റെ ഗളച്ഛേദം നടത്തി, സർവ്വകലാശാലയുടെ എല്ലാ നന്മകളേയും ഉൻമൂലനം ചെയ്യുന്ന നിലയിലാണ് ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്. അതിനോട് ചേർന്നുപോകുന്ന ചില ഭേദഗതികൾ ഈ ബില്ലിലുണ്ട്. അവ പിൻവലിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ബില്ലിൽ ആവശ്യപ്പെട്ടിട്ടുള്ള ഭേദഗതികളെ സംബന്ധിച്ച് എതിരാഭിപ്രായങ്ങളൊന്നും വരാത്തതിനാൽ ഇതിനെ എല്ലാവരും സ്വാഗതം ചെയ്യുന്നു എന്നതിന്റെ തെളിവായി ഞാൻ കാണുകയാണ്. ഈ ബില്ലിന് പുറത്തുള്ള കാര്യങ്ങൾ, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളും മറ്റു വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളുമാണ് ഇവിടെ എല്ലാവരും ചർച്ച ചെയ്തത്. വൈസ് ചാൻസലർമാരുടെ കാര്യങ്ങളെ സംബന്ധിച്ചാണ് ഇവിടെ പ്രധാനമായും ഉന്നയിക്കപ്പെട്ടത്. വൈസ് ചാൻസലർ നിയമനവും അതിന്റെ നടപടിക്രമങ്ങളുമൊന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി കൊണ്ടുവന്നതല്ല, നേരത്തെയുള്ള കാര്യങ്ങളാണ്. യു.ജി.സി. യുടെ നോമിനിയും ഗവർണ്ണറുടെ നോമിനിയും സെനറ്റിന്റെ മെമ്പറും എല്ലാവരുമടങ്ങുന്ന സെർച്ച് കമ്മിറ്റിയാണ് വി.സി. മാരുടെ പാനൽ തയ്യാറാക്കുന്നത്. അതിൽനിന്ന് ചാൻസലർ കൂടിയായ ഗവർണ്ണറാണ് വൈസ് ചാൻസലർമാരെ നിയമിക്കുന്നത്. നേരത്തെ ഉണ്ടായിരുന്ന ആ സിസ്റ്റം തന്നെയാണ് ഇപ്പോഴും തുടർന്നുവരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിൽ പ്രത്യേകമായ ഒരു മാറ്റവും വരുത്തിയിട്ടില്ല. എം.ജി. വൈസ്

ചാൻസലറുടെ കാര്യം ഇവിടെ പറഞ്ഞു, ചാൻസലർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ചാൻസലറാണ് അവരെ പുറത്താക്കിയത്. വി.സി.യെ നിയമിക്കാനും പുറത്താക്കാനുമുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്ത മാണ്. കാലിക്കറ്റ് വി.സി. യെ സംബന്ധിച്ച കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. ഇന്നലെയാണ് അതുസംബന്ധിച്ച് രേഖാമൂലമുള്ള പരാതികൾ ലഭിച്ചത്. ഇന്നലെത്തന്നെ അത് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് കൊടുക്കുകയും ചെയ്തു. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് വാങ്ങി അതിന്മേൽ നിയമപരമായ നടപടി സ്വീകരിക്കും, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യ ങ്ങളിലും അവസാന തീരുമാനമെടുക്കാനുള്ള അധികാരം ബഹുമാനപ്പെട്ട ഗവർണ്ണർക്കാണ്. കോഴിക്കോട് വി.സി.യുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകളെ സംബന്ധിച്ച് പറയുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടുകൾ ലഭിച്ചാൽ മാത്രമേ ഗവൺമെന്റിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു. മെമ്പർമാർ സൂചിപ്പിച്ചതുപോലെ എഞ്ചിനീയറിംഗ് കോളേജുകളുടെ ആധിക്യം ഒരു ശരിയായ വസ്തുത തന്നെയാണ്. എ.ഐ.സി.റ്റി. ഇപ്പോഴും പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി കൊടുത്തുകൊണ്ടിരിക്കുകയാണ്. എ.ഐ.സി.റ്റി. തീരുമാനിച്ചതിനേ ക്കാൾ കൂടുതൽ മാർക്കുള്ള കുട്ടികൾക്ക് മാത്രമേ എഞ്ചിനീയറിംഗ് കോളേജു കളിൽ പ്രവേശനം നൽകാൻ പാടുള്ളൂവെന്ന നിർദ്ദേശം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. അതിനുപുറമേ എം.ടെക്., എം.സി.എ., എം.ബി.എ. തുടങ്ങിയ കോഴ്സുകൾ എഞ്ചിനീയറിംഗ് കോളേജുകളിൽ അനുവദിച്ചിട്ടുണ്ട്. കോളേജുകളിലെ കോഴ്സുകളെ സംബന്ധിച്ച് ഇവിടെ മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. 13 വർഷത്തിനുശേഷം ആദ്യമായി, ഈ

കാലഘട്ടത്തിനനുസൃതമായ ന്യൂ ജനറേഷൻ കോഴ്സുകളുൾപ്പെടെ 300 ഓളം പുതിയ കോഴ്സുകൾ സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലുമായി അനുവദിച്ചത് ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ്. അതിനുപുറമേ 22 പുതിയ കോളേജുകൾ തുടങ്ങി. അവിടെയും പുതിയ കോഴ്സുകൾ അനുവദിച്ചു. ഇങ്ങനെയെല്ലാം, ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ കുട്ടികൾക്ക് കൂടുതൽ പഠന സൗകര്യമുണ്ടാക്കാൻ ആവശ്യമായ പരിശ്രമങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. സംവരണത്തെ സംബന്ധിച്ചും ഇവിടെ പറയുകയുണ്ടായി. സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ ഒരു പ്രശ്നമാണ് ഈ അമന്റ്മെന്റ് കൊണ്ടുവരാൻതന്നെ കാരണം. സംവരണ നയത്തിലോ തത്വത്തിലോ കാറ്റഗറിയിലോ നേരത്തെ ഉണ്ടായിരുന്ന നിബന്ധനകളും നിയമങ്ങളുമെല്ലാതെ പുതുതായി ഒരു കാര്യവും ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടില്ല. ഏത് യൂണിവേഴ്സിറ്റി ആണെങ്കിലും ആ യൂണിവേഴ്സിറ്റിക്ക് അതിന്റേതായ പരമാധികാരമുണ്ട്. അക്കാഡമിക് കൗൺസിൽ/ ബോർഡ് ഓഫ് സ്റ്റഡീസ്/ സിൻഡിക്കേറ്റ്/ സെനറ്റ്-ന്റെ അധികാരങ്ങളും തീരുമാനങ്ങളും നടപടികളുമാണ് യൂണിവേഴ്സിറ്റികൾ അംഗീകരിക്കുന്നത്. കോഴിക്കോട് സർവ്വകലാശാലയിലെ ഫാൾസ് നമ്പറിന്റെ കാര്യം ഇവിടെ പറഞ്ഞു. വൈസ് ചാൻസലർക്ക് ഒറ്റയ്ക്ക് ഫാൾസ് നമ്പർ വേണ്ട എന്ന് തീരുമാനിക്കാൻ കഴിയില്ല. അവിടത്തെ ബന്ധപ്പെട്ട ബോഡി അത് തീരുമാനിച്ചോ ഇല്ലയോ എന്ന് അറിയണമെന്നുണ്ടെങ്കിൽ അതിനെതിരായിട്ടുള്ള എതിരഭിപ്രായങ്ങളുണ്ടാകണം. അതിനെതിരായി നിയമസഭയിൽ മെമ്പർമാർ പറഞ്ഞതല്ലാതെ ഒരു വിമർശനവും ഇതുവരെ കോഴിക്കോട് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട്

കേൾക്കാൻ കഴിഞ്ഞിട്ടില്ല. മെമ്പർമാർ ഉന്നയിച്ച സ്ഥിതിക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വി.എസ്. സുനിൽ കുമാർ: .........(മൈക്ക് ഓഫ്) ..........

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, യു.ജി.സി യോ ഗവൺമെന്റോ തീരുമാനിക്കുന്ന ശമ്പളവും അലവൻസും കൊടുക്കാനുള്ള ബാദ്ധ്യതയുണ്ട്. അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ അത് പരിശോധിക്കാം. കിട്ടാനർഹതയുള്ളത് കിട്ടിയില്ലെങ്കിൽ അതിന് കോടതിയും ലിറ്റിഗേഷനുമൊക്കെയുണ്ടാകുമല്ലോ. ആരും അങ്ങനെയൊരു പരാതി ഉന്നയിച്ചതായി അറിയില്ല. അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കാം. ഇത്രയും കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: .......... (മൈക്ക് ഓഫ്) ............

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, അത് സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. ഇരട്ട ശമ്പളത്തിന്റെ കാര്യവും അവിടെ നടന്നുകൊണ്ടിരിക്കുന്ന മറ്റ് കാര്യങ്ങളെയും കുറിച്ച് എല്ലാ യൂണിയനുകളുംകൂടി സംയുക്തമായി സമർപ്പിച്ച നിവേദനം കഴിഞ്ഞദിവസം എനിക്ക് കിട്ടിയിരുന്നു. ഇന്നലെത്തന്നെ അത് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഒരാഴ്ചക്കുള്ളിൽ അദ്ദേഹത്തോട് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഗവൺമെന്റ് തലത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. ചാൻസലർക്കും അവർ നിവേദനം കൊടുത്തിട്ടുണ്ടെന്നാണ് എന്നോട് പറഞ്ഞത്. ചാൻസലറും അതിന്റേതായ രീതിയിൽ നടപടികൾ സ്വീകരിക്കും എന്നാണ് ഞാൻ മനസിലാക്കുന്നത്.

ശ്രീ. എ.കെ. ബാലൻ: സർ, ..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സീറ്റിൽ ഇരുന്നാൽ മാത്രമേ മൈക്ക് അനുവദിക്കുകയുള്ളൂ.

ശ്രീ. എ.കെ. ബാലൻ: സർ, ഒരു പ്രോ വൈസ് ചാൻസലർ അഴിമതിക്കാരനാണെന്നും അത് സംബന്ധിച്ചുള്ള രേഖകൾ വച്ചുകൊണ്ട് ഗവർണ്ണർക്ക് പരാതി കൊടുത്തിട്ടുണ്ടെന്നും ക്യാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പ് ഈ ചർച്ചയ്ക്കിടയിൽ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. അതുമായി ബന്ധപ്പെട്ട് ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ അഭിപ്രായം ഈ സഭയ്ക്ക് അറിയേണ്ടതായിട്ടുണ്ട്.

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ആ വിഷയത്തിൽ ഞാൻ പ്രത്യേകിച്ച് അഭിപ്രായം പറയേണ്ട കാര്യമില്ല. ചാൻസലർക്കാണ് പരാതി കൊടുത്തതെന്ന് അദ്ദേഹം തന്നെ പറഞ്ഞു. ചാൻസലർ പരാതി പരശോധിച്ച് നടപടി സ്വീകരിക്കും എന്നതല്ലാതെ വാക്കാൽ പോലും അദ്ദേഹം എന്നോട് ഇങ്ങനെയൊരു കാര്യം സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഞാൻ അങ്ങയുടെ ചോദ്യത്തിന് മറുപടി പറയേണ്ട ആവശ്യമില്ല.

ശ്രീ. ഇ.പി. ജയരാജൻ: ........ (മൈക്ക് ഓഫ്) ............

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഉന്നയിച്ച വിഷയത്തിന്റെ സത്ത എന്താണെന്നറിയാതെ എങ്ങനെയാണ് ഞാൻ പറയുന്നത്. അദ്ദേഹം പറഞ്ഞത് തെറ്റാണെന്നോ ശരിയാണെന്നോ ഞാൻ പറയേണ്ട കാര്യമില്ല. ആർക്കും എന്തും എഴുതിക്കൊടുക്കാനും അത് ബന്ധപ്പെട്ട അധികാരികൾക്ക് പരിശോധിക്കാനുമുള്ള അവകാശമുണ്ട്. ബഹുമാന്യനായ ചീഫ് വിപ്പ് എഴുതിക്കൊടുത്തിട്ടുള്ളത് ഗവർണ്ണർക്കാണ്. ഗവർണ്ണർ അതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കും. അക്കാര്യത്തിൽ ഞാൻ ഒന്നും പറയേണ്ട കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാന്യനായ പി.സി. ജോർജ് ക്യാബിനറ്റ് റാങ്കിലുള്ള ഗവൺമെന്റ് ചീഫ് വിപ്പാണ്. മന്ത്രിമാർക്കുള്ള എല്ലാ പദവിയിലുമിരിക്കുന്ന മാന്യനായ ഒരു വ്യക്തി ഈ നിയമസഭയിലുന്നയിച്ച ആരോപണം സംബന്ധിച്ച് മന്ത്രി അന്വേഷിക്കാൻ തയ്യാറുണ്ടോ? അതോടൊപ്പംതന്നെ അദ്ദേഹം ചാൻസലർക്കാണ് കത്ത് കൊടുത്ത്. ചാൻസലർക്ക് കത്ത് കൊടുത്താൽ അതിൽ അദ്ദേഹം സ്വയം തീരുമാനമെടുക്കുകയില്ല. ചാൻസലർ അക്കാര്യം ഗവൺമെന്റിനെ അറിയിക്കും. ആ കത്ത് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സഭയിൽ പറഞ്ഞപ്പോഴാണ് ഇക്കാര്യം അറിയുന്നത്. ഇന്ന് രാവിലെവരെ എനിക്ക് ഗവർണറുടെ കത്ത് ലഭിച്ചിട്ടില്ല. ചീഫ് വിപ്പാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് അദ്ദേഹം കത്ത് കൊടുത്തതും സ്വീകരിച്ച ഗവർണ്ണർക്കും അദ്ദേഹം ചീഫ് വിപ്പാണെന്ന് അറിയാം. ഗവർണ്ണർ നടപടി സ്വീകരിക്കട്ടെ.

ഭേദഗതി ബില്ലിനെ സംബന്ധിച്ച് വളരെ അനുകൂലമായ നിലപാടാണ് എല്ലാവരും സ്വീകരിച്ചത്. ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്നു. രാഷ്ട്രീയമായി പറഞ്ഞിട്ടുള്ള കാര്യങ്ങളെ രാഷ്ട്രീയമായിത്തന്നെ കാണുന്നു. അതിന് ഞാൻ മറുപടി പറയുന്നില്ല. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഡോ. കെ.ടി. ജലീൽ, സർവ്വകലാശാലാ ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.റ്റി. ബൽറാം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## 2. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: 2014-ലെ സർവ്വകാലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ നവീനവും പരീക്ഷണാത്മകവുമായ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്വയംഭരണകോളേജുകൾക്കായി പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് 2007-ൽ യു.ജി.സി രൂപം നൽകിയിരുന്നു. അതിൻപ്രകാരം 11-ാം പദ്ധതി കാലയളവിൽ തങ്ങളുടെ കീഴിലുള്ള 10 ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണം നൽകുന്നതിനായി യു.ജി.സി സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും പ്രോത്സാഹനം നൽകിയിട്ടുള്ളതാണ്. അതിന്റെ ഫലമായി 21 സംസ്ഥാനങ്ങളിലെ 84 സർവ്വകാലാശാലകൾക്കുകീഴിലായി 441 കോളേജുകൾ സ്വയംഭരണ പദവി നേടി മികച്ച അക്കാദമിക് പ്രവർത്തനങ്ങളുമായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിലാണ് ബാംഗ്ലൂർ നാഷണൽ ലോ സ്കൂൾ സ്ഥാപക ഡയറക്ടറും പ്രമുഖ നിയമ വിദ്യാഭ്യാസ വിദഗ്ദ്ധനുമായ പ്രൊഫസർ എൻ.ആർ. മാധവ മേനോൻ അദ്ധ്യക്ഷനായ സമിതിയെ സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചത്.

പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2014–15 അദ്ധ്യയന വർഷം മുതൽ അർഹമായ കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണ അവകാശം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. അക്കാഡമിക് സ്വയംഭരണ അവകാശം ലഭിക്കുന്നതിനായി കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിനും സ്വയംഭരണാവകാശം സംബന്ധിച്ച് പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിനും നിയമവകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട രണ്ടംഗ സമിതിയും രൂപീകരിച്ച് ഉത്തരവായിരുന്നു. സ്വയംഭരണ കോളേജുകൾ അക്കാഡമിക് സ്വയംഭരണ അവകാശം സംബന്ധിച്ച് പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കട്ട്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ ആക്ടുകളിൽ ഉൾപ്പെടുത്തി സർക്കാർ 56/2013 ആയി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓർഡിനൻസിനു പകരമായി കേരളത്തിലെ സർവ്വകലാശാലകളിലെ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനാണ് ഈ ബിൽ. ഇത് സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

Sri. R. Rajesh : Sir, I move that-

"This House resolves to disapprove The University Laws (Third Amendment) Ordinance, 2014 (Ordinance No.4 of 2014)"

കോളേജുകൾക്ക് സ്വയംഭരണ അവകാശം കൊടുക്കുക എന്നുള്ളത് നവീനവും പരീക്ഷണാടിസ്ഥാനത്തിലുമുള്ളതാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രമേയം അവതരിപ്പിച്ച് ആദ്യ വാചകത്തിൽ സൂചിപ്പിച്ചത്. ഇത് രണ്ടും ആപത്ക്കരമാണ്. നവീനം ആപത്ക്കരമാണെന്ന അഭിപ്രായം എനിക്കില്ല. എന്നാൽ

അത് നവീനമല്ല. 1970 മുതലാണ് ഓട്ടോണമിയെ സംബന്ധിച്ചുള്ള ചർച്ച രാജ്യത്താകെ രൂപപ്പെട്ട് വരുന്നത്. ഏതാണ്ട് 44 വർഷക്കാലത്തെ വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കുശേഷം നവീനം എന്ന് അങ്ങ് വിശേഷിപ്പിച്ച 44 വർഷക്കാലത്തിനുള്ളിൽ രാജ്യത്ത് ഏതാണ്ട് 32000–ത്തോളം വരുന്ന കോളേജുകളിൽ അങ്ങ് സൂചിപ്പിച്ചതുപോലെ 441 കോളേജുകളിൽ മാത്രമാണ് ഇന്ന് ഓട്ടോണമി എന്ന ഓമനപ്പേരുള്ള വിദ്യാഭ്യാസ നയം നിലവിലുള്ളത്. പരിക്ഷണാടിസ്ഥാനത്തിലുള്ളതാണെന്ന അങ്ങയുടെ വാദം ശരിയാണ്. 22–1–2014–ൽ നിയമസഭയിലെ അംഗം ശ്രീ. റ്റി.വി. രാജേഷ് ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ ഓട്ടോണമിയെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കുള്ള ആശങ്കയെക്കുറിച്ച് സൂചിപ്പിച്ചു. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങയിൽ നിന്ന് കേരളം കാതോർത്ത ഒരു വാക്ക് ഇതിനെ സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതായിരുന്നു, അല്ലെങ്കിൽ പരിഹരിക്കപ്പെടുന്ന നിലയിലുള്ള ഒരു മറുപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്. എന്നാൽ ആ നിലയിൽ ആയിരുന്നില്ല 22–1–2014–ൽ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകിക്കൊണ്ട് അങ്ങ് സൂചിപ്പിച്ചത്. അങ്ങയുടെ ആദ്യത്തെ വാചകം ഇത് പരാജയപ്പെട്ടോട്ടെ എന്നായിരുന്നു. മറുപടി എന്റെ കയ്യിലുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് സൂചിപ്പിച്ചതുപോലെ നവീനമായിട്ടുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇത്തരം പരിക്ഷണാടിസ്ഥാനത്തിലുള്ള സമ്പ്രദായം കൊണ്ടുവരുമ്പോൾ അത് പരാജയപ്പെട്ടോട്ടെയെന്ന നിലയിൽ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഒരു ഗവൺമെന്റ് ഇത് ആവിഷ്ക്കരിക്കാൻ പാടില്ലെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അതുകൊണ്ടാണ് ഓട്ടോണമിയെക്കുറിച്ച് വിശദമായ ചർച്ച, നല്ല പഠനം ഇതിന്റെ ഭാഗമായി ഉണ്ടാക

ണമെന്ന് സൂചിപ്പിച്ചത്. അങ്ങനെയൊരു പഠനം ഉണ്ടായിട്ടില്ലെന്ന് ആമുഖ മായി സൂചിപ്പിക്കുകയാണ്. അതിനുമുമ്പ് ഇതിനെ സംബന്ധിച്ചല്ലാത്ത വിവരം കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അത് മാതൃഭൂമി ദിനപ്പത്രത്തിൽ ഇന്ന് വന്ന വാർത്തയാണ്. പ്ലസ് ടു വിന്റെ പാഠപുസ്തക വിതരണം വൈകു ന്നുവെന്നുള്ളതാണ്. ഇവിടെ യൂണിവേഴ്സിറ്റിയെക്കുറിച്ച്, വൈസ് ചാൻസല റെക്കുറിച്ച്, വിദ്യാഭ്യാസ മേഖലയെക്കുറിച്ചൊക്കെ വലിയ ആക്ഷേപമുള്ള പ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്ലസ് ടു, ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരുന്ന കുട്ടികൾ പഠിക്കുന്ന പ്ലസ് ടു കോഴ്സ് ആരംഭിച്ചിട്ട് ഒരു മാസ മായി. ഇതുവരെ പാഠപുസ്തകം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞി ട്ടില്ല. പ്ലസ് ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകം സമയത്ത് കൊടുക്കാൻ കഴിയാത്ത ഗവൺമെന്റിന് എങ്ങനെയാണ് വിദ്യാഭ്യാസ മേഖലയിൽ കാത ലായ മാറ്റങ്ങൾ വരുത്താൻ കഴിയുന്നത്?

ശ്രീ. എ.കെ. ബാലൻ : സർ, കഴിഞ്ഞ അക്കാഡമിക് ഇയറിൽ കുട്ടി കൾക്ക് യൂണിഫോം കൊടുത്തിട്ടില്ലെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ആർ. രാജേഷ് : സർ, യൂണിഫോം വിദ്യാർത്ഥികൾക്ക് കൊടുത്തി ട്ടില്ലെന്നുള്ളത് അക്ഷരാർത്ഥത്തിൽ ശരിയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗ ത്തിൽ കെ.എം. മാണിസാർ 116 കോടി രൂപ കേരളത്തിലെ സ്കൂൾ കുട്ടി കൾക്ക് യൂണിഫോം കൊടുക്കുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ടെന്ന് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ ചോദിക്കുന്നു, ആ 116 കോടി രൂപ കഴിഞ്ഞ വർഷം എന്തിനുവേണ്ടിയാണ് വിദ്യാഭ്യാസ വകുപ്പ് ചെലവഴിച്ചത്? xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

xxxxxxxxxxxxxxxxxxxxxxxxxxxxxx [1] ഒരു ഗവൺമെന്റ് ആഗ്രഹിക്കുന്നത് സുതാര്യമായി ഇത്തരം കാര്യങ്ങൾ ചെയ്യണമെന്നതാണ്.

[2] xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx.

<u>ശ്രീ. സാജു പോൾ</u> : സർ, കഴിഞ്ഞ അസംബ്ലിയിൽ യൂണിഫോമിന്റെ പ്രശ്നം ഞാൻ ഉന്നയിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, സ്കൂൾ പൂട്ടുന്നതിന് മുമ്പ് കൊടുക്കുമെന്നാണ്. പക്ഷേ, സ്കൂൾ പൂട്ടിയപ്പോഴും കൊടുത്തില്ല. നമ്മൾ ആരെങ്കിലും വീട്ടിൽ നിന്നും പോരുമ്പോൾ കാരണവന്മാർ ആരെങ്കിലും മരുന്ന് വാങ്ങിക്കൊണ്ട് വരാൻ പറഞ്ഞാൽ തിരികെ ചെല്ലുമ്പോൾ ഇല്ലെന്ന് പറയുകയും അപ്പൻ മരിക്കുന്നതിന് മുമ്പ് മരുന്ന് തരാമെന്ന് പറയുന്നതുപോലെയാണ് യൂണിഫോമിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്നറിയാമോ?

<u>ശ്രീ. ആർ. രാജേഷ്</u> : സർ, യൂണിഫോമും പാഠപുസ്തകവും ഒന്നുമില്ലാത്ത ഒരു നാട്ടിൽ അക്കാഡമിക് ഓട്ടോണമി വരുന്നതിൽ എന്താണ് കാര്യം.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, ഒരദ്ധ്യായന വർഷം അവസാനിക്കുന്ന പരീക്ഷയുടെ തലേദിവസമാണ് കഴിഞ്ഞ ഗവൺമെന്റ് പാഠപുസ്തകം നൽകിയതെന്ന കാര്യം ഓർമ്മയുണ്ടോ; അതും ഫോട്ടോകോപ്പിയാണ് കൊടുത്തത്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, പാഠപുസ്തകങ്ങൾ തെരുവിലിട്ട് കത്തിച്ചവർക്ക് പാഠപുസ്തകം വൈകിയതിനെക്കുറിച്ച് പറയാൻ എന്താണ് അവകാശം. 2013 ഡിസംബർ മാസം 13-ാം തീയതി വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ കമ്മിറ്റിയാണ് സ്വയംഭരണത്തെ സംബന്ധിച്ച ശുപാർശ

---

[1] നീക്കംചെയ്തു
[2] നീക്കംചെയ്തു

കൊടുത്തത്. ഇതിനെ സംബന്ധിച്ച് വിശദമായി എൻ.ആർ. മാധവ മേനോൻ കമ്മിറ്റി പഠനം നടത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഒരു പഠനവും നടത്തിയിട്ടില്ല. ധൃതിപിടിച്ചുള്ള റിപ്പോർട്ടാണ് അക്കാഡമിക് ഓട്ടോണമി കൊടുക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെയൊരു പഠനം നടത്തുമ്പോൾ നിലവിലുള്ള കോളേജുകളുടെ അവസ്ഥ പരിശോധിക്കണം. അക്കാഡമിക് സമൂഹവുമായി, അദ്ധ്യാപകരുമായി, വിദ്യാർത്ഥികളുമായി ഇതിനെ സംബന്ധിച്ചുള്ള ആശയ സംവാദം നടത്തണം. ആ ആശയ സംവാദത്തിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന മഹത്തായ ആശയം നടപ്പിലാക്കുന്നതിൽ ഞങ്ങൾക്കാർക്കും ..........

ശ്രീ. വി.ഡി. സതീശൻ : സർ, പോയിന്റ് ഓഫ് ഓഡർ. റൂൾ 285 അനുസരിച്ച്, ബഹുമാനപ്പെട്ട സ്പീക്കർക്ക് മുൻകൂട്ടി എഴുതിക്കൊടുത്തിട്ട് വേണം അഴിമതി ആരോപണം ഉന്നയിക്കാൻ. ഇവിടെ യൂണിഫോമുമായി ബന്ധപ്പെട്ട അഴിമതി ബഹുമാനപ്പെട്ട മെമ്പർ ആരോപിച്ചിരിക്കുകയാണ്. അത് റൂൾസ് ഓഫ് പ്രൊസീഡ്യുവറിന് എതിരാണ്. ഒന്നുകിൽ അദ്ദേഹം അത് പിൻവലിക്കണം, അല്ലെങ്കിൽ അങ്ങ് രേഖകളിൽ നിന്നും അത് നീക്കം ചെയ്യണം.

മി. ചെയർമാൻ : രേഖകൾ പരിശോധിച്ച് വേണ്ട നടപടി ചെയർ സ്വീകരിക്കുന്നതാണ്. കഴിവതും അഴിതി ആരോപണങ്ങൾ ഉന്നയിക്കുവർ നേരത്തെ ചെയറിന് എഴുതിത്തന്ന് പെർമിഷൻ വാങ്ങേണ്ടതാണ്.

ശ്രീ. ആർ. രാജേഷ് : സർ, 116 കോടി രൂപ ബഡ്ജറ്റിന്റെ ഭാഗമായി സ്കൂൾ യൂണിഫോമിന് വേണ്ടി വകയിരുത്തുമ്പോൾ എന്തുകൊണ്ട് സമയത്ത് കൊടുക്കാൻ കഴിയുന്നില്ല. സ്കൂൾ കുട്ടികൾക്ക് ഒരദ്ധ്യയന വർഷം പൂർത്തിയാകുമ്പോഴും കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അതിന്റെ ഭാഗമായി എന്തെങ്കിലും അഴിമതി ഉണ്ടെങ്കിൽ അത് അന്വേഷിക്കേണ്ടത് ഗവൺമെന്റല്ലേ.

അങ്ങനെ അന്വേഷിക്കണമെന്നാണ് സൂചിപ്പിച്ചത്. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി അഴിമതി നടത്തിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. അതിന്റെ ഭാഗമായി ഏതെങ്കിലും തലത്തിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷിക്കാൻ ആവശ്യമായ ഉത്തരവാദിത്തം ഉത്തരവാദിത്തപ്പെട്ട മന്ത്രിക്കുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. അക്കാഡമിക് ഓട്ടോണമിയെ സംബന്ധിച്ച് സ്റ്റഡി നടത്തിയിട്ടില്ല. നിലവിലുള്ള കേളേജുകളുടെ അവസ്ഥയോ അക്കാഡമിക് സമൂഹത്തിന്റെ അഭിപ്രായമോ പരിഗണിക്കാതെയാണ് ഇത്തരം ഒരു ഓട്ടോണമിയിലേയ്ക്ക് പോകാൻ ഗവൺമെന്റ് നിർബന്ധിതമായി മാറിയിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് അക്കാഡമിക് ഓട്ടോണമി ലഭ്യമാക്കണമെന്ന് പറഞ്ഞുകൊണ്ട് അപേക്ഷ കൊടുക്കേണ്ടത് ഗവൺമെന്റല്ല, കോളേജുകളാണ്. യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ച് കോളേജുകളിൽ അതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകണം. കോളേജുകളുടെ അക്കാഡമിക് നിലവാരം ആ തരത്തിലേയ്ക്കുള്ളതായി മാറണം. അങ്ങനെ മാറുമ്പോഴാണ് ഒരു കോളേജിന് അക്കാഡമിക് ഓട്ടോണമി വേണമെന്നാവശ്യപ്പെട്ട് യു.ജി.സി.യിലേയ്ക്ക് അപേക്ഷ കൊടുക്കാൻ കഴിയുന്നത്. പക്ഷെ, ഇവിടെ പരിശോധിക്കേണ്ടത്, ആരാണ് അപേക്ഷ കൊടുത്തതെന്നാണ്. കേരളത്തിലെ 13 കോളേജുകൾക്ക് അക്കാഡമിക് ഓട്ടോണമിക്കുവേണ്ടി അപേക്ഷ കൊടുത്തത് കോളേജുകളല്ല, ഇവിടത്തെ സർക്കാറാണ്. എന്താണ് സർക്കാരിന്റെ താൽപ്പര്യം? കേരളത്തിലെ ഈ 13 കോളേജുകൾക്ക് അക്കാഡമിക് ഓട്ടോണമി കൊടുക്കണമെന്ന് എന്ത് താൽപ്പര്യത്തിന്റെ ഭാഗമായിട്ടാണ് സർക്കാർ അപേക്ഷ കൊടുത്തിട്ടുള്ളത്? യു.ജി.സി. ഇപ്പോൾ അതിന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതായത് മാനദണ്ഡങ്ങൾ ഇളവുവരുത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഈ

സർക്കാർ സ്വീകരിച്ചുവെന്നുകൂടി ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അക്കാഡമിക് ഓട്ടോണമി നടപ്പിലാക്കുന്നതിൽ ശരിയായ രീതിയിലുള്ള ചർച്ചയുണ്ടാകണം. പക്ഷെ, ഇത് അക്കാഡമിക് ഓട്ടോണമിയല്ല, പകരം അക്കാഡമിക് ഓട്ടോണമിയുടെ മറവിൽ ഒരു അഡ്മിനിസ്ട്രേറ്റീവ്, ഫിനാൻഷ്യൽ ഓട്ടോണമിയിലേയ്ക്ക്, ഈ 13 കോളേജുകളെ കൊണ്ടുപോകുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇക്കാര്യമാണ് കേരളത്തിന്റെ സമൂഹം ശരിയായ നിലയിൽ ചർച്ചചെയ്യേണ്ടത്. നമ്മുടെ കോളേജുകളുടെ പരീക്ഷ നടത്തിപ്പിനാവാശ്യമായ സംവിധാനം, അവിടത്തെ സിലബസ്, ഫീസ് എന്നിവയൊക്കെ നിശ്ചയിക്കാൻ ഒരു മാനേജ്മെന്റിനോ ഒരു പ്രത്യേക ഗവേണിംഗ് ബോഡിക്കോ ഗവേണിംഗ് കൗൺസിലിനോ അനുവാദമുണ്ടാകുന്ന സാഹചര്യം വന്നാൽ എന്താകും സ്ഥിതി? നമ്മുടെ ഗവൺമെന്റ് ലോ കോളേജുകളിൽ ചില വിദ്യാർത്ഥികളെ ഫീസിന്റെയും മറ്റ് കാര്യങ്ങളുടെയുംപേരിൽ അദ്ധ്യാപകർ പീഡിപ്പിക്കുന്ന സ്ഥിതി നമ്മുടെ സമൂഹത്തിനകത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലേ? അപ്പോൾ ഒരു മാനേജ്മെന്റോ ഒരു കോളേജിന്റെ ഒരു ഗവേണിംഗ്ബോഡിയോ തീരുമാനിക്കുന്ന തരത്തിൽ അവിടത്തെ ഫീസ്, സിലബസ്, പരീക്ഷ, മൂല്യനിർണ്ണയം ഇവയൊക്കെ വന്നാൽ എത്ര അരാചക ത്വത്തിലായിരിക്കും നമ്മുടെ നാട്ടിലെ കോളേജുകൾ പോകുന്നത്. അങ്ങനെയായാൽ നമ്മുടെ കോളേജുകൾ ഏത് നിലയിലേയ്ക്ക് പോകുമെന്നതിനെ സംബന്ധിച്ചൊരു പഠനം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടില്ലയെന്നുള്ളതാണ്. ഇത് നടപ്പിലാക്കിയ കോളേജുകളിൽ ആ അക്കാഡമിക് ഓട്ടോണമി ആഗ്രഹിക്കുന്ന നിലയിൽ ശരിയായ വിധത്തിലുള്ള ഒരു വളർച്ചയുണ്ടായിട്ടുണ്ടോ? ഇൻഡ്യയിലെത്തന്നെ പ്രസിദ്ധമായ പല കോളേജുകളിലും ഈ അക്കാഡമിക് ഓട്ടോ

ണമിയില്ല. വിവേകാനന്ദ കോളേജ് അടക്കമുള്ള പ്രധാനപ്പെട്ട ഒരു കോളേജിലും അക്കാഡമിക് ഓട്ടോണമിയില്ല. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ഈ അക്കാഡമിക് ഓട്ടോണമിയുണ്ടെന്നാണ് മന്ത്രി മുമ്പൊരിക്കൽ ചോദ്യത്തിന് മറുപടിയായി സൂചിപ്പിച്ചത്. അക്കാഡമിക് ഓട്ടോണമി നടപ്പിലാക്കിയ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ശ്രീ. സി. റ്റി. കുര്യൻ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് പകുതിവരെയുള്ള സമയത്ത് റഗുലർ കോഴ്സുകളും അതിനുശേഷം അവിടെ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുമാണ് നടപ്പിലാക്കുന്നത് എന്നാണ്. അക്കാഡമിക് ഓട്ടോണമി നടപ്പിലാക്കുമ്പോൾ നമ്മുടെ കോളേജിൽ അവിടത്തെ ഫീസ് സ്ട്രക്ചർ, സിലബസ്, പരീക്ഷ, മൂല്യനിർണ്ണയം എന്നീ കാര്യങ്ങളിലൊന്നും ഗവൺമെന്റിനോ യൂണിവേഴ്സിറ്റിക്കോ ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അങ്ങനെ ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അത്തരം സ്ഥാപനങ്ങൾ അരാചകത്വത്തിലേയ്ക്ക് പോകും. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ശരിയായ രീതിയിലുള്ള ഒരു പഠനം ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. ശരിയായ രീതിയിലുള്ള പഠനം നടത്താതെ മുന്നോട്ടുപോയാൽ അക്കാഡമിക് ഓട്ടോണമിയുടെ മറവിൽ ഗവൺമെന്റ് എല്ലാ നിലയിലും ഈ കോളേജുകളെ സെൽഫ് ഫിനാൻസിംഗ് മേഖലയിലേയ്ക്ക് കൊണ്ടുപോകുന്നതിനാവശ്യമുള്ള സഹായമായിരിക്കും അവർക്ക് ചെയ്തുകൊടുക്കുന്നത്. അക്കാഡമിക് ഓട്ടോണമി വരുമ്പോൾ ഇതിന്റെ ഭാഗമായി ഒരു തരത്തിലുള്ള സാമ്പത്തിക ബാധ്യതയും ഗവൺമെന്റിനുണ്ടാകില്ലായെന്ന് മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക ബാധ്യത ഗവൺമെന്റിനുണ്ടാകില്ലായെന്നുപറയുമ്പോൾ ആ കോളേജിന്റെ വളർച്ചയ്ക്കാവശ്യമായ സമ്പത്ത് എങ്ങനെയാണ് അവർ സ്വരൂപിക്കുന്നത്? സാമ്പത്തിക ബാധ്യത ഗവൺമെന്റിനില്ലാതെവരുമ്പോൾ ആ കോളേജിന്റെ

നിലനിൽപ്പിനെത്തന്നെ ബാധിക്കുകയും അത് വിസ്മൃതിയിലേയ്ക്കുപോകുകയും ചെയ്യും. അപ്പോൾ കോളേജ് നിലനിൽക്കേണ്ട സാഹചര്യമുണ്ടാകണമെങ്കിൽ ആ കോളേജിന് എങ്ങനെയും പണം കണ്ടെത്തേണ്ട സാഹചര്യമുണ്ടാകും. അങ്ങനെയൊരു സാഹചര്യമുണ്ടായാൽ അവിടെ ഫീസ് വർദ്ധിപ്പിക്കും, മറ്റ് പല മാൽ–പ്രാക്ടീസുകളുണ്ടാകും. അവിടെ നാം ആഗ്രഹിക്കുന്ന നിലയിലുള്ള മെറിറ്റ് ഉണ്ടാവുകയില്ല. അതുകൊണ്ട് ഈ അക്കാഡമിക് ഓട്ടോണമിയെക്കുറിച്ച് ശരിയായ രീതിയിലുള്ള ചർച്ച ഇവിടെ രൂപപ്പെടുത്തിയെടുക്കണം, ധൃതിപിടിച്ച് നടത്താൻ പാടില്ലായെന്നുമാത്രമാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ നിരാകരിക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ഒരു നിയമ നിർമ്മാണമാണ് ഇപ്പോൾ സഭയുടെ മുമ്പിലുള്ളത്. ഓട്ടോണമസ് കോളേജുകൾ ഇൻഡ്യയുടെ പലഭാഗത്തും പ്രവർത്തിക്കുന്നുണ്ട്. ആ ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനം ഏതുരീതിയിലാണ്, അതിന്റെ പോരായ്മകളെന്തെല്ലാമാണ്, എന്നൊക്കെ ഇത്തരമൊരു ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. അത്തരമൊരു പരിശോധന ഇവിടെ നടന്നിട്ടില്ല. നമ്മുടെ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും പ്രഗൽഭനായിട്ടുള്ള ഒരാളാണ് ശ്രീ. മാധവ മേനോൻ. അദ്ദേഹം ഒരു റിപ്പോർട്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ധൃതിപിടിച്ച് ഇത്തരമൊരു ബിൽ നിയമ നിർമ്മാണത്തിന് ഗവൺമെന്റ് മുതിർന്നിട്ടുള്ളത്. പക്ഷെ, ഈ മേഖലയിൽ സ്വയംഭരണം അനുവദിക്കുന്നതിനെക്കുറിച്ച് കേരളത്തിൽ വിദ്യാഭ്യാസ മേഖ

ലയുമായി ബന്ധപ്പെട്ട എല്ലാ ഭാഗങ്ങളിൽനിന്നും ഉയർന്നുവന്ന ആശങ്കകൾ ശ്രീ. മാധവ മേനോൻ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോയെന്ന് ചോദിച്ചാൽ ഇല്ല. അപ്പോൾ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെങ്കിൽകൂടിയും വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർ-വിദ്യാർത്ഥികൾ തുടങ്ങി എല്ലാ വിഭാഗങ്ങളുമായി ഈ കാര്യങ്ങൾ ചർച്ചചെയ്തതിനുശേഷം വേണമായിരുന്നു ഗവൺമെന്റ് ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് മുതിരേണ്ടിയിരുന്നത്. അത്തരമൊരു കാര്യം ഈ ഗവൺമെന്റിന്റെ മുമ്പുള്ള പല നയസമീപനങ്ങളിലുമെന്നപോലെതന്നെ ഇക്കാര്യത്തിലും ഉണ്ടായിട്ടില്ല. കേരള വിദ്യാഭ്യാസമേഖലയിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ മാനേജ്മെന്റുകൾക്കും അവരുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾക്കുമുള്ള റോൾ നമുക്കെല്ലാമറിയാവുന്ന കാര്യങ്ങളാണ്. അത്തരം മാനേജ്മെന്റുകൾ നടത്തുന്ന കോളേജുകളിലേയ്ക്ക് സ്വയംഭരണ പദവി കൊടുക്കുമ്പോൾ വരുന്ന പ്രത്യാഘാതങ്ങൾ എന്താണ്, അതിൽ എല്ലാവിഭാഗങ്ങൾക്കുമുള്ള ആശങ്കയെന്താണ് എന്നതാണ് പരിശോധിക്കേണ്ടത്. ഈ നിയമത്തിൽ സ്വയംഭരണ പദവി കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു കൗൺസിൽ രൂപീകരിക്കുകയാണ് ചെയ്യുന്നത്. സർവ്വകലാശാലയുടെ പ്രതിനിധികളുൾപ്പെടെ വിദ്യാഭ്യാസമന്ത്രിക്ക് മേധാവിത്വമുള്ള ഒരു കമ്മിറ്റി, ആ കമ്മിറ്റിയാണ് സ്വയംഭരണത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലെയും അവസാനവാക്ക്. അതായത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ നിയന്ത്രിക്കേണ്ട അല്ലെങ്കിൽ നിയന്ത്രിക്കുന്ന സർവ്വകലാശാലകളുടെ മേലുള്ള എല്ലാ അധികാരങ്ങളുമെടുത്തുകളയുന്ന ഒരു ബില്ലാണിത്. സ്വയംഭരണത്തിന് അപേക്ഷ കൊടുത്താൽ ആ കോളേജിന്റെ സ്വയംഭരണത്തെ സംബന്ധിച്ച അവസാന തീർപ്പ് വിദ്യാഭ്യാസമന്ത്രി ചെയർമാനായിട്ടുള്ള ഈ ഓട്ടോണമസ് കൗൺസിലിനാണ്. അത് സംബന്ധിച്ചുവരുന്ന

എല്ലാ കാര്യങ്ങളിലും ഈ കോളേജുകൾക്ക് അപ്പീൽ കൊടുക്കാം സർവ്വകലാശാലയുടെ റെക്കമെന്റേഷൻ അങ്ങോട്ടേക്കാണ് പോകുന്നത്. ആ കമ്മിറ്റി തീരുമാനിക്കും, സർവ്വകലാശാല അന്വേഷിച്ചിട്ട് അവസാന തീരുമാനമെടുക്കുന്നത് സർവ്വകലാശാലകളല്ല, മറിച്ച്, എല്ലാ തീരുമാനങ്ങളും ഈ ഓട്ടോണമസ് അനുവദിക്കുന്ന കമ്മിറ്റിയുടെ പേരിലാണ്. അതിന്റെ ചെയർമാൻ വിദ്യാഭ്യാസവകുപ്പുമന്ത്രിയാണ്. അവർ തീരുമാനിക്കും, എന്നുവച്ചാൽ ഈ മേഖലയിൽ സർവ്വകലാശാലയുടെ സ്വയം ഭരണവും സർവ്വകലാശാലയുടെ അധികാരങ്ങളും എടുത്തുകളയുന്നുവെന്നാണ്. ഒരുവശത്ത് കേരളത്തിലെ സർവ്വകലാശാലകളുടെ മുഴുവൻ സ്വയംഭരണാവകാശം പല രീതിയിൽ കവർന്നെടുത്ത ഗവൺമെന്റ്, നിലവിലുണ്ടായിരുന്ന സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ടു, അവിടെ തോന്നിയതുപോലെ വൈസ്ചാൻസിലറുമാരെ നിയമിച്ചു, ബയോഡാറ്റ തെറ്റിച്ചുകൊടുക്കുന്ന വൈസ്ചാൻസിലറുമാരെ നിയമിച്ചു, പിന്നെ നിയമിച്ച ഗവൺമെന്റുതന്നെ അവരെ പിരിച്ചുവിടുന്നു, ബയോഡാറ്റ കൊണ്ടുവരുന്നവരെയല്ല, ബയോഡാറ്റ നമുക്കറിയാവുന്നവരെവേണം വൈസ് ചാൻസിലറായി നിയമിക്കാനുള്ളത്. കേരളത്തിലെ സർവ്വകലാശാലയുടെ തലപ്പത്ത് നമുക്ക് ബയോഡാറ്റ കൃത്യമായി അറിയാവുന്ന വൈസ് ചാൻസിലർമാരല്ലേ വന്നിരുന്നത്? ഇവിടെ പരാമർശിച്ചല്ലോ ശ്രീ. ജോൺ മത്തായിയെപ്പോലുള്ളവർ. ഏറ്റവുമൊടുവിൽ ശ്രീ. അനന്തമൂർത്തിയെപ്പോലുള്ളവരെല്ലാം വന്ന് നയിച്ച കേരളത്തിലെ സർവ്വകലാശാലകളുടെ സ്ഥിതിയിന്ന് എന്താണ്? ബയോഡാറ്റയുമായി മന്ത്രിയുടെയും അധികാരികളുടെയും പുറകെ നടക്കുകയും അവരുടെ മുമ്പിൽചെന്ന് ഓച്ഛാനിച്ച് നിൽക്കുകയും ചെയ്യുന്നവർ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്തുവരുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ കാലത്ത് സംഭവിച്ച ഏറ്റവും വലിയ അപചയം.

അതോടൊപ്പം സർവ്വകലാശാലകളെ നിയന്ത്രിക്കുന്ന സമിതികളിലെല്ലാം പാർശ്വവർത്തികളെ നോമിനേറ്റ് ചെയ്ത് തിരുകി കയറ്റുന്ന നടപടിയുണ്ടാകുന്നു. എന്നിട്ട് തോന്നിയതുപോലെ ഈ സർവ്വകലാശാലയുടെ ഭരണം അവർ കൊണ്ടുപോകുന്നതുകണ്ട് ഗവൺമെന്റ് നോക്കുകുത്തികളായി നിൽക്കുന്ന സ്ഥിതി ഇന്ന് കേരളത്തിലെ സർവ്വകലാശാലകളുടെ കാര്യത്തിലുണ്ടെങ്കിൽ അതേ കാര്യം കേരളത്തിലെ കോളേജുകളിലേയ്ക്ക് കൊണ്ടുവരുന്ന നിയമ നിർമ്മാണമാണിത്. ഇത് കേരളത്തിലെ കോളേജുകളിൽ നടപ്പിലാക്കിയാൽ എല്ലാതരത്തിലും വ്യാപകമായ അധികാരം നമ്മുടെ നാട്ടിലെ മാനേജ്മെന്റുകൾക്ക് കിട്ടാൻ പോകുകയാണ്. അവർ എങ്ങനെ, ഏത് രീതിയിൽ ഇത് വിനിയോഗിക്കുമെന്നുള്ളതിനെല്ലാം ഇപ്പോൾ നമ്മുടെ മുമ്പിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. സ്വാശ്രയ കോളേജുകൾ അവർ എങ്ങനെയാണ് കൊണ്ടുപോകുന്നത്; ഗവൺമെന്റ് എന്തെല്ലാം തരത്തിൽ നിയമങ്ങൾ കൊണ്ടുവന്നു, ആ നിയന്ത്രണങ്ങളെയെല്ലാം കാറ്റിൽ പറത്തിയിട്ടല്ലേ അവർ ഇക്കാര്യത്തിൽ സമീപനമെടുക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് തീരുമാനിക്കുന്ന കാര്യങ്ങൾ ഏറ്റവും സുഗമമായി മാറ്റിനിറുത്താനും അവർക്ക് തോന്നിയതുപോലെ കേരളത്തിലെ സ്വയംഭരണ കോളേജുകളുടെ ഭരണം കൊണ്ടുപോകാനും അധികാരം കിട്ടുന്ന ഒരു നിയമമാണിത്. വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നായ വിദ്യാർത്ഥികൾക്ക് ഇതിനകത്ത് പ്രാതിനിധ്യമുണ്ടോ? ഈ സ്വയംഭരണ കോളേജുകളുടെ ഓരോ അജണ്ടയും തീരുമാനിക്കുന്ന ഒരു കമ്മിറ്റിയിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും സിൻഡിക്കേറ്റ്, സെനറ്റ് തുടങ്ങിയ സമിതികളിലെല്ലാം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളുണ്ട്. അതേസമയം സർവ്വകലാശാലകളുടെ കീഴിൽ ഇത്രയും കാലം പ്രവർത്തിച്ചി

രുന്ന ഈ കോളേജുകൾ സ്വയംഭരണത്തിലേയ്ക്ക് വരുമ്പോൾ അവിടെ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യമില്ല, വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നില്ല. അദ്ധ്യാപകരുടെ പ്രാതിനിധ്യമെന്നുപറയുന്നത് അവരെ നോമിനേറ്റ് ചെയ്യുക യാണ്. അതായത് ഒരു കോളേജിലെ മാനേജ്മെന്റിന് അവർക്കിഷ്ടമുള്ള, അവരുടെ പാർശ്വവർത്തികളായ അദ്ധ്യാപകരെ നോമിനേറ്റ് ചെയ്യാം. വിദ്യാഭ്യാസ മേഖലയിലെ രണ്ട് പ്രധാനപ്പെട്ട ഘടകങ്ങളായ അദ്ധ്യാപ കർക്കും വിദ്യാർത്ഥികൾക്കും പ്രാതിനിധ്യമില്ല. മാനേജുമെന്റിനുമാത്രമാണ് പ്രാതിനിധ്യം. ആ മാനേജ്മെന്റ് തീരുമാനിക്കുന്ന കാര്യങ്ങൾ നടക്കും. ഇവിടെ ശ്രീ. രാജേഷ് ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയിലെ പല സ്വയംഭ രണ കോളേജുകളും രാവിലെ എയ്ഡഡ് കോളേജുകളായി വർക്കുചെയ്യു ന്നു, ഉച്ചകഴിയുമ്പോൾ അത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അവിടെ വൻതോതിൽ ഫീസ് വാങ്ങുന്ന കോഴ്സുകൾ നടത്തുന്നു, അവർക്ക് ഇഷ്ടമുള്ള ഫീസ് ചുമത്തുന്നു. അവിടത്തെ ഹോസ്റ്റൽ തുടങ്ങിയ സ്ഥലങ്ങ ളിൽ അവർക്കിഷ്ടമുള്ളതുപോലെ ഫീസുകൾ വർദ്ധിപ്പിക്കുന്നു. ഈ കാര്യ ങ്ങളെല്ലാം ഇന്ത്യാരാജ്യത്തെ സ്വയംഭരണ കോളേജുകളിലെല്ലാം നിർബാധം നടക്കുകയാണ്. അത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്കും കൊണ്ടുവരികയാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ചെയ്യുന്നത്. ഈ ബില്ലിനെ സംബന്ധിച്ച് ഏതെങ്കിലും കാര്യത്തിൽ ഒരു പഠനം ഗവണ്മെന്റ് നട ത്തിയിട്ടുണ്ടോ; ഇത്രമാത്രം നിസ്സാരമായി കൈകാര്യം ചെയ്യേണ്ട ഒരു ബില്ലാണോ ഇത്; അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളോട് ചർച്ച ചെയ്തോ; അവരുടെ പ്രശ്നങ്ങൾ, അവരുടെ ആശങ്കകൾ, അവർ ഉയർത്തുന്ന എതിർപ്പു കൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കിയോ; വിദ്യാഭ്യാസ മേഖലയിലെ ഈ വിഷയങ്ങളിൻമേൽ ദീർഘകാലമായി അഭിപ്രായം പറയുന്ന വ്യക്തി

കളും ഗ്രൂപ്പുകളുമായി ചർച്ച ചെയ്തോ? ഒന്നും ചെയ്തിട്ടില്ല. ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നു, ഈ ബിൽ പ്രകാരം ഇനിയിപ്പോൾ സ്വയംഭരണത്തിന് അപേക്ഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ മുമ്പിൽ അപേക്ഷ കൊടുത്ത് ആ അപേക്ഷ ഗവണ്മെന്റ് അംഗീകരിക്കുന്നു. പിന്നെ യൂണിവേഴ്സിറ്റിക്ക് ഒന്നും മാറ്റാൻ കഴിയുന്നില്ല. പിന്നെ അവർ അത് സ്വയംഭരണകോളേജായി പ്രഖ്യാപിക്കപ്പെടുന്നു. അവരുടെമേൽ യൂണിവേഴ്സിറ്റിക്കുള്ള നിയന്ത്രണമെന്താണ്. അതുപോലെ ഇതിന്റെ സാമ്പത്തികമായ കാര്യങ്ങളിൽ എന്ത് നിയന്ത്രണമാണ് വരുന്നത്. സാമ്പത്തികം ഈ സ്വയംഭരണ കോളേജുകൾതന്നെ ജനറേറ്റ് ചെയ്യുമ്പോൾ പുതിയ കോഴ്സുകൾ വരുന്നു, ആ കോഴ്സുകൾക്ക് അവർ ഇഷ്ടമുള്ള ഫീസ് വാങ്ങുന്നു. ന്യൂ ജനറേഷൻ കോഴ്സുകളെന്ന് ഓമന പേരിട്ട് വിളിക്കുന്ന കോഴ്സുകളിൽ ഭാഷാ പഠനം ഉണ്ടാകുമോ? ഇവിടെ ഡോ. കെ.ടി. ജലീൽ ചൂണ്ടിക്കാണിച്ചതുപോലെ ഹ്യുമാനിറ്റീസിന്റെ പഠനമുണ്ടാകുമോ? ഈ കോളേജുകളിലെല്ലാം ഹ്യുമാനിറ്റീസിന്റെ പഠനം ഇല്ലാതാകാൻ പോകുകയാണ്. ഈ കോളേജുകളിൽ ഏതെല്ലാം തരത്തിലുള്ള കോഴ്സുകളാണ് തങ്ങൾക്ക് സാമ്പത്തികമായി ലാഭമുണ്ടാകുന്നതെന്നു നോക്കി ആ കോഴ്സുകൾ അവർ തുടങ്ങും. ഗവൺമെന്റ് അതിനെല്ലാം അനുവാദം കൊടുക്കേണ്ട നോക്കുകുത്തിയായി മാറും. സർവ്വകലാശാലയുമായി ഈ സ്വയംഭരണ കോളേജുകൾക്ക് എന്തു ബന്ധമാണുള്ളത്. സർവ്വകലാശാലയ്ക്ക് എന്തെങ്കിലും നിയന്ത്രണമുണ്ടോ. സർവ്വകലാശാല ഏതെങ്കിലും വിധത്തിൽ ഈ കാര്യങ്ങൾ പരിശോധിച്ച് ഒരു റിപ്പോർട്ട് കൊടുത്താൽ അതും ഈ സ്വയംഭരണത്തെ സംബന്ധിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റി മുമ്പാകെയാണ് പോകുന്നത്. യൂ

ണിവേഴ്സിറ്റിക്ക് സ്വയം തീരുമാനിക്കാനധികാരമില്ല. അപ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റിക്ക് ഒരു റോളുമില്ല. ഇതെല്ലാം ഗവണ്മെന്റ് പിടിച്ചടക്കുകയാണ്. അതായത് കേരള വിദ്യാഭ്യാസ മേഖലയിൽ ഇത്രയും നാൾ കേരള സർവ്വകലാശാലകൾക്ക് പേരിനെങ്കിലും ഉണ്ടായിരുന്ന സ്വയംഭരണാവകാശങ്ങളെല്ലാം പുറംവാതിലിലൂടെ കവർന്നെടുത്തുകൊണ്ട് നമ്മുടെ നാട്ടിലെ അതിശക്തമായ സ്വകാര്യ മാനേജ്മെന്റുകൾക്ക് അവരുടെ ഇഷ്ടപ്രകാരം ഈ കോളേജുകൾ നടത്താനുള്ള അനുവാദം കൊടുക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റ് പൊതു ഖജനാവിൽനിന്ന് പൊതുവിദ്യാഭ്യാസത്തിനുള്ള പണമെടുത്തുകൊടുത്ത് ആ പണത്തിലുണ്ടാക്കിയതല്ലേ ഈ കോളേജുകൾ മുഴുവൻ; ഏത് കോളേജാണ് അങ്ങനെയല്ലാത്തത്; അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് ഗവണ്മെന്റല്ലേ; ഈ കോളേജുകൾക്കെല്ലാം ഗവണ്മെന്റ് ഒട്ടനവധി സഹായങ്ങൾ കൊടുത്തിട്ടില്ലേ; സ്ഥലം അനുവദിച്ചു കൊടുത്തിട്ടില്ലേ; ഗ്രാന്റ് കൊടുക്കുന്നില്ലേ? ഇതെല്ലാം ഗവണ്മെന്റിൽനിന്ന് വാങ്ങുകയും അവർക്ക് തോന്നിയതുപോലെ സ്വയംഭരണം കൊണ്ടുപോകാനുള്ള അവകാശം കൊടുക്കുകയും പൊതു വിദ്യാഭ്യാസ മേഖലയെ നിയന്ത്രിക്കേണ്ട ഒരു സമിതിക്കും ഇതിന്റെമേൽ അധികാരമില്ലാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ന്യൂനത. ഇത് അനുവദിച്ചുകൊടുക്കാൻ പറ്റില്ല. ഈ ഗവണ്മെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയെ വളരെ ലാഘവത്തോടുകൂടി കൈകാര്യം ചെയ്യുന്ന ഒരു ഗവണ്മെന്റാണ്. ഇതിനുമുമ്പുള്ള ഒരു ഗവണ്മെന്റും ഇന്നുവരെ ഇങ്ങനെ ചെയ്തിട്ടില്ല. എം. ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ ബയോഡാറ്റ തിരുത്തികൊടുത്ത് എത്ര വർഷം ഇരുന്നു. അവസാനം യാതൊരു ഗത്യന്തരവുമില്ലാതെ ഗവർണ്ണർക്ക് അദ്ദേഹത്തെ മാറ്റാനുള്ള തീരുമാനമെടുക്കേണ്ടിവ

ന്നു. അദ്ദേഹം തെറ്റായ ബയോഡാറ്റ കൊടുത്തതാണ് അതിന് കാരണം. അതായത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ...........

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, എം.ജി. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെക്കുറിച്ച് നിങ്ങൾ ഇവിടെ ഘോരഘോരം പ്രസംഗിച്ചു. ഞങ്ങളൊന്നും ആ വൈസ് ചാൻസലറെ ന്യായീകരിച്ചവരല്ല. അദ്ദേഹം രേഖ തിരുത്തിയപ്പോൾ മാറ്റണമെന്ന് ആവശ്യപ്പെട്ടവരാണ് ഞങ്ങൾ. എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് ഏറ്റവും കൂടുതൽ പിന്തുണ കൊടുത്തത് നിങ്ങളുടെ യൂണിയനായിരുന്നു എന്നുള്ള സത്യം മറച്ചുവച്ചുകൊണ്ട് സംസാരിക്കരുത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, അത് തെറ്റായ തരത്തിലുള്ള പ്രസ്താവനകളാണ്. എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറെ ഞങ്ങളാരെങ്കിലും പിന്തുണച്ചോ? ഏതെങ്കിലും യൂണിയൻ പിന്തുണച്ചുവെന്നുള്ള അവാസ്തവമായ പ്രസ്താവനകൾ അങ്ങയെപ്പോലൊരാൾ പറയുന്നത് ശരിയല്ല. ഞങ്ങളാരും ഒരു പിന്തുണയും കൊടുത്തിട്ടില്ല. എന്നിട്ട് ഇപ്പോൾ നടക്കുന്നതെന്താണ്. അങ്ങ് ഒരു സർച്ച് കമ്മിറ്റിയുണ്ടാക്കി, ആ സർച്ച് കമ്മിറ്റി ഒരു പാനലുണ്ടാക്കി ഗവണ്മെന്റിന് കൊടുക്കും. ആ പാനലിൽ യുനാനിമസ്സായി ഒരാളെ നിർദ്ദേശിക്കാം, അല്ലെങ്കിൽ മൂന്നുപേരെ നിർദ്ദേശിക്കാം. അങ്ങനെ നിർദ്ദേശിച്ച മൂന്നുപേരിൽ നിന്ന് ഒരാളെ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അല്ലെങ്കിൽ ഈ ഗവണ്മെന്റിൽ പങ്കാളിയായ ഒരു രാഷ്ട്രീയ കക്ഷിക്ക് പ്രത്യേകം താല്പര്യമുള്ള ഒരാളെ നിയമിക്കാം. അങ്ങനെ ഒരു സർച്ച് കമ്മിറ്റി ഒരു പാനൽ കൊടുക്കുകയും ആ പാനലിൽനിന്ന് ചാൻസലർ ഒരാളെ നിയമിക്കുകയും ചെയ്തുകഴിഞ്ഞാൽ ആ പാനൽതന്നെ ഇല്ലാതാകും. പി.എസ്.സി. ഉണ്ടാക്കുന്ന ഒരു റാങ്ക് ലിസ്റ്റില്ലല്ലോ. ഇപ്പോൾ ഈ ഗവ

ണ്മെന്റിലെ പ്രധാനപ്പെട്ട ഭരണ കക്ഷി പറയുന്നത് എന്താണ്. അതിനകത്ത് അവരുടെ താല്പര്യങ്ങൾക്കനുസരിച്ച് ഒരാളുണ്ട്. പഴയ ലിസ്റ്റുണ്ട്. അത് റാങ്ക്ലിസ്റ്റല്ല. അതായത് നിയമാനുസൃതമാണെങ്കിൽ സെർച്ച് കമ്മിറ്റിയും ഈ ലിസ്റ്റും ഒരാളെ അതിനകത്തുനിന്നും നിയമിക്കുന്നതോടെ ഇല്ലാതാകും. ഇപ്പോൾ പുതിയ വ്യാഖ്യാനം കൊണ്ടുവരികയാണ്. ആ ലിസ്റ്റ് നിലനില്ക്കുന്നുണ്ട്, അതുകൊണ്ട് ആ ലിസ്റ്റിൽനിന്ന് ഒരാളെ നിയമിക്കാനുള്ള ചരടുവലികൾ നടക്കുകയാണ്. ഇത്തരം നിയമവിരുദ്ധമായ കാര്യങ്ങളെല്ലാം ........

ശ്രീ. പി. സി. ജോർജ് : ശ്രീ. കെ. സുരേഷ് കുറുപ്പിന് ആരാണ് ഇതൊക്കെ പറഞ്ഞുതന്നത്?

ശ്രീ. കെ. സുരേഷ് കുറുപ്പ് : ഈ ഗവണ്മെന്റ് കാണിക്കുന്ന തോന്ന്യാസങ്ങൾ ആരെങ്കിലും പറഞ്ഞുതരണോ?

ശ്രീ. പി. സി. ജോർജ് : ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു മാന്യനല്ലേ. ഇങ്ങനെയൊക്കെ പറയാമോ? അങ്ങേയ്ക്കറിയാമോ, അങ്ങനെയൊരു ലിസ്റ്റില്ല, ആ ലിസ്റ്റ് ക്യാൻസലായിപ്പോയി. ഇനി പുതിയൊരു ലിസ്റ്റും പുതിയൊരു കമ്മിറ്റിയും ഉണ്ടാക്കേണ്ടിവരും, പുതിയ ചാൻസലറും വരും. അതിന് ഒരു സംശയവും വേണ്ട.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. സുരേഷ് കുറുപ്പിനെപ്പോലുള്ള ആളുകൾ ഉന്നയിക്കേണ്ട വിഷയമല്ല ഇത്. സെർച്ച് കമ്മിറ്റിയുണ്ടാക്കുന്നത് ആ സമയത്ത് മാത്രം പ്രാബല്യത്തിലുള്ള ഒരു വേക്കൻസി ഫിൽ ചെയ്യാനാണ്. ആ വേക്കൻസി ഫിൽ ചെയ്തു കഴിഞ്ഞാൽ സെർച്ച് കമ്മിറ്റിയിൽ ബാക്കി വരുന്നവരെ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ പരിഗണിക്കുന്നതുപോലെ പരിഗണിക്കുന്ന ഒരു സമ്പ്രദായമില്ല. പത്രങ്ങളിൽ

എഴുതി വരുന്നത് ശ്രീ. കെ. സുരേഷ്കുറുപ്പ് ഇവിടെ ഉന്നയിച്ചുവെന്ന് മാത്രമേ യുള്ളൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അദ്ദേഹം ഇപ്പോഴെങ്കിലും അതിനൊരു വിശദീകരണം നൽകാൻ തയ്യാറായതിൽ സന്തോഷം. അത് ഞാൻ സ്വാഗതം ചെയ്യുന്നു. ഇതിനെ സംബന്ധിച്ച് പത്രങ്ങളിൽ നിരന്തരമായ വാർത്തകൾ വന്നിരുന്നു. അതുകൊണ്ടാണ് ഞാൻ ഇത് ഉന്നയിച്ചത്. അങ്ങ നെയൊരു കാര്യമില്ല, നിയമാനുസൃതമായേ പോവുകയുള്ളൂവെന്ന് വിദ്യാ ഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിലെങ്കിലും നിലപാടെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഏത് കാര്യത്തിലാണ് നിലപാടെടുക്കാ ത്തതെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞാൽ ഞാൻ ബാക്കി പറയാം. എല്ലാ കാര്യത്തിലും ശരിയായ നിലപാടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്തെ ആട്ടോ ണമിയെ മൂന്നായി തരം തിരിക്കാം. 1) അക്കാദമിക് ആട്ടോണമി 2) അഡ്മിനി സ്ട്രേഷനെ സംബന്ധിച്ച ഭരണപരമായ ആട്ടോണമി 3) സാമ്പത്തികമായ ആട്ടോണമി. അക്കാദമിക് ആട്ടോണമിയോടൊപ്പം ഭരണപരവും സാമ്പ ത്തികപരവുമായ കാര്യങ്ങളിൽ സ്വയംഭരണ കോളേജുകളുടെ ആട്ടോണമി ഏത് രീതിയിലാണ് വരുന്നത്. ഇപ്പോൾ പല സ്വാശ്രയ കോളേജുകളിലും നട ക്കുന്നതുപോലെ അവർ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ ആട്ടോണമി പിടിച്ചെടുക്കുകയാണ്. ഭരണ പരമായ കാര്യങ്ങളിലെ ആട്ടോണമി എന്താണ്? അദ്ധ്യാപക നിയമനത്തിലെ കാര്യം,ആ നിയമനത്തിൽ റിസർവേഷൻ വരുത്തേണ്ട കാര്യം, ഇവയെല്ലാം ഇവർ പാലിക്കുമോ? സാമ്പത്തിക കാര്യത്തിലെ ആട്ടോണമി ഉപയോഗിച്ച്

കോഴ്സുകൾക്കെല്ലാം തോന്നിയതുപോലെ ഫീസ് ഈടാക്കിയാൽ ഗവൺമെന്റ് എന്ത് ചെയ്യും. സ്വാശ്രയ കോളേജുകളുടെ കാര്യം എടുക്കുമ്പോൾ രണ്ട് സ്വാശ്രയ കോളേജുകൾ അനുവദിക്കുമ്പോൾ ഒരു സർക്കാർ കോളേജ് അനുവദിക്കണമെന്നത് ഇന്ന് ആരെങ്കിലും പാലിക്കുന്നുണ്ടോ? എഞ്ചിനീയറിംഗ് കോളേജിലെ ഫീസ്, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴിഞ്ഞ മൂന്ന് വർഷമായി മെറിറ്റിൽ സീറ്റ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള ഫീസ് കൂട്ടിയതെത്രയാണ്? തോന്നിയതുപോലെ അവർ ഫീസ് കൂട്ടുന്നു. ഗവൺമെന്റ് നോക്കുകുത്തിയായി നിൽക്കുന്നു. ഇതേ കാര്യങ്ങൾ കേരളത്തിൽ സ്വയം ഭരണം കിട്ടുന്ന കോളേജുകളിലും നടപ്പാകാൻ പോവുകയാണ്. കേരളത്തിലെ വിവിധ മതവിഭാഗങ്ങൾ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്വയംഭരണ കോളേജുകളിൽ ചിലപ്പോൾ സിലബസ് തീരുമാനിക്കും. ആ സിലബസുകൾ കേരളത്തിന്റെയും ഇന്ത്യയുടെയും മതേതര നിലപാടുകൾക്ക് ചേരുന്നതാകുമോ? ആ നിലപാടുകൾക്ക് വിരുദ്ധമായി അവർ സിലബസ് തീരുമാനിക്കുകയും കോഴ്സുകൾ തീരുമാനിക്കുകയും അത് പഠിപ്പിക്കുകയും അതിന് ഡിഗ്രി കൊടുക്കാൻ തീരുമാനിക്കുകയും ചെയ്താൽ ഗവൺമെന്റ് എന്ത് ചെയ്യും. ഇതിലൊക്കെ യൂണിവേഴ്സിറ്റിക്ക് എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ? യൂണിവേഴ്സിറ്റിയുടെ നിയന്ത്രണങ്ങൾ ഫലപ്രദമാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: 1972 ലെ ഫീസ് ഏകീകരണവും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഡയറക്ട് പേമെന്റും അനുസരിച്ചുള്ള എഗ്രിമെന്റ് നിലനിൽക്കുമ്പോൾ എയ്ഡഡ് കോളേജുകളെ ഈ പറയുന്ന തരത്തിൽ ആട്ടോണമസ് കോളേജാക്കാൻ സാധ്യമല്ല. അതിനെപ്പറ്റി ആലോചിച്ചിട്ടുള്ളതായി അറിയാമോ? ഗവൺമെന്റ് പറയുന്നത് അവർ അനുസരിക്കുമെന്ന

അടിസ്ഥാനത്തിലാണ് ഇങ്ങനെ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെടുത്തി അവർ എന്തെങ്കിലും സ്റ്റഡി നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഇത്തരം കാര്യങ്ങളുടെ സങ്കീർണ്ണതയിലേയ്ക്ക് ഗവൺമെന്റ് ഇറങ്ങിച്ചെല്ലുകയോ പഠനം നടത്തുകയോ തീരുമാനങ്ങൾ എടുക്കുകയോ ചെയ്യാതെയാണ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്. അതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട അപാകത. സിലബസ് തീരുമാനിക്കാൻ സ്വയംഭരണ കോളേജുകൾക്കധികാരമുണ്ട്. അവർക്ക് പുതിയ കോഴ്സുകൾ തീരുമാനിക്കാം. ആ കോഴ്സുകളെല്ലാം നമ്മുടെ നാടിന്റെ മതേതര മതനിരപേക്ഷ പാരമ്പര്യത്തിനനുസൃതമായിട്ടായിരിക്കുമോ? അല്ലെങ്കിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാധാരണക്കാരന് കടന്നു വരാൻ കഴിയണമെന്ന നമ്മുടെ നാടിന്റെ പൊതുവായ ചിന്താഗതിക്കനുസൃതമായിട്ടായിരിക്കുമോ അവർ ഫീസ് ഈടാക്കാൻ പോകുന്നത്. ഇതിലൊക്കെ ഗവൺമെന്റിന്റെ നിലപാട് എന്താണ്? ഗവൺമെന്റിന് മാത്രമേയുള്ളൂ ഇതിനു മുകളിൽ അധികാരം. എന്നുവച്ചാൽ അവർക്ക് സ്വാധീനിക്കാൻ കഴിയുന്നൊരു ഗവൺമെന്റ് അവരുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കാൻ പോവുകയാണ്. യൂണിവേഴ്സിറ്റി നോക്കുകുത്തിയാണ്. യൂണിവേഴ്സിറ്റിയുടെ എല്ലാ അധികാരവും വിവിധ രീതികളിൽ കവർന്നെടുക്കുന്ന ഗവൺമെന്റ് യൂണിവേഴ്സിറ്റി നിയന്ത്രിക്കേണ്ട കേരളത്തിലെ കോളേജുകളെ യൂണിവേഴ്സിറ്റിക്ക് ഒരു നിയന്ത്രണവുമില്ലാത്ത കോളേജാക്കി മാറ്റുകയാണ്. അവർക്ക് നേരിട്ട് ഗവൺമെന്റിൽ പോകാം. യൂണിവേഴ്സിറ്റിയുടെ ഏത് കാര്യത്തിലും സ്വയംഭരണ കോളേജുകൾക്ക് ഗവൺമെന്റിന് മുന്നിൽ അപ്പീൽ കൊടുക്കാം. ആ അപ്പീലിനനുസരിച്ച് ഗവൺമെന്റ് തീരുമാനമെടുക്കും. ഇത് ശരിയോണോ? അപ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റി

യുടെ റോൾ എന്താണ്? സ്വയംഭരണമെന്ന പേരിൽ യൂണിവേഴ്സിറ്റിയുടെ സ്വയംഭരണം കവർന്നെടുക്കുന്നു. നമ്മുടേതുപോലൊരു സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി നിക്ഷിപ്ത താത്പര്യങ്ങളുള്ള സ്ഥലത്ത് ഇത്തരമൊരു നീക്കം ഏറ്റവും അപകടകരമാണെന്നുള്ളതാണ് ഈ ബില്ലിനെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഭയാശങ്ക. ആ ഭയാശങ്ക നീക്കാതെ, ഈ ബില്ലിനെ സംബന്ധിച്ച് വ്യാപകമായ അഭിപ്രായങ്ങൾ ശേഖരിക്കാതെ എല്ലാ വിഭാഗങ്ങളോടും-വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ അവരിൽനിന്നെല്ലാം അഭിപ്രായം സ്വരൂപിക്കാതെ ബില്ലിന്റെ ഘടനയിൽ ആകെ മാറ്റം വരുത്താതെ സ്വയം ഭരണകോളേജുകളെ അനുവദിക്കുന്നുണ്ടെങ്കിൽ അതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർവ്വകലാശാലയ്ക്ക് അധികാരം കൊടുക്കാതെ ഇത്തരമൊരു നിയമവുമായി മുന്നോട്ടു പോകുന്നത് ശരിയല്ല. അത് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നുള്ളതാണ് ഈ ബില്ലിനെക്കുറിച്ചുള്ള ഏറ്റവും വലിയ വിമർശനം. ഇതിൽ നിന്ന് ഗവൺമെന്റ് പിന്നോട്ട് പോകണം, ഈ ബില്ലുമായി മുന്നോട്ട് പോകരുതെന്നുള്ളതാണ് എനിക്ക് പറയാനുള്ള വിമർശനം. ഇത് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, 2014 ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ചും യൂണിവേഴ്സിറ്റിയെക്കുറിച്ചും ഒട്ടേറെ കാര്യങ്ങൾ ഇന്ന് ചർച്ച ചെയ്യപ്പെടുന്ന രണ്ട് ബില്ലുകളുടെയും

ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് പറയുവാൻ അവസരം കിട്ടി. ഈ സഭ യുടെ മുൻനിരയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ബഹുമാന്യരായ ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. സി. എൻ. ബാലകൃഷ്ണനും പ്രതിപക്ഷനേ താവ് ശ്രീ. അച്ചുതാനന്ദനുമൊഴികെയുള്ള മുഴുവൻ ആളുകളും വിദ്യാർത്ഥി യുവജന രാഷ്ട്രീയ രംഗത്തിലൂടെ കടന്ന് വന്നവരാണ്. കഴിഞ്ഞ കാലങ്ങ ളിൽ വിദ്യാർത്ഥി യുവജന രാഷ്ട്രീയവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട വരാണ്. കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടുകൂടി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ, അക്കാദമിക് നിലവാരത്തെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ നമുക്ക് വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ടോ? നമുക്ക് പരസ്പരം കുറ്റപ്പെടുത്താം. വൈസ്ചാൻസലർമാരുടെ നിയമനം മാത്ര മാണോ കേരളത്തിലെ അക്കാദമിക് നിലവാര തകർച്ചയ്ക്ക് കാരണം. കൃത്രിമ മായി രേഖയുണ്ടാക്കി കുറേനാൾ സ്ഥാനത്തിരുന്ന ഒരു വൈസ് ചാൻസലർ മാത്രമാണോ നമ്മുടെ കോളേജുകളിൽ നിലവാരം താഴാൻ ഉത്തരവാദി. നമ്മുടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വളരെ സംതൃപ്തിയോടുകൂടി അഭി മാനത്തോടുകൂടി പറഞ്ഞവരാണ് നമ്മൾ. ഒരു കാലഘട്ടത്തിൽ ഉന്നതവിദ്യാ ഭ്യാസ രംഗത്ത് കേരളം മുന്നിലായിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം മുന്നിലായിരുന്നു. നമ്മൾ വിദ്യാർത്ഥി നേതാക്കളായി രുന്ന കാലഘട്ടത്തിൽ ദേശീയ തലത്തിൽ ഏതെങ്കിലും സെമിനാറിലോ സമ്മേളനത്തിലോ പങ്കെടുക്കാൻ പോകുമ്പോൾ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി നേതാക്കൻമാരെ കാണാൻ അവിടത്തെ കോളേജിലെ പ്രൊഫ സേഴ്സുൾപ്പെടെ വരുമായിരുന്നു. കാരണം നമ്മുടെ അക്കാദമിക് നിലവാര ത്തെക്കുറിച്ചും വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചുമറിയാൻ. അങ്ങനെ അഭി മാനത്തോടുകൂടി കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളെന്ന നിലയിൽ പല

സദസ്സിന്റെ മുന്നിൽ പ്രത്യക്ഷപ്പെടാൻ നമുക്ക് അവസരം ലഭിച്ചു. ആ മാന്യത ഇന്ന് നമുക്ക് ലഭിക്കുമോ? ആരാണ് ഉത്തരവാദി. നമ്മൾ വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും അതിന്റെ അക്കാദമിക് നിലവാരത്തെ മാറ്റി നിർത്തുവാൻ കഴിയുമോ? എന്റെ കൈയിൽ ഇന്ത്യാ ടുഡേയുണ്ട്. അതിൽ ഇന്ത്യയിലെ രണ്ടായിരത്തി അറുന്നൂറിൽപരം കോളേജുകളിൽ നടത്തിയ സർവ്വെയിൽ അക്കാദമിക് നിലവാരത്തിലും ഇൻഫ്രാസ്ട്രക്ച്ചറിലും അതിന്റെ നടത്തിപ്പിലും മുൻപന്തിയിൽ നിന്ന കോളേജുകളുടെ ലിസ്റ്റുണ്ട്. ഇന്ത്യയിലെ പത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തിൽ കേരളത്തിലെ ഒരു കോളേജ് വന്നില്ലെങ്കിലും നമുക്ക് പ്രയാസമില്ല. 38 ആർട്സ് കോളേജുകളുടെ ലിസ്റ്റിൽ കേരളത്തിലെ ഒരു കോളേജുപോലുമില്ല. ആകെയുള്ളത് 38-ാമത്തെ ഇനമായി കൊച്ചിയിലെ സേക്രഡ് ഹാർട്ട്സ് കോളേജാണ്. സയൻസിൽ മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേരളത്തിലെ ഒരു കോളേജുമില്ല. എഞ്ചിനിയറിംഗ്, കൊമേഴ്സ്, മെഡിസിൻ എന്നിവയിൽ ഇന്ത്യയിലെ രണ്ടായിരത്തി അറൂന്നൂറിലധികം കോളേജുകളിൽ സർവ്വെ നടത്തി അക്കാദമിക് നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലിസ്റ്റ് ചെയ്തപ്പോൾ അതിൽ ഒരു സ്ഥലത്തെങ്കിലും കേരളത്തിന്റെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് വന്നില്ല എന്ന കുറ്റബോധത്തോടുകൂടി കേരളത്തിലെ വിദ്യാഭ്യാസ അക്കാദമിക് സ്വാതന്ത്ര്യത്തെയും അക്കാദമിക് നിലവാരത്തെയും നമ്മൾ കാണണം. അക്കാദമിക് ആട്ടോണമസ് എന്നതിൽ നമ്മുടെ ഒരു മൈൻഡ് സെറ്റുണ്ട്. ആട്ടോണമസ് എന്ന് കേൾക്കുമ്പോൾ ഒരു വിരക്തി, എതിർപ്പ്. പണ്ട് സ്വാശ്രയ വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കണമെന്ന ആശയം മുന്നിൽ വന്നപ്പോൾ അന്നും നമ്മൾ ഇത് കേട്ടതാണ്. ഞാൻ 1982-ൽ എം.എൽ.എ. ആയിരുന്നു.

അന്നും പ്രഗൽഭരായ നിയമസഭാ സാമാജികർ, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ശക്തമായി അതിനെ എതിർത്തു. പിന്നീട് വന്ന നിയമസഭകളിലും ആട്ടോണമസ് എന്ന പേര് കേൾക്കുമ്പോൾ അന്ധമായി നമ്മൾ അതിനെ എതിർക്കാൻ തയ്യാറായി. ഇന്ന് സ്വാശ്രയ വിദ്യാഭ്യാസരംഗം കേരളത്തിൽ യാഥാർത്ഥ്യമായി, അപാകതകളുണ്ട്. എന്റെ ബഹുമാന്യരായ സ്നേഹിതൻമാർ അപ്പുറത്തുനിന്നും ഇപ്പുറത്തു നിന്നും ചൂണ്ടിക്കാണിച്ചതുപോലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ മുഴുവൻ സമ്പ്രദായത്തെയും ഞാൻ ന്യായീകരിക്കുന്നില്ല. പക്ഷെ, സ്വാശ്രയ വിദ്യാഭ്യാസത്തിന് എതിർപ്പ് പ്രകടിപ്പിച്ചവരും അനുകൂലിക്കുന്നുവെന്ന് മാത്രമല്ല അവരുടെ നേതൃത്വത്തിലും കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്നത് നമുക്ക് മറക്കാൻ കഴിയില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കണ്ണൂരിലെ പരിയാരത്ത് യു.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹകരണ മേഖലയിൽ സ്വാശ്രയ കോളേജ് ആരംഭിക്കുമ്പോൾ അതിനെതിരെ എതിർപ്പുണ്ടായിരുന്നു. കാരണങ്ങൾ വ്യത്യസ്തമാണ്. ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. എം. വി. രാഘവന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണം ആഗോളവത്ക്കരണത്തിന്റെ അജണ്ടയാണെന്ന മുദ്രാവാക്യം ഉയർത്തി സമരവും കൂത്തുപറമ്പ് വെടിവെയ്പുമടക്കമുണ്ടായി. ഇന്ന് ആ കോളേജിന്റെ നേതൃത്വത്തിൽ സി.പി.ഐ.(എം) വന്നുവെന്ന് മാത്രമല്ല, കഴിഞ്ഞ 5 വർഷത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ച സ്വാശ്രയ കോളേജുകളുടെ കണക്ക് പരിശോധിക്കുമ്പോൾ അതിനു മുമ്പുള്ള യുഡി.എഫ്. ഗവൺമെന്റും അതിനു മുമ്പുള്ള എൽ.ഡി.

എഫ്. ഗവൺമെന്റും അനുവദിച്ചതിനേക്കാൾ കൂടുതൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് കേരളത്തിൽ കഴിഞ്ഞ 5 വർഷം കൊണ്ട് ആരംഭിച്ചിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ചോദിച്ച ചോദ്യം ശരിയാണ്. നമ്മൾ പലവട്ടം......., ഞാൻ ആക്ഷേപം ഉന്നയിക്കുന്നതല്ല, പലവട്ടം ചോദ്യങ്ങൾ വരികയും അതിലെ യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഞാൻ അതിനെ ആരോപണമായി പറയുന്നില്ല. സ്വാശ്രയരംഗത്ത് മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള പല സ്ഥാപനങ്ങളും ഇന്ന് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. തെറ്റാണെന്ന് ഞാൻ പറയുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് കോട്ടങ്ങളോടൊപ്പം തന്നെ ചില നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. നമ്മളൊക്കെ കോളേജുകളിൽ പഠിച്ച സമയത്ത് കേരളത്തിലെ എൻജിനീയറിംഗിന് 4 വിഭാഗമേയുണ്ടായിരുന്നുള്ളൂ – സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പല സ്ഥലത്തുമില്ലാത്ത കെമിക്കൽ എൻജിനീയറിംഗ് എന്ന വിഭാഗം പാലക്കാടും തൃശ്ശൂരുമുള്ള എൻജിനീയറിംഗ് കോളേജിലുണ്ടായിരുന്നു. എന്നാൽ ഇന്ന് 200–ലധികം എൻജിനീയറിംഗ് കോഴ്സുകളുണ്ട്. എയ്റോനോട്ടിക് കോഴ്സ് വന്നപ്പോൾ നമ്മൾ അത്ഭുതപ്പെട്ടു. ഇന്ന് എയ്റോസ്പേസ് കോഴ്സ് വരെയുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ലോകജനസംഖ്യയും ഇന്ത്യയുടെ ജനസംഖ്യയുമൊക്കെ എത്രയോ ഇരട്ടിയായി വർദ്ധിച്ചു. ശാസ്ത്ര സാങ്കേതിക രംഗത്തും മനുഷ്യൻ ഒരുപാട് വളർന്നു. ആ വളർച്ചയ്ക്കനുസരിച്ച് സമൂഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു വളർച്ചയാണിത്. അതിന് കാലോചിതമായിട്ടുള്ള വികാസം സ്വാഭാവികമാണ്. അതു

കൊണ്ട് പഴയത് എടുത്ത് ഉദ്ധരിക്കലല്ല, ഇന്നത്തെ സാഹചര്യങ്ങളേയും വരാനിരിക്കുന്ന സാഹചര്യങ്ങളേയും കണ്ടുകൊണ്ടുള്ള ഒരു കാലോചിതമായ നിലപാടാണ് വിദ്യാഭ്യാസരംഗത്ത് സ്വീകരിക്കേണ്ടത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതിലേയ്ക്കാണ് വരുന്നത്. കാലത്തിനനുസരിച്ചുള്ള മാറ്റം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാൻ നമുക്ക് സാധിക്കണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് അക്കാദമിഷ്യൻ എന്നൊരു വിഭാഗമുണ്ടല്ലോ? അവിടെ ചില കുറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ സിലബസിന്റെ നിലവാരം ഉയർത്തുന്നതിൽ ഗുരുതരമായ വീഴ്ച നടന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം നമ്മൾ അംഗീകരിക്കണം. ഇവിടെ ഈ ബില്ലിനെ തെറ്റിദ്ധരിച്ചാണ് പലരും വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിൽ അക്കാദമിക് ഓട്ടോണമസിനെക്കുറിച്ച് മാത്രമേ ബില്ലിൽ പറഞ്ഞിട്ടുള്ളൂ. ഫിനാൻഷ്യൽ ഓട്ടോണമസാണോ മാനേജ്മെന്റ് ഓട്ടോണമസാണോ എന്നൊക്കെ ചോദിച്ചു. യൂണിവേഴ്സിറ്റിയുടെ അധികാരം മുഴുവൻ കവർന്നെടുക്കുകയാണ് എന്നും പറഞ്ഞു. ശ്രീ. കെ. സുരേഷ് കുറുപ്പ് ഈ ബിൽ വായിച്ചുകാണുമെന്ന് പ്രതീക്ഷിക്കുന്നു. വായിച്ചിട്ടുണ്ടെങ്കിൽ ചില കാര്യങ്ങൾ മാറ്റിവച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. ഇതിൽ അക്കാദമിക് ഓട്ടോണമസ് മാത്രമേ പരാമർശിച്ചിട്ടുള്ളൂ. യൂണിവേഴ്സിറ്റിയുടെയും യു.ജി.സി. യുടെയും നിലവിലുള്ള സാഹചര്യങ്ങളും നിയമങ്ങളും അനുസരിച്ചുള്ള ഫീസുകൾ ഇവിടെയുണ്ടാകണം. യൂണിവേഴ്സിറ്റികളുടെയും യു.ജി.സി. യുടെയും നോംസ് അനുസരിച്ചാണ് ഇവിടെ അദ്ധ്യാപക നിയമനം നടത്തേണ്ടത്. കവർന്നെടുക്കുന്നതായിട്ടുള്ള ഒരു പ്രൊവിഷനും ഇതിൽ പറഞ്ഞിട്ടില്ല. ഈ നിയമത്തിൽ വളരെ വ്യക്തമായി *Powers of University over*

*Autonomous College*- നെ കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ Where the Governing Council of an Autonomous College has approved and recommended any academic programme to the University, the Vice-Chancellor shall cause the proposal to be placed before the relevant Board of Studies of the University. ആ ബോർഡ് സ്റ്റഡീസ് കൂടി The Board of Studies or the Expert Committee, as the case may be, shall, within thirty working days from the date of receipt of the proposal, consider it for the Academic Programme referred to in sub-section (2) and approve, reject or return the same, to the Vice –Chancellor. സില ബസ് രൂപീകരിക്കുമ്പോൾ ഏതെങ്കിലും മാനേജ്മെന്റ് കൊടുത്തിരിക്കുന്ന അധികാരം മുഴുവൻ......,

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഈ തീരുമാനങ്ങളിലെല്ലാം അപ്പീൽ പോകു വാനുള്ള അധികാരമുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: യൂണിവേഴ്സിറ്റിയുടെ ഓട്ടോണമസ് സ്വഭാവം നിയന്ത്രിക്കുന്നതാരാണ്? സിൻഡിക്കേറ്റാണ്. സിൻഡിക്കേറ്റിനെ ആരാണ് തീരുമാനിക്കുന്നത്? കേരളത്തിൽ ഞങ്ങളും നിങ്ങളും ഭരിച്ചപ്പോൾ കാലാകാലങ്ങളിൽ വന്ന സിൻഡിക്കേറ്റിൽ രാഷ്ട്രീയ സ്വാധീനമുണ്ടായിരു ന്നില്ലേ? അതിൽ വിദ്യാർത്ഥി പ്രതിനിധികളെയും അദ്ധ്യാപക പ്രതിനിധിക ളെയും തെരഞ്ഞെടുക്കണം, സമ്മതിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: കേരള യൂണിവേഴ്സിറ്റിയുടെ സിൻഡി ക്കേറ്റിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് അംഗങ്ങളായിട്ടുള്ളത്.

ശ്രീ. ബെന്നി ബെഹനാൻ: കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റിനെക്കുറിച്ചും........, തെരഞ്ഞെടുത്തത് തന്നെയാണ്. അവരാണ് തീരുമാനിക്കുന്നത്. ഇതിൽ താങ്കൾ പറഞ്ഞതുപോലെ അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം വേണമോയെന്ന് ആലോചിക്കേണ്ട കാര്യമായിരിക്കും. നേരത്തെ ഇവിടെ സംസാരിച്ചവർ പറഞ്ഞത്, വൈസ്-ചാൻസലർ നേരെയായാൽ യൂണിവേഴ്സിറ്റിയെല്ലാം നേരെയായി എന്ന രീതിയ്ക്കാണ്. യൂണിവേഴ്സിറ്റിയുടെ ഓട്ടോണമസ് സ്വഭാവത്തെ നിയന്ത്രിക്കുന്നതും തീരുമാനമെടുക്കുന്നതും എല്ലാം സിൻഡിക്കേറ്റാണ്. ഞാൻ സിൻഡിക്കേറ്റ് മെമ്പറാണ്. ഇവിടെ പലരും സിൻഡിക്കേറ്റ് മെമ്പറായിരുന്നു.

ശ്രീ. ജി. സുധാകരൻ: ഒരു കൺഫ്യൂഷൻ വന്നതുകൊണ്ട് ചോദിക്കുന്നതാണ്. ഓട്ടോണമസ് കോളേജ് എന്ന സങ്കല്പം യൂറോപ്പിൽ നിന്ന് വന്നതാണ്. ഇവിടെ നിന്നുണ്ടായതല്ല. ഇവിടെ ആട്ടോണമസ് എന്ന് പറയുകയും പിന്നീട് അത് യൂണിവേഴ്സിറ്റിയുടെ ഭരണസമിതികൾക്ക് അയയ്ക്കുകയും ചെയ്താൽ പിന്നെ എന്തിനാണ് ഓട്ടോണമസ്? അവിടെയൊന്നും അയയ്ക്കേണ്ട കാര്യമില്ല. യൂണിവേഴ്സിറ്റിയുടെ പവർ മുഴുവൻ കോളേജിന് കൊടുക്കുന്നതാണ് ആട്ടോണമസ്. സർട്ടിഫിക്കറ്റ് മാത്രം യൂണിവേഴ്സിറ്റി കൊടുക്കും.

ശ്രീ. ബെന്നി ബെഹനാൻ: സർവ്വകലാശാലയുടെ മുഴുവൻ അധികാരങ്ങളും ആട്ടോണമസ് കോളേജുകൾക്ക് കൊടുക്കുന്നതിലുള്ള പ്രതിഷേധമാണ് ബഹുമാനപ്പെട്ട അംഗങ്ങളായ സുരേഷ് കുറുപ്പും രാജേഷും പറഞ്ഞത്. മുഴുവൻ അധികാരങ്ങളും കൊടുക്കുന്നില്ല. യൂണിവേഴ്സിറ്റിക്കും ഗവൺമെന്റിനുമൊക്കെ ഇതിന്റെ പേരിൽ ചില നിബന്ധനകളുണ്ട്. പക്ഷേ ഏതാണ് കൊടുക്കുന്നത്? അത് ഡെവലപ് ചെയ്യാനായി അക്കാദമിക്

തലത്തിലുള്ള സ്വാതന്ത്ര്യമാണ് നൽകുന്നത്. ഇവിടെ എല്ലാവരും സംസാരിച്ചപ്പോൾ പറഞ്ഞു – ഹ്യുമാനിറ്റീസ്, ആർട്സ്, ലാംഗ്വേജസ്, സോഷ്യൽ സയൻസ്......., ശരിയാണ് ഇപ്പോഴത്തെ സർവ്വകലാശാലയുടെ അടിസ്ഥാനത്തിൽ ഇത്തരം സബ്ജക്ടുകൾക്ക് എന്തെങ്കിലും പ്രോത്സാഹനമുണ്ടോ? പ്രോത്സാഹനമില്ല. സർവ്വകലാശാലകളുടെ കടമയെന്താണ്? ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലകൾ പരീക്ഷ സെന്ററുകളായി മാറുന്നു. അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം വർദ്ധിക്കുന്നു. അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ ഒരു പരീക്ഷാ നടത്തിപ്പ് കേന്ദ്രമായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നു. ഞാൻ സിൻഡിക്കേറ്റ് മെമ്പറാണ്. ഞാൻ ഒരു കാര്യം ഇവിടെ തുറന്നു പറയുന്നു. സിൻഡിക്കേറ്റിൽ അജണ്ട വരും. ആ സിൻഡിക്കേറ്റിലെ അജണ്ടയിൽ മഹാഭൂരിപക്ഷവും കോപ്പി അടിച്ച വിദ്യാർത്ഥികളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് പരിഗണിക്കുന്നതിനു വേണ്ടിയാണ്. എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റിൽ ഈ അജണ്ട മാറ്റം ചെയ്യണമെന്ന് ഞാൻ പറഞ്ഞു. കോപ്പിയടിച്ച വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനു വേണ്ടി റിപ്പോർട്ടുണ്ടാക്കി, ആ റിപ്പോർട്ട് അംഗീകരിക്കേണ്ട അവസ്ഥ പരിപാവനമായ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനുണ്ടായാൽ എന്ത് ഗതികേടാണ്. ആട്ടോണമസ് കോളേജുകൾക്ക് അദ്ധ്യാപകർ എതിരാണ്, കാരണം അദ്ധ്യാപകർക്ക് പണിയെടുക്കേണ്ടി വരും. ഇന്ന് യു.ജി.സി. ശമ്പളം വാങ്ങി രണ്ടു മണിക്കൂർ മാത്രമേ ക്ലാസെടുക്കുന്നുള്ളൂ. ഒരു കാലഘട്ടത്തിൽ അദ്ധ്യാപകർക്കുണ്ടായിരുന്ന മൂല്യം, മഹത്വം ഇപ്പോഴുള്ള സർവ്വകലാശാലകൾക്കോ കോളേജുകൾക്കോ ഉണ്ടോ? ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല, ഒരു കാലഘട്ടത്ത് പല കോളേജുകളും അറിയപ്പെട്ടിരുന്നത് അവിടത്തെ അദ്ധ്യാപകരുടെ പേരിലാണ്. കോളേജിനേക്കാൾ

പ്രശസ്തരായിരുന്നു അദ്ധ്യാപകർ – യൂണിവേഴ്സിറ്റി കോളേജിൽ ഗോദവർമ്മ, എം. കൃഷ്ണപിള്ള, ഒ.എൻ.വി. കുറുപ്പ്, ജി. കുമാരപിള്ള, വിഷ്ണുനാരായണൻ നമ്പൂതിരി, എം. കൃഷ്ണൻ നായർ, ഹൃദയകുമാരി, തിരുനല്ലൂർ കരുണാകരൻ.

P-10-06-2014-RN/VR- 2
3.30.3.40

(ശ്രീ. കെ. രാജു – തുടർച്ച)

ഇവിടെ 11 സ്വകാര്യ കോളേജുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അവ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, തൃശ്ശൂർ സെന്റ് തോമസ് കോളേജ്, കളമശ്ശേരി രാജഗിരി കോളേജ്, തേവലക്കര എസ്. എച്ച്. കോളേജ്, എറണാകുളം സെന്റ് തെരേസാസ് കോളേജ്, ചങ്ങനാശ്ശേരി എസ്. ബി. കോളേജ്, കൊല്ലം ഫാത്തിമ മാതാ കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, മമ്പാട് എം.ഇ. എസ്. കോളേജ്, കോഴിക്കോട് ഫറൂക്ക് കോളേജ് എന്നിവയാണ്. ഈ കോളേജുകളിൽ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം മോശമാണെന്ന് എനിക്ക് അഭിപ്രായമില്ല. അവിടെയെല്ലാം ഇപ്പോൾ ഇത് അടിച്ചേൽപ്പിച്ചുകൊണ്ട് നമ്മുടെ യു.ജി.സി.–യിൽനിന്നും കിട്ടുന്ന പണത്തിന്റെ ഒഴുക്കാണോ ഉദ്ദേശിക്കുന്നത്? എനിക്ക് തോന്നുന്നത് അതാണ് മുഖ്യമായിട്ടും നമ്മുടെ വിദ്യാ

ഭ്യാസ വകുപ്പുമന്ത്രി കണ്ടിട്ടുള്ളത്. സർക്കാരും യൂണിവേഴ്സിറ്റികളും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. ആ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നുമുള്ള പണത്തിന്റെ ഒഴുക്ക്/ധനത്തിന്റെ മേന്മയും അതിന്റെ അടിസ്ഥാനവും മാത്രമാണ് ഇപ്പോൾ ഇവിടെ ലക്ഷ്യമിടുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുമാത്രം നോക്കി വിദ്യാഭ്യാസ രംഗത്തെ മാറ്റത്തിനുവേണ്ടി നിൽക്കരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. നമ്മുടെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇതിനോട് യോജിക്കാത്ത ഈ പ്രത്യേക സാഹചര്യത്തിൽ ഇപ്പോൾ ഈ നിയമം കൊണ്ടുവരേണ്ട കാര്യമില്ല, അത് പിൻവലിക്കണമെന്ന് മാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(മി. സ്പീക്കർ)

P-10-06-2014-RN/VR- 2
3.30.3.41

മി. സ്പീക്കർ: ഷെഡ്യൂൾ അനുസരിച്ച് രാവിലെത്തെയും ഇന്നത്തെയും ബില്ലുകൾ ഒരു മാസം കഴിഞ്ഞുമാത്രമേ സഭയുടെ പരിഗണനയിൽ വരികയുള്ളൂ. ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി വിളിച്ചുചേർത്ത് ദ്രുതഗതിയിൽ ചെയ്യുന്നത് ശരിയല്ല. വളരെ അവധാനതയോടെ ചർച്ച ചെയ്യേണ്ട ഒരു ബില്ലാണിത്. അത് അംഗങ്ങൾകൂടി മനസ്സിലാക്കണം. സബ്ജക്ട് കമ്മിറ്റി ഒരു ചടങ്ങുപോലെ എടുക്കാതെ ഇത്രയും ആളുകൾ സംസാരിച്ച ഈ വിഷയത്തിന്റെ ഗൗരവം അനുസരിച്ച് ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി വിളിച്ചുചേർക്കുന്നത് ശരിയല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കാൻ പറഞ്ഞിട്ടുണ്ട്.

അക്കാഡമിക് സ്വാതന്ത്ര്യം നല്ല പെർഫോർമൻസ് നടത്തുന്ന കോളേജുകൾക്ക് കൊടുക്കുകയെന്നുള്ള ഒരു പ്രശ്നം എൻ.ആർ. മാധവമേനോൻ കമ്മീഷൻ ശുപാർശ ചെയ്യുകയും അതനുസരിച്ചുള്ള ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ തീരുമാനങ്ങളുമൊക്കെ കണക്കിലെടുത്താണ് മറ്റ് സംസ്ഥാനങ്ങളിലൊക്കെയുള്ളതുപോലുള്ള അക്കാഡമിക് സ്വയംഭരണാവകാശം കൊടുക്കുന്ന സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തും നല്ല കോളേജുകൾ ഉണ്ടാക്കുക എന്ന ഉദ്ദേശത്തിൽ കൊണ്ടുവന്നത്. അതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളിൽ ഭൂരിഭാഗവും ഗവൺമെന്റ് ഉദ്യോഗസ്ഥരും ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗ സ്ഥരും വൈസ് ചാൻസലറുമൊക്കെയാണ്. ഇതിൽ അക്കാദമിക് ആട്ടോ ണമി മാത്രമാണ് നൽകുന്നത്. കോളേജുകളിലെ മറ്റു രീതിയിലുള്ള എല്ലാ കാര്യങ്ങൾക്കും അവർ യൂണിവേഴ്സിറ്റിയുടെയും യു.ജി.സി.-യുടെയും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും. അതിൽ യാതൊരു മാറ്റവും വരുത്തുന്നില്ല. പുതിയ കോഴ്സുകൾ ഡിസൈൻ ചെയ്യാനും ആ കോഴ്സുകളുടെ കരിക്കുലവും സിലബസും ഉണ്ടാക്കിയശേഷം കോഴ്സ് നടത്തി പരീക്ഷ നടത്താനുമുള്ള സ്വാതന്ത്ര്യമാണ് അവർക്ക് കൊടുക്കുന്നത്. പരീക്ഷയുടെ റിസൾട്ട് അനുസരിച്ചുള്ള ഡിഗ്രിയും ഡിപ്ലോമയും അവാർഡ് ചെയ്യുന്നത് യൂണിവേഴ്സിറ്റികൾ തന്നെയാണ്. കേരളത്തിൽ ഏകദേശം 200-ഓളം കോളേജുകളുണ്ട്. 161 എയ്ഡഡ് കോളേജുകളും 40-ഓളം ഗവൺമെന്റ് കോളേജുകളുമുണ്ട്. ഈ കോളേജുകളിൽനിന്നുമാണ് 13 കോളേജുകളാണ് തെരഞ്ഞെടുത്തത്. രണ്ട് ഗവൺമെന്റ് കോളേജുകളെയും 11 എയ്ഡഡ് കോളേജുകളെയും തെരഞ്ഞെടുത്തത് വളരെ സ്ട്രിക്ടാറ്റായി ട്ടുള്ള വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. അതിനുള്ള മാനദണ്ഡ

ങ്ങൾ ഇതിന്റെ ബോഡി തീരുമാനിക്കുകയും കോളേജിന്റെ ഇൻഫ്രാസ്ട്ര ക്ച്ചർ, കോഴ്സുകൾ, റിസോഴ്സ് ഫെസിലിറ്റീസ്, നാക്-ന്റെ അക്രഡിറ്റേഷൻ അങ്ങനെയുള്ള ഒരുപാട് മാനദണ്ഡങ്ങൾവച്ച് ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഈ കമ്മിറ്റി നിയോഗിച്ച അംഗങ്ങളും പരിശോധിച്ച് അവരുടെ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് കോളേജുകൾ തെരഞ്ഞെടുത്തത്. രണ്ട് ഗവൺമെന്റ് കോളേജുകളായ യൂണിവേഴ്സിറ്റി കോളേജും മഹാരാജാസ് കോളേജും ഇതിലുണ്ട്. ബാക്കിയുള്ളതാണ് 11 എയ്ഡഡ് കോളേജുകളാണ്. 200 കോളേജുകളിൽനിന്നും 13 കോളേജുകൾ എന്നുപറയുമ്പോൾത്തന്നെ എത്ര സ്ട്രിക്ടായിട്ടുള്ള പരിശോധനയാണ് ഇക്കാര്യത്തിൽ നടന്നത് എന്നുള്ളത് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഗവൺമെന്റിന്റെയോ യൂണിവേഴ്സിറ്റിയുടെയോ യു. ജി.സി.-യുടെയോ നിബന്ധനകൾക്കപ്പുറം പോകാൻ അക്കാഡമിക് ആട്ടോണമികൊണ്ട് ഒരു കോളേജിനും സാധിക്കുകയില്ല. മാത്രമല്ല അക്കാഡമിക് ആട്ടോണമി കൊടുത്ത കോളേജുകൾ ഗവൺമെന്റിന്റെയോ യു.ജി.സി.-യുടെയോ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ അവർക്ക് നൽകിയിരിക്കുന്ന അക്കാഡമിക് ആട്ടോണമി എന്ന സംവിധാനം പിൻവലിക്കുന്നതിന് യു.ജി.സി.-ക്കും യൂണിവേഴ്സിറ്റിക്കും അധികാരമുണ്ടായിരിക്കും. ആ രീതിയിലാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. ഇവിടെ എല്ലാവരും ചില ആശങ്കകളും പോരായ്മകളും പറഞ്ഞിട്ടുണ്ട്. അവ ചർച്ചചെയ്ത് കുറ്റമറ്റ രീതിയിൽ പരിഹരിക്കാം. ഈ സംവിധാനം മറ്റ് സംസ്ഥാങ്ങളിലും രാജ്യങ്ങളിലുമൊക്കെ നടക്കുന്നു. അന്താരാഷ്ട്ര തലത്തിലുള്ള പുതിയ കോഴ്സുകൾ നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക്

പഠിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുക എന്നുള്ള ഒരു സദ്ദുദ്ദേശം മാത്രമേ ഇതിന്റെ പിന്നിലുള്ളൂ.

ശ്രീ. കോടിയേരി ബാലികൃഷ്ണൻ: സർ, ശ്രീ. രാജേഷ് നേരത്തെ സംസാരക്കുന്ന സന്ദർഭത്തിൽ പ്ലസ് ടു പാഠപുസ്തക വിതരണം ഇതുവരെ തുടങ്ങിയിട്ടില്ലെന്നും ഒരു മാസമായിട്ടും അച്ചടിയുടെ വർക്കും പൂർത്തിയായി ട്ടില്ലെന്നും ഇത് എന്ന് കിട്ടുമെന്ന് ഉറപ്പില്ലെന്നും സൂചിപ്പിക്കുയുണ്ടായി. ഇങ്ങ നെയൊരു സ്ഥിതി എന്തുകൊണ്ട് വന്നു? ഒരു പുസ്തകവും പ്ലസ് ടു-വിൽ മാറ്റം വരുന്നില്ല. സാധാരണഗതിയിൽ പുതിയ അദ്ധ്യയന വർഷം തുടങ്ങു മ്പോൾ തന്നെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടതല്ലേ? എന്തുകൊണ്ടിത് സംഭവിച്ചു, എപ്പോൾ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ സാധിക്കും, എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞുവന്ന കാര്യം പൂർത്തിയാക്കാം. അതുകൊണ്ട് ഒരു ആശങ്കയ്ക്കും അവകാശമില്ല. ഇതിലുള്ള അവ്യക്തതകളും പോരായ്മകളും ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽവച്ച് അത് പരിഹരിച്ച് അതിനുശേഷം ക്ലാസ് ബൈ ക്ലാസ് ചർച്ചയിലും പരിഹരിച്ച് ഇതൊരു കുറ്റമറ്റ നിയമമാക്കി മാറ്റിയെടുക്കാം. പ്ലസ് ടു പാഠപുസ്തക വിതരണത്തിന്റെ കാര്യത്തിൽ ടെണ്ടർ നടപടികളിൽവന്ന കാലതാമസമാണ് വൈകുന്നതിന് കാരണമായത്. ഗവൺമെന്റ് പ്രസ്സിലും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി-ആപ്ടിലുമായി പ്രിന്റിംഗ് വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ജൂൺ മാസം അവസാനിക്കുന്നതോടുകൂടി പുസ്തകങ്ങൾ കൊടുക്കാൻ സാധിക്കുന്നതാണ്. യൂണിഫോമിനെ സംബന്ധിച്ച് ചില പരാതികൾ ഉന്നയിക്കുകയുണ്ടായി. ഇത് ഒരു കമ്പനിക്ക് മാത്രമായി ഗവൺമെന്റ്

കൊടുത്തിട്ടില്ല. കർണ്ണാടകയിലും ആന്ധ്രയിലുമൊക്കെ ചെയ്തതുപോലെ 8 കമ്പനികളെ എംപാനൽ ചെയ്തുകൊണ്ട് നല്ല ക്വാളിറ്റിയുള്ള സാധനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തത്. മഫത്‌ലാൽ ആയിരുന്നു ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്തത്. ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്ത കമ്പനിയുടെ റേറ്റിലേക്ക് നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ അടക്കമുള്ള എട്ട് കമ്പനികളെ എംപാനൽ ചെയ്ത് സപ്ലൈ ദ്രുതഗതിയിലാക്കിയാണ് വിതരണം നടത്തിയത്. പല എ.ഇ.ഒ.-മാരും സമയബന്ധിതമായി പ്രവർത്തിക്കാത്തതുകൊണ്ട് ചില ജില്ലകളിലെ ചില സ്കൂളുകളിൽ യൂണിഫോമുകൾ നൽകുന്നതിന് താമസമുണ്ടായത്. 90 ശതമാനത്തിലധികം കുട്ടികൾക്കുള്ള യൂണിഫോമുകൾ സ്കൂൾ അടയ്ക്കുന്നതിനുമുമ്പുതന്നെ നൽകിയിട്ടുണ്ട്. അതാണ് അതിന്റെ വസ്തുത. എവിടെയെങ്കിലും ചില സ്ഥലങ്ങളിൽ എ.ഇ.ഒ.-മാരുടെ അനാസ്ഥകൊണ്ടുണ്ടായിട്ടുള്ള ചില പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. അത് ഭാവിയിൽ ഇല്ലാതാക്കാൻ നോക്കുകയും ചെയ്യാം. അതല്ലാതെ ഏതെങ്കിലും ഒരു കമ്പനിക്ക് അത് പതിച്ചുകൊടുത്തു, അതിൽ അഴിമതി നടക്കുന്നു എന്നൊക്കെ പറയുന്നതിൽ യാതൊരർത്ഥവുമില്ല. അങ്ങനെ ഒരു കാര്യവും അതിന്റെ പിന്നിലില്ല. ആദ്യത്തെ വർഷം ചെയ്തത് ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രം എസ്.എസ്.എ. ഫണ്ടുപയോഗിച്ച് കൊടുക്കുകയാണ് ചെയ്തത്. അത് കഴിഞ്ഞവർഷം എയ്ഡഡ് സ്കൂളുകൾക്കുകൂടി ബാധകമാക്കി. ഇതിന്റെ പണമെല്ലാം സ്കൂളിൽ നിന്നുതന്നെയാണ്. ഗവൺമെന്റ് നേരിട്ടല്ല കൊടുക്കുന്നത്. ഓരോ സ്കൂളിലും ഉള്ള കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 400/- രൂപവച്ച് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് തന്നെയാണ് കൊടുക്കുന്നത്. സ്കൂളിലെ ഹെഡ്മാസ്റ്ററാണ് മൊത്തം കുട്ടികളുടെ മെഷർമെന്റ് എടുത്ത് എത്ര ക്ലോത്ത്

വേണമെന്ന് തീരുമാനിച്ച് എ.ഇ.ഒ.-ക്ക് കൊടുത്ത്, എ.ഇ.ഒ.-യാണ് എംപാനൽ ചെയ്ത് കമ്പനികൾക്ക് ഓർഡർ കൊടുക്കുന്നത്. 10-20 ഡിസൈൻസ് എട്ട് കമ്പനികൾക്കുകൂടി കൊടുത്തിട്ടുണ്ട്. അതിൽ ഇഷ്ടമുള്ള ഡിസൈൻസ് സ്കൂളുകൾക്ക് തെരഞ്ഞെടുക്കാം. അതൊന്നും പറ്റുന്നില്ലെങ്കിൽ നമ്മൾ പറഞ്ഞിരിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങാനുള്ള അധികാരം കൊടുത്തു. വളരെ കുറ്റമറ്റ രീതിയിൽ ആന്ധ്രാപ്രദേശും കർണ്ണാടകയും ഫോളോ ചെയ്ത അതേ പാറ്റേണിലാണ് കഴിഞ്ഞവർഷങ്ങളിൽ കൊടുത്തത്. നടപടിക്രമങ്ങളിലും എ.ഇ.ഒ.-മാരുടെ യൊക്കെ കാലതാമസമാണ് ഇത് ലേറ്റാകാൻ കാരണമായത്. സ്കൂൾ അടയ്ക്കുന്നതിനുമുമ്പുതന്നെ 90 ശതമാനം സ്കൂളുകളിലും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി അതിനുശേഷം കൊടുത്തു.

ശ്രീ. ആർ. രാജേഷ്: സർ, അക്കാഡമിക് ആട്ടോണമിയുടെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഗവൺമെന്റിന് വരുന്നുണ്ടോ? അങ്ങ് സൂചിപ്പിച്ചത് അക്കാഡമിക് ആട്ടോണമി മാത്രമാണെ ന്നാണ്. അങ്ങനെയാണെങ്കിൽ എന്തെങ്കിലും ഫിനാൻഷ്യൽ ലയബിലിറ്റി ഗവൺമെന്റിന് വരുന്നുണ്ടോ? വരുന്നില്ലെങ്കിൽ എങ്ങനെയാണ് ഗവൺമെന്റ് കോളേജുകളിൽ ഈ തുക കണ്ടെത്തുന്നത്? ആ തുക കണ്ടെത്തുമ്പോഴാണ് അവർക്ക് ഭരണപരമായ ആട്ടോണമിയിലേക്ക് പോകുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറയുന്നത് അക്കാഡമിക് ആട്ടോണമി കൊടുത്തു എന്നുള്ളതുകൊണ്ട് ഒരു ബാധ്യതയും വരില്ല എന്നോ അല്ലെങ്കിൽ എല്ലാ ബാധ്യതയും ഗവൺമെന്റിന് വരും എന്നോ എനിക്ക് കൃത്യമായി പറയാൻ കഴിയില്ല. ഈ ബില്ലിന്റെ ആദ്യത്തെ ചർച്ചയിലാണ്. സബ്ജക്ട് കമ്മിറ്റി വരുമ്പോൾ വിശദമായ ചർച്ചകൾ

നടത്താം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

10.06.2014 GK-SP-1
03.00-03.10

(ശ്രീ. ബെന്നി ബെഹനാൻ തുടർച്ച)

മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന രാമസ്വാമി അയ്യർക്ക് 36 വിഷയങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നു. രാമസ്വാമി അയ്യർ മഹാരാജാസ് കോളേജിലെ മാഗസിനിൽ എഴുതിയ ആർട്ടിക്കിൾ ഇന്നും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. അത്രയും പ്രഗത്ഭരായിരുന്നു അന്നത്തെ അദ്ധ്യാപകർ. അവിടെയാണ് ജി. ശങ്കരകുറുപ്പും പണ്ഡിറ്റ് കറുപ്പനും പഠിപ്പിച്ചത്. അന്ന് മാനേജ്മെന്റ് കോളേജുമുണ്ടായിരുന്നു. യു.സി. കോളേജിലാണ് കൃഷ്ണപിള്ള സാർ പഠിപ്പിച്ചത്, കാലടി കോളേജിലാണ് എസ്.കെ. വസന്തൻ സാർ പഠിപ്പിച്ചത്, മഹാരാജാസ് കോളേജിലാണ് ജി. ശങ്കരകുറപ്പ് പഠിപ്പിച്ചത്. എം.ഐ. കോളേജിലാണ് പ്രൊഫ. കെ. എൻ. തരകൻ പഠിപ്പിച്ചത്, മൂവാറ്റുപുഴ കോളേജിലാണ് ശ്രീ. എൻ.പി. മന്മഥൻ, പഠിപ്പിച്ചത്. അതുപോലെ എത്രയോ പ്രഗത്ഭന്മാരാണ് കോളേജിൽ പഠിപ്പിച്ചിട്ടുള്ളത്. പണ്ട് അദ്ധ്യാപകർക്ക് ഡോക്ടറേറ്റ് ബിരുദം വേണ്ട. കോളേജുകളിൽ ഡോക്ടറേറ്റ് ബിരുദമുള്ള അദ്ധ്യാപകൻ ഒരാളെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഡോക്ടറേറ്റുള്ള അദ്ധ്യാപകരാണ് മഹാഭൂരിപകഷവും. ഡോക്ടറേറ്റുള്ള അദ്ധ്യാപകരുള്ളതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിച്ചോ? അപ്പോൾ നിങ്ങൾ പറയും ഡോക്ടറേറ്റ് കൊടുക്കരുതെന്ന്. നിങ്ങളുടെ കാലത്തും ഡോക്ടറേറ്റ് കൊടുത്തിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥി യുവജന രംഗത്തിലൂടെ കടന്നുവന്നയാളുകൾ കേരളത്തിന്റെ

വിദ്യാഭ്യാസ മേഖലയെ അതിന്റെ നിലവാരത്തിന്റെ അക്കാമിക് തലത്തിലു ണ്ടാകുന്ന പരീക്ഷണത്തെക്കുറിച്ചാണ് നമ്മൾ പറയേണ്ടത്. ആ അക്കാദമിക് ഓട്ടോണമിയാണ് ഈ നിയമത്തിലൂടെ നമ്മൾ പ്രാവർത്തികമാക്കാൻ പോകു ന്നത്. ഒരു തെറ്റിദ്ധാരണയും വേണ്ട, നിയമത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യത്തിനും................. Powers of University–യെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇവിടെ നമ്മൾ സിലബസ് തീരുമാനിക്കണം. സിലബസ് തീരുമാനിക്കണ മെന്ന അഭിപ്രായക്കാരനാണ് ഞാൻ. നമുക്ക് സ്വാതന്ത്ര്യം വേണം. ഓട്ടോണ മസ് കോളേജ് വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നത് അതിന്റെ പെർഫോമൻസ് പോലെയിരിക്കും. ഇന്ത്യയിൽ മനോഹരമായി നടത്തുന്ന എത്രയോ ഓട്ടോണമസ് കോളേജുകളുണ്ട്. നമ്മുടെ കുട്ടികളെ എങ്ങോട്ടാണ് അയയ്ക്കുന്നത്? കേരളത്തിലുള്ള എത്രയോ കുട്ടികൾ ഈ ഓട്ടോണമസ് കോളേജിൽ പോയി പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് താൽപ്പര്യമു ളള നമ്മുടെ രക്ഷിതാക്കൾ ഡൽഹി, ബോംബെ, ചെന്നൈ, തുടങ്ങിയ സ്ഥല ങ്ങളിലുള്ള ഓട്ടോണമസ് കോളേജുകളിലേയ്ക്കാണ് കുട്ടികളെ വിടുന്നത്. വിദ്യാഭ്യാസ നിലവാരമുള്ളതുകൊണ്ടാണ് കുട്ടികളെ അവിടെ വിടുന്നത്. ഇന്ത്യാ ടുഡേയിൽ പറഞ്ഞിരിക്കുന്ന ഈ കോളേജുകളിലേയ്ക്ക് രക്ഷ കർത്താക്കൾ വിദ്യാർത്ഥികളെ വിടുന്നുണ്ട്. ആധുനിക രക്ഷാകർത്താവിന്റെ ഏറ്റവും വലിയ ഇൻവെസ്റ്റുമെന്റ് എന്നുപറയുന്നത് അവന്റെ കുട്ടിക്ക് കൊടു ക്കുന്ന വിദ്യാഭ്യാസമാണ്. ഇവിടത്തെ പാവപ്പെട്ട രക്ഷകർത്താക്കൾപോലും അവരുടെ കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം കൊടുക്കണമെന്ന അറി വിന്റെ കാലഘട്ടത്തിലാണ് നിൽക്കുന്നത്. ആ അറിവിന്റെ കാലഘട്ടത്തിൽ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ വിടും. നമ്മുടെ

നാട്ടിൽ കാണുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലേയ്ക്ക് എന്തുകൊണ്ടാണ് വിദ്യാർത്ഥികൾ പോകുന്നത്? നമ്മൾ ആരും സി.ബി.എസ്.ഇ. സ്കൂളിനെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി പറഞ്ഞില്ല. എന്നിട്ടും  കേരളത്തിൽ എന്തു കൊണ്ടാണ് സി.ബി.എസ്.ഇ. സ്കൂളുകൾ പെരുകുന്നത്? നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയിലുള്ളതിനേക്കാൾ നിലവാരം സി.ബി.എസ്.ഇ. സ്കൂളു കളിൽ ഉള്ളതുകൊണ്ടാണ് സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളുടെ മക്കൾപോലും സി.ബി.എസ്.ഇ. സ്കൂളുകളിൽ മക്കളെ പഠിപ്പിക്കുന്നതിനു വേണ്ടി ശ്രമിക്കുന്നത്. ഇപ്പോൾ അഡ്മിഷൻ സമയമാണ്. ഏറ്റവും കൂടുതൽ ആളുകൾ എം.എൽ.എ.മാരുടെ അടുത്ത് ശുപാർശയ്ക്ക് വരുന്ന സമയമാ ണിത്. നമുക്ക് കിട്ടുന്ന ശുപാർശയിൽ ബഹുഭൂരിപക്ഷവും അഡ്മിഷൻ ലഭി ക്കുന്നതിനുവേണ്ടിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 22 സി.ബി.എസ്.ഇ. സ്കുളുകളാണുള്ളത്. രാവിലെ എന്റെ വീട്ടിൽ ആളുകൾ ക്യൂ നിൽക്കുകയാണ്. ഇവരാരും പണമുള്ളവരല്ല, സാധാരണക്കാരായ പാവപ്പെട്ടവരാണ് വരുന്നത്. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയാണ് നല്ല അക്കാദമിക് നിലവാരമുള്ള സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ അയയ്ക്കു ന്നത്. വിദ്യാഭ്യാസമാണ് കുട്ടികൾക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റാണെന്ന് രക്ഷകർത്താക്കൾ ചിന്തിക്കുന്ന കാലഘട്ടത്തിൽ നമുക്ക്  പഴയ പല്ലവിയും പറഞ്ഞ് മാറിനിൽക്കാൻ കഴിയുമോ? ഞാൻ വിദ്യാർത്ഥിനേതാവായി കടന്നുവന്ന ആളാണ്. ഇവിടെയിരിക്കുന്ന മഹാഭൂരിപ ക്ഷപേരും വിദ്യാർത്ഥി നേതാക്കളായി കടന്നുവന്നവരാണ്. നമ്മളൊന്നും വിദ്യാർത്ഥി രാഷ്ട്രീയത്തിന് എതിരല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സിബി.എസ്.ഇ. സ്കൂളുകളിലേയ്ക്ക് അഡ്മിഷനുവേണ്ടി ആളുകൾ ക്യൂ നിൽക്കുന്ന കാര്യത്തെക്കുറിച്ചാണ്

പറഞ്ഞത്. കോഴിക്കോട് തകർന്നുകിടന്നിരുന്ന നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളുണ്ടായിരുന്നു. ഇപ്പോൾ ഇന്റർനാഷണൽ ലെവലിലേയ്ക്ക് വന്നപ്പോൾ അവിടെയും അഡ്മിഷനുവേണ്ടി കുട്ടികൾ ക്യൂ നിൽക്കുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ എങ്ങനെയാണ് ആ നിലവാരത്തിലേയ്ക്ക് എത്തിയത്; അതിന് ആരാണ് കാശ് കൊടുത്തത്; ആരുടെ സഹായത്തോടുകൂടിയാണ് ആ നിലവാരത്തിലേയ്ക്ക് എത്തിയത്? ഏതെങ്കിലും ആളുകളുടെ സാമ്പത്തിക സഹായം ഉണ്ടായിട്ടാണ് ആ സ്കൂളും നല്ല നിലവാരത്തിൽ എത്തിയത്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഞാൻ സി.ബി.എസ്.ഇ. സ്കൂളിനെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. നമ്മളൊക്കെ വിദ്യാർത്ഥിനേതാക്കന്മാരായി കടന്നുവന്നവരാണ്. വിദ്യാർത്ഥിനേതാക്കന്മാരായി കടന്നുവന്ന ആളുകളാണ് കേരളത്തിലെ അക്കാദമിക് തകർച്ചയെക്കുറിച്ച് കൂലങ്കുഷമായി ചിന്തിക്കേണ്ടത്. കലാലയങ്ങളിൽ രാഷ്ട്രീയം വേണം. അരാഷ്ട്രീയവാദം നല്ലതല്ല. രാഷ്ട്രീയ നേതാക്കന്മാരെ വാർത്തെടുക്കാൻ വേണ്ടിയുള്ള കളരി മാത്രമായി കലാലയങ്ങൾ മാറരുതെന്ന അഭിപ്രായമാണ് മുൻകാല കെ.എസ്.യു. പ്രസിഡന്റായ എനിക്കുള്ളത്. നമ്മളൊക്കെ വിദ്യാർത്ഥി നേതാക്കളായിരുന്ന കാലഘട്ടത്തിൽ അക്കാദമിക് നിലവാരത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുള്ളവരാണ്. കേരളത്തിലെ യൂണിവേഴ്സിറ്റി സെനറ്റിൽ, വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്തതിന്റെ പേരിൽ മർദ്ധനമേറ്റവരാണ് ഞങ്ങളെപ്പോലുള്ള ആളുകൾ. ഞങ്ങളാരും വിദ്യാർത്ഥി രാഷ്ട്രീയത്തിനെതിരായി പറയുന്നവരല്ല. അക്കാദമിക് നിലവാരം താഴ്ന്നുപോകണമെന്ന് പറയുന്നവരല്ല. പക്ഷേ ഇന്ന് കേരളത്തിന്റെ ഒരു സ്ഥിതിയു

ണ്ട്. പണ്ട് നമ്മൾ ആനപ്പുറത്ത് കയറിയെന്ന് വിചാരിച്ച് തപ്പിനോക്കിയാൽ തഴമ്പുണ്ടാകില്ല. നമ്മൾ പിന്നോക്കം എന്നു പറഞ്ഞിരുന്ന ബീഹാറും അക്കാദമിക് തലത്തിൽ നമ്മളെക്കാൾ മോശമെന്ന് കരുതിയിരുന്ന മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമെല്ലാം ഇന്ന് നമ്മളെക്കാൾ മുൻപന്തിയിലേയ്ക്ക് പോവുകയാണ്. അത് എന്തുകൊണ്ടാണ്; അവരുടെ നിലവാരം ഉയരുന്നതുകൊണ്ടാണ്. ഇവിടെ സ്വാശ്രയം എന്ന് കേൾക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന ഒരു വിരക്തിയുടെ അടിസ്ഥാനത്തിൽ നമ്മൾ അക്കാദമിക് സ്വാതന്ത്ര്യത്തെക്കുറിച്ച് പരാതി പറയരുത്. നമ്മൾ നിയന്ത്രിക്കണം. ഇവിടെ അക്കാദമിക് ഓട്ടോണമി കൊടുക്കുന്നുവെന്നതിന്റെ പേരിൽ ഇതിനെയെല്ലാം ചൂഷണം ചെയ്യാൻ ആലോചിക്കുന്ന ഒരു വിഭാഗം കേരളത്തിലുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തും അതാണുണ്ടായത്. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ ഒരു കട്ടൻചായ പോലും വാങ്ങി കഴിക്കാതെ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വത്തിൽ നമ്മൾ സ്വശ്രയ കോളേജ് നടപ്പിലാക്കാൻ തീരുമാനിച്ചു. തീരുമാനത്തിന്റെ കുഴപ്പമല്ല, പിന്നീട് ചിലർ അതിനെ ചൂഷണം ചെയ്തു. നമ്മൾ ഒരുമിച്ചുതന്നെ ഇതിനെ നേരിടണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സൂചി കയറ്റാൻ നോക്കുന്ന തുളയിലൂടെ തൂമ്പ കയറ്റാൻ നോക്കുന്ന മാനേജ്മെന്റുകൾ കേരളത്തിലുണ്ട്. അക്കാര്യം ഞാൻ അംഗീകരിക്കുകയാണ്. അവരെയാണ് നിയന്ത്രിക്കേണ്ടത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ ബെന്നി ബെഹനാൻ പറഞ്ഞ ഒരു കാര്യത്തിലും ഞങ്ങൾക്ക് എതിർപ്പില്ല. ഓട്ടോണമിയെക്കുറിച്ച് പറയുമ്പോൾ മാനേജ്മെന്റ് അവർക്ക് ലഭിച്ച സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞല്ലോ. ഇവിടെ പറഞ്ഞിട്ടുള്ള ഗവൺമെന്റിന്റെ ജി.ഒ. പ്രകാരം ഓട്ടോണമസ് കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ 12

പേരാണുള്ളത്. ഇതിൽ 9 പേർ മാനേജ്മെന്റിന്റെ പ്രതിനിധികളാണ്. അക്കാദമിക്ക് സമിതിയിൽ 4 വിദഗ്ദ്ധന്മാരെ കോളേജിന് പുറത്തുനിന്ന് നോമിനേറ്റ് ചെയ്യുകയും ചെയ്യാം. അങ്ങനെ നോമിനേറ്റ് ചെയ്യാനുള്ള അവകാശം മാനേജ്മെന്റിനാണ്. അതിന്റെയർത്ഥം ഭരണപരമായ കാര്യങ്ങളിൽ മാത്രമല്ല അക്കാദമിക് കാര്യങ്ങളിലും മാനേജ്മെന്റ് ദു:സ്വാധീനം ചെലുത്താൻ പോകുന്നുവെന്നാണ്. ഇതിനെ തടയാൻ എന്താണ് മാർഗ്ഗം? ഞങ്ങൾ പറയുന്നത് ഓട്ടോണമിയെന്നത് അടഞ്ഞ അദ്ധ്യായമല്ല. ഇക്കാര്യത്തിൽ ഗവണമെന്റ് കുറേകൂടി അവധാനത കാണിക്കണം, എന്തിനാണ് ഇത്രയും തിടുക്കം?

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, നിങ്ങൾ ഇവിടെ ദുർവ്യാഖ്യാനം ചെയ്യുകയാണ്. അക്കാദമിക് ഓട്ടോണമിയെക്കുറിച്ച് സംസാരിച്ച രണ്ടുപേരും പറഞ്ഞത്, അക്കാദമിക് ഓട്ടോണമിയുടെ പേരിൽ ഇവിടെ ഫിനാൻഷ്യൽ ഓട്ടോണമിയും മാനേജ്മെന്റ് ഓട്ടോണമിയും എത്തും. ഞാൻ മാനേജ്മെന്റ് ഓട്ടോണമിയിലേയ്ക്കാണ് വരുന്നത്. നമുക്ക് അതിനെ എതിർക്കണം. ആ മാനേജ്മെന്റിനെ നിയന്ത്രിക്കാനുള്ള ആർജ്ജവം കാണിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കണം. ഇവിടെ ഇന്നിരിക്കുന്ന ഏതെങ്കിലും മന്ത്രിമാർ മാത്രമല്ല, കേരളത്തിന്റെ പൊതുസമൂഹത്തിന്റെ തീരുമാനമായി എടുത്ത് രാഷ്ട്രീയ നേതൃത്വത്തിൽപ്പെട്ട നമ്മളെല്ലാവരും അത് പ്രകടമാക്കാൻ തീരുമാനിക്കണം. ഞങ്ങളുടെ കാലഘട്ടത്തിൽ മാത്രമല്ല നിങ്ങൾക്കും ഇവിടത്തെ മാനേജ്മെന്റിനെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ന് പ്രവർത്തിക്കുന്ന ഇതേ സ്വഭാവത്തിലുള്ള എത്രയോ മാനേജ്മെന്റുകൾ നിങ്ങളുടെ കാലഘട്ടത്തിലുമുണ്ടായിരുന്നില്ലേ. ശ്രീ. എം. എ. ബേബി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ അവരുടെ പ്രവർത്തനങ്ങളുമായി അവർ മുന്നോട്ടുപോയില്ലേ. നിയന്ത്രിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടായിരിക്കും.

ഞങ്ങൾ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. നടപ്പാകുമോയെന്ന് ശ്രമിക്കുകയാണ്. അതാണ് പറഞ്ഞത്, സൂചികയറ്റാൻ നോക്കുന്നിടത്ത് തൂമ്പ കയറ്റാൻ നോക്കുന്ന കാഴ്ചപ്പാടുള്ള സ്വകാര്യ മാനേജ്മെന്റ് ശക്തികൾ കേരളത്തി ലുണ്ട്. അതിനൊരു കാരണം കൂടിയുണ്ട്, കേരളത്തിലെ വിദ്യാഭ്യാസ മേഖല യിൽ കഴിഞ്ഞ കുറേ നാളുകളായി മാനേജ്മെന്റുകൾ പൊതു വിഭ്യാഭ്യാസ രംഗത്ത് സർക്കാർ സ്ഥാപനങ്ങളെപ്പോലെ ഇടപെട്ടുകൊണ്ടിരുന്നു. അവരെ പൂർണ്ണമയും നമുക്ക് മാറ്റി നിർത്താൻ കഴിയില്ല. അവരുടെ സംഭാവനകൾ വലുതാണ്. അവർ ഉണ്ടാക്കിയിട്ടുള്ള പല സ്ഥാപനങ്ങൾ, തേവര കോളേജ്, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, എൻ.എസ്.എസ്. കോളേജ് ചങ്ങനാശ്ശേരി, മലബാർ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരത്തെ ചില കോളേജുകൾ, കൊല്ലം എസ്.എൻ. കോളേജ്, ആലുവ യു.സി. കോളേജ്, അങ്ങനെ എത്രയോ കോളേജുകളാണ്. അത്തരം കോളേജുകളുടെ നിലവാരം ഇന്ന് ഉയർന്നുനിൽക്കുകയാണ്. ഇവിടെ അക്കാദമിക് ഓട്ടോണമി കിട്ടുന്നതിന്റെ പേരിൽ അവർ മാർക്ക് കൂട്ടിയിട്ടുകൊടുക്കില്ലേ, അവർ കാശ് വാങ്ങിക്കില്ലേ തുടങ്ങിയ സംശയങ്ങൾ ശ്രീ. വി.റ്റി.ബൽറാം ഉൾപ്പെടെയുള്ള പല അംഗങ്ങളും പ്രകടിപ്പിച്ചു. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. മാർക്ക് കൂട്ടിയിട്ട് കൊടുത്ത് അക്കാദമിക് നിലവാരം  ഉയർത്താൻ പോകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിശ്വസനീയത ഇല്ലെങ്കിൽ ഓട്ടോണമസ് കോളേജുകൾ നിലനിൽക്കാൻ പോകുന്നില്ല. പൊതുജനം പണ്ടത്തേക്കാൾ കുറച്ചുകൂടി ഇത്തരം കാര്യങ്ങൾ കാണുന്നവരാണ്. നമ്മുടെ നാട്ടിൽ ഒരുപാട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് വന്നു. പലയിടത്തും കുട്ടികളെ വിടാൻ രക്ഷകർത്താക്കൾ തയ്യാറല്ല. നന്നായി നടക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കുട്ടികളെ വിടുന്നുണ്ട്. രാജഗിരി കോളേജിൽ

അഡ്മിഷൻ ലഭിക്കുന്നതിന് തിരക്കുണ്ട്. അവിടെ എത്രയോ പേർ അഡ്മിഷനുവേണ്ടി ശുപാർശയുമായി വരുന്നു. ഞാൻ ഒരു കോളേജിനുവേണ്ടിയും വാദിക്കുന്നതല്ല. അതുപോലെ കൂണുപോലെ മുളച്ചു വന്നിരിക്കുന്ന സ്വാശ്രയ കോളേജുകളിലേയ്ക്ക് ഏജന്റുമാരെ വച്ചുകൊണ്ട് കുട്ടികളെ പിടിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. എന്തുകൊണ്ട് കുട്ടികൾ അത്തരം കോളേജുകളിലേയ്ക്ക് പോകുന്നില്ല. രക്ഷകർത്താക്കൾ കുറച്ചുകൂടി ബോധവാന്മാരായതുകൊണ്ടാണ് പോകാത്തത്. അറിവിന്റെ കാലഘട്ടത്തിൽ നിലവാരമാണ് വലുത്. അവിടെ ഇൻഫ്രാസ്ട്രക്ച്ചറുകൾ ഉണ്ടാകണം, സിലബസ്സുകൾ ഉണ്ടാകണം. വിദ്യാഭ്യാസരംഗത്ത് നടക്കുന്ന മുഴുവൻ മാറ്റങ്ങൾക്കും പണം കൊടുക്കാൻ നമുക്ക് കഴിയുമോ? സിലബസ്സുകളെ കുറിച്ച് ചർച്ച ചെയ്യുകയും പുതിയ സിലബസ്സുകൾ കണ്ടെത്തുകയും വേണം. യു.ജി.സി. യുടെ ഗ്രാന്റുണ്ടാകും യൂണിവേഴ്സിറ്റിയുടെ ഗ്രാന്റുണ്ടാകും ഗവൺമെന്റിന് ഗ്രാന്റ് കൊടുക്കാൻ കഴിയും. ഇന്ന് നല്ല പ്രൊപ്പോസൽ മുന്നോട്ടുവച്ചിട്ടുണ്ടെങ്കിൽ യു.എൻ.പോലുള്ള സംഘടനയിൽനിന്ന് പണം ലഭിച്ച് നമ്മുടെ വിദ്യാഭ്യാസ മേഖലയെ വളർത്തിക്കൊണ്ടുവരാനുള്ള എത്രയോ സാധ്യതകൾ നമുക്കുണ്ട്. കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിന് അത് കിട്ടുന്നുണ്ടോ?

P-10.06.2014.MI-SD-2
3.10-3.20

(ശ്രീ. ബെന്നി ബെഹനാൻ ..................തുടർച്ച)

അമേരിക്കൻ പണമാണ്, അത് ഒരു സാമ്രാജ്യത്തിന്റെ പണമാണ് എന്നുപറഞ്ഞ് പഴയ മൈന്റ് സെറ്റിലേക്ക് നമ്മൾ പോയാൽ വീണ്ടും കേരള

ത്തിന്റെ വിദ്യാഭ്യാസമൊക്കെ പിന്നോട്ടു പോകും. കേരളത്തിന്റെ വിഭ്യാഭ്യാസ മേഖല അതിന്റെ അക്കാഡമിക് തലത്തിലുണ്ടായിരിക്കുന്ന തകർച്ചയിൽ നിന്നും നമുക്ക് കരകയറണം. അങ്ങനെ കരകയറുന്നതിനുവേണ്ടി ഒരു ബില്ല് കൊണ്ടുവരുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട പല അംഗങ്ങളും ചൂണ്ടിക്കാണി ച്ചതുപോലെ നമുക്ക് സംശയങ്ങളുണ്ടെങ്കിൽ അവിടെ മാനേജ്മെന്റോ അത ല്ലെങ്കിൽ ബാഹ്യശക്തികളോ കൈകടത്തി ഓട്ടോണമസ് അക്കാഡമി എന്നു പറയുന്ന പവിത്രമായ ആ സങ്കല്പത്തെ തകർക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുവന്നാൽ അതിനെ നിയന്ത്രിക്കാൻ ഇനിയും ഈ ബില്ലിൽ കുറച്ചുകൂടി ശക്തമായ തലത്തിലുള്ള വകുപ്പുകൾ എഴുതിച്ചേർക്കണ മെങ്കിൽ അത് എഴുതിച്ചേർക്കണമെന്ന അഭിപ്രായമാണ്. പക്ഷെ....

ശ്രീ. കെ. സുരേഷ്കുറുപ്പ് : അതിനുള്ള ഒരു പ്രൊവിഷനും ഈ ബില്ലിൽ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിമർശനം. മാത്രമല്ല സർവ്വ കലാശാലകൾക്ക് നിയന്ത്രണവുമില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, *Powers of University over Autonomous Colleges:-* അതിന്റെ സെക്ഷൻ നം. 2 3 4 അവിടെയെല്ലാം ഞാൻ മുഴുവൻ വായിക്കുന്നില്ല. (9) The Syndicate of the University shall have powers to inspect, to verify whether a college that has been granted autonomy by the University Grants Commission violates the conditions specified for the grant of such autonomy.

ഡോ. എൻ. ജയരാജ്: സർ, അക്കാഡമിക് ഓട്ടോണമി കൊടുക്കുന്ന കാര്യത്തിലൊക്കെ അങ്ങ് സൂചിപ്പിച്ച കാര്യങ്ങളോട് യോജിക്കുന്നു. അതോ

ടൊപ്പം ഉന്നത വിദ്യാഭ്യാസരംഗത്ത് കാലത്തിന്റെ മാറ്റം അനുസരിച്ചുള്ള മാറ്റങ്ങൾ ആ രംഗത്തെല്ലാമുണ്ടാകും എന്നതിനോടും. ഇവിടെ സൂചിപ്പിക്കുന്ന ചില ആശങ്കകൾ പൂർണ്ണമായി നിരാകരിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ അതിനകത്തുണ്ട്. ഉദാഹരണത്തിന് പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതിൽ പറയുന്ന ഒരു കാര്യമുണ്ട്. പരീക്ഷ നടത്തിപ്പിൽ പറഞ്ഞിരിക്കുന്നത്, 'സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളർ ഒരു വകുപ്പിന്റെ തലവനായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയമുള്ള ഒരാളെ സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജ്മെന്റിനെ നിയമിക്കേണ്ടതാണ്.' ഇവിടെ ഒരപകടം ഇതിനകത്തുള്ളത്, പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ മാനേജ്മെന്റ് അങ്ങനെ അമിതമായിട്ടുള്ള സ്വാതന്ത്ര്യങ്ങൾ നൽകുന്നത് സ്വാഭാവികമായും നേരത്തെ അങ്ങ് പറഞ്ഞ അക്കാഡമിക് ഓട്ടോണമിയെ തീർച്ചയായിട്ടും ഉൾക്കൊള്ളുന്നതിനോടൊപ്പംതന്നെ മറ്റു കാര്യങ്ങളിൽ കുറെക്കൂടി ഗൗരവമായ സമീപനം ഉണ്ടായില്ലായെങ്കിൽ പലപ്പോഴും മിസ്യൂസ് ചെയ്യാനുള്ള സാധ്യതകൾ ഇല്ലായെന്ന് പറയാൻ കഴിയില്ല.

ശ്രീ. കെ.എം. ഷാജി: സർ, നിങ്ങൾ നേരത്തെ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം, ഇതിനുമുകളിൽ കടുത്ത നിയന്ത്രണങ്ങൾ അല്ലെങ്കിൽ നിയമങ്ങൾ ശക്തമാക്കണമെന്നു പറഞ്ഞു. അതിന് സാധ്യതയില്ലായെന്നുള്ള വാദം അവർ ഉന്നയിച്ചു. അത് നിർബന്ധമാണ്. കാരണം എന്താണെന്നുവച്ചാൽ ഇവിടെ ഒരു ആശങ്ക ശക്തമാണ്. പ്രത്യേകിച്ച് മാനേജ്മെന്റ് സ്ഥാപനങ്ങൾ, എയ്ഡഡ് സ്ഥാപനങ്ങൾ, ആ എയ്ഡഡ് സ്ഥാപനങ്ങൾക്കകത്ത് കൃത്യമായ

മോണിറ്ററിംഗ് ഇല്ലാതെ ഇന്ന് പണം മാത്രം, നിങ്ങൾ പറയുന്ന അക്കാഡമിക് ക്വാളിറ്റി മാത്രം ഇക്കാര്യത്തിൽ ഘടകമാക്കിയാൽ പോരാ. കാരണം അഴിമതിയുടെ മറവിൽ അക്കാഡമിക് ക്വാളിറ്റി ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ ഇതിനകത്തുണ്ട്. പാവപ്പെട്ടവർക്ക് അഡ്മിഷൻ കൊടുക്കാതെ വലിയ കോഴ വാങ്ങുന്ന സ്ഥാപനങ്ങളുണ്ട്. അക്കാഡമിക് ക്വാളിറ്റി മാത്രമല്ല അതിനപ്പുറം ഈ എയ്ഡഡ് സ്ഥാപനങ്ങളോട് ഗവൺമെന്റ് കാണിക്കുന്ന നീതി തിരിച്ച് ജനങ്ങളോട് കാണിക്കാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നതരത്തിലുള്ള നിയമങ്ങൾ ശക്തമാക്കിയിട്ടില്ലെങ്കിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകും.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. എം. ഷാജിയും ഡോ. എൻ. ജയരാജനും ചൂണ്ടിക്കാണിച്ച കാര്യങ്ങളോട് ഞാൻ ശക്തമായി യോജിക്കുന്ന ആളാണ്. ഇത് അക്കാഡമിക് ഓട്ടോണമസ് എന്നുപറയുന്ന പവിത്രമായ സങ്കല്പത്തെ തകർക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായാൽ അത് ദീർഘവീക്ഷണത്തോടുകൂടി കണ്ട്, ഇപ്പോൾതന്നെ പറഞ്ഞു; യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന് അധികാരമുണ്ട്, അതിന് ഇൻസ്പെക്ഷൻ നടത്താൻ അധികാരമുണ്ട്, ഗവൺമെന്റിന് അധികാരമുണ്ട്. ആ അധികാരം പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും പ്രായോഗികമായിട്ട് നമുക്ക് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടെങ്കിൽ...... ഇത് ഈ ബില്ലിന്റെ അവസാന ചർച്ചയല്ല, ക്ലാസ്സ് ബൈ ക്ലാസ്സ് ചർച്ചയ്ക്ക് വരും. സബ്ജക്ട് കമ്മിറ്റിക്ക് പോകും, സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവരും, സബ്ജക്ട് കമ്മിറ്റി കൂടും, അതിനുശേഷം ബിൽ പരിഗണനയ്ക്ക് വരും. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായി ആ ബിൽ അനുസരിച്ച് പ്രൊപ്പോസൽ വയ്ക്കുന്നു. അതിനാണല്ലോ ബിൽ പലവട്ടം ചർച്ച ചെയ്യു

ന്നത്. മൂന്നാം വായനപോലും ബില്ലിൽ ഉണ്ടായിരിക്കുന്നത്. ഒറ്റവായനയിൽ പാസ്സാക്കാതിരിക്കാൻ വേണ്ടിയിട്ടാണല്ലോ. പക്ഷെ ഓട്ടോണമസ് അക്കാഡമി എന്നുപറയുന്ന ആശയത്തെ അതിന്റെ പ്രാരംഭദശയിൽ കഴുത്തുഞെരിച്ചു കൊല്ലാൻ ശ്രമിക്കുന്ന ശ്രമം ആരുടെയും ഭാഗത്തുനിന്നുണ്ടാകരുത്. അക്കാഡമിക് ഓട്ടോണമി എന്നുപറയുന്ന സങ്കല്പത്തെ അതിന്റെ ഗർഭസ്ഥ അവസ്ഥയിൽ നശിപ്പിക്കത്തക്ക രീതിയിലുള്ള വാദമുഖങ്ങൾ, അതിനുവേണ്ടി പണ്ട് നമ്മൾ സ്വാശ്രയകോളേജിനെതിരെ നടത്തിയതുപോലുള്ള വലിയൊരു പ്രചരണം നടത്തി എന്തോ അട്ടിമറിക്കപ്പെടാൻ പോകുന്നു, കലാലയങ്ങളിലൂടെ വിദ്യാഭ്യാസമേഖലയെ കവർന്നെടുക്കാൻ പോകുന്നു അത് ഒരു പറ്റം മാനേജ്മെന്റിനെ അടിയറ വയ്ക്കാൻ പോകുന്നു എന്നൊക്കെ............ ഞാൻ ഇത് പറയാൻ കാരണം എന്റെ കൈയ്യിൽ കലാകൗമുദി ഇരിക്കുന്നു. അതിലൊക്കെ ചില ലേഖനങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എസ്.എഫ്.ഐ. നേതാക്കൻമാരുടേതാണ്. മറ്റു ചിലത് വിദ്യാഭ്യാസ വിചക്ഷണൻമാർ എന്നുപറയുന്നവരുടെ ലേഖനങ്ങളാണ്. അതെല്ലാമുണ്ടാക്കുന്ന ഇത്തരം പ്രചരണങ്ങൾ അപകടകരമാണ്. ആ അപകടകരമായ പ്രചരണങ്ങൾ ഉണ്ടാകരുത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഞാൻ ആവർത്തിക്കുന്നു മഹാ ബഹുഭൂരിപ്കഷം വരുന്ന വിദ്യാർത്ഥി യുവജനനേതാക്കൻമാർ വളർന്നുവന്ന സമ്പുഷ്ടമായ ഇത്തരം ഒരു സഭയിൽ നമ്മൾ കുറച്ചുകൂടി ഗൗരവത്തോടു കൂടി ഇതിനെ കാണാനും ഈ ആശയത്തെ നമുക്കെല്ലാവർക്കും കൂടി അതിനെ നല്ല നിലയിൽ കൊണ്ടുപോകാനുമുള്ള സമീപനം ഉണ്ടാകണം എന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു: സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കാൻവേണ്ടി കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയുടെ ശുപാർശകൾ വാങ്ങിക്കൊണ്ടാണ് ഇത്തരം ഒരു ഭേദഗതിക്കുവേണ്ടി ഗവൺമെന്റ് മുന്നോട്ടുവന്നത്. ഒരു പുതിയ ചാപ്റ്റർ തന്നെ നമ്മുടെ സർവ്വകലാശാലാ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ബൃഹത്തായ ഈ ഭേദഗതി, ഒരു ചാപ്റ്റർതന്നെ ഉൾക്കൊള്ളുന്ന ഒരു ഭേദഗതി ഈ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുമ്പോൾ സ്വാഭാവികമായും ഈ നിയമം മൂലം അഫക്ട് ചെയ്യുന്ന വിഭാഗങ്ങളുമായി ചർച്ച ആവശ്യമാണ്. യഥാർത്ഥത്തിൽ വിദ്യാർത്ഥിസംഘടനകളുമായും, യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുമായും അദ്ധ്യാപകരുമായും ഈ ഭേദഗതി മൂലം ഉളവാകുന്ന സംഗതികളെ സംബന്ധിച്ച് അതുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആളുകളുമായിട്ടുള്ള ചർച്ച വളരെ അത്യാവശ്യമാണ്. അത്ര വലിയ മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെടുന്നത്. ഇവിടെ ടീച്ചേഴ്സുമായിട്ടോ, വിദ്യാർത്ഥികളുമായിട്ടോ, മറ്റു ബന്ധപ്പെട്ടവരുമായിട്ടോ വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാഭ്യാസ വിചക്ഷണൻമാരുമായിട്ടോ നേരത്തെ ആശയവിനിമയമോ ചർച്ചയോ നടത്തി എന്തെങ്കിലും ഒരു അഭിപ്രായ സമന്വയം ഇക്കാര്യത്തിൽ ഉണ്ടാക്കിയതായി അറിയാൻ വയ്യ; അതിന്റേതായിട്ടുള്ള കുഴപ്പങ്ങളും ഈ നിർദ്ദേശങ്ങളിൽ കാണുന്നുണ്ട്.

( ശ്രീ. കെ. രാജു തുടർച്ച)

പി– 10–06–2014–എസ്.യു–എസ്.ഡി–2
03.20–03.30

(ശ്രീ. കെ. രാജു .......... തുടർച്ച)

ആട്ടോണമസ് പദവി കോളേജുകൾക്ക് നൽകുമ്പോൾ ഇവിടെ നേരത്തേ പലരും സൂചിപ്പിച്ചതുപോലെ ആ പദവി ലഭിക്കുന്ന കോളേജുകൾ യഥാർത്ഥ ത്തിൽ ഒരു ചെറിയ യൂണിവേഴ്സിറ്റിയുടേതായുള്ള രീതിയിലേയ്ക്ക് അതിന്റെ ഭരണം മാറുകയാണ്. അത്തരം കോളേജുകളെപ്പറ്റി ഇവിടെത്തന്നെ പ്രതിപാദിക്കപ്പെട്ട പല വിഷയങ്ങളുമുണ്ട്. പല കോളേജുകളിലും നടക്കുന്ന നിയമവിരുദ്ധമായിട്ടുള്ള പല നടപടികളെയും സംബന്ധിച്ച് നമുക്കറിയാം. പരീക്ഷാ നടത്തിപ്പുമായും മാർക്ക് തിരുത്തുന്നതുമായും സ്വന്തക്കാരായിട്ടുള്ള ആളുകൾക്ക് മാർക്ക് കൂട്ടിക്കൊടുക്കുന്നതുമായ വിവാദങ്ങളും പരീക്ഷാ നട ത്തിപ്പുമായി ബന്ധപ്പെട്ടും വിവിധ കോഴ്സുകൾ, കോളേജുകൾ അനുവദിച്ച് നടത്തുന്നതുമായി ബന്ധപ്പെട്ടും കുട്ടികൾക്ക് പഠിക്കേണ്ട പുസ്തകങ്ങൾ, സിലബസ് ഇവയെല്ലാം ഓരോ താല്പര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിട്ടു ള്ള സമീപനങ്ങൾ സ്വീകരിക്കുന്നതുമായ ഒരുപാട് പരാതികൾ ഉയർന്നുവന്നു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ നമ്മുടെ കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിൽ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അതിന് സ്വയംഭരണം അനുവദിക്കുമ്പോൾ വ്യക്തമായിട്ടുള്ള ചില നിയന്ത്ര ണങ്ങളും നിബന്ധനകളും യൂണിവേഴ്സിറ്റിയുടെ പരമാധികാരം നിലനിർത്തി ക്കൊണ്ടുതന്നെ ഉണ്ടാകുന്നില്ലെങ്കിൽ ആ അവകാശങ്ങളെല്ലാം പല രിതി യിലും ദുർവിനിയോഗം ചെയ്യപ്പെടാനിടയുണ്ടെന്ന വസ്തുത മനസ്സിലാക്കേണ്ട തുണ്ട്. ഇവിടെ നേരത്തേ പറഞ്ഞതുപോലെ അക്കാഡമിക് കൗൺസിലും അതുപോലെ ഗവേണിംഗ് ബോഡിയുമൊക്കെ രൂപീകരിക്കുന്നതിൽ ഇതിന കത്ത് പ്രൊവിഷനുണ്ട്. അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ്

സ്റ്റഡീസ്, ഗവേണിംഗ് കൗൺസിൽ ഇത് മൂന്നുമാണ് പുതിയ ഭേദഗതി പ്രകാരം നമ്മുടെ ആട്ടോണമസ് കോളേജുകളുടെ പ്രധാനപ്പെട്ട 3 അതോറിറ്റികൾ. ഇത് മൂന്നിനേയും സംബന്ധിച്ച് അതിന്റെ കോൺസ്റ്റിറ്റ്യൂഷനിൽ ഉൾപ്പെട്ടുവരുന്ന ആളുകളെ സംബന്ധിച്ച് ഈ വകുപ്പുകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അതിനകത്തെല്ലാം മാനേജുമെന്റിന്റെ ഡോമിനേഷൻ കാണാം. ഗവൺമെന്റോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയോ നോമിനേറ്റ് ചെയ്യുന്ന അല്ലെങ്കിൽ നിയമിക്കുന്ന ആളുകൾ കഴിഞ്ഞാൽ അതിനേക്കാൾ എത്രയോ ഇരട്ടി അംഗങ്ങളാണ് ഈ ഓരോ സമിതിയിലും മാനേജുമെന്റിന്റെ പ്രതിനിധികളായി വരുന്നത്. 4–ഉം 5–ഉം ടീച്ചേഴ്സിന്റെ പ്രതിനിധികൾ ഈ ബോഡികളിൽ വരുന്നു. ടീച്ചേഴ്സിന്റെ പ്രതിനിധികൾ വരുക എന്നുപറഞ്ഞാൽ ആ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾമാരായിരിക്കും ഈ ടീച്ചർമാർ ആരുവേണമെന്ന് തീരുമാനിച്ച് അവരെ നോമിനേറ്റ് ചെയ്യുന്നത്. സ്വാഭാവികമായിട്ടും അതുകൊണ്ടുതന്നെ മാനേജുമെന്റിന്റെ ആളുകളായിരിക്കും വരുന്നത്. അതുപോലെ മാനേജുമെന്റ് കോളേജുകളിൽ മാനേജരാണ് എക്സ്പെർട്ടുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നോമിനികളെ നിശ്ചയിച്ച് പേരുകൊടുക്കുന്നത്. അതുപോലെ ഈ 3 കൗൺസിലുകളിലേയും ഡോമിനേഷനെന്നു പറയുന്നത് മാനേജുമെന്റിന്റെ പ്രതിനിധികൾക്കാണ് എന്നുള്ളതുകൊണ്ട് ഈ മാനേജുമെന്റിന്റെ വ്യക്തിപരമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവർ ഈ പറയുന്ന അവകാശങ്ങൾ വിനിയോഗിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ചില ഭേദഗതികളോടുകൂടി മാത്രമേ ഈ നിയമം നടപ്പിലാക്കാവൂ. ഈ കൗൺസിലുകളിൽ യൂണിവേഴ്സിറ്റിക്കും അതുപോലെ തന്നെ ഗവൺമെന്റിനും ഡോമിനേഷൻ വരുന്ന അല്ലെങ്കിൽ അവരുടെ പ്രതി

നിധികളുടെ എണ്ണം കൂടുന്ന തരത്തിലുള്ള ഭേദഗതികൾ വരേണ്ടതുണ്ട്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു ആട്ടോണമസ് കോളേജിന് കുട്ടികൾ പഠിക്കേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇഷ്ടമുള്ള സിലബസ് നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം അവിടത്തെ അക്കാഡമിക് കൗൺസിലിന് കൊടുത്താൽ സ്വാഭാവികമായും നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന മതത്തിനും മതസൗഹാർദ്ദത്തിനും മറ്റ് സംവിധാനങ്ങൾക്കും നിയമങ്ങൾക്കുമെല്ലാം ഒരുപക്ഷേ കോട്ടമുണ്ടാകുന്ന തരത്തിലുള്ള സിലബസ് കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി അവർ ഉൾപ്പെടുത്തിയെന്നു വരാം. അങ്ങനെ ഒരുകാലത്തും ചെയ്യാൻ പാടില്ല. വിദ്യാഭ്യാസമേഖലയിലെ പരിഷ്ക്കാരങ്ങൾ വളരെ അവധാനതയോടുകൂടി വളരെയധികം ആലോചിച്ച് ചെയ്യേണ്ടതാണ്.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ശ്രീ. കെ. രാജു, ഗവൺമെന്റ് ഭൂരിപക്ഷ പ്രകാരം പാസ്സാക്കിയാൽ ഇത് ഒന്നുകൂടി വഷളാകുന്നതല്ലാതെ ഒരു ഗുണവുമുണ്ടാകില്ലെന്നു മാത്രമല്ല, ന്യായമായ സംശയങ്ങൾ ചോദിച്ചാൽ........ ചോദിക്കുന്നത് എന്തിനാണ്? മനസ്സിലാകാത്തതുകൊണ്ടാണ് ചോദിക്കുന്നത്. അപ്പോൾ അതിനൊന്നും മറുപടി പറയാൻ, അപ്പുറത്ത് സംസാരിച്ചവരും മന:പ്പൂർവ്വം അത് മനസ്സിലായില്ലെന്ന് വരുത്തുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെയൊന്നും കുറ്റമല്ല. ഞാൻ അങ്ങയോട് ചോദിക്കുകയാണ്. ബഹുഭൂരിപക്ഷം സ്വകാര്യകോളേജുകളും ജാതിമത അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ജാതിമതമൊക്കെ പറയുന്ന കേരള യൂണിവേഴ്സിറ്റിയിലെ ഏറ്റവും പഴക്കംചെന്ന പ്രൈവറ്റ് കോളേജായ എസ്.ഡി. കോളേജുപോലും നായൻമാരുടേയും ബ്രാഹ്മണരുടേതുമാണെന്നോർക്കണം. മാനേജുമെന്റ് കമ്മിറ്റിയും നായൻമാരുടേയും ബ്രാഹ്മണരുടേതുമാണ്. അവിടെ എല്ലാവർക്കും അഡ്മിഷൻ കൊടുക്കും, അത് വേറെകാര്യം. അവർ വളരെ

നല്ലവരാണ്. പക്ഷേ നായർ ആന്റ് ബ്രാഹ്മിൺ കമ്മ്യൂണിറ്റിയുടേതാണ് ആ കോളേജ്. അവർ വേറെ കുഴപ്പമുള്ളവരല്ല. അവർ അത് ദുരുപയോഗപ്പെടുത്താറില്ല. സംഘടിത ജാതികളുടേയും മതങ്ങളുടേതുമായ പ്രസ്ഥാനങ്ങൾ ബഹുഭൂരിപക്ഷവും സ്വകാര്യ കോളേജുകളും എയ്ഡഡ് കോളേജുകളും നടത്തുമ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനെ അവിടെ കയറ്റാതെ മറ്റ് മതക്കാരനോ ഹിന്ദു ജാതിമത വിഭാഗമാണെങ്കിൽ പട്ടികജാതിക്കാരനെയോ മുന്നോക്കക്കാരനേയോ പിന്നോക്കക്കാരനെയോ ഇന്നുവരെ നിയമിക്കാത്ത ഈ കോളേജുകൾ, പബ്ലിക് സർവ്വീസ് കമ്മീഷന് മാനേജർ ന്യായമായ ഒരു വിഹിതം കൊടുത്തശേഷം ബാക്കി എഴുപതോ എൺപതോ ശതമാനം സീറ്റുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടശേഷം ഈ ആട്ടോണമസ് കോളേജ് പരീക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാറുണ്ടോ എന്നതിനെപ്പറ്റി അങ്ങ് ചിന്തിക്കുമോ?

ശ്രീ. കെ. രാജു : ഈ ആട്ടോണമസ് സംവിധാനങ്ങൾ ഉണ്ടാക്കുന്നതുവഴി സാമൂഹ്യനിതി നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. പാവപ്പെട്ട കുട്ടികൾക്ക് ആട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നപ്പോൾ വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട വിമർശനമെന്താണെന്ന് ഞാൻ വായിക്കാം. Teachers say they will launch agitation if the Government is going ahead with the move to introduce autonomous colleges in the State. According to Shri K.P. Sukumaran Nair, President, and Shri K. Srivalsan, General Secretary, the introduction of autonomous colleges would make higher education out of reach for the deserving students from the low income

groups. That is the main allegation. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇതുപോലെയുള്ള ആട്ടോണമസ് കോളേജുകളിൽ എത്തിപ്പെടാനും അവർക്കവിടെ പഠിക്കാനുമുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയംവേണ്ട. ഈ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ആട്ടോണമസ് കോളേജുകളിലെ ഫീസ് അവിടത്തെ അക്കാഡമിക് കൗൺസിൽ നിശ്ചയിക്കുന്നത്. അവർ ലാഭകരമായി നടത്താൻ കഴിയുന്ന രീതിയിലുള്ള ഉയർന്ന ഫീസ് നിശ്ചയിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ ഫീസ് കൊടുത്ത് അവിടെ കുട്ടികൾക്ക് ചേരാൻ കഴിയില്ല. റിസർവേഷൻ ബാധകമായിട്ടുള്ള സമുദായങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്നവർക്ക് ഈ കോളേജിൽ അഡ്മിഷൻ കിട്ടാനുള്ള മാർഗ്ഗമെന്താണ്? അതുപോലെ ഈ വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും അദ്ധ്യാപകർക്ക് അവിടെ നിയമനം ലഭിക്കാനുള്ള സാധ്യതയുണ്ടോ? ആ സമൂഹ്യനീതിയെല്ലാംതന്നെ നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഫീസ് നിശ്ചയിക്കുന്നത് മാത്രമല്ല പരീക്ഷയുടെ നടത്തിപ്പിനുവേണ്ടി കൺട്രോളർ ഓഫ് എക്സാമിനേഷനെ നിയമിക്കുന്നതും മാനേജരാണ്. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ മാർക്ക് കൂട്ടിയിടലും സ്വന്തക്കാരെ ജയിപ്പിക്കലുമെല്ലാം നടക്കുന്ന പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനേജർ തന്നെ സ്വന്തക്കാരനായുള്ള ഒരാളിനെ തന്നിഷ്ടപ്രകാരം പരീക്ഷാ കൺട്രോളറായി നിയമിച്ചാൽ അയാൾ നടത്തുന്ന പരീക്ഷയ്ക്ക് എന്താണ് വിശ്വാസ്യത? അയാൾ നടത്തുന്ന പരീക്ഷയുമായി ബന്ധപ്പെട്ടുള്ള മാർക്ക് നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കിക്കൊടുക്കുക, യൂണിവേഴ്സിറ്റിയുടെ പേരുവച്ചുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുക ഇതാണ്

യൂണിവേഴ്സിറ്റിക്കുള്ള അധികാരമെന്നു പറയുന്നത്. ഈ ചാപ്റ്റർ ഇൻകോർപ്പറേറ്റ് ചെയ്താൽ വരാൻ പോകുന്നത് ഇതാണ്. അതാത് ആട്ടോണമസ് കോളേജുകൾ പരീക്ഷ നടത്തി അവർ വിജയിച്ചതായി പ്രഖ്യാപിക്കുന്ന അല്ലെങ്കിൽ മാർക്ക് ലിസ്റ്റ് തയ്യാറാക്കി കൊടുക്കുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന ഉത്തരവാദിത്തം മാത്രമേ ഈ ബില്ലനുസരിച്ച് ആട്ടോണമസ് കോളേജ് നടത്തുമ്പോൾ യൂണിവേഴ്സിറ്റിക്കുള്ളൂ എന്ന കാര്യം മനസസിലാക്കണം. യൂണിവേഴ്സിറ്റിക്ക് ഇന്നുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാകും. ഫീസ് നിശ്ചയിക്കുന്ന കാര്യത്തിലും സിലബസ് നിശ്ചയിക്കുന്ന കാര്യത്തിലും പരീക്ഷ നടത്തുന്ന കാര്യത്തിലുമെല്ലാമുള്ള നിയന്ത്രണങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയിലേയ്ക്കായിരിക്കും ഈ ആട്ടോണമസ് കൊടുത്തുകഴിഞ്ഞാൽ വരാൻ പോകുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഇത് വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് അപ്പുറത്ത് എന്റെ യുവസുഹൃത്തുക്കളായിട്ടുള്ള ശ്രീ. വി. റ്റി. ബൽറാമും അതുപോലെ ശ്രീ. ഷാഫി പറമ്പിലുമെല്ലാം പറഞ്ഞ കാര്യങ്ങളുണ്ട്. അതുൾപ്പെടെ പരിശോധിക്കണം. ഇത് ഒരിക്കലും നടപ്പിലാക്കേണ്ട എന്ന അർത്ഥത്തിലല്ല പറയുന്നത്. പക്ഷേ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണങ്ങൾ നിലനിർത്തിക്കൊണ്ടും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടും കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും പാവപ്പെട്ട വിദ്യാർത്ഥികൾക്കുംകൂടി കടന്നുചെല്ലാൻ കഴിയുന്ന തരത്തിലുള്ള അന്തരീക്ഷമുണ്ടാക്കിക്കൊണ്ടും അതിനനുസൃതമായ വകുപ്പുകൾ ഉപയോഗിച്ചുകൊണ്ടുമുള്ള ഒരു കോളേജിനെ സംബന്ധിച്ച് നമുക്ക് പിന്നീട് ആലോചിക്കാം. അതിനുമുമ്പ് വേണ്ടുന്ന ചർച്ചകൾ നടത്തുന്നതിന് തയ്യാറാകണം. തൽക്കാലം ഇത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഓട്ടോണമസ് കോളേജുകൾ അനുവദിക്കുന്നതിൽ മഹാഭൂരിപക്ഷവും പ്രൈവറ്റ് കോളേജുകളാണ്. ആട്ടോണമസ് കോളേജുകളുടെയും എയ്ഡഡ് കോളേജുകളുടേയും ശമ്പളം കൊടുക്കുന്നതിനുള്ള ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് സർക്കാരിനാണ്. അപ്പോൾ സ്വാഭാവികമായും അക്കാഡമിക് ഇന്ററസ്റ്റ് വച്ചുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കുവേണ്ടി, കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻവേണ്ടിയുള്ള ഉദാത്തമായ സങ്കല്പമുള്ളതുകൊണ്ടാണ് ഇത് കൊണ്ടുവന്നതെന്നു പറയുമ്പോൾ ഈ ആട്ടോണമസ് കോളേജുകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. കെ. രാജു: സർ, ഇവിടെ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളിലൊന്നും അങ്ങനെയൊരു നിർദ്ദേശമില്ല. അപ്പോൾ അത് ആട്ടോണമസ് എന്നുപറയുന്ന കൺസപ്റ്റിനുതന്നെ എതിരായി വരും. അങ്ങനെയൊരു നിർദ്ദേശവുമില്ല. ഗവൺമെന്റിന്റേയോ യൂണിവേഴ്സിറ്റിയുടേയോ സമൂഹത്തിന്റേയോ ഒരു നിയന്ത്രണവുമില്ലാതെ ആട്ടോണമസ് കോളേജുളുടെ സംവിധാനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ കൊണ്ടുവരുന്നത് തികച്ചും തെറ്റുതന്നെയാണെന്നാണ് എന്റെ അഭിപ്രായം. നമുക്ക് വിദ്യാഭ്യാസ രംഗത്ത് നിലവാരം കുറവാണെന്ന് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ സൂചിപ്പിച്ചു. അതുകൊണ്ട് നമുക്ക് മെച്ചപ്പെട്ട നിലവാരം ഉണ്ടാക്കാം. നിലവാരമുണ്ടാക്കുന്നതിന് ഇതാണോ മാർഗ്ഗം? കേരളാ യൂണിവേഴ്സിറ്റി കോളേജിലേയും, മഹാരാജാസ് കോളേജിലേയും ഇവിടെ പ്രതിപാദിക്കുന്ന പല പ്രൈവറ്റ് കോളേജുകളിലേയും നിലവാരം തീരെ മോശമാണെന്ന് പറയാൻ പറ്റുമോ?

10.06.2014 GK-SP-1
03.00-03.10

(ശ്രീ. ബെന്നി ബെഹനാൻ തുടർച്ച)

മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന രാമസ്വാമി അയ്യർക്ക് 36 വിഷയങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നു. രാമസ്വാമി അയ്യർ മഹാരാജാസ് കോളേജിലെ മാഗസിനിൽ എഴുതിയ ആർട്ടിക്കിൾ ഇന്നും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. അത്രയും പ്രഗത്ഭരായിരുന്നു അന്നത്തെ അദ്ധ്യാപകർ. അവിടെയാണ് ജി. ശങ്കരകുറുപ്പും പണ്ഡിറ്റ് കറുപ്പനും പഠിപ്പിച്ചത്. അന്ന് മാനേജ്മെന്റ് കോളേജുമുണ്ടായിരുന്നു. യു.സി. കോളേജിലാണ് കൃഷ്ണപിളള സാർ പഠിപ്പിച്ചത്, കാലടി കോളേജിലാണ് എസ്.കെ. വസന്തൻ സാർ പഠിപ്പിച്ചത്, മഹാരാജാസ് കോളേജിലാണ് ജി. ശങ്കരകുറപ്പ് പഠിപ്പിച്ചത്. എം.ഐ. കോളേജിലാണ് പ്രൊഫ. കെ. എൻ. തരകൻ പഠിപ്പിച്ചത്, മൂവാറ്റുപുഴ കോളേജിലാണ് ശ്രീ. എൻ.പി. മന്മഥൻ, പഠിപ്പിച്ചത്. അതുപോലെ എത്രയോ പ്രഗത്ഭന്മാരാണ് കോളേജിൽ പഠിപ്പിച്ചിട്ടുളളത്. പണ്ട് അദ്ധ്യാപകർക്ക് ഡോക്ടറേറ്റ് ബിരുദം വേണ്ട. കോളേജുകളിൽ ഡോക്ടറേറ്റ് ബിരുദമുളള അദ്ധ്യാപകൻ ഒരാളെ ഉണ്ടായിരുന്നുളളൂ. ഇപ്പോൾ ഡോക്ടറേറ്റുളള അദ്ധ്യാപകരാണ് മഹാഭൂരിപകഷവും. ഡോക്ടറേറ്റുളള അദ്ധ്യാപകരുളളതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിച്ചോ? അപ്പോൾ നിങ്ങൾ പറയും ഡോക്ടറേറ്റ് കൊടുക്കരുതെന്ന്. നിങ്ങളുടെ കാലത്തും ഡോക്ടറേറ്റ് കൊടുത്തിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥി യുവജന രംഗത്തിലൂടെ കടന്നുവന്നയാളുകൾ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ അതിന്റെ നിലവാരത്തിന്റെ അക്കാമിക് തലത്തിലുണ്ടാകുന്ന പരീക്ഷണത്തെക്കുറിച്ചാണ് നമ്മൾ പറയേണ്ടത്. ആ അക്കാദമിക്

ഓട്ടോണമിയാണ് ഈ നിയമത്തിലൂടെ നമ്മൾ പ്രാവർത്തികമാക്കാൻ പോകുന്നത്. ഒരു തെറ്റിദ്ധാരണയും വേണ്ട, നിയമത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യത്തിനും................. Powers of University–യെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇവിടെ നമ്മൾ സിലബസ് തീരുമാനിക്കണം. സിലബസ് തീരുമാനിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. നമുക്ക് സ്വാതന്ത്ര്യം വേണം. ഓട്ടോണമസ് കോളേജ് വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നത് അതിന്റെ പെർഫോമൻസ് പോലെയിരിക്കും. ഇന്ത്യയിൽ മനോഹരമായി നടത്തുന്ന എത്രയോ ഓട്ടോണമസ് കോളേജുകളുണ്ട്. നമ്മുടെ കുട്ടികളെ എങ്ങോട്ടാണ് അയയ്ക്കുന്നത്? കേരളത്തിലുള്ള എത്രയോ കുട്ടികൾ ഈ ഓട്ടോണമസ് കോളേജിൽ പോയി പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് താൽപ്പര്യമുള്ള നമ്മുടെ രക്ഷിതാക്കൾ ഡൽഹി, ബോംബെ, ചെന്നൈ, തുടങ്ങിയ സ്ഥലങ്ങളിലുള്ള ഓട്ടോണമസ് കോളേജുകളിലേയ്ക്കാണ് കുട്ടികളെ വിടുന്നത്. വിദ്യാഭ്യാസ നിലവാരമുള്ളതുകൊണ്ടാണ് കുട്ടികളെ അവിടെ വിടുന്നത്. ഇന്ത്യാ ടുഡേയിൽ പറഞ്ഞിരിക്കുന്ന ഈ കോളേജുകളിലേയ്ക്ക് രക്ഷകർത്താക്കൾ വിദ്യാർത്ഥികളെ വിടുന്നുണ്ട്. ആധുനിക രക്ഷാകർത്താവിന്റെ ഏറ്റവും വലിയ ഇൻവെസ്റ്റുമെന്റ് എന്നുപറയുന്നത് അവന്റെ കുട്ടിക്ക് കൊടുക്കുന്ന വിദ്യാഭ്യാസമാണ്. ഇവിടത്തെ പാവപ്പെട്ട രക്ഷകർത്താക്കൾപോലും അവരുടെ കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം കൊടുക്കണമെന്ന അറിവിന്റെ കാലഘട്ടത്തിലാണ് നിൽക്കുന്നത്. ആ അറിവിന്റെ കാലഘട്ടത്തിൽ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ വിടും. നമ്മുടെ നാട്ടിൽ കാണുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലേയ്ക്ക് എന്തുകൊണ്ടാണ് വിദ്യാർത്ഥികൾ പോകുന്നത്? നമ്മൾ ആരും സി.ബി.എസ്.ഇ. സ്കൂളിനെ

പ്രോത്സാഹിപ്പിക്കാൻ വേണ്ടി പറഞ്ഞില്ല. എന്നിട്ടും കേരളത്തിൽ എന്തു കൊണ്ടാണ് സി.ബി.എസ്.ഇ. സ്കൂളുകൾ പെരുകുന്നത്? നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയിലുള്ളതിനേക്കാൾ നിലവാരം സി.ബി.എസ്.ഇ. സ്കൂളു കളിൽ ഉള്ളതുകൊണ്ടാണ് സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളുടെ മക്കൾപോലും സി.ബി.എസ്.ഇ. സ്കൂളുകളിൽ മക്കളെ പഠിപ്പിക്കുന്നതിനു വേണ്ടി ശ്രമിക്കുന്നത്. ഇപ്പോൾ അഡ്മിഷൻ സമയമാണ്. ഏറ്റവും കൂടുതൽ ആളുകൾ എം.എൽ.എ.മാരുടെ അടുത്ത് ശുപാർശയ്ക്ക് വരുന്ന സമയമാ ണിത്. നമുക്ക് കിട്ടുന്ന ശുപാർശയിൽ ബഹുഭൂരിപക്ഷവും അഡ്മിഷൻ ലഭി ക്കുന്നതിനുവേണ്ടിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 22 സി.ബി.എസ്.ഇ. സ്കുളുകളാണുള്ളത്. രാവിലെ എന്റെ വീട്ടിൽ ആളുകൾ ക്യൂ നിൽക്കുകയാണ്. ഇവരാരും പണമുള്ളവരല്ല, സാധാരണക്കാരായ പാവപ്പെട്ടവരാണ് വരുന്നത്. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയാണ് നല്ല അക്കാദമിക് നിലവാരമുള്ള സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ അയയ്ക്കു ന്നത്. വിദ്യാഭ്യാസമാണ് കുട്ടികൾക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റാണെന്ന് രക്ഷകർത്താക്കൾ ചിന്തിക്കുന്ന കാലഘട്ടത്തിൽ നമുക്ക് പഴയ പല്ലവിയും പറഞ്ഞ് മാറിനിൽക്കാൻ കഴിയുമോ? ഞാൻ വിദ്യാർത്ഥിനേതാവായി കടന്നുവന്ന ആളാണ്. ഇവിടെയിരിക്കുന്ന മഹാഭൂരിപ ക്ഷപേരും വിദ്യാർത്ഥി നേതാക്കളായി കടന്നുവന്നവരാണ്. നമ്മളൊന്നും വിദ്യാർത്ഥി രാഷ്ട്രീയത്തിന് എതിരല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സിബി.എസ്.ഇ. സ്കൂളുകളിലേയ്ക്ക് അഡ്മിഷനുവേണ്ടി ആളുകൾ ക്യൂ നിൽക്കുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. കോഴിക്കോട് തകർന്നുകിടന്നിരുന്ന നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളുണ്ടായിരുന്നു. ഇപ്പോൾ ഇന്റർനാഷണൽ ലെവലി

ലേയ്ക്ക് വന്നപ്പോൾ അവിടെയും അഡ്മിഷനുവേണ്ടി കുട്ടികൾ ക്യൂ നിൽക്കുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ എങ്ങനെയാണ് ആ നിലവാരത്തിലേയ്ക്ക് എത്തിയത്; അതിന് ആരാണ് കാശ് കൊടുത്തത്; ആരുടെ സഹായത്തോടുകൂടിയാണ് ആ നിലവാരത്തിലേയ്ക്ക് എത്തിയത്? ഏതെങ്കിലും ആളുകളുടെ സാമ്പത്തിക സഹായം ഉണ്ടായിട്ടാണ് ആ സ്കൂളും നല്ല നിലവാരത്തിൽ എത്തിയത്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഞാൻ സി.ബി.എസ്.ഇ. സ്കൂളിനെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. നമ്മളൊക്കെ വിദ്യാർത്ഥിനേതാക്കന്മാരായി കടന്നുവന്നവരാണ്. വിദ്യാർത്ഥിനേതാക്കന്മാരായി കടന്നുവന്ന ആളുകളാണ് കേരളത്തിലെ അക്കാദമിക് തകർച്ചയെക്കുറിച്ച് കൂലങ്കുഷമായി ചിന്തിക്കേണ്ടത്. കലാലയങ്ങളിൽ രാഷ്ട്രീയം വേണം. അരാഷ്ട്രീയവാദം നല്ലതല്ല. രാഷ്ട്രീയ നേതാക്കന്മാരെ വാർത്തെടുക്കാൻ വേണ്ടിയുള്ള കളരി മാത്രമായി കലാലയങ്ങൾ മാറരുതെന്ന അഭിപ്രായമാണ് മുൻകാല കെ.എസ്.യു. പ്രസിഡന്റായ എനിക്കുള്ളത്. നമ്മളൊക്കെ വിദ്യാർത്ഥി നേതാക്കളായിരുന്ന കാലഘട്ടത്തിൽ അക്കാദമിക് നിലവാരത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുള്ളവരാണ്. കേരളത്തിലെ യൂണിവേഴ്സിറ്റി സെനറ്റിൽ, വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്തതിന്റെ പേരിൽ മർദ്ദനമേറ്റവരാണ് ഞങ്ങളെപ്പോലുള്ള ആളുകൾ. ഞങ്ങളാരും വിദ്യാർത്ഥി രാഷ്ട്രീയത്തിനെതിരായി പറയുന്നവരല്ല. അക്കാദമിക് നിലവാരം താഴ്ന്നുപോകണമെന്ന് പറയുന്നവരല്ല. പക്ഷേ ഇന്ന് കേരളത്തിന്റെ ഒരു സ്ഥിതിയുണ്ട്. പണ്ട് നമ്മൾ ആനപ്പുറത്ത് കയറിയെന്ന് വിചാരിച്ച് തപ്പിനോക്കിയാൽ തഴമ്പുണ്ടാകില്ല. നമ്മൾ പിന്നോക്കം എന്നു പറഞ്ഞിരുന്ന ബീഹാറും അക്കാദ

മിക് തലത്തിൽ നമ്മളെക്കാൾ മോശമെന്ന് കരുതിയിരുന്ന മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമെല്ലാം ഇന്ന് നമ്മളെക്കാൾ മുൻപന്തിയിലേയ്ക്ക് പോവുകയാണ്. അത് എന്തുകൊണ്ടാണ്; അവരുടെ നിലവാരം ഉയരുന്നതുകൊണ്ടാണ്. ഇവിടെ സ്വാശ്രയം എന്ന് കേൾക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന ഒരു വിരക്തിയുടെ അടിസ്ഥാനത്തിൽ നമ്മൾ അക്കാദമിക് സ്വാതന്ത്ര്യത്തെക്കുറിച്ച് പരാതി പറയരുത്. നമ്മൾ നിയന്ത്രിക്കണം. ഇവിടെ അക്കാദമിക് ഓട്ടോണമി കൊടുക്കുന്നുവെന്നതിന്റെ പേരിൽ ഇതിനെയെല്ലാം ചൂഷണം ചെയ്യാൻ ആലോചിക്കുന്ന ഒരു വിഭാഗം കേരളത്തിലുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തും അതാണുണ്ടായത്. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ ഒരു കട്ടൻചായ പോലും വാങ്ങി കഴിക്കാതെ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വത്തിൽ നമ്മൾ സ്വശ്രയ കോളേജ് നടപ്പിലാക്കാൻ തീരുമാനിച്ചു. തീരുമാനത്തിന്റെ കുഴപ്പമല്ല, പിന്നീട് ചിലർ അതിനെ ചൂഷണം ചെയ്തു. നമ്മൾ ഒരുമിച്ചുതന്നെ ഇതിനെ നേരിടണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സൂചി കയറ്റാൻ നോക്കുന്ന തുളയിലൂടെ തൂമ്പ കയറ്റാൻ നോക്കുന്ന മാനേജ്മെന്റുകൾ കേരളത്തിലുണ്ട്. അക്കാര്യം ഞാൻ അംഗീകരിക്കുകയാണ്. അവരെയാണ് നിയന്ത്രിക്കേണ്ടത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാന്യനായ ബെന്നി ബെഹനാൻ പറഞ്ഞ ഒരു കാര്യത്തിലും ഞങ്ങൾക്ക് എതിർപ്പില്ല. ഓട്ടോണമിയെക്കുറിച്ച് പറയുമ്പോൾ മാനേജ്മെന്റ് അവർക്ക് ലഭിച്ച സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞല്ലോ. ഇവിടെ പറഞ്ഞിട്ടുള്ള ഗവൺമെന്റിന്റെ ജി.ഒ. പ്രകാരം ഓട്ടോണമസ് കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ 12 പേരാണുള്ളത്. ഇതിൽ 9 പേർ മാനേജ്മെന്റിന്റെ പ്രതിനിധികളാണ്. അക്കാദമിക്ക് സമിതിയിൽ 4 വിദഗ്ദ്ധന്മാരെ കോളേജിന് പുറത്തുനിന്ന് നോമിനേറ്റ്

ചെയ്യുകയും ചെയ്യാം. അങ്ങനെ നോമിനേറ്റ് ചെയ്യാനുള്ള അവകാശം മാനേജ്മെന്റിനാണ്. അതിന്റെയർത്ഥം ഭരണപരമായ കാര്യങ്ങളിൽ മാത്രമല്ല അക്കാദമിക് കാര്യങ്ങളിലും മാനേജ്മെന്റ് ദു:സ്വാധീനം ചെലുത്താൻ പോകുന്നുവെന്നാണ്. ഇതിനെ തടയാൻ എന്താണ് മാർഗ്ഗം? ഞങ്ങൾ പറയുന്നത് ഓട്ടോണമിയെന്നത് അടഞ്ഞ അദ്ധ്യായമല്ല. ഇക്കാര്യത്തിൽ ഗവണമെന്റ് കുറേകൂടി അവധാനത കാണിക്കണം, എന്തിനാണ് ഇത്രയും തിടുക്കം?

ശ്രീ. ബെന്നി ബെഹനാൻ : സർ, നിങ്ങൾ ഇവിടെ ദുർവ്യാഖ്യാനം ചെയ്യുകയാണ്. അക്കാദമിക് ഓട്ടോണമിയെക്കുറിച്ച് സംസാരിച്ച രണ്ടുപേരും പറഞ്ഞത്, അക്കാദമിക് ഓട്ടോണമിയുടെ പേരിൽ ഇവിടെ ഫിനാൻഷ്യൽ ഓട്ടോണമിയും മാനേജ്മെന്റ് ഓട്ടോണമിയും എത്തും. ഞാൻ മാനേജ്മെന്റ് ഓട്ടോണമിയിലേയ്ക്കാണ് വരുന്നത്. നമുക്ക് അതിനെ എതിർക്കണം. ആ മാനേജ്മെന്റിനെ നിയന്ത്രിക്കാനുള്ള ആർജ്ജവം കാണിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കണം. ഇവിടെ ഇന്നിരിക്കുന്ന ഏതെങ്കിലും മന്ത്രിമാർ മാത്രമല്ല, കേരളത്തിന്റെ പൊതുസമൂഹത്തിന്റെ തീരുമാനമായി എടുത്ത് രാഷ്ട്രീയ നേതൃത്വത്തിൽപ്പെട്ട നമ്മളെല്ലാവരും അത് പ്രകടമാക്കാൻ തീരുമാനിക്കണം. ഞങ്ങളുടെ കാലഘട്ടത്തിൽ മാത്രമല്ല നിങ്ങൾക്കും ഇവിടത്തെ മാനേജ്മെന്റിനെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ന് പ്രവർത്തിക്കുന്ന ഇതേ സ്വഭാവത്തിലുള്ള എത്രയോ മാനേജ്മെന്റുകൾ നിങ്ങളുടെ കാലഘട്ടത്തിലുമുണ്ടായിരുന്നില്ലേ. ശ്രീ. എം. എ. ബേബി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ അവരുടെ പ്രവർത്തനങ്ങളുമായി അവർ മുന്നോട്ടുപോയില്ലേ. നിയന്ത്രിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടായിരിക്കും. ഞങ്ങൾ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. നടപ്പാകുമോയെന്ന് ശ്രമിക്കുകയാണ്. അതാണ് പറഞ്ഞത്, സൂചികയറ്റാൻ നോക്കുന്നിടത്ത് തൂമ്പ കയറ്റാൻ

നോക്കുന്ന കാഴ്ചപ്പാടുള്ള സ്വകാര്യ മാനേജ്മെന്റ് ശക്തികൾ കേരളത്തിലുണ്ട്. അതിനൊരു കാരണം കൂടിയുണ്ട്, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കുറേ നാളുകളായി മാനേജ്മെന്റുകൾ പൊതു വിഭ്യാഭ്യാസ രംഗത്ത് സർക്കാർ സ്ഥാപനങ്ങളെപ്പോലെ ഇടപെട്ടുകൊണ്ടിരുന്നു. അവരെ പൂർണ്ണമയും നമുക്ക് മാറ്റി നിർത്താൻ കഴിയില്ല. അവരുടെ സംഭാവനകൾ വലുതാണ്. അവർ ഉണ്ടാക്കിയിട്ടുള്ള പല സ്ഥാപനങ്ങൾ, തേവര കോളേജ്, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, എൻ.എസ്.എസ്. കോളേജ് ചങ്ങനാശ്ശേരി, മലബാർ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരത്തെ ചില കോളേജുകൾ, കൊല്ലം എസ്.എൻ. കോളേജ്, ആലുവ യു.സി. കോളേജ്, അങ്ങനെ എത്രയോ കോളേജുകളാണ്. അത്തരം കോളേജുകളുടെ നിലവാരം ഇന്ന് ഉയർന്നുനിൽക്കുകയാണ്. ഇവിടെ അക്കാദമിക് ഓട്ടോണമി കിട്ടുന്നതിന്റെ പേരിൽ അവർ മാർക്ക് കൂട്ടിയിട്ടുകൊടുക്കില്ലേ, അവർ കാശ് വാങ്ങിക്കില്ലേ തുടങ്ങിയ സംശയങ്ങൾ ശ്രീ. വി.റ്റി.ബൽറാം ഉൾപ്പെടെയുള്ള പല അംഗങ്ങളും പ്രകടിപ്പിച്ചു. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. മാർക്ക് കൂട്ടിയിട്ട് കൊടുത്ത് അക്കാദമിക് നിലവാരം ഉയർത്താൻ പോകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിശ്വസനീയത ഇല്ലെങ്കിൽ ഓട്ടോണമസ് കോളേജുകൾ നിലനിൽക്കാൻ പോകുന്നില്ല. പൊതുജനം പണ്ടത്തേക്കാൾ കുറച്ചുകൂടി ഇത്തരം കാര്യങ്ങൾ കാണുന്നവരാണ്. നമ്മുടെ നാട്ടിൽ ഒരുപാട് സ്വശ്രയ എഞ്ചിനീയറിംഗ് കോളേജ് വന്നു. പലയിടത്തും കുട്ടികളെ വിടാൻ രക്ഷകർത്താക്കൾ തയ്യാറല്ല. നന്നായി നടക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കുട്ടികളെ വിടുന്നുണ്ട്. രാജഗിരി കോളേജിൽ അഡ്മിഷൻ ലഭിക്കുന്നതിന് തിരക്കുണ്ട്. അവിടെ എത്രയോ പേർ അഡ്മിഷനുവേണ്ടി ശുപാർശയുമായി വരുന്നു. ഞാൻ ഒരു കോളേജിനുവേണ്ടിയും

വാദിക്കുന്നതല്ല. അതുപോലെ കൂണുപോലെ മുളച്ചു വന്നിരിക്കുന്ന സ്വാശ്രയ കോളേജുകളിലേയ്ക്ക് ഏജന്റുമാരെ വച്ചുകൊണ്ട് കുട്ടികളെ പിടിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. എന്തുകൊണ്ട് കുട്ടികൾ അത്തരം കോളേജുകളിലേയ്ക്ക് പോകുന്നില്ല. രക്ഷകർത്താക്കൾ കുറച്ചുകൂടി ബോധ വാന്മാരായതുകൊണ്ടാണ് പോകാത്തത്. അറിവിന്റെ കാലഘട്ടത്തിൽ നിലവാ രമാണ് വലുത്. അവിടെ ഇൻഫ്രാസ്ട്രക്ച്ചറുകൾ ഉണ്ടാകണം, സിലബസ്സു കൾ ഉണ്ടാകണം. വിദ്യാഭ്യാസരംഗത്ത് നടക്കുന്ന മുഴുവൻ മാറ്റങ്ങൾക്കും പണം കൊടുക്കാൻ നമുക്ക് കഴിയുമോ? സിലബസ്സുകളെ കുറിച്ച് ചർച്ച ചെയ്യുകയും പുതിയ സിലബസ്സുകൾ കണ്ടെത്തുകയും വേണം. യു.ജി.സി. യുടെ ഗ്രാന്റുണ്ടാകും യൂണിവേഴ്സിറ്റിയുടെ ഗ്രാന്റുണ്ടാകും ഗവൺമെന്റിന് ഗ്രാന്റ് കൊടുക്കാൻ കഴിയും. ഇന്ന് നല്ല പ്രൊപ്പോസൽ മുന്നോട്ടുവച്ചിട്ടുണ്ടെ ങ്കിൽ യു.എൻ.പോലുള്ള സംഘടനയിൽനിന്ന് പണം ലഭിച്ച് നമ്മുടെ വിദ്യാഭ്യാസ മേഖലയെ വളർത്തിക്കൊണ്ടുവരാനുള്ള എത്രയോ സാധ്യതകൾ നമുക്കുണ്ട്. കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിന് അത് കിട്ടുന്നുണ്ടോ? അമേരിക്കൻ പണമാണ്, അത് ഒരു സാമ്രാജ്യത്തിന്റെ പണ മാണ് എന്നുപറഞ്ഞ് പഴയ മൈന്റ് സെറ്റിലേക്ക് നമ്മൾ പോയാൽ വീണ്ടും കേരളത്തിന്റെ വിദ്യാഭ്യാസമൊക്കെ പിന്നോട്ടു പോകും. കേരളത്തിന്റെ വിദ്യാ ഭ്യാസമേഖല അതിന്റെ അക്കാഡമിക് തലത്തിലുണ്ടായിരിക്കുന്ന തകർച്ചയിൽ നിന്നും നമുക്ക് കരകയറണം. അങ്ങനെ കരകയറുന്നതിനുവേണ്ടി ഒരു ബില്ല് കൊണ്ടുവരുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട പല അംഗങ്ങളും ചൂണ്ടിക്കാണി ച്ചതുപോലെ നമുക്ക് സംശയങ്ങളുണ്ടെങ്കിൽ അവിടെ മാനേജ്മെന്റോ അത ല്ലെങ്കിൽ ബാഹ്യശക്തികളോ കൈകടത്തി ഓട്ടോണമസ് അക്കാഡമി എന്നു പറയുന്ന പവിത്രമായ ആ സങ്കല്പത്തെ തകർക്കത്തക്ക രീതിയിലുള്ള

പ്രവർത്തനങ്ങൾ മുന്നോട്ടുവന്നാൽ അതിനെ നിയന്ത്രിക്കാൻ ഇനിയും ഈ ബില്ലിൽ കുറച്ചുകൂടി ശക്തമായ തലത്തിലുള്ള വകുപ്പുകൾ എഴുതിച്ചേർക്കണ മെങ്കിൽ അത് എഴുതിച്ചേർക്കണമെന്ന അഭിപ്രായമാണ്. പക്ഷെ....

ശ്രീ. കെ. സുരേഷ്കുറുപ്പ് : അതിനുള്ള ഒരു പ്രൊവിഷനും ഈ ബില്ലിൽ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിമർശനം. മാത്രമല്ല സർവ്വ കലാശാലകൾക്ക് നിയന്ത്രണവുമില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, *Powers of University over Autonomous Colleges:-* അതിന്റെ സെക്ഷൻ നം. 2 3 4 അവിടെയെല്ലാം ഞാൻ മുഴുവൻ വായിക്കുന്നില്ല. (9) The Syndicate of the University shall have powers to inspect, to verify whether a college that has been granted autonomy by the University Grants Commission violates the conditions specified for the grant of such autonomy.

ഡോ. എൻ. ജയരാജ്: സർ, അക്കാഡമിക് ഓട്ടോണമി കൊടുക്കുന്ന കാര്യത്തിലൊക്കെ അങ്ങ് സൂചിപ്പിച്ച കാര്യങ്ങളോട് യോജിക്കുന്നു. അതോ ടൊപ്പം ഉന്നത വിദ്യാഭ്യാസരംഗത്ത് കാലത്തിന്റെ മാറ്റം അനുസരിച്ചുള്ള മാറ്റ ങ്ങൾ ആ രംഗത്തെല്ലാമുണ്ടാകും എന്നതിനോടും. ഇവിടെ സൂചിപ്പിക്കുന്ന ചില ആശങ്കകൾ പൂർണ്ണമായി നിരാകരിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ അതിനകത്തുണ്ട്. ഉദാഹരണത്തിന് പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതിൽ പറയുന്ന ഒരു കാര്യമുണ്ട്. പരീക്ഷ നടത്തിപ്പിൽ പറഞ്ഞിരിക്കുന്നത്, 'സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളർ ഒരു വകുപ്പിന്റെ തലവ നായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയമുള്ള ഒരാളെ

സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജ് മെന്റിനെ നിയമിക്കേണ്ടതാണ്.' ഇവിടെ ഒരപകടം ഇതിനകത്തുള്ളത്, പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ മാനേജ്മെന്റ് അങ്ങനെ അമിതമായിട്ടുള്ള സ്വാതന്ത്ര്യങ്ങൾ നൽകുന്നത് സ്വാഭാവികമായും നേരത്തെ അങ്ങ് പറഞ്ഞ അക്കാഡമിക് ഓട്ടോണമിയെ തീർച്ചയായിട്ടും ഉൾക്കൊള്ളുന്നതിനോടൊപ്പംതന്നെ മറ്റു കാര്യങ്ങളിൽ കുറെ ക്കൂടി ഗൗരവമായ സമീപനം ഉണ്ടായില്ലായെങ്കിൽ പലപ്പോഴും മിസ്യൂസ് ചെയ്യാനുള്ള സാധ്യതകൾ ഇല്ലായെന്ന് പറയാൻ കഴിയില്ല.

ശ്രീ. കെ.എം. ഷാജി: സർ, നിങ്ങൾ നേരത്തെ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം, ഇതിനുമുകളിൽ കടുത്ത നിയന്ത്രണങ്ങൾ അല്ലെങ്കിൽ നിയമ ങ്ങൾ ശക്തമാക്കണമെന്നു പറഞ്ഞു. അതിന് സാധ്യതയില്ലായെന്നുള്ള വാദം അവർ ഉന്നയിച്ചു. അത് നിർബന്ധമാണ്. കാരണം എന്താണെന്നുവച്ചാൽ ഇവിടെ ഒരു ആശങ്ക ശക്തമാണ്. പ്രത്യേകിച്ച് മാനേജ്മെന്റ് സ്ഥാപനങ്ങൾ, എയ്ഡഡ് സ്ഥാപനങ്ങൾ, ആ എയ്ഡഡ് സ്ഥാപനങ്ങൾക്കകത്ത് കൃത്യമായ മോണിറ്ററിംഗ് ഇല്ലാതെ ഇന്ന് പണം മാത്രം, നിങ്ങൾ പറയുന്ന അക്കാഡമിക് ക്വാളിറ്റി മാത്രം ഇക്കാര്യത്തിൽ ഘടകമാക്കിയാൽ പോരാ. കാരണം അഴിമ തിയുടെ മറവിൽ അക്കാഡമിക് ക്വാളിറ്റി ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ ഇതിന കത്തുണ്ട്. പാവപ്പെട്ടവർക്ക് അഡ്മിഷൻ കൊടുക്കാതെ വലിയ കോഴ വാങ്ങുന്ന സ്ഥാപനങ്ങളുണ്ട്. അക്കാഡമിക് ക്വാളിറ്റി മാത്രമല്ല അതിനപ്പുറം ഈ എയ്ഡഡ് സ്ഥാപനങ്ങളോട് ഗവൺമെന്റ് കാണിക്കുന്ന നീതി തിരിച്ച് ജനങ്ങളോട് കാണിക്കാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നതരത്തി

ലുള്ള നിയമങ്ങൾ ശക്തമാക്കിയിട്ടില്ലെങ്കിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകും.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. എം. ഷാജിയും ഡോ. എൻ. ജയരാജനും ചൂണ്ടിക്കാണിച്ച കാര്യങ്ങളോട് ഞാൻ ശക്തമായി യോജിക്കുന്ന ആളാണ്. ഇത് അക്കാഡമിക് ഓട്ടോണമസ് എന്നുപറയുന്ന പവിത്രമായ സങ്കല്പത്തെ തകർക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായാൽ അത് ദീർഘവീക്ഷണത്തോടുകൂടി കണ്ട്, ഇപ്പോൾതന്നെ പറഞ്ഞു; യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന് അധികാരമുണ്ട്, അതിന് ഇൻസ്പെക്ഷൻ നടത്താൻ അധികാരമുണ്ട്, ഗവൺമെന്റിന് അധികാരമുണ്ട്. ആ അധികാരം പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും പ്രായോഗികമായിട്ട് നമുക്ക് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടെങ്കിൽ...... ഇത് ഈ ബില്ലിന്റെ അവസാന ചർച്ചയല്ല, ക്ലാസ്സ് ബൈ ക്ലാസ്സ് ചർച്ചയ്ക്ക് വരും. സബ്ജക്ട് കമ്മിറ്റിക്ക് പോകും, സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവരും, സബ്ജക്ട് കമ്മിറ്റി കൂടും, അതിനുശേഷം ബിൽ പരിഗണനയ്ക്ക് വരും. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായി ആ ബിൽ അനുസരിച്ച് പ്രൊപ്പോസൽ വയ്ക്കുന്നു. അതിനാണല്ലോ ബിൽ പലവട്ടം ചർച്ച ചെയ്യുന്നത്. മൂന്നാം വായനപോലും ബില്ലിൽ ഉണ്ടായിരിക്കുന്നത്. ഒറ്റവായനയിൽ പാസ്സാക്കാതിരിക്കാൻ വേണ്ടിയിട്ടാണല്ലോ. പക്ഷെ ഓട്ടോണമസ് അക്കാഡമി എന്നുപറയുന്ന ആശയത്തെ അതിന്റെ പ്രാരംഭദശയിൽ കഴുത്തുഞെരിച്ചു കൊല്ലാൻ ശ്രമിക്കുന്ന ശ്രമം ആരുടെയും ഭാഗത്തുനിന്നുണ്ടാകരുത്. അക്കാഡമിക് ഓട്ടോണമി എന്നുപറയുന്ന സങ്കല്പത്തെ അതിന്റെ ഗർഭസ്ഥ അവസ്ഥയിൽ നശിപ്പിക്കത്തക്ക രീതിയിലുള്ള വാദമുഖങ്ങൾ, അതിനുവേണ്ടി പണ്ട് നമ്മൾ സ്വാശ്രയകോളേജിനെതിരെ നടത്തിയതുപോലുള്ള വലിയൊരു

പ്രചരണം നടത്തി എന്തോ അട്ടിമറിക്കപ്പെടാൻ പോകുന്നു, കലാലയങ്ങളിലൂടെ വിദ്യാഭ്യാസമേഖലയെ കവർന്നെടുക്കാൻ പോകുന്നു അത് ഒരു പറ്റം മാനേജ്മെന്റിനെ അടിയറ വയ്ക്കാൻ പോകുന്നു എന്നൊക്കെ............ ഞാൻ ഇത് പറയാൻ കാരണം എന്റെ കൈയ്യിൽ കലാകൗമുദി ഇരിക്കുന്നു. അതിലൊക്കെ ചില ലേഖനങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എസ്.എഫ്.ഐ. നേതാക്കൻമാരുടേതാണ്. മറ്റു ചിലത് വിദ്യാഭ്യാസ വിചക്ഷണൻമാർ എന്നുപറയുന്നവരുടെ ലേഖനങ്ങളാണ്. അതെല്ലാമുണ്ടാക്കുന്ന ഇത്തരം പ്രചരണങ്ങൾ അപകടകരമാണ്. ആ അപകടകരമായ പ്രചരണങ്ങൾ ഉണ്ടാകരുത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഞാൻ ആവർത്തിക്കുന്നു മഹാ ബഹുഭൂരിപ്കഷം വരുന്ന വിദ്യാർത്ഥി യുവജനനേതാക്കൻമാർ വളർന്നുവന്ന സമ്പുഷ്ടമായ ഇത്തരം ഒരു സഭയിൽ നമ്മൾ കുറച്ചുകൂടി ഗൗരവത്തോടുകൂടി ഇതിനെ കാണാനും ഈ ആശയത്തെ നമുക്കെല്ലാവർക്കും കൂടി അതിനെ നല്ല നിലയിൽ കൊണ്ടുപോകാനുമുള്ള സമീപനം ഉണ്ടാകണം എന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കാൻവേണ്ടി കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയുടെ ശുപാർശകൾ വാങ്ങിക്കൊണ്ടാണ് ഇത്തരം ഒരു ഭേദഗതിക്കുവേണ്ടി ഗവൺമെന്റ് മുന്നോട്ടുവന്നത്. ഒരു പുതിയ ചാപ്റ്റർ തന്നെ

നമ്മുടെ സർവ്വകലാശാലാ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതു പോലെ വളരെ ബൃഹത്തായ ഈ ഭേദഗതി, ഒരു ചാപ്റ്റർതന്നെ ഉൾക്കൊള്ളുന്ന ഒരു ഭേദഗതി ഈ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുമ്പോൾ സ്വാഭാവികമായും ഈ നിയമം മൂലം അഫക്ട് ചെയ്യുന്ന വിഭാഗങ്ങളുമായി ചർച്ച ആവശ്യമാണ്. യഥാർത്ഥത്തിൽ വിദ്യാർത്ഥിസംഘടനകളുമായും, യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുമായും അദ്ധ്യാപകരുമായും ഈ ഭേദഗതി മൂലം ഉളവാകുന്ന സംഗതികളെ സംബന്ധിച്ച് അതുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആളുകളുമായിട്ടുള്ള ചർച്ച വളരെ അത്യാവശ്യമാണ്. അത്ര വലിയ മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെടുന്നത്. ഇവിടെ ടീച്ചേഴ്സുമായിട്ടോ, വിദ്യാർത്ഥികളുമായിട്ടോ, മറ്റു ബന്ധപ്പെട്ടവരുമായിട്ടോ വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാഭ്യാസ വിചക്ഷണൻമാരുമായിട്ടോ നേരത്തെ ആശയവിനിമയമോ ചർച്ചയോ നടത്തി എന്തെങ്കിലും ഒരു അഭിപ്രായ സമന്വയം ഇക്കാര്യത്തിൽ ഉണ്ടാക്കിയതായി അറിയാൻ വയ്യ; അതിന്റേതായിട്ടുള്ള കുഴപ്പങ്ങളും ഈ നിർദ്ദേശങ്ങളിൽ കാണുന്നുണ്ട്. ആട്ടോണമസ് പദവി കോളേജുകൾക്ക് നൽകുമ്പോൾ ഇവിടെ നേരത്തേ പലരും സൂചിപ്പിച്ചതുപോലെ ആ പദവി ലഭിക്കുന്ന കോളേജുകൾ യഥാർത്ഥത്തിൽ ഒരു ചെറിയ യൂണിവേഴ്സിറ്റിയുടേതായുള്ള രീതിയിലേയ്ക്ക് അതിന്റെ ഭരണം മാറുകയാണ്. അത്തരം കോളേജുകളെപ്പറ്റി ഇവിടെത്തന്നെ പ്രതിപാദിക്കപ്പെട്ട പല വിഷയങ്ങളുമുണ്ട്. പല കോളേജുകളിലും നടക്കുന്ന നിയമവിരുദ്ധമായിട്ടുള്ള പല നടപടികളെയും സംബന്ധിച്ച് നമുക്കറിയാം. പരീക്ഷാ നടത്തിപ്പുമായും മാർക്ക് തിരുത്തുന്നതുമായും സ്വന്തക്കാരായിട്ടുള്ള ആളുകൾക്ക് മാർക്ക് കൂട്ടിക്കൊടുക്കുന്നതുമായ വിവാദങ്ങളും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടും വിവിധ

കോഴ്സുകൾ, കോളേജുകൾ അനുവദിച്ച് നടത്തുന്നതുമായി ബന്ധപ്പെട്ടും കുട്ടികൾക്ക് പഠിക്കേണ്ട പുസ്തകങ്ങൾ, സിലബസ് ഇവയെല്ലാം ഓരോ താല്പര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിട്ടുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതുമായ ഒരുപാട് പരാതികൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ നമ്മുടെ കേരളംപോലെയുള്ള ഒരു സംസ്ഥാനത്തിൽ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അതിന് സ്വയംഭരണം അനുവദിക്കുമ്പോൾ വ്യക്തമായിട്ടുള്ള ചില നിയന്ത്രണങ്ങളും നിബന്ധനകളും യൂണിവേഴ്സിറ്റിയുടെ പരമാധികാരം നിലനിർത്തിക്കൊണ്ടുതന്നെ ഉണ്ടാകുന്നില്ലെങ്കിൽ ആ അവകാശങ്ങളെല്ലാം പല രിതിയിലും ദുർവിനിയോഗം ചെയ്യപ്പെടാനിടയുണ്ടെന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ നേരത്തേ പറഞ്ഞതുപോലെ അക്കാഡമിക് കൗൺസിലും അതുപോലെ ഗവേണിംഗ് ബോഡിയുമൊക്കെ രൂപീകരിക്കുന്നതിൽ ഇതിനകത്ത് പ്രൊവിഷനുണ്ട്. അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഗവേണിംഗ് കൗൺസിൽ ഇത് മൂന്നുമാണ് പുതിയ ഭേദഗതിപ്രകാരം നമ്മുടെ ആട്ടോണമസ് കോളേജുകളുടെ പ്രധാനപ്പെട്ട 3 അതോറിറ്റികൾ. ഇത് മൂന്നിനേയും സംബന്ധിച്ച് അതിന്റെ കോൺസ്റ്റിറ്റ്യൂഷനിൽ ഉൾപ്പെട്ടുവരുന്ന ആളുകളെ സംബന്ധിച്ച് ഈ വകുപ്പുകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അതിനകത്തെല്ലാം മാനേജുമെന്റിന്റെ ഡോമിനേഷൻ കാണാം. ഗവൺമെന്റോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയോ നോമിനേറ്റ് ചെയ്യുന്ന അല്ലെങ്കിൽ നിയമിക്കുന്ന ആളുകൾ കഴിഞ്ഞാൽ അതിനേക്കാൾ എത്രയോ ഇരട്ടി അംഗങ്ങളാണ് ഈ ഓരോ സമിതിയിലും മാനേജുമെന്റിന്റെ പ്രതിനിധികളായി വരുന്നത്. 4-ഉം 5-ഉം ടീച്ചേഴ്സിന്റെ പ്രതിനിധികൾ ഈ ബോഡികളിൽ വരുന്നു. ടീച്ചേഴ്സിന്റെ പ്രതിനിധികൾ വരുക എന്നുപറഞ്ഞാൽ ആ സ്ഥാപന

ത്തിന്റെ പ്രിൻസിപ്പാൾമാരായിരിക്കും ഈ ടീച്ചർമാർ ആരുവേണമെന്ന് തീരുമാനിച്ച് അവരെ നോമിനേറ്റ് ചെയ്യുന്നത്. സ്വാഭാവികമായിട്ടും അതുകൊണ്ടുതന്നെ മാനേജുമെന്റിന്റെ ആളുകളായിരിക്കും വരുന്നത്. അതുപോലെ മാനേജുമെന്റ് കോളേജുകളിൽ മാനേജരാണ് എക്സ്പെർട്ടുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നോമിനികളെ നിശ്ചയിച്ച് പേരുകൊടുക്കുന്നത്. അതുപോലെ ഈ 3 കൗൺസിലുകളിലേയും ഡോമിനേഷനെന്നു പറയുന്നത് മാനേജുമെന്റിന്റെ പ്രതിനിധികൾക്കാണ് എന്നുള്ളതുകൊണ്ട് ഈ മാനേജുമെന്റിന്റെ വ്യക്തിപരമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവർ ഈ പറയുന്ന അവകാശങ്ങൾ വിനിയോഗിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ചില ഭേദഗതികളോടുകൂടി മാത്രമേ ഈ നിയമം നടപ്പിലാക്കാവൂ. ഈ കൗൺസിലുകളിൽ യൂണിവേഴ്സിറ്റിക്കും അതുപോലെതന്നെ ഗവൺമെന്റിനും ഡോമിനേഷൻ വരുന്ന അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടെ എണ്ണം കൂടുന്ന തരത്തിലുള്ള ഭേദഗതികൾ വരേണ്ടതുണ്ട്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു ആട്ടോണമസ് കോളേജിന് കുട്ടികൾ പഠിക്കേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇഷ്ടമുള്ള സിലബസ് നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം അവിടത്തെ അക്കാഡമിക് കൗൺസിലിന് കൊടുത്താൽ സ്വാഭാവികമായും നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന മതത്തിനും മതസൗഹാർദ്ദത്തിനും മറ്റ് സംവിധാനങ്ങൾക്കും നിയമങ്ങൾക്കുമെല്ലാം ഒരുപക്ഷേ കോട്ടമുണ്ടാകുന്ന തരത്തിലുള്ള സിലബസ് കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി അവർ ഉൾപ്പെടുത്തിയെന്നു വരാം. അങ്ങനെ ഒരുകാലത്തും ചെയ്യാൻ പാടില്ല. വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരങ്ങൾ വളരെ അവധാനതയോടുകൂടി വളരെയധികം ആലോചിച്ച് ചെയ്യേണ്ടതാണ്.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ശ്രീ. കെ. രാജു, ഗവൺമെന്റ് ഭൂരിപക്ഷ പ്രകാരം പാസ്സാക്കിയാൽ ഇത് ഒന്നുകൂടി വഷളാകുന്നതല്ലാതെ ഒരു ഗുണവുമുണ്ടാകില്ലെന്നു മാത്രമല്ല, ന്യായമായ സംശയങ്ങൾ ചോദിച്ചാൽ........ ചോദിക്കുന്നത് എന്തിനാണ്? മനസ്സിലാകാത്തതുകൊണ്ടാണ് ചോദിക്കുന്നത്. അപ്പോൾ അതിനൊന്നും മറുപടി പറയാൻ, അപ്പുറത്ത് സംസാരിച്ചവരും മന:പ്പൂർവ്വം അത് മനസ്സിലായില്ലെന്ന് വരുത്തുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെയൊന്നും കുറ്റമല്ല. ഞാൻ അങ്ങയോട് ചോദിക്കുകയാണ്. ബഹുഭൂരിപക്ഷം സ്വകാര്യകോളേജുകളും ജാതിമത അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ജാതിമതമൊക്കെ പറയുന്ന കേരള യൂണിവേഴ്സിറ്റിയിലെ ഏറ്റവും പഴക്കംചെന്ന പ്രൈവറ്റ് കോളേജായ എസ്.ഡി. കോളേജുപോലും നായൻമാരുടേയും ബ്രാഹ്മണരുടേതുമാണെന്നോർക്കണം. മാനേജുമെന്റ് കമ്മിറ്റിയും നായൻമാരുടേയും ബ്രാഹ്മണരുടേതുമാണ്. അവിടെ എല്ലാവർക്കും അഡ്മിഷൻ കൊടുക്കും, അത് വേറെകാര്യം. അവർ വളരെ നല്ലവരാണ്. പക്ഷേ നായർ ആന്റ് ബ്രാഹ്മിൺ കമ്മ്യൂണിറ്റിയുടേതാണ് ആ കോളേജ്. അവർ വേറെ കുഴപ്പമുള്ളവരല്ല. അവർ അത് ദുരുപയോഗപ്പെടുത്താറില്ല. സംഘടിത ജാതികളുടേയും മതങ്ങളുടേതുമായ പ്രസ്ഥാനങ്ങൾ ബഹുഭൂരിപക്ഷവും സ്വകാര്യ കോളേജുകളും എയ്ഡഡ് കോളേജുകളും നടത്തുമ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനെ അവിടെ കയറ്റാതെ മറ്റ് മതക്കാരനോ ഹിന്ദു ജാതിമത വിഭാഗമാണെങ്കിൽ പട്ടികജാതിക്കാരനെയോ മുന്നോക്കക്കാരനേയോ പിന്നോക്കക്കാരനെയോ ഇന്നുവരെ നിയമിക്കാത്ത ഈ കോളേജുകൾ, പബ്ലിക് സർവ്വീസ് കമ്മീഷന് മാനേജർ ന്യായമായ ഒരു വിഹിതം കൊടുത്തശേഷം ബാക്കി എഴുപതോ എൺപതോ ശതമാനം സീറ്റുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടശേഷം ഈ ആട്ടോണമസ് കോളേജ്

പരീക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാറുണ്ടോ എന്നതിനെപ്പറ്റി അങ്ങ് ചിന്തിക്കുമോ?

ശ്രീ. കെ. രാജു : ഈ ആട്ടോണമസ് സംവിധാനങ്ങൾ ഉണ്ടാക്കുന്നതുവഴി സാമൂഹ്യനിതി നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. പാവപ്പെട്ട കുട്ടികൾക്ക് ആട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നപ്പോൾ വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട വിമർശനമെന്താണെന്ന് ഞാൻ വായിക്കാം. Teachers say they will launch agitation if the Government is going ahead with the move to introduce autonomous colleges in the State. According to Shri K.P. Sukumaran Nair, President, and Shri K. Srivalsan, General Secretary, the introduction of autonomous colleges would make higher education out of reach for the deserving students from the low income groups. That is the main allegation. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇതുപോലെയുള്ള ആട്ടോണമസ് കോളേജുകളിൽ എത്തിപ്പെടാനും അവർക്കവിടെ പഠിക്കാനുമുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയംവേണ്ട. ഈ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ആട്ടോണമസ് കോളേജുകളിലെ ഫീസ് അവിടത്തെ അക്കാഡമിക് കൗൺസിൽ നിശ്ചയിക്കുന്നത്. അവർ ലാഭകരമായി നടത്താൻ കഴിയുന്ന രീതിയിലുള്ള ഉയർന്ന ഫീസ് നിശ്ചയിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ ഫീസ് കൊടുത്ത് അവിടെ കുട്ടികൾക്ക് ചേരാൻ കഴിയില്ല. റിസർവേഷൻ ബാധകമായിട്ടുള്ള സമുദായങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗവി

ഭാഗത്തിൽപ്പെടുന്നവർക്ക് ഈ കോളേജിൽ അഡ്മിഷൻ കിട്ടാനുള്ള മാർഗ്ഗമെന്താണ്? അതുപോലെ ഈ വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും അദ്ധ്യാപകർക്ക് അവിടെ നിയമനം ലഭിക്കാനുള്ള സാധ്യതയുണ്ടോ? ആ സമൂഹ്യനീതിയെല്ലാംതന്നെ നിഷേധിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയ മില്ല. ഫീസ് നിശ്ചയിക്കുന്നത് മാത്രമല്ല പരീക്ഷയുടെ നടത്തിപ്പിനുവേണ്ടി കൺട്രോളർ ഓഫ് എക്സാമിനേഷനെ നിയമിക്കുന്നതും മാനേജരാണ്. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ മാർക്ക് കൂട്ടിയിടലും സ്വന്തക്കാരെ ജയിപ്പിക്കലുമെല്ലാം നടക്കുന്ന പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനേജർ തന്നെ സ്വന്തക്കാരനായുള്ള ഒരാളിനെ തന്നിഷ്ട പ്രകാരം പരീക്ഷാ കൺട്രോളറായി നിയമിച്ചാൽ അയാൾ നടത്തുന്ന പരീക്ഷയ്ക്ക് എന്താണ് വിശ്വാസ്യത? അയാൾ നടത്തുന്ന പരീക്ഷയുമായി ബന്ധപ്പെട്ടുള്ള മാർക്ക് നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കിക്കൊടുക്കുക, യൂണി വേഴ്സിറ്റിയുടെ പേരുവച്ചുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുക ഇതാണ് യൂണിവേഴ്സിറ്റിക്കുള്ള അധികാരമെന്നു പറയുന്നത്. ഈ ചാപ്റ്റർ ഇൻകോർപ്പറേറ്റ് ചെയ്താൽ വരാൻ പോകുന്നത് ഇതാണ്. അതാത് ആട്ടോണ മസ് കോളേജുകൾ പരീക്ഷ നടത്തി അവർ വിജയിച്ചതായി പ്രഖ്യാപിക്കുന്ന അല്ലെങ്കിൽ മാർക്ക് ലിസ്റ്റ് തയ്യാറാക്കി കൊടുക്കുന്ന കുട്ടികൾക്ക് സർട്ടിഫി ക്കറ്റ് വിതരണം ചെയ്യുന്ന ഉത്തരവാദിത്തം മാത്രമേ ഈ ബില്ലനുസരിച്ച് ആട്ടോണമസ് കോളേജ് നടത്തുമ്പോൾ യൂണിവേഴ്സിറ്റിക്കുള്ളൂ എന്ന കാര്യം മനസസിലാക്കണം. യൂണിവേഴ്സിറ്റിക്ക് ഇന്നുള്ള എല്ലാ നിയന്ത്രണ ങ്ങളും ഇല്ലാതാകും. ഫീസ് നിശ്ചയിക്കുന്ന കാര്യത്തിലും സിലബസ് നിശ്ചയി ക്കുന്ന കാര്യത്തിലും പരീക്ഷ നടത്തുന്ന കാര്യത്തിലുമെല്ലാമുള്ള നിയന്ത്രണ ങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയിലേയ്ക്കായിരിക്കും ഈ ആട്ടോണമസ് കൊടു

ത്തുകഴിഞ്ഞാൽ വരാൻ പോകുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. അതു കൊണ്ട് ഇത് വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് അപ്പുറത്ത് എന്റെ യുവസുഹൃത്തുക്കളായിട്ടുള്ള ശ്രീ. വി. റ്റി. ബൽറാമും അതുപോലെ ശ്രീ. ഷാഫി പറമ്പിലുമെല്ലാം പറഞ്ഞ കാര്യങ്ങളുണ്ട്. അതുൾപ്പെടെ പരിശോധിക്കണം. ഇത് ഒരിക്കലും നടപ്പിലാക്കേണ്ട എന്ന അർത്ഥത്തിലല്ല പറയുന്നത്. പക്ഷേ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണങ്ങൾ നിലനിർത്തി ക്കൊണ്ടും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടും കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും പാവപ്പെട്ട വിദ്യാർത്ഥി കൾക്കുംകൂടി കടന്നുചെല്ലാൻ കഴിയുന്ന തരത്തിലുള്ള അന്തരീക്ഷമുണ്ടാക്കി ക്കൊണ്ടും അതിനനുസൃതമായ വകുപ്പുകൾ ഉപയോഗിച്ചുകൊണ്ടുമുള്ള ഒരു കോളേജിനെ സംബന്ധിച്ച് നമുക്ക് പിന്നീട് ആലോചിക്കാം. അതിനുമുമ്പ് വേണ്ടുന്ന ചർച്ചകൾ നടത്തുന്നതിന് തയ്യാറാകണം. തൽക്കാലം ഇത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഓട്ടോണമസ് കോളേജുകൾ അനുവദിക്കുന്നതിൽ മഹാഭൂരിപക്ഷവും പ്രൈവറ്റ് കോളേജുകളാണ്. ആട്ടോ ണമസ് കോളേജുകളുടെയും എയ്ഡഡ് കോളേജുകളുടേയും ശമ്പളം കൊടുക്കുന്നതിനുള്ള ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് സർക്കാരിനാണ്. അപ്പോൾ സ്വാഭാവികമായും അക്കാഡമിക് ഇന്ററസ്റ്റ് വച്ചുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കുവേണ്ടി, കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻവേണ്ടിയുള്ള ഉദാത്തമായ സങ്കല്പമുള്ളതുകൊ ണ്ടാണ് ഇത് കൊണ്ടുവന്നതെന്നു പറയുമ്പോൾ ഈ ആട്ടോണമസ് കോളേജു കളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. കെ. രാജു: സർ, ഇവിടെ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളിലൊന്നും അങ്ങനെയൊരു നിർദ്ദേശമില്ല. അപ്പോൾ അത് ആട്ടോണമസ് എന്നുപറയുന്ന കൺസപ്റ്റിനുതന്നെ എതിരായി വരും. അങ്ങനെയൊരു നിർദ്ദേശവുമില്ല. ഗവൺമെന്റിന്റേയോ യൂണിവേഴ്സിറ്റിയുടേയോ സമൂഹത്തിന്റേയോ ഒരു നിയന്ത്രണവുമില്ലാതെ ആട്ടോണമസ് കോളേജുളുടെ സംവിധാനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ കൊണ്ടുവരുന്നത് തികച്ചും തെറ്റുതന്നെയാണെന്നാണ് എന്റെ അഭിപ്രായം. നമുക്ക് വിദ്യാഭ്യാസ രംഗത്ത് നിലവാരം കുറവാണെന്ന് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ സൂചിപ്പിച്ചു. അതുകൊണ്ട് നമുക്ക് മെച്ചപ്പെട്ട നിലവാരം ഉണ്ടാക്കാം. നിലവാരമുണ്ടാക്കുന്നതിന് ഇതാണോ മാർഗ്ഗം? കേരളാ യൂണിവേഴ്സിറ്റി കോളേജിലേയും, മഹാരാജാസ് കോളേജിലേയും ഇവിടെ പ്രതിപാദിക്കുന്ന പല പ്രൈവറ്റ് കോളേജുകളിലേയും നിലവാരം തീരെ മോശമാണെന്ന് പറയാൻ പറ്റുമോ? ഇവിടെ 11 സ്വകാര്യ കോളേജുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അവ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, തൃശ്ശൂർ സെന്റ് തോമസ് കോളേജ്, കളമശ്ശേരി രാജഗിരി കോളേജ്, തേവലക്കര എസ്. എച്ച്. കോളേജ്, എറണാകുളം സെന്റ് തെരേസാസ് കോളേജ്, ചങ്ങനാശ്ശേരി എസ്. ബി. കോളേജ്, കൊല്ലം ഫാത്തിമ മാതാ കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, മമ്പാട് എം.ഇ.എസ്. കോളേജ്, കോഴിക്കോട് ഫറൂക്ക് കോളേജ് എന്നിവയാണ്. ഈ കോളേജുകളിൽ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം മോശമാണെന്ന് എനിക്ക് അഭിപ്രായമില്ല. അവിടെയെല്ലാം ഇപ്പോൾ ഇത് അടിച്ചേൽപ്പിച്ചുകൊണ്ട് നമ്മുടെ യു.ജി. സി.-യിൽനിന്നും കിട്ടുന്ന പണത്തിന്റെ ഒഴുക്കാണോ ഉദ്ദേശിക്കുന്നത്? എനിക്ക് തോന്നുന്നത് അതാണ് മുഖ്യമായിട്ടും നമ്മുടെ വിദ്യാഭ്യാസ വകുപ്പു

മന്ത്രി കണ്ടിട്ടുള്ളത്. സർക്കാരും യൂണിവേഴ്സിറ്റികളും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. ആ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നുമുള്ള പണത്തിന്റെ ഒഴുക്ക്/ധനത്തിന്റെ മേന്മയും അതിന്റെ അടിസ്ഥാനവും മാത്രമാണ് ഇപ്പോൾ ഇവിടെ ലക്ഷ്യമിടുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുമാത്രം നോക്കി വിദ്യാഭ്യാസ രംഗത്തെ മാറ്റത്തിനുവേണ്ടി നിൽക്കരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. നമ്മുടെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇതിനോട് യോജിക്കാത്ത ഈ പ്രത്യേക സാഹചര്യത്തിൽ ഇപ്പോൾ ഈ നിയമം കൊണ്ടുവരേണ്ട കാര്യമില്ല, അത് പിൻവലിക്കണമെന്ന് മാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ്, അങ്ങ് അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജു, അങ്ങയുടെ 2 (ബി)നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജു: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജു അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2014–ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

2014–ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 11–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.41–ന് പിരിഞ്ഞു.)

*****************************